SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

**കേരള സർക്കാർ**

**2025-ലെ റിപ്പോർട്ട് നമ്പർ 11**

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

**കേരള സർക്കാർ**

**2025-ലെ റിപ്പോർട്ട് നമ്പർ 11**

## ഉള്ളടക്കം


| വിവരണം | സൂചിക | |
|---|---|---|
| | ഖണ്ഡിക | പുറം |
| **ആമുഖം** | | v |
| **ഉപരിവീക്ഷണം** | | vii |
| **അദ്ധ്യായം I – അവതാരിക** | | |
| ഈ റിപ്പോർട്ടിനെക്കുറിച്ച് | 1.1 | 1 |
| ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ | 1.2 | 1 |
| ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം - അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരളയുടെ ഓഫീസ് | 1.3 | 2 |
| ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും | 1.4 | 2 |
| ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ | 1.5 | 3 |
| **പ്രവർത്തനക്ഷമതാ ഓഡിറ്റ്** | | |
| **ഉന്നത വിദ്യാഭ്യാസ വകുപ്പ്** | | |
| **അദ്ധ്യായം II** - കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവർത്തനം | | 5 |
| **വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്** | | |
| **സഹകരണ വകുപ്പ്** | | |
| **അദ്ധ്യായം III** - കേരളത്തിലെ സഹകരണ സംഘങ്ങളുടെ ക്രമപ്പെടുത്തൽ | | 61 |
| **അദ്ധ്യായം IV - അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| ***ധനാപഹരണം*** | | |
| **മത്സ്യബന്ധന വകുപ്പ്** | | |
| ₹**1.05** ലക്ഷത്തിന്റെ സർക്കാർ പണം സംശയാസ്പദമായി ദുരുപയോഗം ചെയ്തത് | 4.1 | 93 |
| ***ധനസഹായ/വരുമാന നഷ്ടം*** | | |
| **മത്സ്യബന്ധന വകുപ്പ്** | | |
| ആദായനികുതിയിൽ നിന്ന് അർഹമായ ഇളവ് അവകാശപ്പെടുന്നതിൽ പരാജയപ്പെട്ടതുമൂലമുണ്ടായ നഷ്ടം | 4.2 | 96 |
| **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** | | |
| കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിൽ നിന്ന് ₹**6.85** കോടിയുടെ നഷ്ടം | 4.3 | 97 |
| ***പാഴ്ചെലവ്*** | | |
| **പട്ടികജാതി വികസന വകുപ്പ്** | | |
| ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റം ഉറപ്പാക്കാതെ കെട്ടിടം നിർമ്മിച്ചത് ₹**84.32** ലക്ഷത്തിന്റെ പാഴ്ചെലവിന് കാരണമായി | 4.4 | 99 |
| ***അനർഹമായ ആനുകൂല്യം നൽകിയത്*** | | |
| **ജല വിഭവ വകുപ്പ്** | | |
| കരാറുകാർക്ക് അനർഹമായ ആനുകൂല്യങ്ങൾ ലഭിച്ചത് | 4.5 | 102 |

# അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പുറം |
|---|---|---|
| 1.1 | 2024 ഒക്ടോബർ 31 വരെ കുടിശ്ശികയുള്ള പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ | 105 |
| 1.2 | 2024 ഒക്ടോബർ വരെ തീർപ്പാക്കാത്ത, എടുത്ത നടപടിയുടെ വിശദീകരണ പത്രികകളുടെ വിശദാംശങ്ങൾ | 106 |
| 1.3 | 2024 ഒക്ടോബർ വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാത്ത ഖണ്ഡികകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക | 107 |
| 2.1 | ഓഡിറ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക | 108 |
| 2.2 | സ്ട്രാറ്റജിക് പ്ലാൻ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള മുൻഗണനകളും ലക്ഷ്യങ്ങളും | 110 |
| 2.3 | എൻഐആർഎഫ് റാങ്കിംഗ് മാനദണ്ഡങ്ങളിലുട-നീളം സർവ്വകലാശാല നേടിയ സ്കോറുകളുടെ ശതമാനം | 111 |
| 2.4 | സിലബസ്/പാഠ്യപദ്ധതി പരിഷ്കരണം | 112 |
| 2.5 | വാർഷിക അക്കൗണ്ടുകളുടെ തയ്യാറാക്കൽ/ സമർപ്പണം/ഓഡിറ്റ് എന്നിവയിലെ കാലതാമസം | 114 |
| 2.6 | ലാഭകരമല്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങളും സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്രവേശനവും | 115 |
| 2.7 | സിയുടിഇസികളിൽ നിർദ്ദിഷ്ട യോഗ്യതകളില്ലാതെ അധ്യാപകരെ നിയമിച്ചത് | 117 |
| 2.8 | എൻസിഎ ഒഴിവുകളുടെ വിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ | 119 |
| 2.9 | സിഎഎസ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച വിരമിച്ച അധ്യാപകരുടെ വിശദാംശങ്ങൾ | 120 |
| 2.10 | പരമാവധി അനുവദനീയമായ പരിധിക്ക് മുകളിൽ ഇന്റേണൽ മാർക്കുകൾ നൽകിയ സന്ദർഭങ്ങൾ | 121 |
| 2.11 | മതിയായ ഹാജർ ഇല്ലാതെ അതത് കോഴ്സുകളിൽ പരമാവധി ഇന്റേണൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം | 122 |
| 2.12 | പുനർമൂല്യനിർണ്ണയത്തെത്തുടർന്ന് പരീക്ഷാ ഫലങ്ങളിൽ വന്ന മാറ്റം | 123 |
| 2.13 | ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തി-ലൂടെ മാർക്കിൽവന്ന മാറ്റം | 124 |
| 2.14 | പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുള്ള കാലതാമസത്തിന്റെ വിശദാംശങ്ങൾ | 125 |
| 2.15 | ഭിന്നശേഷിക്കാർക്ക് ലഭ്യമായ സൗകര്യങ്ങളുടെ വിശദാംശങ്ങൾ | 127 |
| 2.16 | സർവ്വകലാശാല വാടകയ്ക്ക് നൽകിയിട്ടുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ | 129 |
| 2.17 | സഹകരണ സംഘങ്ങൾ കീഴ്വാടകയ്ക്ക് നൽകിയ വസ്തുവകകളുടെ വിശദാംശങ്ങൾ | 130 |
| 3.1 | ഘടനാ നിലയുടെ ചാർട്ട് | 131 |

| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പുറം |
|---|---|---|
| 3.2 | ഓഡിറ്റിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 132 |
| 3.3 | അന്വേഷണം/പരിശോധനകളുടെ വിശദാംശങ്ങൾ | 133 |
| 3.4 | ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിക്കുന്നതിലും സംഘങ്ങൾക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിലും ഉണ്ടായ കാലതാമസം | 134 |
| 3.5 | ഫണ്ട് സറണ്ടർ ചെയ്തതിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ | 135 |
| 3.6 | തെരഞ്ഞെടുത്ത ജില്ലകളിലെ കുടിശ്ശികയായ വായ്പകളുടെയും ഓഹരികളുടെയും വിശദാംശങ്ങൾ | 136 |
| 3.7 | 2024 മാർച്ചിലെ ജോയിന്റ് രജിസ്ട്രാറുടെ പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടിലെയും ആർസിഎസിന്റെ അർദ്ധ വാർഷിക സ്റ്റേറ്റ്മെന്റിലെയും കുടിശ്ശികയുള്ള ഓഹരികളുടെയും വായ്പകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങളുടെ താരതമ്യം | 137 |
| 3.8 | സർക്കാർ സഹായം സംഘങ്ങൾ വിനിയോഗിക്കുന്നതിലുണ്ടായ ക്രമക്കേടുകൾ സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടത് | 138 |
| 4.1 | നിർവ്വഹിക്കാത്ത/പൂർത്തിയാക്കാത്ത റോഡ് പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | 145 |

# ആമുഖം

ഭരണഘടനയുടെ അനുച്ഛേദം **151 (2)** പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ **2024** മാർച്ചിൽ അവസാനിച്ച കാലയളവിലെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കേരള സർക്കാരിന്റെ സഹകരണം, മത്സ്യബന്ധനം, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, പട്ടികജാതി വികസനം, ജലവിഭവം എന്നിവ ഉൾപ്പെടെയുള്ള വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2023-24** കാലയളവിലെ, ടെസ്റ്റ് ഓഡിറ്റിനിടയിൽ ശ്രദ്ധിക്കപ്പെട്ടവയും, മുൻവർഷങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും എന്നാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാതെ പോയതുമായ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. **2023-24**-ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# ഉപരിവീക്ഷണം

# ഉപരിവീക്ഷണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ നിയമ വ്യവസ്ഥകൾ പാലിക്കാത്തതും, മേൽനോട്ട നിയന്ത്രണത്തിന്റെ അഭാവം, ധനസഹായം/ വരുമാനം നഷ്ടപ്പെടൽ, പാഴ്ചെലവ്, അനർഹമായ ആനുകൂല്യം നൽകൽ എന്നിങ്ങനെ **₹1,394.64** കോടിയുടെ സാമ്പത്തിക മൂല്യമുള്ള ദൃഷ്ടാന്തങ്ങൾ അടങ്ങിയ ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് ഖണ്ഡികയും, ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ് ഖണ്ഡികയും, അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ പ്രതിപാദിച്ചിരിക്കുന്നു.

## പ്രവർത്തനക്ഷമതാ ഓഡിറ്റ്

### *കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവർത്തനം*

**1968**-ൽ കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായി സ്ഥാപിതമായ കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ്, ഭരണപരവും ഉന്നതവിദ്യാഭ്യാസ സംബന്ധവും സാമ്പത്തികവുമായ പോരായ്മകൾ വെളിപ്പെടുത്തി. സർവ്വകലാശാലയുടെ സ്ട്രാറ്റജിക് പ്ലാനിന് സിൻഡിക്കേറ്റിന്റെ അംഗീകാരമോ, സമയ പരിധിയോ ഉണ്ടായിരുന്നില്ല. കൂടാതെ പ്രധാന ഗുണനിലവാരമുറപ്പാക്കൽ സംവിധാനങ്ങളായ കോളേജ് ഡെവലപ്പ്മെന്റ് കൗൺസിൽ (സിഡിസി) കേന്ദ്രീകൃത മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം (എംഐഎസ്) എന്നിവ നിലവിലില്ലായിരുന്നു. സംസ്ഥാനസർക്കാരിന്റെയും അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും പ്രാതിനിധ്യമില്ലാത്ത സിഡിസി, സർവ്വകലാശാലയുടെ ഒരു ശാഖയായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. **45** വിഭാഗങ്ങളിലെ പ്രോഗ്രാമുകളിൽ **24** എണ്ണത്തിന്റെയും സിലബസ് യുജിസി മാനദണ്ഡങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. സ്റ്റാറ്റ്യൂട്ടിൽ അംഗീകൃത ഭേദഗതി നടപ്പാക്കുന്നതിലെ കാലതാമസം കാരണം, വ്യവസായികൾ, സംരംഭകർ, വിദ്യാർത്ഥികൾ തുടങ്ങിയ തൽപരകക്ഷികളെ **119** ബോർഡ് ഓഫ് സ്റ്റഡീസിൽ ഒന്നിലും ഉൾപ്പെടുത്തിയിട്ടില്ല. **2019**-ൽ എൻഐആർഎഫ് റാങ്കിംഗിൽ **64**-ാം സ്ഥാനത്തായിരുന്ന കാലിക്കറ്റ് സർവ്വകലാശാല **2020**-ൽ **54**-ാം സ്ഥാനത്തേക്ക് നില മെച്ചപ്പെടുത്തുകയും, അതിനുശേഷം റാങ്കിംഗിൽ തുടർച്ചയായ ഇടിവു സംഭവിക്കുകയും **2024**-ൽ **89**-ാം സ്ഥാനത്താവുകയും ചെയ്തു. **2020-21**-ൽ സർവ്വകലാശാല നടത്തിയ വിദൂര വിദ്യാഭ്യാസപരിപാടികൾക്ക് യുജിസി അംഗീകാരമില്ലാതിരുന്നത്, **32,651** വിദ്യാർത്ഥികളെ ബാധിച്ചു. കൂടാതെ, പിഎച്ച്ഡി പ്രവേശനത്തിൽ യുജിസി മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുകയും ഗവേഷണഫലങ്ങളിൽ മോശമായ പ്രകടനം ഉണ്ടാവുകയും, ഗണ്യമായ ഫണ്ട് ലഭിച്ചിട്ടും **145** ഗവേഷക വിദ്യാർത്ഥികളിൽ **41** പേർ അവരുടെ ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കാതിരിക്കുകയും ചെയ്തതായി നിരീക്ഷിച്ചു.

വാർഷിക അക്കൗണ്ടുകൾ തയ്യാറാക്കുന്നതിൽ നാലു മുതൽ അഞ്ചുമാസം വരെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) അക്കൗണ്ടുകൾ സമർപ്പിക്കുന്നതിൽ ഏഴു മുതൽ എട്ട് മാസം വരെയും സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് കാലതാമസമുണ്ടായതായി ഞങ്ങൾ നിരീക്ഷിച്ചു. കെഎസ്എഡി ഓഡിറ്റു നടത്തുന്നതിൽ **10** മുതൽ **19** മാസം വരെ കാലതാമസം നേരിട്ടു. കേന്ദ്രസഹായം നഷ്ടപ്പെട്ടതിൽ നിന്ന് സാമ്പത്തിക പരിപാലനത്തിലെ പോരായ്മകൾ വ്യക്തമായിരുന്നു. **47** വർഷങ്ങൾക്കുശേഷവും സർവ്വകലാശാല ഒരു സ്വയംപര്യാപ്ത പെൻഷൻഫണ്ട് ആരംഭിച്ചിട്ടില്ല. കൂടാതെ, **1975-76** മുതൽ **2023-24** വരെയുള്ള കാലയളവിൽ, ഉദ്യോഗസ്ഥർ എടുത്ത **₹6.79** കോടിയുടെ മുൻകൂർ തുക തീർപ്പാക്കിയിട്ടില്ല. മാനവ വിഭവശേഷി പരിപാലനത്തിന്റെ പോരായ്മകളിൽ സർവ്വകലാശാല വകുപ്പുകളിലും

അനുബന്ധ കോളേജുകളിലും ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലും അനുവദനീയമായ പരിധിയിൽ കവിഞ്ഞ ഗസ്റ്റ് അധ്യാപകരുടെ നിയമനവും, ആവശ്യമായ യോഗ്യതകളില്ലാത്ത അദ്ധ്യാപകരെ കരാർ / മണിക്കൂർ അടിസ്ഥാനത്തിൽ നിയമിക്കുന്നതും ഉൾപ്പെട്ടിരുന്നു. ഉദ്യോഗാർത്ഥികൾക്ക് യുജിസി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സ്ഥാനക്കയറ്റവും സർക്കാർ നിർത്തലാക്കിയ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റവും നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. മൂല്യനിർണ്ണയത്തിലെ പൊരുത്തക്കേടുകൾ, ഫലങ്ങൾ അന്തിമമാക്കാത്തത്, അർഹമായ മോഡറേഷൻ മാർക്ക് നൽകാത്തത്, അമിത മോഡറേഷൻ നൽകിയത്, പരീക്ഷ നടത്തുന്നതിലും ഫലപ്രസിദ്ധീകരണം നടത്തുന്നതിലുമുള്ള കാലതാമസം എന്നിവ പരീക്ഷാപ്രക്രിയകളിലുണ്ടായി. 105.7 സെന്റ് ഭൂമി തിരിച്ചെടുക്കാൻ ഒരു സമിതി റിപ്പോർട്ട് 2012 മുതൽ ഉണ്ടായിരുന്നെങ്കിലും, സർവ്വകലാശാല ഇതുവരെയും ഒരു തീരുമാനമെടുത്തിട്ടില്ല. തെരഞ്ഞെടുത്ത വിഭാഗങ്ങളിൽ ക്ലാസ് മുറികൾ, ലിഫ്റ്റ്, റാംപ് / റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായി തുടർന്നു. 169 കെട്ടിടങ്ങളിൽ 74 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടില്ല എന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് അനുമതി തേടാതെയാണ് കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് സൂചിപ്പിക്കുന്നു. ഇത് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമെന്നതിന് പുറമെ, കെട്ടിടങ്ങളെ അനധികൃതമാക്കുകയും ചെയ്തു.

**ശിപാർശകൾ**

i. സർവ്വകലാശാലയുടെ സ്ട്രാറ്റജിക് പ്ലാൻ കൈവരിക്കുന്നതിനായി നിർവചിക്കപ്പെട്ട സമയക്രമങ്ങളും നാഴികക്കല്ലുകളും നിശ്ചയിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല ഉറപ്പാക്കേണ്ടതാണ്, അതുപോലെ നേട്ടത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്.

ii. യുജിസി / റെഗുലേറ്ററി ബോഡികൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയും സർവ്വകലാശാലയുടെ റഗുലേഷനുകളിൽ ആവശ്യമായ ഭേദഗതികൾ സമയ ബന്ധിതമായി ഉൾപ്പെടുത്തുന്നതിനായി ഉടനടി സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, അത്തരം ഭേദഗതികൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഒരു സമയക്രമം നിർദ്ദേശിക്കേണ്ടതാണ്.

iii. അക്കാദമിക് നിലവാരം നിലനിർത്തുന്നതിനും വിദ്യാർത്ഥികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, സർവ്വകലാശാല നടത്തുന്ന പ്രോഗ്രാമുകൾക്ക് യുജിസിയുടെ അംഗീകാരമുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

iv. നിശ്ചിത സമയപരിധിക്കുള്ളിൽ സർവ്വകലാശാലയുടെ അക്കൗണ്ടുകൾ കൃത്യമായി തയ്യാറാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നുണ്ടെന്നും, നിശ്ചിത സമയപട്ടികയ്ക്ക് അനുസൃതമായി കെഎസ്എഡി ഓഡിറ്റ് പൂർത്തിയാക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.

v. യുജിസിയിൽ നിന്നും മറ്റ് കേന്ദ്രീകൃത പദ്ധതികളിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർക്കാരും സർവ്വകലാശാലയും ഉറപ്പാക്കേണ്ടതാണ്. കൂടാതെ, ഈ ഫണ്ടുകളുടെ വിനിയോഗത്തിനു മേൽനോട്ടം വഹിക്കുന്നതിനായി ശരിയായ നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ടായിരിക്കേണ്ടതാണ്.

vi. സർവ്വകലാശാലയുമായി കൂടിയാലോചിച്ച്, മതിയായ അദ്ധ്യാപകരും യോഗ്യതയുള്ളവരുമായവരുടെ സേവനങ്ങൾ അതിന്റെ സ്ഥാപനങ്ങളിൽ ലഭ്യമാണെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.

**vii.** വസ്തുനിഷ്ഠവും കർശനവുമായ ഒരു ഉത്തരക്കടലാസ് മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നതും, മൂല്യനിർണ്ണയ പ്രക്രിയയിലെ അപര്യാപ്തതയ്ക്ക് മൂല്യനിർണ്ണയക്കാരെ ഉത്തരവാദികളാക്കുന്നതും, റഗുലേഷനുകൾക്കനുസൃതമായി വിദ്യാർത്ഥികൾക്ക് ഏകീകൃതമായി മോഡറേഷൻ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ടാബുലേഷൻ സോഫ്റ്റ്‌വെയറിൽ മതിയായ പരിശോധനകൾ ഉൾപ്പെടുത്തുന്നതും സർവ്വകലാശാലയ്ക്ക് പരിഗണിക്കാവുന്നതാണ്.

**viii.** സർവ്വകലാശാലയുടെ അധികാരപരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും, യുജിസിയുടെയും മറ്റ് പ്രസക്തമായ റഗുലേറ്ററി ബോഡികളുടെയും നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ പശ്ചാത്തല സൗകര്യ നിലവാരം, കുറഞ്ഞ നിലയ്ക്കെങ്കിലും പാലിക്കുന്നുണ്ടെന്നു സർവ്വകലാശാല ഉറപ്പാക്കേണ്ടതാണ്.

**ix.** ഭൂമിയും കെട്ടിടങ്ങളും പാട്ടത്തിന് നൽകിയ എല്ലാ കക്ഷികളുമായും സർവ്വകലാശാല ഔപചാരികമായി കരാറിലേർപ്പെടേണ്ടതാണ്. നിലവിലുള്ള വിപണി സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിൽ വാടക അല്ലെങ്കിൽ പാട്ട നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ കരാറുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

***(അദ്ധ്യായം II)***

## വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

### *കേരളത്തിലെ സഹകരണ സംഘങ്ങളുടെ ക്രമപ്പെടുത്തൽ*

കേരള സർക്കാരിന്റെ സഹകരണ വകുപ്പിൽ **2024** ജൂലൈ മുതൽ **2025** ഫെബ്രുവരി വരെ നടത്തിയ വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റിലൂടെ (എസ്.എസ്.സി.എ) **2019-24** കാലയളവിൽ, **1969** ലെ കേരള സഹകരണ സംഘം നിയമവും (കെ.സി.എസ് നിയമം) അതിന്റെ കീഴിലെ ചട്ടങ്ങളും പ്രകാരം പ്രവർത്തിക്കുന്ന **16,393** സഹകരണ സംഘങ്ങളുടെ റഗുലേഷൻ വിലയിരുത്തി. നിയമപരമായ അനുവർത്തനവും, ഭരണപരമായ നിയന്ത്രണങ്ങളും, നിരീക്ഷണ സംവിധാനങ്ങളും വിലയിരുത്താൻ ലക്ഷ്യമിട്ട ഓഡിറ്റ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തെ ദുർബലപ്പെടുത്തുന്ന വ്യവസ്ഥാപരമായ പോരായ്മകൾ വെളിപ്പെടുത്തി.

**2024** മാർച്ച് വരെയുള്ള കണക്കനുസരിച്ച്, **12,416** സംഘങ്ങൾ പ്രവർത്തനക്ഷമമായിരുന്നു, **3,291** എണ്ണം പ്രവർത്തനരഹിതവും, **686** എണ്ണം ലിക്വിഡേഷന്റെ ഘട്ടത്തിലുമായിരുന്നു. രജിസ്ട്രേഷനിലെ കാലതാമസം വ്യാപകമായിരുന്നു. **248** അപേക്ഷകളിൽ **60** ശതമാനവും നിർദ്ദിഷ്ട **90** ദിവസത്തിനുമേൽ സമയമെടുത്താണ് പ്രോസസ്സ് ചെയ്തത്. ഇതിൽ **1,007** ദിവസം വരെ വൈകിയ കേസുകൾ ഉൾപ്പെടുന്നു. ഓരോ മൂന്ന് വർഷത്തിലും പരിഷ്കരിക്കേണ്ട സംഘങ്ങളുടെ തരംതിരിക്കൽ നടത്താത്, കാലഹരണപ്പെട്ട ഉദ്യോഗ മാനദണ്ഡങ്ങൾക്ക് കാരണമായി. സഹകരണ പരീക്ഷാ ബോർഡ് നിലവിലെ തരംതിരിക്കൽ പാലിക്കാതെ റിക്രൂട്ട്മെന്റുകൾ നടത്തിയതിന്റെ ഫലമായി നാല് സംഘങ്ങളിൽ അധിക ഉദ്യോഗസ്ഥർ നിയമിക്കപ്പെട്ടു. ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് കൈകാര്യം ചെയ്യേണ്ട സഹകരണ വിജിലൻസ് ഓഫീസർ തസ്തിക **2024** ഓഗസ്റ്റ് വരെ ജോയിന്റ് രജിസ്ട്രാർമാർ വഹിച്ചിരുന്നു. **247** വിജിലൻസ് റിപ്പോർട്ടുകളിൽ **195** എണ്ണം ആറ് മാസം മുതൽ അഞ്ച് വർഷത്തിന്മേൽ വരെ വൈകിയപ്പോൾ, **185** കേസുകളിൽ ആവശ്യമായ തുടരന്വേഷണം നടത്തിയില്ല.

"ഡോർമെന്റ്" അല്ലെങ്കിൽ "റെക്കോർഡുകൾ ലഭ്യമല്ല" (ആർഎൻഎ) എന്ന് പേരുകൾ നല്കി പ്രവർത്തനരഹിതമായ സംഘങ്ങൾ **46** വർഷം വരെ നിലനിർത്തിയിരുന്നു, ഇതിൽ **3,355** ആർഎൻഎ-ആയും **302** ഡോർമെന്റുമായ

സംഘങ്ങൾ പുനരുജ്ജീവനത്തിനോ ലിക്വിഡേഷനോ ആയി കാത്തിരിക്കുന്നു, ഇതുമൂലം രേഖകൾ നഷ്ടപ്പെടാനും കുടിശ്ശികകൾ വീണ്ടെടുക്കാതെ നഷ്ടപ്പെടാനും സാധ്യതയുണ്ട്. ഓഡിറ്റ് ചെയ്യാത്ത സംഘങ്ങളുടെ വിവരം ഉൾപ്പെടുത്താതെ കാലഹരണപ്പെട്ട ഡാറ്റയാണ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (സിഎഎംഐഎസ്) പ്രദർശിപ്പിച്ചിരുന്നത്. ഇതിൽ പ്രദർശിപ്പിച്ചിരിക്കുന്ന പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ രജിസ്ട്രാറിന്റെ കണക്കുകളുമായി പൊരുത്തക്കേട് കാണിക്കുകയും ചെയ്യുന്നു.

അനുമതികൾ ലഭിക്കുന്നതിലെ കാലതാമസവും ചെലവഴിക്കുന്നതിലുള്ള നിയന്ത്രണങ്ങളും മൂലം **2023-24** വർഷത്തിൽ പദ്ധതി വിഹിതത്തിന്റെ വിനിയോഗം **12.47** ശതമാനമായി കുറയുകയും, കേരള ബഡ്ജറ്റ് മാനുവൽ വ്യവസ്ഥ ചെയ്യുന്ന സാമ്പത്തിക അച്ചടക്ക ആവശ്യകതകൾ ലംഘിച്ചുകൊണ്ട്, ഗണ്യമായ പ്ലാൻ ഫണ്ട് വകുപ്പ് സറണ്ടർ ചെയ്യുകയും ചെയ്തു. സർക്കാർ/നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വായ്പകളുടെയും ഓഹരികളുടെയും മൊത്തം കുടിശ്ശിക **₹1,173.29** കോടിയാണ്, ഇതിൽ തെരഞ്ഞെടുത്ത ജില്ലകളിൽ **315** കേസുകളിൽ **₹492.94** കോടി വീണ്ടെടുക്കാതെ അവശേഷിക്കുന്നു. ആർസിഎസ് പരിപാലിക്കുന്ന ഡാറ്റയും ജോയിന്റ് രജിസ്ട്രാർമാരുടേതുമായി പൊരുത്തക്കേട് കാണപ്പെട്ടു. ഓഡിറ്റ് ഫീസ് കുടിശ്ശികയായി കിട്ടാനുള്ളത് **₹16** കോടിയാണ്, ഇതിൽ അഞ്ച് വർഷത്തിനുമേൽ കുടിശ്ശികയായി **₹6.63** കോടിയുണ്ട്, കൂടാതെ **₹35.44** കോടിയും, **₹140.72** കോടിയും യഥാക്രമം കോ-ഓപ്പറേറ്റീവ് അംഗ സമാശ്വാസ ഫണ്ടിലേക്കും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിലേക്കും ലഭിക്കാനുണ്ട്.

ഇഷ്യൂ ചെയ്ത **15,273** ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ **7,172** എണ്ണം രണ്ട് മുതൽ **22** മാസം വരെ വൈകിയാണ് നല്കിയത്, **2,487** എണ്ണം സംഘങ്ങൾക്ക് കൈമാറിയില്ല. **12,786** ഓഡിറ്റ് സർട്ടിഫിക്കറ്റുകൾക്ക് ന്യൂനത പരിഹാര റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ല എന്നതിനാൽ, പണത്തിന്റെ ദുരുപയോഗം പോലുള്ള ക്രമക്കേടുകൾ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു. പരിശോധനകൾ ക്രമരഹിതമായിരുന്നു, **354** സംഘങ്ങൾ അഞ്ച് വർഷമായും പരിശോധിക്കപ്പെട്ടില്ല. റൊട്ടേഷൻ രജിസ്റ്ററുകൾ പരിപാലിച്ചില്ല. ധന സഹായത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട്, **147** ആർബിട്രേഷൻ കേസുകളും **9,047** എക്സിക്യൂഷൻ കേസുകളും അഞ്ച് വർഷത്തിലേറെയായി കെട്ടിക്കിടക്കുകയാണ്.

മൊത്തത്തിൽ, രജിസ്ട്രേഷന്റെ സമയപരിധി കർശനമായി പാലിക്കൽ, മൂന്നു വർഷം കൂടുമ്പോൾ ചെയ്യേണ്ട തരംതിരിക്കൽ ചട്ടങ്ങളുടെ പരിഷ്കരണം, സുതാര്യതയ്ക്കായി ഒരു കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോം, ഡോർമെന്റ് /ആർഎൻഎ സംഘങ്ങളുടെ മേലുള്ള നിയമപരമായ നടപടികൾ, സമയബന്ധിതമായ ഓഡിറ്റുകളും പരിശോധനകളും, കുടിശ്ശിക തിരിച്ചു പിടിക്കൽ എന്നിവ കാര്യക്ഷമമായിരുന്നില്ല. സംഘങ്ങൾ വായ്പകൾ തിരിച്ചടയ്ക്കുന്നുണ്ടെന്നും, ഫീസ് അടവാക്കുന്നുണ്ടെന്നും, സഹായം ഫലപ്രദമായി വിനിയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തിക്കൊണ്ട് ആർസിഎസ് കേരളത്തിന്റെ സഹകരണ മേഖലയുടെ ഉത്തരവാദിത്തം പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും വേണം.

**ശിപാർശകൾ**

**x.** സംഘങ്ങളുടെ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിലും/ തിരിച്ചയയ്ക്കുന്നതിലും/നിരസിക്കുന്നതിലും നിശ്ചിത സമയപരിധി പാലിക്കുന്നുണ്ടെന്ന് ആർസിഎസ് ഉറപ്പാക്കണം.

**xi.** ഓരോ മൂന്ന് വർഷത്തിലും തരംതിരിക്കൽ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും സംഘങ്ങളെ തരംതിരിക്കുന്നതിനും സർക്കാരോ ആർ.സി.എസോ ഒരു സംവിധാനം രൂപീകരിക്കേണ്ടതാണ്. സഹകരണ പരീക്ഷാ ബോർഡ് വഴി റിക്രൂട്ട്മെന്റിന് അപേക്ഷിക്കുമ്പോൾ സംഘങ്ങൾ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ഏറ്റവും പുതിയ തരംതിരിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

**xii.** സംഘത്തിന്റെ പൊതുജനങ്ങൾക്കിടയിലുള്ള വിശ്വാസ്യത, ഉത്തരവാദിത്തം, പ്രാപ്യത എന്നിവ മെച്ചപ്പെടുത്തുന്നതിനായി, രജിസ്റ്റർ ചെയ്ത എല്ലാ സഹകരണ സംഘങ്ങളുടെയും വിശദാംശങ്ങൾ പൗരന്മാർക്ക് കാണാൻ കഴിയുന്ന, ഒരു കേന്ദ്രീകൃതവും വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഓൺലൈൻ പ്ലാറ്റ്ഫോം വകുപ്പ് സ്ഥാപിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.

**xiii.** സ്പെഷ്യൽ റിപ്പോർട്ടുകളും വിജിലൻസ് റിപ്പോർട്ടുകളും കൈമാറുന്നതിലെ കാലതാമസം ഒഴിവാക്കാൻ ആർസിഎസ് നടപടികൾ സ്വീകരിക്കുകയും ഈ റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായ നടപടികൾ ആരംഭിക്കുകയും ചെയ്യണം. വകുപ്പുകൾ **65, 66, 68** പ്രകാരമുള്ള അന്വേഷണങ്ങൾ/ പരിശോധനകൾക്കായി നിർദ്ദേശിച്ചിരിക്കുന്ന സമയപരിധികൾ കർശനമായി പാലിക്കണം.

**xiv.** സംഘങ്ങളുടെ പ്രവർത്തനത്തിലെ പ്രധാന ന്യൂനതകൾ ഉൾക്കൊള്ളിച്ച് സഹകരണ ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ/മെമ്മോറാണ്ടങ്ങൾ ആർസിഎസ് അവലോകനം ചെയ്യുകയും, ഡിസിഎയുടെ നിരീക്ഷണങ്ങൾ സമയബന്ധിതമായി സംഘങ്ങൾ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

**xv.** ഓഡിറ്റ് നടത്തുന്നതിനും ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റ് മെമ്മോറാണ്ടങ്ങളും പുറപ്പെടുവിക്കുന്നതിനും അവയുടെ തത്സമയ നിരീക്ഷണം പ്രാപ്തമാക്കുന്നതിനായി ഐടി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സർക്കാരിന് പരിഗണിക്കാവുന്നതാണ്.

**xvi.** സർക്കാർ ധനസഹായം കൊണ്ടുള്ള ഇടപാടുകൾ നിരീക്ഷിക്കുന്നതിനും സംഘങ്ങളുടെ സർക്കാർ/എൻസിഡിസി വായ്പയുടെയും ഓഹരിയുടെയും കുടിശ്ശിക നിശ്ചിത സമയപരിധിക്കുള്ളിൽ തിരിച്ചടയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമായി എംഐഎസ് ഏർപ്പെടുത്തുന്നത് സർക്കാർ/ആർസിഎസ്ന് പരിഗണിക്കാവുന്നതാണ്.

***(അദ്ധ്യായം III)***

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

സമൂഹത്തിനു വേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി കേരള സർക്കാർ നല്കിയ ധനം വിവിധ തലങ്ങളിലെ ഭരണപരമായ മേൽനോട്ടത്തിന്റെയും യോജിച്ചുള്ള പ്രവർത്തനത്തിന്റെയും അഭാവത്തിൽ, സർക്കാർ പണത്തിന്റെ അപഹരണം, ധന സഹായ/വരുമാന നഷ്ടം, കെട്ടിടങ്ങളിന്മേലുള്ള പാഴ്ചെലവ്, അനർഹമായ ആനുകൂല്യം നൽകൽ തുടങ്ങിയവ കാരണം വിനിയോഗിക്കപ്പെടാതെയോ/മുടങ്ങിക്കിടക്കുകയോ ചെയ്തതിന്റെ സന്ദർഭങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

***ധനാപഹരണം***

- നിയമ വ്യവസ്ഥകളുടെ ലംഘനവും ഓഫീസ് മേധാവിയുടെ ഭാഗത്തുനിന്നുണ്ടായ അശ്രദ്ധയും, കണ്ണൂർ ജില്ലയിലെ തലായി ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പണം

നിക്ഷേപിക്കുന്നതിലുണ്ടായ കുറവ്, ₹1.05 ലക്ഷത്തിന്റെ സംശയാസ്പദമായ തിരിമറിയിലേക്ക് വഴിതെളിക്കുന്നതിനിടയാക്കി.

***(ഖണ്ഡിക 4.1)***

***ധനസഹായം/വരുമാന നഷ്ടം***

- അർഹമായ ആദായനികുതി ഇളവ് അവകാശപ്പെടുന്നതിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ചയും, തന്മൂലം പലിശയിനത്തിലെ വരുമാനത്തിൽ നിന്ന് ഉറവിടത്തിൽ നിന്നുള്ള നികുതി കുറച്ചതും, ഒഴിവാക്കാമായിരുന്ന ₹72.02 ലക്ഷത്തിന്റെ വരുമാന നഷ്ടത്തിൽ കലാശിച്ചു.

***(ഖണ്ഡിക 4.2)***

- കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് കേന്ദ്ര സർക്കാരിന്റെ സഹായം നൽകുന്നതിൽ കേരള സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്ന് ₹6.85 കോടിയുടെ നഷ്ടം സംഭവിച്ചത്, സംസ്ഥാന ഖജനാവിന്മേൽ അമിത ഭാരത്തിനിടയാക്കി. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അപൂർണ്ണമായ പാരാമെഡിക്കൽ കോളേജിന്റെ സ്ഥാപന പ്രവൃത്തിയിന്മേൽ ₹1.37 കോടിയുടെ കേന്ദ്ര സർക്കാർ ഫണ്ടുകൾ തടസ്സപ്പെട്ടു കിടക്കാനും ഇത് ഇടയാക്കി.

***(ഖണ്ഡിക 4.3)***

***പാഴ്ചെലവ്***

- ഭൂമിയുടെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറ്റം ചെയ്യുന്നത് ഉറപ്പാക്കാതെ സ്വകാര്യ ഭൂമിയിൽ നിർമ്മാണം നടത്തിയത് മൂലം പട്ടികജാതി വികസന വകുപ്പ് ആലപ്പുഴയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ പാട്ടുപ്പറമ്പ് പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ചെലവഴിച്ച ₹84.32 ലക്ഷം നിഷ്ഫലമായി.

***(ഖണ്ഡിക 4.4)***

***അനർഹമായ ആനുകൂല്യം നൽകൽ***

- ജലവിഭവ വകുപ്പ്, രണ്ട് പ്രവൃത്തികളുടെ കാര്യത്തിൽ, നിർവ്വഹിക്കാത്ത ജോലിയുടെ തുക തെറ്റായ രീതിയിൽ കുറവ് ചെയ്യാത്തത്, കരാറുകാർക്ക് ₹53.78 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം നൽകുന്നതിനിടയാക്കി.

***(ഖണ്ഡിക 4.5)***

# അവതാരിക

# അദ്ധ്യായം I
# അവതാരിക

## 1.1. ഈ റിപ്പോർട്ടിനെക്കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എജി) ഈ റിപ്പോർട്ട്, തെരഞ്ഞെടുത്ത പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെയും, വിവിധ സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റിന്റെയും കണ്ടെത്തലുകളെ സംബന്ധിച്ചതാണ്.

പ്രവർത്തനക്ഷമതാ ഓഡിറ്റ്, ഒരു പദ്ധതി/പ്രവൃത്തി/വകുപ്പ് എന്നിവയുടെ ലക്ഷ്യങ്ങൾ സാമ്പത്തികമായും കാര്യക്ഷമമായും ഫലപ്രദമായും കൈവരിച്ചിട്ടുണ്ടോ എന്നതിന്റെ പരിശോധനയെ ഉൾക്കൊള്ളുന്നു. അതേസമയം, ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ, ഉത്തരവാദിത്തപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനുവേണ്ടി ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയെ അനുവർത്തന ഓഡിറ്റിൽ പരാമർശിക്കുന്നു.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് നയിക്കുന്ന നയങ്ങളും നിർദ്ദേശങ്ങളും രൂപപ്പെടുത്തുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖയും, ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം, മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളെക്കുറിച്ചും പ്രതിപാദിക്കുന്നു.

## 1.2. ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് **2023-24**-ൽ സെക്രട്ടറിയേറ്റ് തലത്തിൽ **47** വകുപ്പുകളുണ്ടായിരുന്നു. അതിൽ **33** സെക്രട്ടറിയേറ്റ് വകുപ്പുകളുടെയും[1] അതിനുകീഴിലുള്ള എല്ലാ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജിഐ) എന്നിവയുടെയും ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരള (എജി (ഓഡിറ്റ് I)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ ഡയറക്ടർമാരും, കമ്മീഷണർമാരും സഹഉദ്യോഗസ്ഥരുമുണ്ട്.

**2023-24** കാലയളവിലും അതിനുമുമ്പുള്ള നാല് വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യ വിവരണം **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു.

[1] **15** സെക്രട്ടേറിയറ്റ് വകുപ്പുകളുടെ ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-**II**), കേരള നടത്തുന്നു. (ഇതിൽ, മത്സ്യബന്ധനവും തുറമുഖവും സംബന്ധിച്ച വകുപ്പുകളിൽ — മത്സ്യബന്ധന വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-**I**)ഉം തുറമുഖ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-**II**)ഉം നടത്തുന്നു).

**പട്ടിക 1.1: ചെലവുകളുടെ താരതമ്യം**

*(₹ കോടിയിൽ)*

| ചെലവുകൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| **റവന്യൂ ചെലവുകൾ** | **104719.92** | **123446.33** | **146179.51** | **141950.93** | **142626.34** |
| പൊതു സേവനങ്ങൾ | 55504.03 | 50360.72 | 70110.00 | 69831.68 | 78185.16 |
| സാമൂഹിക സേവനങ്ങൾ | 34044.77 | 44832.44 | 50695.61 | 50275.91 | 44005.28 |
| സാമ്പത്തിക സേവനങ്ങൾ | 9107.25 | 18760.72 | 15713.81 | 12280.82 | 11414.83 |
| ധനസഹായങ്ങളും സംഭാവനകളും | 6063.87 | 9492.45 | 9660.09 | 9562.52 | 9021.07 |
| **മൂലധന ചെലവുകൾ** | **8454.80** | **12889.65** | **14191.73** | **13996.56** | **13584.45** |
| പൊതു സേവനങ്ങൾ | 157.42 | 259.84 | 268.26 | 306.89 | 247.26 |
| സാമൂഹിക സേവനങ്ങൾ | 1090.64 | 2277.90 | 3342.63 | 3030.08 | 2945.57 |
| സാമ്പത്തിക സേവനങ്ങൾ | 7206.74 | 10351.91 | 10580.84 | 10659.59 | 10391.62 |
| ആകെ | 113174.72 | 136335.98 | 160371.24 | 155947.49 | 156210.79 |

*(ഉറവിടം : അതാത് വർഷങ്ങളിലെ ധനകാര്യ കണക്കുകൾ)*

## 1.3. ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം - അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I), കേരളയുടെ ഓഫീസ്

സി ആന്റ് എജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 149-ഉം 151-ഉം അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം (സി ആന്റ് എജിയുടെ (ഡിപിസി) നിയമം) അനുസരിച്ചുമാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് എജി നടത്തുന്നത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമാണ്. സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 19, 20(1) വകുപ്പുകൾ പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന 25 സ്വയംഭരണ സ്ഥാപനങ്ങളുടെ ഏക ഓഡിറ്ററാണ് സി ആന്റ് എജി. ഇതുകൂടാതെ, 8,392 എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ[2], 50 പൊതുമേഖലാ സ്ഥാപനങ്ങൾ, 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ[3] എന്നിവയ്ക്ക് പുറമെ, സർക്കാർ ഗണ്യമായ സാമ്പത്തിക സഹായം നൽകുന്ന 121 സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റും സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 14-ഉം 15-ഉം വകുപ്പുകൾ പ്രകാരം സി ആന്റ് എജി നടത്തുന്നു. വിവിധ ഓഡിറ്റുകളുടെ തത്വങ്ങളും രീതികളും സി ആന്റ് എജി പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സിലും നിഷ്കർഷിച്ചിരിക്കുന്നു.

## 1.4. ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

ചെലവ്, പ്രവർത്തനങ്ങളുടെ നിർണ്ണായകാവസ്ഥ/ സങ്കീർണ്ണത, വിവിധതലങ്ങളിൽ അർപ്പിതമായ സാമ്പത്തിക അധികാരങ്ങൾ, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ, തൽപ്പരകക്ഷികളുടെ ആശങ്കകൾ എന്നിവയെ അടിസ്ഥാനമാക്കി സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട റിസ്ക് നിർണ്ണയത്തോടെയാണ് ഓഡിറ്റ്

---

[2] സർക്കാർ-എയ്ഡഡ് കോളേജുകൾ: 192
സർക്കാർ-എയ്ഡഡ് എഞ്ചിനീയറിംഗ്കോളേജുകൾ: 03
സർക്കാർ-എയ്ഡഡ് പോളിടെക്നിക് കോളേജുകൾ: 06
സർക്കാർ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ: 856
സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128
സർക്കാർ-എയ്ഡഡ് എൽ.പി സ്കൂളുകൾ: 3903
സർക്കാർ-എയ്ഡഡ് യു.പി സ്കൂളുകൾ: 1870
സർക്കാർ-എയ്ഡഡ് ഹൈസ്കൂളുകൾ: 1434

[3] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ലോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പാലിറ്റികൾ: 87, മുനിസിപ്പൽ കോർപ്പറേഷനുകൾ: 06. എല്ലാ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി ഒരു ഓഡിറ്റ് റിപ്പോർട്ട് എജി (ഓഡിറ്റ് I) പ്രസിദ്ധീകരിക്കുന്നു.

പ്രക്രിയ ആരംഭിക്കുന്നത്. മുൻകാല ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. മേൽവിവരിച്ച റിസ്ക് നിർണ്ണയിക്കലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കപ്പെടുന്നു.

ഓഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസുകളുടെയും വകുപ്പുകളുടെയും തലവൻമാർക്ക് നൽകുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് വകുപ്പുകൾ മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ അവ അനുവർത്തിക്കുന്നതിനുള്ള തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉരുത്തിരിയുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ സി ആന്റ് എജിയുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

2023-24 കാലയളവിൽ, എജി ഓഫീസ് (ഓഡിറ്റ് I) അതിന്റെ അധികാരപരിധിയിലുള്ള വിവിധ വകുപ്പുകളുടെയും/ സ്ഥാപനങ്ങളുടെയും 980 യൂണിറ്റുകളുടെയും ഓഡിറ്റ് (അനുവർത്തന, പ്രവർത്തനക്ഷമതാ, ധനകാര്യ ഓഡിറ്റുകൾ) നടത്തി.

## 1.5. ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

### 1.5.1. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2017-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും പരിശോധനാ റിപ്പോർട്ടുകളുടെയും വേഗത്തിലുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നീ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും പരിശോധനാ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കേണ്ടതും പോരായ്മകളും വീഴ്ചകളും പരിഹരിക്കേണ്ടതും അവയുടെ അനുവർത്തനം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്. തീർപ്പാകാതെ അവശേഷിക്കുന്ന പരിശോധനാ റിപ്പോർട്ടുകളെക്കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ, ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി അതാത് വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കാറുണ്ട്.

2024 ഒക്ടോബർ 31-ന് 29 വകുപ്പുകളിലായി 5,294 പരിശോധനാ റിപ്പോർട്ടുകൾ (26,951 ഖണ്ഡികകൾ) (2024 മാർച്ച് 31 വരെ നൽകിയിട്ടുള്ളവ) തീർപ്പാകാതെ അവശേഷിക്കുന്നു. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വിവരങ്ങൾ **അനുബന്ധം 1.1**-ൽ കൊടുത്തിരിക്കുന്നു.

### 1.5.2. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

പ്രവർത്തനക്ഷമതാ ഓഡിറ്റ്, അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ 2025 ഫെബ്രുവരിക്കും 2025 ജൂൺ മാസത്തിനുമിടയിൽ ബന്ധപ്പെട്ട വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും പ്രതികരണം ലഭിക്കുന്നതിനായി അയച്ചുകൊടുത്തിരുന്നു. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് ഖണ്ഡിക, ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ് ഖണ്ഡിക, അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ എന്നിവയിൽ, എല്ലാ ഖണ്ഡികകൾക്കും സർക്കാരിന്റെ പ്രതികരണം ലഭിച്ചു. ലഭിച്ച മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1.5.3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2017-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും പരിശോധനാ റിപ്പോർട്ടുകളുടെയും വേഗത്തിലുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ള ഹാൻഡ് ബുക്ക് അനുസരിച്ച് സി ആന്റ് എജിയുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളിൻമേൽ ഭരണ വകുപ്പുകൾ എടുത്ത നടപടികളുടെ വിശദീകരണ പത്രിക, റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ച് രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടറിയേറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയക്കേണ്ടതാണ്. 2024 ഒക്ടോബർ വരെയുള്ള സ്ഥിതിവിവരം അനുസരിച്ച്, 10 ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ, 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിലെ 41 ഖണ്ഡികകളിൻമേൽ എടുത്ത നടപടികളുടെ വിശദീകരണ പത്രിക സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ **അനുബന്ധം 1.2**-ൽ കൊടുത്തിരിക്കുന്നു.

### 1.5.4. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

2024 ഒക്ടോബർ വരെ, 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിലെ 12 വകുപ്പുകളുടെ 93 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാൻ അവശേഷിക്കുന്നു (**അനുബന്ധം 1.3**).

# പ്രവർത്തനക്ഷമതാ ഓഡിറ്റ്

# അദ്ധ്യായം II
# ഉന്നത വിദ്യാഭ്യാസ വകുപ്പ്
# കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവർത്തനം

## 2.1. ആമുഖം

കേരള സർക്കാർ കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായ കാലിക്കറ്റ് സർവ്വകലാശാല **1968**-ൽ സ്ഥാപിച്ചു. കാലിക്കറ്റ് സർവ്വകലാശാല ആക്ട്, **1975** (ആക്ട്) സർവ്വകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ചട്ടക്കൂട് പ്രദാനം ചെയ്യുന്നു. കോഴിക്കോട്[4], മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെയും വയനാട്[5] ജില്ലയിലെ ഗണ്യമായ ഭാഗങ്ങളിലെയും ഉന്നതവിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രവർത്തിക്കുന്ന സർവ്വകലാശാല, **31** അദ്ധ്യാപക ഗവേഷണവകുപ്പുകൾ, നാല് കോസ്റ്റ് ബേസ്ഡ് വകുപ്പുകൾ, **12** കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി കേന്ദ്രങ്ങൾ (സിസിഎസ്ഐടി), **11** അദ്ധ്യാപക പഠനകേന്ദ്രങ്ങൾ (സിയുടിഇസി), ആറ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (എസ്എംഎസ്), **425**[6] അഫിലിയേറ്റഡ് കോളേജുകൾ, **10** ഫാക്കൽറ്റികൾക്കു കീഴിൽ **119** ബോർഡ് ഓഫ് സ്റ്റഡീസ് (ബിഒഎസ്), എന്നിവയിലൂടെ ബിരുദ, ബിരുദാനന്തര, സംയോജിത ബിരുദാനന്തര കോഴ്സുകളും ഗവേഷണപ്രവർത്തനങ്ങളും നടത്തുന്നു. **2022-27** എന്ന അഞ്ചുവർഷകാലയളവിലേയ്ക്ക് **3.45** പോയിന്റിന്റെ സിജിപിഎയോടെ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (എൻഎഎസി) സർവ്വകലാശാലയ്ക്ക് എ+ ഗ്രേഡ് തലത്തിൽ നൽകിയ അംഗീകാരത്തിന് **2027** സെപ്റ്റംബർ **20** വരെ സാധുതയുണ്ട്.

### 2.1.1. ഘടനാനില

ബഹുമാനപ്പെട്ട കേരള ഗവർണറാണ് സർവ്വകലാശാലയുടെ ചാൻസലർ. ഉന്നതവിദ്യാഭ്യാസ മന്ത്രിയാണ് പ്രോചാൻസലർ. ഗവർണർ നിയമിക്കുന്ന വൈസ് ചാൻസലർ, പ്രിൻസിപ്പൽ അക്കാദമിക് ആൻഡ് എക്സിക്യൂട്ടീവ് ഓഫീസർ ആണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) , ഓൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എഐസിടിഇ), വിദ്യാഭ്യാസമേഖലയിലെ മറ്റു റഗുലേറ്ററി ബോഡികൾ എന്നിവ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, റഗുലേഷനുകൾ, സർക്കുലറുകൾ എന്നിവയിലൂടെയാണ് അക്കാദമിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. വൈസ് ചാൻസലറും ചെയർമാനും മറ്റു രണ്ട് സിൻഡിക്കേറ്റ് അംഗങ്ങളും അടങ്ങുന്ന ഒരു തെരഞ്ഞെടുപ്പു സമിതിയുടെ ശിപാർശപ്രകാരം സിൻഡിക്കേറ്റ് നിയമിക്കുന്ന രജിസ്ട്രാർ സർവ്വകലാശാലയുടെ ഭരണത്തിന്റെ ചുമതല വഹിക്കുന്നു. കൂടാതെ, പരീക്ഷാകൺട്രോളറുടെയും ഫിനാൻസ് ഓഫീസറുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നവർ ഒഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങളും ചുമതലകളും നിശ്ചയിക്കാനുള്ള അധികാരവും അദ്ദേഹത്തിനുണ്ട്.

### 2.1.2. സർവ്വകലാശാലയുടെ അധികാരികൾ

സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന **(i)** സെനറ്റ്, **(ii)** സിൻഡിക്കേറ്റ്, **(iii)** അക്കാദമിക് കൗൺസിൽ, **(iv)** ഫാക്കൽറ്റികൾ, **(v)** ബോർഡ് ഓഫ് സ്റ്റഡീസ്, **(vi)** സ്റ്റുഡന്റ് കൗൺസിൽ, **(vii)** ധനകാര്യസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ **ചാർട്ട് 2.1**-ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

---

[4] മുൻപ് കാലിക്കറ്റ് എന്ന് അറിയപ്പെട്ടിരുന്നു.

[5] മാനന്തവാടി താലൂക്ക് ഒഴികെ

[6] സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് 2023-ലെ വിവരങ്ങളനുസരിച്ച്

**ചാർട്ട് 2.1 : സർവ്വകലാശാലയിലെ അധികാരികളുടെ പ്രവർത്തനങ്ങൾ**




## 2.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ ഉറപ്പാക്കുന്നതിനുവേണ്ടിയാണ് 'കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രവർത്തനം' സംബന്ധിച്ച പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്.

- സർവ്വകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾ വേണ്ടത്ര ആസൂത്രണം ചെയ്ത് ശരിയായി നടപ്പാക്കിയിട്ടുണ്ടോ.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനു വേണ്ട മാനവ വിഭവ ശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും പര്യാപ്തവും മാനദണ്ഡങ്ങൾക്കനുസൃതവുമായിരുന്നോ.

- സർവ്വകലാശാലയിലെ ധനകാര്യ പരിപാലനം ശരിയായി നടത്തുകയും ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതവുമായിരുന്നോ.

## 2.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് വിലയിരുത്തിയത്

- കാലിക്കറ്റ് സർവ്വകലാശാല ആക്ട്, 1975, അതനുസരിച്ചുള്ള ചട്ടങ്ങളും ഓർഡിനൻസും
- സർവ്വകലാശാലയും, യുജിസി, എഐസിടിഇ, എൻസിടിഇ, എൻഎഎസി തുടങ്ങിയ റെഗുലേറ്ററി അതോറിറ്റികളും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും റഗുലേഷനുകളും
- കേന്ദ്ര സർക്കാരും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകൾ
- കേരള ഫിനാൻഷ്യൽ കോഡ്, 2016
- ഭിന്നശേഷിയുള്ള വ്യക്തികളുടെ അവകാശ നിയമം, 2016
- കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, 2012
- കേരള പഞ്ചായത്ത് കെട്ടിട നിയമങ്ങൾ, 2019

## 2.4. ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

2019-20 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിയാണ് 2024 ജൂലൈ 22 മുതൽ 2025 മാർച്ച് 31 വരെ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളും വകുപ്പുകളും, ഇവ തെരഞ്ഞെടുക്കുന്നതിനായി സ്വീകരിച്ച രീതിയും **അനുബന്ധം 2.1**-ൽ നൽകിയിരിക്കുന്നു. രേഖകളുടെ / ഫയലുകളുടെ സൂക്ഷ്മ പരിശോധന, ലബോറട്ടറികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും സംയുക്ത ഭൗതികപരിശോധന, സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സർവ്വേ എന്നിവ ഓഡിറ്റ് രീതിയിൽ ഉൾപ്പെട്ടിരുന്നു. മുകളിൽ പറഞ്ഞവയ്ക്കു പുറമേ, ജനറൽ, അക്കാദമിക് ശാഖകൾ, ഭരണനിർവ്വഹണ വിഭാഗം, എഞ്ചിനീയറിംഗ് വകുപ്പ് എന്നിവയുടെ രേഖകളും പരിശോധിച്ചു. സർവ്വകലാശാലയിലെ കമ്പ്യൂട്ടർ സെന്ററിൽ പരിപാലിക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ലഭ്യമായിരുന്ന കഴിഞ്ഞ അഞ്ചുവർഷത്തെ ഡമ്പ് ഡാറ്റയും പരിശോധിച്ചു.

2024 സെപ്റ്റംബർ 02-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വൈസ് ചാൻസലർ, മറ്റ് സർവ്വകലാശാലാ ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, രീതി, സാമ്പിളുകൾ തെരഞ്ഞെടുക്കുന്ന വിധം എന്നിവ ചർച്ച ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനായി 2025 ജൂലൈ 28-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ഒരു സമാപന കൂടിക്കാഴ്ചയും നടന്നു. കേരള സർക്കാർ നൽകിയ മറുപടികൾ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2.5. ആസൂത്രണം

### 2.5.1. സ്ട്രാറ്റജിക് പ്ലാനിൽ സമയക്രമത്തിന്റെയും അളക്കാവുന്ന നാഴികക്കല്ലുകളുടെയും അഭാവം

സർവ്വകലാശാലയുടെ സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാല (2021 ഏപ്രിൽ) ഒരു സമിതി രൂപീകരിച്ചു. സമിതി അന്തിമ രൂപം നൽകിയ സർവ്വകലാശാലയുടെ സ്ട്രാറ്റജിക് പ്ലാൻ നടപ്പാക്കാൻ വൈസ് ചാൻസലർ അനുമതി നൽകി (2021 നവംബർ). സ്ട്രാറ്റജിക് പ്ലാനിൽ

സർവ്വകലാശാല ഏഴ്[7] മുൻഗണനാ മേഖലകൾ കണ്ടെത്തുകയും ഓരോ മേഖലയിലും സ്ട്രാറ്റജിക് ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തു. ഇത് **അനുബന്ധം 2.2**-ൽ വിശദമാക്കിയിരിക്കുന്നു.

സ്ട്രാറ്റജിക് പ്ലാൻ സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടില്ലെന്നും (2025 ഫെബ്രുവരി) ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു (2025 ഫെബ്രുവരി). കൂടാതെ, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു സംവിധാനവും നിലവിലില്ലായിരുന്നു.

ഓഡിറ്റ് കണ്ടെത്തലുകൾ അംഗീകരിച്ചുകൊണ്ട് (2025 ജൂലൈ) സർവ്വകലാശാലയുടെ ഭാവിവളർച്ചയ്ക്കും വികസനത്തിനും വഴികാട്ടുന്നതിനായി ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഡവലപ്മെന്റ് പ്ലാൻ (ഐഡിപി) രൂപീകരിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു. നിർദ്ദിഷ്ട ഐഡിപിയിൽ സമയക്രമം, കണക്കാക്കാവുന്ന നാഴികക്കല്ലുകൾ, ഓരോ സംരംഭത്തിനും വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്നിവയുള്ള ഒരു സമഗ്രപ്രവർത്തന പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് പോരായ്മകൾ പരിഹരിക്കുമെന്നും, ഒരിക്കൽ നടപ്പിലായാൽ, പുതിയ ഐഡിപി നിലവിലുള്ള സ്ട്രാറ്റജിക് പ്ലാനിനെ അസാധുവാക്കുകയും സ്ട്രാറ്റജിക് പ്ലാൻ കാലഹരണപ്പെടുകയും ചെയ്യുമെന്നും പറയുകയുണ്ടായി.

2021-ൽ നിർദ്ദേശിക്കപ്പെട്ട സ്ട്രാറ്റജിക് പ്ലാൻ ഇതുവരെയും നടപ്പാക്കിയിട്ടില്ലാത്തതിനാൽ, ഐഡിപി നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ നൽകിയ മറുപടി വിശ്വാസം ജനിപ്പിക്കുന്നതല്ല.

### 2.5.2. സർവ്വകലാശാലാ അതോറിറ്റികളിലെ അപര്യാപ്തമായ പ്രാതിനിധ്യം

സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയാണ് സർവ്വകലാശാലാ അതോറിറ്റികൾ. കാലിക്കറ്റ് സർവ്വകലാശാലാ ആക്ട് 1975-ലെ സെക്ഷൻ 43(1) പ്രകാരം സർവ്വകലാശാലയുടെ ഏതെങ്കിലും അതോറിറ്റിയിലോ ബോഡിയിലോ ഉള്ള അംഗങ്ങളുടെ (എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള) എല്ലാ ഒഴിവുകളും എത്രയും വേഗം നികത്തേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ ഈ മൂന്ന് അതോറിറ്റികളും രണ്ടു തവണ (2019 മാർച്ച്, 2023 ജൂൺ) പുനഃസംഘടിപ്പിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

2019-24 കാലയളവിൽ അതോറിറ്റികൾ നടത്തിയ യോഗങ്ങളുടെ യോഗനടപടിക്കുറിപ്പുകളും വാർഷിക റിപ്പോർട്ടുകളും പരിശോധിച്ചപ്പോൾ പുനഃസംഘടനയിലും പ്രവർത്തനത്തിലും താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

*സെനറ്റ്*

- രണ്ട് പുനഃസംഘടനകൾക്കിടയിൽ സെനറ്റിലെ ഒഴിവുകളുടെ എണ്ണം ഏഴിൽ നിന്ന് 43 ആയി വർദ്ധിച്ചു. 2023 ജൂണിലെ അടുത്ത പുനഃസംഘടന വരെ ഇത് നികത്തപ്പെടാതെ തുടർന്നു.
- ഓഡിറ്റ് കാലയളവിൽ നടന്ന 20 യോഗങ്ങളിൽ, പൊതുവിദ്യാഭ്യാസ, വിവരസാങ്കേതിക വകുപ്പുകളിൽ നിന്നുള്ള സർക്കാർ പ്രതിനിധികളും കൊളീജിയറ്റ് വിദ്യാഭ്യാസ,സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർമാരും ഒരു യോഗത്തിലും പങ്കെടുത്തില്ല. ധനകാര്യ വകുപ്പ് സെക്രട്ടറി രണ്ട് യോഗങ്ങളിൽ (2022 ജനുവരിയിലും, മാർച്ചിലും) പങ്കെടുത്തു. അതേസമയം, ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ചെയർമാനും ഓരോ യോഗത്തിൽ മാത്രമേ പങ്കെടുത്തുള്ളൂ.

[7] (i) ഭരണ നിർവ്വഹണവും മാനേജ്മെന്റും, (ii) അധ്യാപനവും പഠനവും, (iii) അക്കാദമിക ഗവേഷണവും നവീകരണവും, (iv) അക്കാദമിക സഹായസേവനങ്ങൾ, (v) വിദ്യാർത്ഥി സഹായ സേവനങ്ങൾ, (vi) സാമൂഹ്യ ജനസമ്പർക്ക പ്രവർത്തനങ്ങൾ, (vii) സൗകര്യങ്ങൾ, സംവിധാനങ്ങളും അടിസ്ഥാനസൗകര്യങ്ങളും

*സിൻഡിക്കേറ്റ്*

- **2019**-ൽ പുനഃസംഘടിപ്പിക്കുമ്പോൾ **17.24** ശതമാനമായിരുന്ന അംഗങ്ങളുടെ ഒഴിവ് **2023**-ലെ പുനഃസംഘടനയുടെ സമയത്ത് **58.62** ശതമാനമായി വർദ്ധിച്ചു.

*അക്കാദമിക് കൗൺസിൽ*

- **2019** മുതൽ **2023** വരെയുള്ള കാലയളവിൽ അക്കാദമിക് കൗൺസിലിലെ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം ഒന്നിൽ നിന്ന് **77** ആയി വർദ്ധിച്ചു. ഈ ഒഴിവുകൾ **2023** ജൂണിലെ അടുത്ത പുനഃസംഘടന വരെ തുടർന്നു.

ഒഴിവുകൾ യഥാസമയം നികത്താത്തതും പ്രധാന അംഗങ്ങൾ യോഗങ്ങളിൽ പങ്കെടുക്കാത്തതും ആക്ടിന്റെ ലംഘനത്തിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഹൈക്കോടതി സ്റ്റേ ഉത്തരവ് കാരണം പ്രധാന വിഭാഗങ്ങളിൽ നിന്നും സെനറ്റിലേക്ക് തെരഞ്ഞെടുപ്പ് നടത്താത്തത്, കോവിഡ്-**19** മഹാമാരി പൊട്ടിപ്പുറപ്പെട്ടത്, നടപടിക്രമങ്ങളിലെ കാലതാമസം തുടങ്ങിയവയാണ് സർവ്വകലാശാലാ അതോറിറ്റികളിൽ പ്രാതിനിധ്യത്തിന്റെ അപര്യാപ്തതയ്ക്കു കാരണങ്ങളായി സർക്കാർ മറുപടിയിൽ പ്രസ്താവിച്ചത് (**2025** ജൂലൈ).

കോവിഡ്-**19** മഹാമാരി മൂലമാണ് ഒഴിവുകൾ ഉണ്ടായതെന്ന സർക്കാരിന്റെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നുണ്ടെങ്കിലും, അതോറിറ്റികളിലെ ഒഴിവുകൾ കോവിഡ് കാലയളവിനുശേഷവും തുടർന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 2.5.3. കോളേജ് ഡവലപ്മെന്റ് കൗൺസിൽ ശരിയായ രീതിയിൽ രൂപീകരിക്കാത്തത്

**1985**-ലെ കോളേജ് ഡവലപ്മെന്റ് കൗൺസിൽ (സിഡിസി) സംബന്ധിച്ച യുജിസി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, അഫിലിയേറ്റഡ് കോളേജുകളുടെ ശരിയായ ആസൂത്രണവും സംയോജിതവികസനവും ഉറപ്പാക്കുന്നതിനും കോളേജുകൾക്ക് ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും സർവ്വകലാശാലയ്ക്ക് ഒരു സിഡിസി രൂപീകരിക്കാവുന്നതാണ്. വൈസ് ചാൻസലർ, കൗൺസിലിന്റെ[8] കോ-ഓർഡിനേറ്റർ / ഡയറക്ടർ/ ഡീൻ, ചില അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ, സർവ്വകലാശാലയിലെ അദ്ധ്യയന വകുപ്പുകളിൽ നിന്നുള്ള മുതിർന്ന അദ്ധ്യാപകർ, സർക്കാരിന്റെ ഒരു പ്രതിനിധി എന്നിവർ സിഡിസിയിൽ ഉണ്ടായിരിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. വിവിധ പാഠ്യപദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി സിഡിസി, കൃത്യമായ ഇടവേളകളിൽ, ഒരു അദ്ധ്യയന വർഷത്തിൽ കുറഞ്ഞത് രണ്ടു തവണയെങ്കിലും, യോഗം ചേരണം. ഡയറക്ടർ വർഷത്തിൽ രണ്ടു തവണയെങ്കിലും കോളേജുകൾ സന്ദർശിക്കുകയും കോളേജ് പ്രിൻസിപ്പൽമാരുടെ യോഗങ്ങൾ നടത്തുകയും ചെയ്യണമായിരുന്നു.

എന്നാൽ മുകളിൽ പറഞ്ഞതിനു വിരുദ്ധമായി, സിഡിസി ഒരു കൗൺസിലായി പ്രവർത്തിക്കുന്നതിനു പകരം, സർവ്വകലാശാലയുടെ ഒരു ശാഖയായിട്ടാണ് പ്രവർത്തിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നാലു ജില്ലാതല പരിശോധനാ കമ്മീഷനുകളുടെയും (ഡിഎൽഐസി) ഒരു അഫിലിയേഷൻ ഉപസമിതിയുടെയും പിന്തുണയോടെയാണ് സിഡിസി പ്രവർത്തിച്ചത്.

[8] വിസി ചെയർമാനും യുജിസി നാമനിർദ്ദേശം ചെയ്ത വ്യക്തിയും, സർവ്വകലാശാലാ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്ത വ്യക്തിയും അടങ്ങുന്ന തെരഞ്ഞെടുപ്പ് സമിതിയുടെ ശിപാർശയനുസരിച്ചാണ് കൗൺസിലിന്റെ കോ-ഓർഡിനേറ്റർ/ ഡയറക്ടർ/ ഡീനിനെ നിയമിക്കേണ്ടത്

തെരഞ്ഞെടുപ്പ് സമിതിയുടെ ശിപാർശയോടെയല്ല ഡയറക്ടറെ നിയമിച്ചിരുന്നത്. ഓഡിറ്റ് കാലയളവിൽ ഡയറക്ടറുടെ ചുമതല അദ്ധ്യാപകർക്കു നൽകിയിരുന്നു. സർക്കാർ പ്രതിനിധികളെയും അഫിലിയേറ്റഡ് കോളേജിലെ പ്രിൻസിപ്പൽമാരെയും കൗൺസിൽ അംഗങ്ങളായി ഉൾപ്പെടുത്തിയില്ല. യുജിസി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സിഡിസി രൂപീകരിക്കാത്തതിനാൽ, ഓഡിറ്റ് കാലയളവിൽ കൗൺസിൽ യോഗങ്ങളൊന്നും നടത്തിയതായി കണ്ടില്ല.

അങ്ങനെ ശരിയായതും സംയോജിതവുമായ വികസനം ഉറപ്പാക്കുന്നതിന് സർവ്വകലാശാലയ്ക്കും അഫിലിയേറ്റഡ് കോളേജുകൾക്കുമിടയിൽ ഒരു സുപ്രധാന കണ്ണിയായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചിരുന്ന സിഡിസി, അതിന്റെ ഉചിതമല്ലാത്ത ഘടനയും യോഗങ്ങൾ നടത്താത്തതും കാരണം ഉദ്ദേശ്യം നിറവേറ്റിയില്ല.

യുജിസി വിഭാവനം ചെയ്ത വിശാലമായ സിഡിസിയുടെ ഒരു ഭാഗം മാത്രമായിരുന്നു നിലവിലെ സിഡിസി എന്ന് രജിസ്ട്രാർ അംഗീകരിച്ചു (2024 ഒക്ടോബർ). അഫിലിയേറ്റഡ് കോളേജുകളുടെ വികസനത്തിന് മാർഗ്ഗദർശനം നൽകുന്നതിനും പിന്തുണ നൽകുന്നതിനും നിരീക്ഷിക്കുന്നതിനും ഗുണനിലവാരമാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പാക്കുന്നതിനും, മൊത്തത്തിലുള്ള അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ തന്ത്രപ്രധാനമായ ഒരു ഭാഗമാണ് സിഡിസി എന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). എന്നിരുന്നാലും, സിഡിസി രൂപീകരണത്തെക്കുറിച്ചുള്ള യുജിസി മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഒരു കൗൺസിൽ രൂപീകരിക്കേണ്ടത് നിർബന്ധമാണോ എന്ന് പരിശോധിക്കുന്നതിനായി സിഡിസിയുടെ നിലവിലെ ഘടനയും സ്ഥിതിയും പുനഃപരിശോധിക്കുകയും, ശേഷം പരിഗണനയ്ക്കായി വിഷയം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സമർപ്പിക്കുകയും ചെയ്യും. 2025 ജൂലൈയിൽ നടന്ന സമാപന കൂടിക്കാഴ്ചയിൽ, കോളേജുകൾ തങ്ങളുടെ വിശദാംശങ്ങൾ പൂരിപ്പിക്കേണ്ടതും സർവ്വകലാശാലയ്ക്ക് അവ പരിശോധിച്ചുറപ്പിക്കാവുന്നതുമായ ഒരു നിശ്ചിത മാതൃക രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത പ്രിൻസിപ്പൽ സെക്രട്ടറി ഊന്നിപ്പറഞ്ഞു.

യുജിസിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല സിഡിസി രൂപീകരിച്ചിരുന്നതെന്നും യുജിസി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പതിവായി യോഗം ചേർന്നതിനു തെളിവുണ്ടായിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 2.5.4. അഫിലിയേറ്റഡ് കോളേജുകളിലെ പരിശോധന

1977-ലെ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ, സെക്ഷൻ 40 അനുസരിച്ച് ഓരോ കോളേജിനെയും കാലാകാലങ്ങളിൽ പരിശോധനയ്ക്ക്[9] വിധേയമാക്കേണ്ടതും അത്തരം പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട കോളേജിന്റെ പ്രിൻസിപ്പലിന് അയയ്ക്കുകയും അതിൻമേൽ എന്തെങ്കിലും നടപടിയെടുക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ വിശദീകരണം തേടുകയും വേണം. കൂടാതെ, ആക്ടിലെ സെക്ഷൻ 77 അനുസരിച്ച് ആക്ട് നിലവിൽവന്നതിനുശേഷമുള്ള ഓരോ നാലുവർഷത്തിന്റെയും അവസാനം അഫിലിയേറ്റഡ് കോളേജുകളുടെ സ്ഥിതിയെ സംബന്ധിച്ച് വൈസ് ചാൻസലർ സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുന്നതിനു പകരം, പുതിയ പ്രോഗ്രാമുകളുടെ അഫിലിയേഷൻ, സീറ്റുകളുടെ സ്ഥിരമായ വർദ്ധനവ്, പുതിയ കോളേജുകൾ സ്ഥാപിക്കൽ, കോളേജുകളുടെ പ്രവർത്തനത്തെ

[9] വൈസ് ചാൻസലറോ സിൻഡിക്കേറ്റോ ബോർഡ് ഓഫ് ഇൻസ്പെക്ഷനോ നിയമിക്കുന്ന ഒന്നോ അതിലധികമോ വ്യക്തികൾ

സംബന്ധിച്ച പരാതികൾ, സ്വയംഭരണ പദവി നൽകൽ/ കാലാവധി ദീർഘിപ്പിക്കൽ തുടങ്ങിയ അവസരങ്ങളിൽ മാത്രമേ നാല് ജില്ലാതല പരിശോധനാ കമ്മീഷനുകൾ കോളേജുകളിൽ പരിശോധന നടത്തിയിട്ടുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. ആക്ടിലെ സെക്ഷൻ 77 പ്രകാരം സർക്കാരിന് സമർപ്പിക്കേണ്ട റിപ്പോർട്ടും സമർപ്പിച്ചിരുന്നില്ല.

അഫിലിയേറ്റഡ് കോളേജുകൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള പരിശോധനാസംവിധാനങ്ങൾ സർവ്വകലാശാല ഫലപ്രദമായി രൂപീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുവെന്നും നാല് ഡിഎൽഐസികൾ സ്ഥാപിച്ചതിലൂടെ സർവ്വകലാശാല ഇത് നടപ്പാക്കുകയും ചെയ്തെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). വിവിധ അവസരങ്ങളിലായി ഡിഎൽഐസികൾ എല്ലാ വർഷവും നൂറുകണക്കിന് പരിശോധനകൾ നടത്തുന്നതിനാൽ, ഇതിനുപുറമേ നിശ്ചിത ഇടവേളകളിലെ പരിശോധനകൾകൂടി നടത്തുന്നത് ഒരു വെല്ലുവിളിയാണെന്നും സർക്കാർ പ്രസ്താവിച്ചു.

വിവിധ പരിശോധനകൾ നടത്തിയതിനെക്കുറിച്ച് മറുപടിയിൽ പറയുന്നുണ്ടെങ്കിലും, നടത്തിയ പരിശോധനകളെ സംബന്ധിച്ച് രേഖാമൂലമുള്ള തെളിവുകളൊന്നും നൽകിയിട്ടില്ല. കൂടാതെ, ഓരോ നാലുവർഷത്തിന്റെ അവസാനവും വിസി സർക്കാരിന് സമർപ്പിക്കേണ്ട റിപ്പോർട്ടിനെക്കുറിച്ച് മറുപടിയിൽ മൗനം പാലിക്കുകയാണുണ്ടായത്.

### 2.5.5. ബോർഡ് ഓഫ് സ്റ്റഡീസിൽ വ്യാവസായിക പ്രതിനിധിയെ ഉൾപ്പെടുത്താത്തത്

കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1976-ലെ സെക്ഷൻ 28(5) പ്രകാരം സർവ്വകലാശാലയും വ്യവസായവും തമ്മിലുള്ള വിടവ് നികത്തുന്നതിനും, മറ്റ് പ്രസക്തമായ അക്കാദമിക് വിവരങ്ങൾ ലഭിക്കുന്നതിനും, തൊഴിലധിഷ്ഠിത പാഠ്യപദ്ധതി/സിലബസ് തയ്യാറാക്കുന്നതിനും ഓരോ ബോർഡ് ഓഫ് സ്റ്റഡീസിനും വിദഗ്ധരുമായി കൂടിയാലോചിക്കാവുന്നതാണ്. ഓരോ ബിഓഎസിലും വ്യാവസായിക പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനുള്ള സ്റ്റാറ്റ്യൂട്ടിലെ ഭേദഗതി 2023 സെപ്റ്റംബറിൽ[10] സിൻഡിക്കേറ്റ് അംഗീകരിച്ചെങ്കിലും ഇതുവരെയും അത് നടപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2025 ഏപ്രിൽ). കൂടാതെ, വ്യവസായികൾ, സംരംഭകർ, വിദ്യാർത്ഥികൾ തുടങ്ങിയ തൽപരകക്ഷികളെ 119 ബിഓഎസുകളിൽ ഒന്നിലും ഉൾപ്പെടുത്തിയിരുന്നില്ലെന്ന് നിരീക്ഷിച്ചു (2025 ജനുവരി). അങ്ങനെ, സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം സർവ്വകലാശാലയും വ്യവസായവും തമ്മിലുള്ള വിടവ് നികത്തുക എന്ന ഉദ്ദേശ്യം പൂർത്തീകരിക്കാതെ തുടരുന്നു.

വ്യാവസായിക പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതി 2025 മാർച്ച് 20-ന് സിൻഡിക്കേറ്റ് അംഗീകരിച്ചുവെന്നും സെനറ്റിൽ നിന്നും അംഗീകാരം ലഭിച്ചാലുടൻ ബഹുമാനപ്പെട്ട ചാൻസലറുടെ പരിഗണനയ്ക്കായി സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

### 2.5.6. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ പ്രവർത്തനം

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (എൻഎഎസി) 2006 ജനുവരിയിൽ സ്ഥാപനത്തിന്റെ തുടർച്ചയായ നിരീക്ഷണത്തിനായി ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐക്യുഎസി) സ്ഥാപിക്കാൻ സർവ്വകലാശാലയോട് നിർദ്ദേശിച്ചു. ത്രൈമാസ ഇടവേളകളിൽ യോഗം ചേരുകയും ഗുണനിലവാര മാനദണ്ഡങ്ങൾ വികസിപ്പിക്കുകയും തൽപരകക്ഷികളിൽ നിന്നുള്ള അഭിപ്രായം തേടുകയും മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം വഴി സ്ഥാപനത്തെ സംബന്ധിച്ച

[10] 2023 സെപ്റ്റംബറിൽ ഇത് ആദ്യമായി സിൻഡിക്കേറ്റ് അംഗീകരിച്ചു. 2024 ജൂൺ 06-ന് സെനറ്റ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ചതിനുശേഷം 2025 മാർച്ചിൽ ഇത് വീണ്ടും സിൻഡിക്കേറ്റിനു മുമ്പാകെ സമർപ്പിച്ചു.

ഡാറ്റാബേസ് പരിപാലിക്കുകയും ചെയ്യാൻ ഐക്യുഎസി[11] ബാധ്യസ്ഥമായിരുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർച്ചയായി അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റുകൾ (എഎഎ) നടത്താൻ ബാധ്യസ്ഥമായിരുന്നു (2017 ഏപ്രിൽ). എഎഎയിലെ കണ്ടെത്തലുകൾ ഐക്യൂഎസിയിലും സിൻഡിക്കേറ്റിലും സമർപ്പിക്കുകയും ഐക്യുഎസി / സിൻഡിക്കേറ്റ് അംഗീകരിച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനു വേണ്ട പ്രവർത്തനപദ്ധതി തയ്യാറാക്കുകയും ചെയ്യണമായിരുന്നു.

ഡാറ്റ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ഐക്യൂഎസി ഒരു കേന്ദ്രീകൃത എംഐഎസ് വികസിപ്പിച്ചിട്ടില്ലെന്നും (2025 ഫെബ്രുവരി) എഎഎയിന്മേൽ നടപടി സ്വീകരിച്ച റിപ്പോർട്ടുകൾ അതത് വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, 12 വിഭാഗങ്ങൾക്കു[12] കീഴിലുള്ള 31 മാനദണ്ഡങ്ങളിൽ വകുപ്പുകളുടെ പ്രകടനം വിലയിരുത്തി നടത്തിയ[13] രണ്ട് എഎഎകളിലെ എഎഎ റിപ്പോർട്ടുകൾ ഐക്യൂഎസിയിലോ സിൻഡിക്കേറ്റിലോ ചർച്ച ചെയ്തിരുന്നില്ല.

തെരഞ്ഞെടുത്ത ഒമ്പത് അദ്ധ്യാപന വകുപ്പുകളുടെ (ഒരു കോസ്റ്റ് ബേസ്ഡ് വകുപ്പ് ഉൾപ്പെടെ) പ്രകടനം രണ്ട് എഎഎകളിലും ലഭിച്ച ഗ്രേഡിംഗ് സ്കോറുകളുടെ[14] അടിസ്ഥാനത്തിൽ, ഓഡിറ്റ് വിശകലനം ചെയ്തതിൽ ചുവടെ പറയുന്ന കാര്യങ്ങൾ നിരീക്ഷിച്ചു.

- ആദ്യ എഎഎയിൽ രണ്ടു വകുപ്പുകൾ[15] മാത്രമാണ് 50 ശതമാനത്തിൽ കൂടുതൽ സ്കോർ നേടിയത്. രണ്ടാമത്തെ എഎഎയിൽ ഒരു വകുപ്പും 50 ശതമാനത്തിൽ കൂടുതൽ സ്കോർ നേടിയില്ല.
- ആദ്യ എഎഎയുമായി താരതമ്യം ചെയ്യുമ്പോൾ രണ്ടാമത്തെ എഎഎയിൽ ഏഴു വകുപ്പുകളുടെ സ്കോറുകൾ കുറഞ്ഞു.
- ആദ്യ എഎഎ റിപ്പോർട്ട് മൂന്നു[16] വകുപ്പുകൾ ചർച്ച ചെയ്തെങ്കിലും ഒരു വകുപ്പും രണ്ടാമത്തെ എഎഎ റിപ്പോർട്ട് ചർച്ച ചെയ്തില്ല.

ഐക്യുഎസി അതിന്റെ ആവശ്യകതകൾ നിറവേറ്റുന്ന ഉചിതമായ എംഐഎസ് സോഫ്റ്റ്‌വെയർ കണ്ടെത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്നും 2025 ഫെബ്രുവരിയിൽ നടന്ന ബോർഡ് യോഗം കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരെ അവരുടെ വെബ്അധിഷ്ഠിത എംഐഎസ് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പ്രദർശിപ്പിക്കാൻ ക്ഷണിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ). എഎഎ പ്രക്രിയയുടെ തുടർനടപടികളിലെ വിടവുകൾ ഐക്യൂഎസി കണ്ടെത്തിയെന്നും എഎഎ പ്രക്രിയയിൽ നിന്ന് ഉയർന്നുവരുന്ന വിദഗ്ദ്ധ ശിപാർശകൾ ക്രമാനുഗതമായി നടപ്പാക്കുന്നത് ഉറപ്പാക്കുന്നതിനായി ഒരു ഘടനാപരമായ സംവിധാനം സ്ഥാപിക്കാൻ തീരുമാനിച്ചുവെന്നും പ്രസ്താവിച്ചു.

---

[11] 2007 ജൂണിൽ സർവ്വകലാശാലയിൽ സ്ഥാപിച്ചു

[12] നടപ്പാക്കിയിരുന്ന പ്രോഗ്രാമുകൾ, ഫാക്കൽറ്റി, ഗവേഷണം, വിദ്യാർത്ഥികൾ, സപ്പോർട്ട് സ്റ്റാഫ്, അധ്യാപനവും പഠനവും വിലയിരുത്തലും, ഫീഡ് ബാക്ക് സംവിധാനം, ഓരോ വിഭാഗങ്ങളുടെ പ്രവർത്തനം, ഓരോ വിഭാഗത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഒരു വിഭാഗത്തിന്റെ സവിശേഷതയും നൂതന പ്രവർത്തനരീതികളും, ബലം, ദൗർബല്യം, അവസരങ്ങൾ, വെല്ലുവിളികൾ (എസ് ഡബ്ല്യു ഓസി) എന്നിവയും ഭാവി പദ്ധതികളും

[13] ഒന്നാമത്തേത് 2016-17 മുതൽ 2020-21 വരെയുള്ള അക്കാദമിക് വർഷങ്ങളിലെ 34 വിഭാഗങ്ങളിലും (2021 ഒക്ടോബർ) രണ്ടാമത്തേത് 2021-22 മുതൽ 2022-23 വരെയുള്ള അക്കാദമിക് വർഷങ്ങളിലെ 36 വിഭാഗങ്ങളിലും (2023 ഓഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ)

[14] ജേർണലിസവും മാസ് കമ്മ്യൂണിക്കേഷനും വിഭാഗത്തിന്റെയും എൻവയോൺമെന്റ് വിഭാഗത്തിന്റെയും രണ്ടാമത്തെ എഎഎ സ്കോറുകൾ ഓഡിറ്റിനു നൽകിയിരുന്നില്ല.

[15] സ്റ്റാറ്റിസ്റ്റിക്സും വിദ്യാഭ്യാസവും

[16] കെമിസ്ട്രി, ഫിസിക്സ്, റഷ്യൻ ആൻഡ് കംപാരറ്റീവ് സ്റ്റഡീസ്

മറ്റൊരു സർവ്വകലാശാലയെ പ്രവർത്തനപ്രദർശത്തിനായി ക്ഷണിക്കാൻ ബോർഡ് ശിപാർശ ചെയ്തുവെങ്കിലും ഇതു സംബന്ധിച്ച് തുടർ നടപടികളൊന്നും കൈക്കൊണ്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2025 ജൂലൈ).

### 2.5.7. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗിലെ ഇടിവ്

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആരംഭിച്ച ഒരു സംരംഭമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻഐആർഎഫ്). വിവിധ സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും വർഷംതോറും റാങ്കു ചെയ്യുന്നത് അഞ്ച് മാനദണ്ഡങ്ങളുടെയും അവയ്ക്കു കീഴിലുള്ള ഉപമാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ്. 2019-ൽ എൻഐആർഎഫ് റാങ്കിംഗിൽ (സർവ്വകലാശാലാവിഭാഗം) 64-ാം സ്ഥാനത്തായിരുന്ന കാലിക്കറ്റ് സർവ്വകലാശാല, 2020-ൽ റാങ്കിംഗ് മെച്ചപ്പെടുത്തികൊണ്ട് 54-ാം സ്ഥാനത്തെത്തി. അതിനുശേഷം റാങ്കിംഗിൽ തുടർച്ചയായ ഇടിവു സംഭവിക്കുകയും 2024-ൽ സർവ്വകലാശാല 89-ാം സ്ഥാനത്താവുകയും ചെയ്തു.

2022-24 കാലയളവിൽ റാങ്കിംഗിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളിൽ സർവ്വകലാശാല നേടിയ സ്കോർ **അനുബന്ധം 2.3**-ൽ നൽകിയിരിക്കുന്നു. ഓരോ ഉപമാനദണ്ഡങ്ങളിലും ലഭിച്ച സ്കോർ വിശകലനം നടത്തിയപ്പോൾ 16 ഉപമാനദണ്ഡങ്ങളിൽ 10[17] എണ്ണത്തിലും സർവ്വകലാശാല നേടിയ സ്കോർ 50 ശതമാനമോ അതിൽ താഴെയോ ആണെന്ന് കണ്ടെത്തി.

2024-ലെ എൻഐആർഎഫ് റാങ്കിംഗ് പ്രഖ്യാപിച്ചതിനെത്തുടർന്ന്, കേരളത്തിലെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അഫിലിയേറ്റഡ് സർവ്വകലാശാലകളുടെ സ്കോറുമായി കാലിക്കറ്റ് സർവ്വകലാശാല നേടിയ സ്കോറുകളെ താരതമ്യം ചെയ്തുകൊണ്ട് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഐക്യൂഎസി ഒരു വ്യതിയാന വിശകലനം നടത്തിയെന്നും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിനെ അടിസ്ഥാന മാനദണ്ഡമാക്കി സർവ്വകലാശാലയുടെ സ്കോർ ഭാവിയിൽ മെച്ചപ്പെടുത്താൻ വേണ്ട നടപടികളെടുത്തിട്ടുണ്ടെന്നുമാണ് ഓഡിറ്റിന്റെ കണ്ടെത്തലുകളോട് യോജിച്ചുകൊണ്ട് സർക്കാർ പ്രസ്താവിച്ചത് (2025 ജൂലൈ).

## 2.6. അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങൾ

### 2.6.1. സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് എഞ്ചിനീയറിംഗ് കോളേജിന്റെ അഫിലിയേഷൻ തുടർന്നത്

2014 മേയ് മാസത്തിൽ എപിജെ അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (എപിജെഎകെടിയു) ആക്ട് പ്രാബല്യത്തിൽ വന്നു. 2015-16 അധ്യയനവർഷം മുതൽ, എല്ലാ ബിരുദ ബിരുദാനന്തര എഞ്ചിനീയറിംഗ് കോഴ്സുകൾക്കും എപിജെഎകെടിയുവിൽ അഫിലിയേഷൻ നിർബന്ധമാക്കി സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു (2015 മാർച്ച്). മറ്റു സർവ്വകലാശാലകളിൽ അവയുടെ വകുപ്പുകളോ ഘടക കോളേജുകളോ ആയി പ്രവർത്തിക്കുന്ന സാങ്കേതിക ശാഖയിലെ സ്ഥാപനങ്ങൾ കെടിയുവിന്റെ അധികാരപരിധിയിൽ വരില്ലെന്ന് എപിജെഎകെടിയു ആക്ടിലെ സെക്ഷൻ 60 വ്യവസ്ഥ ചെയ്യുന്നു. ഒരു സാങ്കേതിക ശാഖ നിലവിലില്ലെങ്കിലും കാലിക്കറ്റ് സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി

[17] ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം, ഓൺലൈൻ വിദ്യാഭ്യാസം, പ്രസിദ്ധീകരണങ്ങൾക്കുള്ള സംയോജിത മാനദണ്ഡം, പ്രസിദ്ധീകരണങ്ങളുടെ ഗുണനിലവാരത്തിന് സംയോജിത മാനദണ്ഡവും, പ്രസിദ്ധീകരിക്കുകയും അനുവദിക്കുകയും ചെയ്ത ഐപിആറും പേറ്റന്റുകളും, പദ്ധതികളുടെയും പ്രൊഫഷണൽ പ്രവർത്തനരീതികളുടെയും പ്രവർത്തനവ്യാപ്തി, ബിരുദം നേടിയ ഗവേഷണവിദ്യാർത്ഥികളുടെ എണ്ണത്തിന്റെ മാനദണ്ഡം, മറ്റു സംസ്ഥാനം/ രാജ്യത്തു നിന്നുള്ള വിദ്യാർത്ഥികളുടെ ശതമാനം, സാമ്പത്തികമായും സാമൂഹികമായും വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, അക്കാദമിക് സഹയാത്രികരും തൊഴിൽദായകരും.

(ഐഇടി) വഴി ബിടെക് കോഴ്സുകൾ നടത്തുന്നത് തുടരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

ഐഇടി സർവ്വകലാശാലയുടെ ഭാഗമായ ഒരു കോളേജ് ആയതിനാൽ എപിജെഎകെടിയൂവിനു കീഴിൽ അഫിലിയേറ്റ് ചെയ്യേണ്ടതില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). കൂടാതെ, സമാപന കൂടിക്കാഴ്ചയിൽ (2025 ജൂലൈ) സർവ്വകലാശാലയ്ക്ക് സ്വന്തമായി എഞ്ചിനീയറിംഗ് ഫാക്കൽറ്റി ഉള്ളതിനാൽ എപിജെഎകെടിയുവിനു കീഴിൽ അഫിലിയേഷൻ ചെയ്തിട്ടില്ലെന്ന് വിസി പ്രസ്താവിച്ചു.

2018-19 വർഷത്തെ അക്കാദമിക് പ്രവേശനം ആരംഭിക്കുന്നതിനു മുൻപ്, സർവ്വകലാശാലയ്ക്ക് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളെയും എപിജെഎകെടിയുവിൽ അഫിലിയേറ്റ് ചെയ്യുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ 2018 ജനുവരിയിൽ നിർദ്ദേശം നൽകിയിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. അതിനാൽ ഐഇടി വഴി ബിടെക് കോഴ്സുകൾ തുടരുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

### 2.6.2. സിലബസ്/പാഠ്യപദ്ധതി പരിഷ്കരിക്കാത്തത്

സൈദ്ധാന്തികമായ നൂതനാശയങ്ങളുടെയും സാങ്കേതികവിദ്യയുടെയും മാറ്റത്തിന്റെ വേഗത കണക്കിലെടുത്ത് എല്ലാ അക്കാദമിക് വകുപ്പുകളുടെയും പാഠ്യപദ്ധതി മൂന്നുവർഷത്തിലൊരിക്കലെങ്കിലും അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യണമെന്ന് യുജിസി (2017 ജനുവരി) ശിപാർശ ചെയ്തു.

കഴിഞ്ഞ മൂന്നു വർഷത്തിനിടെ, 45 വിഭാഗങ്ങളിലുള്ള പഠനപദ്ധതിയിൽ 24[18] എണ്ണത്തിന്റെയും സിലബസ് പരിഷ്കരിച്ചിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, ബിഎ എൽഎൽബിയുടെ സിലബസ് അവസാനമായി പരിഷ്കരിച്ചത് 2011-ലാണ്. വിശദാംശങ്ങൾ **അനുബന്ധം 2.4**-ൽ നൽകിയിരിക്കുന്നു.

പ്രധാന വിഭാഗങ്ങളായ ബിഎ/ബിഎസ്സി/ബികോം/എംഎ/എംഎസ്സി / എംകോം തുടങ്ങിയവയിൽപ്പെടാത്ത ചില പഠന പദ്ധതികളുടെ സിലബസ് കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടില്ലെന്നും, ഇത്തരം പഠന പദ്ധതികൾ തിരിച്ചറിയുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

### 2.6.3. ബിഎസ്സി പ്രിന്റിംഗ് ടെക്നോളജി കോഴ്സ് പൂർത്തിയാക്കാൻ നേരിട്ട ആറുവർഷത്തെ കാലതാമസം

സിയുഐഈടിയിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ (എസ്ഡിഇ) ഭാഗമായി മൂന്നുവർഷത്തെ ബിഎസ്സി പ്രിന്റിംഗ് ടെക്നോളജി പ്രോഗ്രാം ആരംഭിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു (2014 മാർച്ച്). 60 വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന ഈ പ്രോഗ്രാം, 2014-15-ൽ 34 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ചു.

പ്രോഗ്രാം ആരംഭിച്ച്[19] എട്ടുവർഷങ്ങൾക്കു ശേഷം, 2023 മേയ് മാസത്തിൽ മാത്രമാണ് സർവ്വകലാശാലയ്ക്ക് കോഴ്സ് പൂർത്തിയാക്കാൻ കഴിഞ്ഞതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ആറ് സെമസ്റ്ററുകളിലെയും സപ്ലിമെന്ററി /ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുകയും അന്തിമഫലം പ്രസിദ്ധീകരിക്കുകയും ചെയ്തത് 2023 നവംബറിനും 2024 ഏപ്രിലിനും ഇടയിലാണ്. പിൻതുടരേണ്ട റഗുലേഷനെക്കുറിച്ചുള്ള അനിശ്ചിതത്വം, സിലബസിലെ അപാകതകൾ,

---

[18] ബിരുദകോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചതും ബിരുദാനന്തര കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കാത്തതുമായ നാലു കോഴ്സുകൾ (ഫാക്കൽറ്റി ഓഫ് ജേർണലിസം, ഫാക്കൽറ്റി ഓഫ് സയൻസ്, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്ട്സ്) ഉൾപ്പെടുന്നു.

[19] 2014 നവംബർ

ലബോറട്ടറി സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് സിയൂഐഇടിയിലെ വിദ്യാർത്ഥികൾ ഉന്നയിച്ച എതിർപ്പുകൾ കാരണം പ്രായോഗിക പരീക്ഷകൾ നടത്തുന്നതിലുണ്ടായ കാലതാമസം എന്നീ കാരണങ്ങളാലാണ് കോഴ്സ് പൂർത്തീകരിക്കാൻ വൈകിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പിൻതുടരേണ്ട റഗുലേഷനിലെ അനിശ്ചിതത്വം, മോശപ്പെട്ട അക്കാദമിക ആസൂത്രണം, സ്ഥാപനസംബന്ധമായ തയ്യാറെടുപ്പിന്റെ അഭാവം എന്നിവ നിമിത്തം കോഴ്സ് പൂർത്തിയാക്കുന്നതിൽ ആറുവർഷം നീണ്ട കാലതാമസം പ്രോഗ്രാമിൽ ചേർന്ന 34 വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

കോഴ്സുകളുടെ നടത്തിപ്പിലെ ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ആവർത്തിക്കില്ലെന്ന് ഉറപ്പാക്കാൻ സർവ്വകലാശാല പ്രതിജ്ഞാബദ്ധമാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ).

### 2.6.4. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ - യുജിസി അംഗീകാരം നഷ്ടപ്പെട്ടത്

2017-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ്) റഗുലേഷൻസ്, ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് രീതി (ഓഡിഎൽ) വഴി ബിരുദം നൽകുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞ റഗുലേഷൻ അനുസരിച്ച്, ഓഡിഎൽ പ്രോഗ്രാമുകൾ നടപ്പാക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രൊഫസർ റാങ്കിലുള്ള മുതിർന്ന അക്കാദമിക് വിദഗ്ധനായ ഒരു മുഴുവൻ സമയ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സെന്റർ ഫോർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് (സിഐക്യൂഎ) അത്തരം പ്രോഗ്രാമുകളുടെ ഗുണനിലവാരം ഉറപ്പാക്കണമായിരുന്നു. കൂടാതെ യുജിസി (ഓഡിഎൽ, ഓൺലൈൻ പഠന പദ്ധതികൾ) റഗുലേഷൻസ് 2020 അനുസരിച്ച്, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഓഡിഎൽ രീതിയിൽ നടത്തുന്ന ഏതെങ്കിലും പ്രോഗ്രാമിന്റെ അംഗീകാരം പിൻവലിക്കുകയോ, അംഗീകാരം നേടാൻ കഴിയാതിരിക്കുകയോ ചെയ്താൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും അത്തരം പ്രോഗ്രാമിലൂടെ നേടുന്ന ബിരുദത്തെ സാധുതയുള്ള യോഗ്യതയായി പരിഗണിക്കുകയില്ല.

2019-20-ൽ സർവ്വകലാശാല 26 പ്രോഗ്രാമുകൾ[20] നടത്തിയിരുന്നു. എന്നാൽ, മുഴുവൻ സമയ ഡയറക്ടറെ നിയമിക്കാത്തതിനാലും നിശ്ചിത ഫാക്കൽറ്റി അംഗസംഖ്യ നിലനിർത്താത്തതിനാലും ഈ പ്രോഗ്രാമുകൾക്കൊന്നും 2020-21 വർഷത്തേയ്ക്ക് യുജിസി അംഗീകാരം ലഭിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി 32,651 വിദ്യാർത്ഥികൾക്ക് സമ്പർക്ക ക്ലാസുകളോ പഠനസാമഗ്രികളോ നൽകാതെ സ്വകാര്യ രജിസ്ട്രേഷൻ രീതിയിലൂടെയാണ് കോഴ്സുകൾ നടത്തിയത്. പ്രോഗ്രാമുകൾക്ക് യുജിസിയുടെ അംഗീകാരം ലഭിക്കാത്തത് വിദ്യാത്ഥികൾക്കു നൽകുന്ന ബിരുദസർട്ടിഫിക്കറ്റിന്റെ സാധുതയെക്കുറിച്ചും ചോദ്യം ഉയർത്തുന്നു.

2020 ജൂലൈയിലെ സെഷനിലേയ്ക്കുള്ള അപേക്ഷ മുൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് സർവ്വകലാശാല സമർപ്പിച്ചതെന്നും, മഹാമാരി കാരണം യുജിസി ആ അപേക്ഷകൾ റദ്ദാക്കിയിരുന്നില്ലെങ്കിൽ അംഗീകാരം ലഭിക്കുമായിരുന്നുവെന്നും, അതിനാൽ, സർവ്വകലാശാലയെ ഇതിന് ഉത്തരവാദിയാക്കാൻ കഴിയില്ലെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). 2020-21 വർഷത്തേയ്ക്ക് ക്ഷണിച്ച അപേക്ഷകൾ, കൂടുതൽ കർശനമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന പുതുതായി നടപ്പാക്കിയ യുജിസി റഗുലേഷനുകൾക്ക് കീഴിലാണെന്നും സർവ്വകലാശാലയ്ക്ക് അത് പാലിക്കാൻ കഴിഞ്ഞില്ലെന്നും പറയുകയുണ്ടായി. കൂടാതെ, സ്വകാര്യ രജിസ്ട്രേഷൻ വഴി

[20] 12 ബിരുദാനന്തര പ്രോഗ്രാമുകളും 14 ബിരുദ പ്രോഗ്രാമുകളും

പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഓഡിഎൽ രീതിയിലുള്ള സിലബസ് പിന്തുടർന്നുവെന്നും ഓഡിഎൽ രീതിക്കു സമാനമായ സർട്ടിഫിക്കറ്റാണ് നൽകിയതെന്നും പ്രസ്താവിച്ചു.

ഓഡിഎൽ പ്രോഗ്രാമുകൾക്ക് അംഗീകാരം നേടുന്നതിൽ സർവ്വകലാശാല നേരിട്ട ബുദ്ധിമുട്ടുകൾ ഓഡിറ്റ് അംഗീകരിക്കുന്നുണ്ടെങ്കിലും, യുജിസി അംഗീകാരമില്ലാതെ നടത്തിയ ഓഡിഎൽ പ്രോഗ്രാമിലൂടെ നേടിയ ബിരുദം സാധുതയുള്ള യോഗ്യതയല്ലെന്ന വസ്തുത നിലനിൽക്കുന്നു.

### 2.6.5. യുജിസി നിർദ്ദേശങ്ങൾ പാലിക്കാതെ പിഎച്ച്ഡി പ്രോഗ്രാമിലേക്കുള്ള പ്രവേശനം

യുജിസി (മിനിമം സ്റ്റാന്റേർഡ്സ് ആന്റ് പ്രൊസിജ്യർ ഫോർ അവാർഡ് ഓഫ് എംഫിൽ/പിഎച്ച്ഡി ഡിഗ്രി) റഗുലേഷൻസ് **2016** (റഗുലേഷൻസ് **2016**), **2018** ഒക്ടോബർ **16**-ലെ അതിന്റെ രണ്ടാം ഭേദഗതി എന്നിവ പ്രകാരം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എംഫിൽ / പിഎച്ച്ഡി പ്രോഗ്രാമുകളിലേക്ക് രണ്ട് ഘട്ടങ്ങളുള്ള പ്രക്രിയയിലൂടെയാണ് പ്രവേശനം നൽകേണ്ടത്. പ്രവേശന പരീക്ഷയ്ക്ക് **70** ശതമാനം മുൻതൂക്കവും അഭിമുഖം/ വൈവാവോസിന് **30** ശതമാനം മുൻതൂക്കവും നൽകേണ്ടതാണ്.

പിഎച്ച്ഡി പ്രോഗ്രാമിലേക്ക് വിദ്യാർത്ഥികളെ രണ്ട് ഘട്ടങ്ങളുള്ള പ്രക്രിയയിലൂടെയാണ് പ്രവേശിപ്പിച്ചതെങ്കിലും നിർദ്ദിഷ്ട മുൻതൂക്കം **(70:30)** പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. പകരം യൂണിവേഴ്സിറ്റി റിസേർച്ച് റഗുലേഷൻസ് , **2016**-ലെ **4.8, 4.9**[21] ക്ലോസുകളനുസരിച്ചാണ് പ്രവേശനം നടത്തിയത്. എംഫിൽ പ്രോഗ്രാമിന്റെ കാര്യത്തിൽ അഭിമുഖം നടത്താതെ പ്രവേശനപ്പരീക്ഷയെ മാത്രം അടിസ്ഥാനമാക്കിയാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത്. **2018**-ലെ യുജിസിയുടെ രണ്ടാം ഭേദഗതിയിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി അക്കാദമിക് കൗൺസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി റഗുലേഷൻസ് **2016** ഭേദഗതി ചെയ്തില്ല. തൽഫലമായി, **2019-24** കാലയളവിൽ, തെരഞ്ഞെടുത്ത വകുപ്പുകളിൽ, പിഎച്ച്ഡി പ്രോഗ്രാമിന് പ്രവേശനം നേടിയ **110** വിദ്യാർത്ഥികളെയും എംഫിൽ[22] പ്രോഗ്രാമിന് പ്രവേശനം നേടിയ **78** വിദ്യാർത്ഥികളെയും യുജിസി നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവേശിപ്പിച്ചത്.

**2024** ജൂണിലെ പരീക്ഷകൾക്ക് മുൻപ് യുജിസി എൻഇടി യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് മാർക്ക് നൽകിയിരുന്നില്ലെന്നും അതിനാൽ പ്രവേശനം സംബന്ധിച്ച യുജിസി റഗുലേഷനുകൾ നേരത്തേ നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും സർക്കാർ മറുപടി നൽകി **(2025** ജൂലൈ**)**. അത്തരം സ്കോറുകളുടെ അഭാവത്തിൽ റാങ്കിംഗ് നടപ്പാക്കാൻ കഴിയില്ലായിരുന്നു. എന്നാൽ, യുജിസി **2024** മുതൽ എൻഇടി സ്കോറുകൾ നൽകാൻ തുടങ്ങി. അതനുസരിച്ച് **2024** മുതൽ എൻഇടി സ്കോറുള്ള വിദ്യാർത്ഥികൾക്ക് എൻഇടി സ്കോറിന് **70** ശതമാനം മുൻതൂക്കവും അഭിമുഖത്തിനു ലഭിച്ച മാർക്കിന് **30** ശതമാനം മുൻതൂക്കവും നൽകി പിഎച്ച്ഡി പ്രവേശനം നടത്തുന്നു എന്നും സർക്കാർ പറഞ്ഞു.

യുജിസി റഗുലേഷൻസ് **2018**-ൽ നിഷ്കർഷിച്ചിരിക്കുന്ന രണ്ട് ഘട്ട പ്രവേശനപ്രക്രിയയിൽ **70:30** മുൻതൂക്കം എൻഇടി യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമല്ല എല്ലാ പിജി വിദ്യാർത്ഥികൾക്കും പാലിക്കാത്തതിനെക്കുറിച്ചാണ് ഓഡിറ്റ് നിരീക്ഷണം എന്നതിനാൽ മറുപടി സ്വീകാര്യമല്ല. റഗുലേഷനിൽ പറഞ്ഞിരിക്കുന്ന **70:30** മുൻതൂക്കം എൻഇടി

---

[21] ഈ നിബന്ധനകളനുസരിച്ച്, ഒരു നിശ്ചിത മാർക്ക് നേടുന്ന എല്ലാ വിദ്യാർത്ഥികളും പിഎച്ച്ഡി പ്രോഗ്രാമിനുള്ള രജിസ്ട്രേഷന് യോഗ്യരാവുകയും ഓരോ വിദ്യാർത്ഥിക്കും അവരുടെ ഗവേഷണ താൽപര്യം/മേഖല ഒരു അവതരണത്തിലൂടെ ചർച്ച ചെയ്യാൻ വേണ്ടി ഒരു അഭിമുഖം / വൈവവോസ് നടത്തുകയും ചെയ്യുന്നു.

[22] **2021-22** മുതൽ എംഫിൽ പ്രോഗ്രാമിലേക്കുള്ള പുതിയ പ്രവേശനം നിർത്തലാക്കി.

യോഗ്യതയില്ലാത്ത വിദ്യാർത്ഥികൾ ഉൾപ്പെടെ, സർവ്വകലാശാല നടത്തുന്ന എല്ലാ പിഎച്ച്ഡി പ്രവേശനങ്ങൾക്കും ബാധകമായിരുന്നു.

### 2.6.6. പ്രോജക്ട് ഡയറക്ടറേറ്റിന്റെ പ്രവർത്തനം

കാലിക്കറ്റ് സർവ്വകലാശാല റിസേർച്ച് പ്രോജക്ട്സ് റഗുലേഷൻസ് 2020 (സിയുആർപിആർ 2020) അനുസരിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് സർവ്വകലാശാല തീരുമാനിക്കുകയും സർവ്വകലാശാലയിൽ ഒരു പ്രോജക്ട് സെൽ സ്ഥാപിക്കുകയും ചെയ്തു (2021 ഏപ്രിൽ 30). സിയുആർപിആർ 2020 വിഭാവനം ചെയ്തതനുസരിച്ച് ഡയറക്ടറേറ്റ് ഓഫ് പ്രോജക്ടുമായി (ഡിഓപി) ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി വിസി ഒരു പ്രോജക്ട് ഉപദേശകസമിതി[23] രൂപീകരിക്കേണ്ടതാണ്.

ഗവേഷണ ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിനും ശക്തി-പ്പെടുത്തുന്നതിനുമായി ദൃഢമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതായിരുന്നു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവേഷണ വികസന സെൽ സ്ഥാപിക്കുന്നതിനു വേണ്ടി യുജിസി പുറപ്പെടുവിച്ച (2022 മാർച്ച്) മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തത്. ഗവേഷകർക്കും ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികൾക്കും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിക്കുക, പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും സമർപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, ഗ്രാന്റ് അനുവദിച്ചതിനു ശേഷം സമയക്രമം പാലിക്കുന്നതിന് മേൽനോട്ടം വഹിക്കുക എന്നിവയായിരുന്നു സെല്ലിന്റെ പ്രവർത്തനങ്ങൾ. ഡിഓപിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

- സിയുആർപിആർ 2020-ൽ വിഭാവനം ചെയ്ത പ്രോജക്ട് ഉപദേശകസമിതി 2025 മാർച്ചിൽ മാത്രമാണ് രൂപീകരിച്ചത്. ആയതിനാൽ, സിയുആർപിആർ 2020-ൽ വിഭാവനം ചെയ്ത രീതിയിൽ ഡിഓപിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിച്ചില്ല.
- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഫാക്കൽറ്റികൾ സമർപ്പിച്ച 228 പദ്ധതി നിർദ്ദേശങ്ങൾ ഡിഒപി പരിഗണിച്ചെങ്കിലും ബാഹ്യഫണ്ടിംഗ് ഏജൻസികൾ 17 പദ്ധതികൾക്ക് മാത്രമാണ് (ഏഴ് ശതമാനം) അംഗീകാരം നൽകിയത്.

ഗവേഷണ പദ്ധതികൾ സുഗമമാക്കുന്നതിനായി ഡിഒപി രൂപീകരിച്ച വേളയിൽ, നിർവചിക്കപ്പെട്ട ഡിഒപിയുടെ കർത്തവ്യങ്ങൾ 2022 മാർച്ചിൽ പുറപ്പെടുവിച്ച യുജിസി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി ഗവേഷകരെയും ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസികളെയും സമന്വയിപ്പിക്കുന്ന ഒരു കണ്ണിയായി ഡിഒപി പ്രവർത്തിക്കുകയോ യുജിസി വിഭാവനം ചെയ്തതുപോലെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിലും സമർപ്പിക്കുന്നതിലും മാർഗ്ഗനിർദ്ദേശം നൽകുകയോ ചെയ്തില്ല.

2022 മാർച്ചിൽ യുജിസി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഭാവിയിൽ കർശനമായി പാലിക്കുമെന്നും സർവ്വകലാശാലയുടെ നിലവിലുള്ള പ്രോജക്ട് റഗുലേഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ). സമാപന കൂടിക്കാഴ്ചയിൽ (2025 ജൂലൈ), ഡിഓപി പ്രധാനമായും ഒരു ഭരണനിർവ്വഹണ വിഭാഗമായാണ് പ്രവർത്തിച്ചിരു-ന്നതെന്നും പദ്ധതി നിർദ്ദേശങ്ങൾ അവലോകനം ചെയ്യാൻ കഴിഞ്ഞില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

---

[23] (i) വിസി (ii) പ്രോ വിസി (iii) സിൻഡിക്കേറ്റിന്റെ കോഴ്സ് ആൻഡ് റിസേർച്ചിന്റെ സ്റ്റാൻഡിംഗ് സമിതിയുടെ കൺവീനർ (iv) പ്രോജക്ട് ഡയറക്ടറേറ്റിന്റെ ഡയറക്ടർ (v) സർവ്വകലാശാല അധ്യാപന വിഭാഗങ്ങളിൽ നിന്നും വിസി നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അധ്യാപകർ (vi) വിസി നാമനിർദ്ദേശം ചെയ്യുന്ന ബാഹ്യവിദഗ്ധൻ എന്നിവർ ഉൾപ്പെടുന്നു.

യുജിസി മാനദണ്ഡങ്ങൾ അനുസരിച്ച് ഡിഓപി ഒരു ഏകോപന സമിതിയായി പ്രവർത്തിക്കേണ്ടതായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 2.6.7. ഗവേഷക വിദ്യാർത്ഥികൾ ഗവേഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തത്

1977-ലെ കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അനുസരിച്ച്, മുഴുവൻസമയ ഗവേഷക വിദ്യാർത്ഥികൾ അഞ്ച് വർഷത്തിനുള്ളിൽ ഗവേഷണപ്രബന്ധം സമർപ്പിക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിൽ, ഈ സമയപരിധി ഒരു വർഷം കൂടി നീട്ടാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കും. കൂടാതെ, കാലിക്കറ്റ് സർവ്വകലാശാല ഗവേഷണ റഗുലേഷൻസ് 2016 അനുസരിച്ച്, ഒരു ഗവേഷക വിദ്യാർത്ഥി ആറുമാസത്തിലൊരിക്കൽ ഗവേഷണ ഉപദേശക സമിതിയ്ക്ക് (ആർഎസി) മുമ്പാകെ ഹാജരായി, വിലയിരുത്തലിനും കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി തന്റെ പ്രവർത്തന പുരോഗതി അവതരിപ്പിക്കണം. ആറ് മാസത്തെ പുരോഗതിയുടെ റിപ്പോർട്ടുകൾ ആർഎസി സർവ്വകലാശാല / കോളേജിന് സമർപ്പിക്കുകയും ഗവേഷക വിദ്യാർത്ഥിക്ക് ഒരു പകർപ്പ് നൽകുകയും വേണം. പുരോഗതി തൃപ്തികരമല്ലെങ്കിൽ കാരണങ്ങൾ രേഖപ്പെടുത്താനും തിരുത്തൽ നടപടികൾ നിർദ്ദേശിക്കാനും ആർഎസി ബാധ്യസ്ഥമാണ്. ഗവേഷക വിദ്യാർത്ഥി ഈ തിരുത്തൽ നടപടികൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ, ഗവേഷക വിദ്യാർത്ഥിയുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ ആർഎസിക്ക് സ്ഥാപനത്തോട് കാരണസഹിതം ആവശ്യപ്പെടാവുന്നതാണ്.

ഓഡിറ്റ് കാലയളവിൽ, സർവ്വകലാശാലാ ഗവേഷണ ഫെലോഷിപ്പ് (യുആർഎഫ്) ലഭിച്ച 145 ഗവേഷക വിദ്യാർത്ഥികളിൽ, മുകളിൽ പറഞ്ഞ കാലയളവിനുള്ളിൽ പ്രബന്ധങ്ങൾ സമർപ്പിക്കേണ്ട 41 വിദ്യാർത്ഥികൾ (28.3 ശതമാനം) തങ്ങളുടെ ഗവേഷണം നിർത്തുകയോ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രബന്ധങ്ങൾ സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു.

അതുപോലെ, യുജിസി, സിഎസ്ഐആർ, ഡിഎസ്ടി[24], ഐസിഎസ്എസ്ആർ[25], എൻഎഫ്ഒബിസി[26], എൻഎഫ്എസ്സി/എസ്ടി, സംസ്ഥാന സർക്കാർ തുടങ്ങിയ ഏജൻസികൾ ധനസഹായം നൽകിയ ഗവേഷണങ്ങളിൽ, ഓഡിറ്റ് കാലയളവിൽ ഗവേഷണ പ്രബന്ധം സമർപ്പിക്കേണ്ട 181 ഗവേഷക വിദ്യാർത്ഥികളിൽ, 44 വിദ്യാർത്ഥികൾ (24.31 ശതമാനം) അവരുടെ ഗവേഷണ പ്രവർത്തനങ്ങൾ നിർത്തുകയോ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രബന്ധങ്ങൾ സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്തു.

യഥാസമയം പ്രബന്ധങ്ങൾ സമർപ്പിക്കാത്ത (യുആർഎഫും മറ്റ് ഏജൻസികളും ധനസഹായം നൽകിയ ഗവേഷണങ്ങൾ) 85 ഗവേഷക വിദ്യാർത്ഥികളിൽ, 16 പേർ തെരഞ്ഞെടുത്ത വിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. ഈ തെരഞ്ഞെടുത്ത വിഭാഗങ്ങളിൽ, 2019-24 കാലയളവിൽ ഓഡിറ്റിനു ലഭ്യമാക്കിയ ആർഎസി യോഗങ്ങളുടെ യോഗനടപടിക്കുറിപ്പ് ഓഡിറ്റ് പരിശോധിച്ചപ്പോൾ യോഗം നടത്താത്തതിന്റെ തോത് 50 മുതൽ 100 ശതമാനം വരെയായിരുന്നുവെന്ന് നിരീക്ഷിച്ചു. വിദ്യാഭ്യാസ വിഭാഗത്തിലെ ഒരു ഗവേഷക വിദ്യാർത്ഥിയുടെ കാര്യത്തിലൊഴികെ, നിശ്ചിത കാരണത്താൽ ഗവേഷക വിദ്യാർത്ഥിയുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനോ, തിരുത്തൽ നടപടികൾക്കോ വിഭാഗങ്ങൾ ശിപാർശ ചെയ്തിരുന്നില്ല.

---

24 സയൻസ് ആൻഡ് ടെക്നോളജി വകുപ്പ്
25 ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് ആൻഡ് റിസർച്ച്
26 ഒബിസിയ്ക്കുള്ള ദേശീയ ഫെല്ലോഷിപ്പ്

ആർഎസി നടത്തിയ യോഗങ്ങളുടെ എണ്ണം അപര്യാപ്തമായതിനാൽ ആർഎസിയുടെ നിരീക്ഷണത്തിനും സമയബന്ധിതമായ തിരുത്തൽ നടപടികൾക്കുമുള്ള അവസരം നഷ്ടപ്പെട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു (2025 ജൂലൈ). സമാപന കൂടിക്കാഴ്ചയിൽ, അക്കൗണ്ടന്റ് ജനറൽ ആർഎസിയുടെ ശരിയായ പ്രവർത്തനത്തിന്റെ പ്രാധാന്യം ആവർത്തിക്കുകയും ഒരു പ്രൊഫസറിന് ഗവേഷണ മേൽനോട്ടം വഹിക്കാൻ കഴിയുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ പരിമിതി ഉള്ളതിനാൽ ഗവേഷക വിദ്യാർത്ഥികൾ യഥാസമയം ഗവേഷണം പൂർത്തിയാക്കാത്തത് യോഗ്യരായ വിദ്യാർത്ഥികളുടെ അവസരത്തെ ബാധിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

2024-ലെ പിഎച്ച്ഡി പ്രവേശനം മുതൽ ആർഎസി ശിപാർശചെയ്യുന്ന ആറുമാസത്തെ പുരോഗതി റിപ്പോർട്ട് കോളേജ് പോർട്ടലിൽ പ്രദർശിപ്പിക്കുന്നത് നിർബന്ധിതമാക്കുമെന്നും, ആർഎസി പുരോഗതി റിപ്പോർട്ട് സമർപ്പിക്കുകയും ശിപാർശ ചെയ്യുകയും ചെയ്താൽ മാത്രമേ ടേം ഫീസ് സ്വീകരിക്കുകയുള്ളൂവെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ). എന്നാൽ, നിലവിലുള്ള ഗവേഷക വിദ്യാർത്ഥികളുടെ ഗവേഷണ പുരോഗതിയെ സംബന്ധിച്ച് മറുപടി നിശ്ശബ്ദമാണ്.

### 2.6.8. ബൗദ്ധികസ്വത്തവകാശ സെല്ലിന്റെ പ്രവർത്തനം

വൈസ് ചാൻസലറുടെ ഉത്തരവ് (2018 ഏപ്രിൽ) പ്രകാരം, ബൗദ്ധിക സ്വത്തവകാശ സെല്ലിന്[27] (ഐപിആർ) നേതൃത്വം നൽകാൻ അഞ്ചംഗ സമിതി രൂപീകരിച്ചു. സമിതി വർഷത്തിൽ രണ്ടുതവണയെങ്കിലും യോഗം ചേർന്ന് ഐപിആറുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സർവ്വകലാശാലയ്ക്ക് ഉപദേശം നൽകണമായിരുന്നു. പേറ്റന്റുകളുടെ എണ്ണം കുറയുന്നതിന്റെ കാരണങ്ങൾ തിരിച്ചറിയാൻ ഒരു ഐപിആർ പ്രൊഫഷണലിനെ ഇന്റേൺഷിപ്പിനായി സർവ്വകലാശാലയിൽ നിയമിച്ചു[28]. ഐപിആർ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകൾ അടങ്ങിയ ഒരു റിപ്പോർട്ട് ഐപിആർ പ്രൊഫഷണൽ സമർപ്പിച്ചു (2023 ഡിസംബർ). സർവ്വകലാശാലയുടെ പേറ്റന്റ് ഫയലിംഗ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് ഒരു പേറ്റന്റ് ഏജന്റിനെ നിയമിക്കാനും 2024 ജനുവരിയിൽ തീരുമാനിച്ചു.

പ്രതിവർഷം ചുരുങ്ങിയത് രണ്ട് യോഗങ്ങളെങ്കിലും ചേരണമെന്ന നിബന്ധനയ്ക്കു വിരുദ്ധമായി, 2018-ൽ സമിതി രൂപീകരിച്ചതിനുശേഷം ഓഡിറ്റ് കാലയളവിൽ രണ്ട് യോഗങ്ങൾ[29] മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് കാലയളവിൽ 2023-24-ൽ ഒഴികെ, ഐപിആർ സെല്ലിന് സർവ്വകലാശാല ഒരു ഫണ്ടും അനുവദിച്ചിരുന്നില്ല. 2023-24-ൽ അനുവദിച്ച ₹20 ലക്ഷത്തിൽ ₹13,955 മാത്രമേ വിനിയോഗിച്ചിരുന്നുള്ളൂ. ഐപിആർ പ്രൊഫഷണൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന ശിപാർശകൾ[30] നടപ്പാക്കി വന്നിരുന്നെങ്കിലും പേറ്റന്റ് ഏജന്റിന്റെ നിയമനം നടത്തിയിരുന്നില്ല (2025 മാർച്ച്). കൂടാതെ, ഓഡിറ്റ് കാലയളവിൽ സർവ്വകലാശാല രണ്ടു പേറ്റന്റുകൾ[31] മാത്രം ഫയൽ ചെയ്തിരുന്നതിൽ ഒരെണ്ണം[32] അനുവദിച്ചു.

ഐപിആർ സെല്ലിന്റെ പരിമിതമായ പ്രവർത്തനങ്ങളെക്കുറിച്ച് ഉയർന്നുവന്ന ആശങ്കകൾ അംഗീകരിച്ചുകൊണ്ട്, നിശ്ചിത ഇടവേളകളിൽ ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും, പേറ്റന്റ് ഏജന്റിനെ

---

27 ബൗദ്ധികസ്വത്തവകാശനിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിലും ഗവേഷകരിലും അധ്യാപകരിലും അവബോധം സൃഷ്ടിക്കാനും ഐപിആറുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് ഉപദേശമാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി 2009-ൽ സ്ഥാപിച്ചത്.

28 2023 സെപ്റ്റംബർ മുതൽ ഡിസംബർ വരെ

29 2022 ഓഗസ്റ്റ് 19-നും 2024 ജനുവരി 22-നും

30 സ്ഥാപന പിന്തുണ ശക്തിപ്പെടുത്തുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക, നയങ്ങൾ വ്യക്തമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക തുടങ്ങിയവ

31 2019-20ഉം 2023-24ഉം

32 2023-24-ൽ ഫയൽ ചെയ്തത്

നിയമിക്കുന്നതിനുള്ള ഭരണപരമായ പ്രക്രിയ അവസാനഘട്ടത്തിലാണെന്നും സർക്കാർ അറിയിച്ചു **(2025 ജൂലൈ)**. അദ്ധ്യാപക, ഗവേഷക, വിദ്യാർത്ഥി ബോധവൽക്കരണ ശിൽപശാലകൾ, പേറ്റന്റബിലിറ്റി അസസ്മെന്റ് ക്ലിനിക്കുകൾ, ഐപിആർ അവബോധ ക്യാംമ്പയിനുകൾ, ഏജന്റിന്റെ സഹായത്തോടെ പേറ്റന്റ് ഫയൽ ചെയ്യൽ എന്നിവ ഉൾപ്പെടുന്ന ഒരു വാർഷിക പ്രവർത്തന പദ്ധതി ഐപിആർ സെൽ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

## 2.7. സാമ്പത്തിക പരിപാലനം

കാലിക്കറ്റ് സർവ്വകലാശാലാ ആക്റ്റിലെ സെക്ഷൻ **45(1)** പ്രകാരം, കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, യുജിസി, മറ്റു സ്രോതസ്സുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും, വായ്പകളും, എല്ലാ വരുമാനവും, ലഭിച്ച ഫീസുകളും, സ്വത്തുക്കളിൽ നിന്നുള്ള വാടകയും ലാഭവും പോലുള്ള എല്ലാ വരുമാനവും, ലഭിച്ച എല്ലാ എൻഡോവ്മെന്റുകളും സംഭാവനകളും മറ്റ് എല്ലാ പലവക വരുമാനവും, സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ നിക്ഷേപങ്ങളും, പണമടയ്ക്കലുകളും, സേവനഫണ്ടുകളും 'കാലിക്കറ്റ് സർവ്വകലാശാലാ ഫണ്ട്' എന്ന പേരിൽ ഒരു ഏകീകൃതഫണ്ടായി മാറും. ഈ ഫണ്ട്, നിയമങ്ങൾ, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, ചട്ടങ്ങൾ എന്നിവ അനുസരിച്ച് വിനിയോഗിക്കേണ്ടതാണ്.

സർവ്വകലാശാലാ ഫണ്ടിലേയ്ക്കുള്ള വരവും വിനിയോഗവും **പട്ടിക 2.1**-ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.1 വരവിന്റെയും ചെലവിന്റെയും വർഷം തിരിച്ചുള്ള വിവരങ്ങൾ**

***(₹ കോടിയിൽ)***

| വർഷം | സംസ്ഥാന ഗ്രാന്റ് | | | | പ്രത്യേക ആവശ്യങ്ങൾക്കായുള്ള ഫണ്ട്[33] | | യുജിസി, റൂസ തുടങ്ങിയ മറ്റ് ഏജൻസികളിൽ നിന്നുള്ള ഫണ്ട് | | തനത് ഫണ്ട്[34] / മറ്റ് വരവുകൾ[35] | |
|---|---|---|---|---|---|---|---|---|---|---|
| | വരവ് | | വിനിയോഗം* | | വരവ് | വിനിയോഗം | വരവ് | വിനിയോഗം | വരവ് | വിനിയോഗം |
| | പദ്ധതി | പദ്ധതിയേതരം | പദ്ധതി | പദ്ധതിയേതരം | | | | | | |
| 2019-20 | 8.00 | 235.21 | 13.13 | 235.21 | 6.38 | 5.20 | 3.31 | 3.51 | 201.76 | 99.18 |
| 2020-21 | 13.69 | 211.69 | 8.00 | 211.69 | 3.50 | 5.47 | 3.14 | 2.62 | 173.79 | 93.47 |
| 2021-22 | 13.14 | 222.27 | 14.26 | 222.27 | 4.53 | 5.31 | 2.00 | 3.01 | 226.64 | 214.72 |
| 2022-23 | 20.68 | 224.12 | 34.87 | 224.12 | 4.73 | 4.01 | 2.16 | 3.82 | 255.50 | 223.53 |
| 2023-24 | 11.00 | 244.50 | 18.39 | 244.50 | 5.11 | 6.25 | 6.77 | 3.16 | 248.32 | 205.42 |
| **ആകെ** | **66.51** | **1137.79** | **88.65** | **1137.79** | **24.25** | **26.24** | **17.38** | **16.12** | **1106.01** | **836.32** |

**വരവിനെക്കാൾ കൂടുതലായി വിനിയോഗിച്ച ഫണ്ടുകൾ സർവ്വകലാശാലയുടെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തി.*

*(ഉറവിടം: സർവ്വകലാശാലയിലെ ധനകാര്യ വിഭാഗം ലഭ്യമാക്കിയ വിശദാംശങ്ങൾ)*

**2019-20** മുതൽ **2023-24** വരെയുള്ള കാലയളവിൽ, സർവ്വകലാശാലയുടെ വരവിന്റെ **48** ശതമാനം സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര ഗ്രാന്റിൽ നിന്നായിരുന്നു, **47** ശതമാനം തനത് ഫണ്ടും മറ്റു വരവുകളുമായിരുന്നു. ശേഷിക്കുന്ന അഞ്ച് ശതമാനം യുജിസി /ഐസിഎസ്എസ്ആർ തുടങ്ങിയ മറ്റു ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്, പ്രത്യേക ആവശ്യങ്ങൾക്കായുള്ള ഫണ്ട്, സംസ്ഥാന സർക്കാരിന്റെ പദ്ധതി ഫണ്ട് എന്നിവയിൽ നിന്നായിരുന്നു.

---

[33] യുജിസിയിൽ നിന്നുള്ള ഗ്രാന്റുകൾ, ബാഹ്യ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ, വ്യക്തിഗത ഗവേഷണ പ്രോജക്ടുകൾക്കുള്ള ഗ്രാന്റുകൾ തുടങ്ങിയവ

[34] പരീക്ഷാഫീസ്, അഫിലിയേഷൻ ഫീസ്, സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം തുടങ്ങിയവ

[35] തിരിച്ചു പിടിച്ച തുക, വായ്പയ്ക്കും മുൻകൂറിനുമുള്ള പലിശ, സംഭാവന തുടങ്ങിയവ

### 2.7.1. വാർഷിക അക്കൗണ്ട് തയ്യാറാക്കുന്നതിലെ കാലതാമസം

ആക്ടിന്റെ 48,49 സെക്ഷനുകളനുസരിച്ച്, സർവ്വകലാശാലയുടെ വാർഷിക അക്കൗണ്ട് സിൻഡിക്കേറ്റിന്റെ നിർദ്ദേശമനുസരിച്ച് തയ്യാറാക്കി ഓഡിറ്റ് ചെയ്യുന്നതിനായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടോടു-കൂടിയ വാർഷിക അക്കൗണ്ട് സിൻഡിക്കേറ്റ് പ്രസിദ്ധീകരിക്കുകയും സെനറ്റിന്റെ പരിഗണനയ്ക്കു വയ്ക്കുകയും സർക്കാരിന് സമർപ്പിക്കുകയും വേണം. ലഭിച്ചയുടൻ തന്നെ അക്കൗണ്ടുകൾ സർക്കാർ സംസ്ഥാന നിയമസഭയിൽ വയ്ക്കേണ്ടതാണ്.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994 (കെഎൽഎഫ്എ നിയമം) സെക്ഷൻ 9(1) അനുസരിച്ച്, ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം ഭരണനിർവ്വഹണ അതോറിറ്റി ആ സാമ്പത്തിക വർഷവുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ തയ്യാറാക്കി അവതരിപ്പിക്കണം. സെക്ഷൻ 10 അനുസരിച്ച്, തയ്യാറാക്കി അവതരിപ്പിച്ച അക്കൗണ്ടുകളുടെ ഓഡിറ്റ്, ഓഡിറ്റിനു നൽകിയ തീയതി മുതൽ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ നാലു മുതൽ അഞ്ച് മാസം വരെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നതിൽ ഏഴു മുതൽ എട്ടു മാസം വരെയും കാലതാമസം സർവ്വകലാശാലയുടെ ഭാഗത്തു നിന്നും നേരിടുകയും, കെഎസ്എഡി ഓഡിറ്റ് നടത്താൻ 10 മുതൽ 19 മാസം വരെ കാലതാമസം വരുത്തുകയും ചെയ്തെന്ന് ഓഡിറ്റ് നിരീക്ഷിച്ചു ഇത്, **അനുബന്ധം 2.5**-ൽ വിവരിച്ചിരിക്കുന്നു.

അങ്ങനെ, സർവ്വകലാശാലയുടെയും കെഎസ്എഡിയുടെയും ഭാഗത്തു നിന്നുണ്ടായ കാലതാമസം കാരണം, സാമ്പത്തിക വർഷം അവസാനിച്ച് രണ്ടു മുതൽ മൂന്നു വർഷങ്ങൾക്കുശേഷം മാത്രമാണ് അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിഹാരനടപടികൾക്കായി സർവ്വകലാശാലയ്ക്കു ലഭിച്ചിരുന്നത്.

കാലതാമസം ഒഴിവാക്കാൻ, അക്കൗണ്ടിംഗ് സംവിധാനം കമ്പ്യൂട്ടർവൽക്കരി-ക്കുന്നതിനുള്ള പ്രക്രിയ സർവ്വകലാശാല ആരംഭിച്ചതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). 2021-24 കാലയളവിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സർവ്വകലാശാല വാർഷിക അക്കൗണ്ടുകൾ സർക്കാരിന് സമർപ്പിച്ചതായും പ്രസ്താവിച്ചു.

അക്കൗണ്ടുകൾ തയ്യാറാക്കുന്നതിനും, കെഎസ്എഡി ഓഡിറ്റ് ചെയ്യുന്നതിനും സമയപരിധികൾ നിശ്ചയിച്ചിട്ടുണ്ടെന്നും അതിൽ കാലതാമസം ഉണ്ടായിട്ടു-ണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, വാർഷിക അക്കൗണ്ട്/ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്ത-തിനാൽ വാർഷിക അക്കൗണ്ടുകൾ സമയപരിധിയ്ക്കുള്ളിൽ സർക്കാരിന് സമർപ്പിച്ചു എന്ന വാദം നിലനിൽക്കില്ല.

### 2.7.2. സർവ്വകലാശാലയുടെ ആന്തരിക ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം

സാമ്പത്തിക ഇടപാടുകളിൽ ഔചിത്യവും സാമ്പത്തിക അച്ചടക്കവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സർവ്വകലാശാല ഒരു ആന്തരിക ഓഡിറ്റ് വിഭാഗം (ഐഎഡബ്ല്യു) രൂപീകരിച്ചു (2010 മാർച്ച്). ഓഡിറ്റ് കാലയളവിൽ, അനുവദിച്ച മാനവവിഭവശേഷിയുടെ 50 ശതമാനത്തിൽ താഴെ മാത്രം വരുന്ന ആളുകളെ ഉപയോഗിച്ചാണ് പ്രസ്തുത വിഭാഗം പ്രവർത്തിച്ചത്. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ, ഓഡിറ്റ് ചെയ്തതിന്റെ വ്യാപ്തി **പട്ടിക 2.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.2 : സർവ്വകലാശാലയിലെ ഫങ്ഷണൽ യൂണിറ്റുകളുടെ ആന്തരിക ഓഡിറ്റ്**

| വർഷം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ഓഡിറ്റു ചെയ്യേണ്ട യൂണിറ്റുകളുടെ ആകെ എണ്ണം | 72 | 72 | 72 | 72 | 72 |
| ഓഡിറ്റിനായി നിശ്ചയിച്ച യൂണിറ്റുകളുടെ എണ്ണം | 21 | 5 | 25 | 34 | 21 |
| ആന്തരിക ഓഡിറ്റ് നടത്തിയ യൂണിറ്റുകളുടെ എണ്ണം | 21 | 5 | 25 | 34 | 21 |

*(ഉറവിടം : ഐഎഡബ്ല്യുവിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

ഒരു നിശ്ചിത കാലയളവിനുള്ളിൽ മുഴുവൻ യൂണിറ്റുകളും പൂർത്തിയാക്കത്തക്ക വിധത്തിൽ ഐഎഡബ്ല്യു ഒരു പട്ടിക തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. **2019-20** മുതൽ **2023-24** വരെയുള്ള കാലയളവിൽ, തെരഞ്ഞെടുത്ത **20** വിഭാഗങ്ങളിൽ/ കേന്ദ്രങ്ങളിലുൾപ്പെട്ട നാല്[36] യൂണിറ്റുകൾ ഒരു തവണപോലും ആന്തരിക ഓഡിറ്റിന് വിധേയമായിട്ടില്ല. അതിൽ പരീക്ഷകൾ നടത്തുക എന്നതുപോലുള്ള സർവ്വകലാശാലയുടെ അതിപ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന പരിക്ഷാഭവൻ, വിലകൂടിയ ശാസ്ത്രീയ ഉപകരണങ്ങൾ പരിപാലിക്കുന്ന സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി (സിഎസ്ഐഎഫ്) എന്നീ യൂണിറ്റുകൾ ഉൾപ്പെടുന്നു.

ഓഡിറ്റ് കണ്ടെത്തലുകൾ പരിഗണിച്ച്, ഐഎഡബ്ല്യുവിനെ ശക്തിപ്പെടുത്തുന്നതിനും അതിന്റെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ ആരംഭിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (**2025** ജൂലൈ). പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, ഫണ്ട് ഇടപാടുകൾ തുടങ്ങിയവ സംബന്ധിച്ച് ഉയർന്ന റിസ്കുകളുള്ള യൂണിറ്റുകൾക്ക് മുൻഗണന നൽകുന്ന ഒരു ഓഡിറ്റ് പട്ടികയും തയ്യാറാക്കും.

### 2.7.3. മുൻ യുജിസി ഗവേഷണ പദ്ധതികൾ തീർപ്പാക്കാത്തതിനാൽ ലഭിക്കാതെ പോയ ₹2.37 കോടിയുടെ സഹായം

യുജിസി നടപ്പാക്കിയ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള പൊതു വികസനസഹായം (ജിഡിഎ) പദ്ധതിയുടെ (**XI**, **XII** പദ്ധതി)[37] ലക്ഷ്യം, സർവ്വകലാശാലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഗുണനിലവാരം ഉയർത്തുകയുമായിരുന്നു. സർവ്വകലാശാലകൾ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുകയും ഗ്രാന്റ് അനുവദിച്ച ആവശ്യത്തിനായി വിനിയോഗിച്ചു എന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്യണമായിരുന്നു. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം സമർപ്പിക്കേണ്ടതായിരുന്നു.

യുജിസിക്ക് കീഴിലുള്ള ജിഡിഎ പദ്ധതിയ്ക്കും സംയോജിത പദ്ധതിയ്ക്കും[38] യുജിസി ഫണ്ട് അനുവദിച്ചത്, നൽകിയത്, വിനിയോഗം മുതലായവയുടെ വിശദാംശങ്ങൾ **പട്ടിക 2.3**-ൽ നൽകിയിരിക്കുന്നു.

---

36 സിയുടിഇസി സുൽത്താൻ ബത്തേരി, സിസിഎസ്ഐടി അരണാട്ടുകര, പരീക്ഷാഭവൻ, സിഎസ്ഐഎഫ്.

37 **XI** പദ്ധതി **2007-12**, **XII** പദ്ധതി **2012-17**

38 ഇൻസ്ട്രുമെന്റേഷൻ മെയിന്റനൻസ് സംവിധാനം, വനിതകൾക്കായുള്ള അടിസ്ഥാന സംവിധാനം തുടങ്ങിയവ

**പട്ടിക 2.3 : അനുവദിച്ചതും വിനിയോഗിച്ചതും യുജിസി തിരിച്ചുനൽകേണ്ടതുമായ തുക**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ചത് | നൽകിയ തുക | ലഭിച്ച പലിശ | വിനിയോഗിച്ച തുക (മിച്ചം തനതു ഫണ്ടിൽ നിന്നും കണ്ടെത്തി) | യുജിസി തിരിച്ചു നൽകേണ്ട തുക |
|---|---|---|---|---|---|---|
| 1 | XII പ്ലാൻ ജിഡിഎ | 14.52 | 11.62 | 1.29 | 14.55 | 1.64 |
| 2 | XI പ്ലാൻ ജിഡിഎ | 9.27 | 5.71 | 0 | 5.89 | 0.18 |
| 3 | XI (ഐക്യുഎസി) | 0.05 | 0 | 0 | 0.009 | 0.009 |
| 4 | XI പ്ലാൻ (സംയോജിപ്പിച്ചത്) | 5.50 | 3.25 | 0.01 | 3.81 | 0.55 |
| ആകെ | | | | | | 2.37 |

*(ഉറവിടം: സർവ്വകലാശാല ഭരണവിഭാഗം നൽകിയ വിവരങ്ങൾ)*

XII-ാം പ്ലാൻ കാലയളവിൽ ലഭിച്ച ജിഡിഎയുമായി ബന്ധപ്പെട്ട അന്തിമ ഓഡിറ്റിനുശേഷമുള്ള വിനിയോഗ സാക്ഷ്യപത്രവും ചെലവ് വിവരങ്ങളും സർവ്വകലാശാല യുജിസിയ്ക്ക് സമർപ്പിച്ചു (2019 ആഗസ്റ്റ് മുതൽ 2020 മെയ് വരെ). XI, XII പ്ലാൻ അക്കൗണ്ടുകൾ തീർപ്പാക്കാനും കുടിശ്ശിക തുകയുടെ റീ-ഇംബേഴ്സ്മെന്റ് സാദ്ധ്യമാക്കുന്നതിന് അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കാനും രജിസ്ട്രാർ യുജിസിയോട് അഭ്യർത്ഥിച്ചു. തുടർന്ന്, യുജിസിയിൽ നിന്നും ലഭിക്കുമെന്ന പ്രതീക്ഷയിൽ ജിഡിഎയ്ക്കു കീഴിൽ തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്ത കുടിശ്ശിക തുക നൽകുവാൻ രജിസ്ട്രാർ യുജിസിയോട് വീണ്ടും അഭ്യർത്ഥിച്ചു (2021 ജൂലൈ). ഈ അഭ്യർത്ഥനയ്ക്കു മറുപടിയായി, വിവിധ യുജിസി പദ്ധതികൾക്കു[39] കീഴിൽ ലഭിച്ച എല്ലാ ഗ്രാന്റുകളുടെയും കുടിശ്ശിക ഉടൻ തീർപ്പാക്കാൻ യുജിസി സർവ്വകലാശാലയോട് നിർദ്ദേശിച്ചു (2022 സെപ്റ്റംബർ). അല്ലാത്തപക്ഷം, സർവ്വകലാശാലയ്ക്കെതിരെ ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിക്കും എന്നും പ്രസ്താവിച്ചു.

2009 മുതൽ യുജിസിയ്ക്കു കീഴിൽ നടപ്പാക്കിയ 17 ഗവേഷണ പദ്ധതികളുമായി ബന്ധപ്പെട്ട അക്കൗണ്ടുകളുടെ തീർപ്പാക്കലിന്റെ സ്ഥിതി പരിശോധിച്ചപ്പോൾ, നാല് പദ്ധതികളുടെ ഓഡിറ്റിനു ശേഷമുള്ള അന്തിമ അക്കൗണ്ടുകളും, ചെലവിന്റെ പത്രികയും, വിനിയോഗ സാക്ഷ്യപത്രവും യുജിസിയ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2024 മാർച്ച്).

യുജിസി സഹായത്തോടെയുള്ള 17 പദ്ധതികളിൽ, 16 പദ്ധതികളും വിജയകരമായി പൂർത്തിയാക്കിയതായും ഒരു സ്പെഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമിന്റെ (എസ്എപി) തീർപ്പാക്കൽ പുരോഗമിക്കുന്നതായും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

അങ്ങനെ, നിശ്ചിത സമയത്തിനുള്ളിൽ അക്കൗണ്ടുകൾ തീർപ്പാക്കാത്തതിനാൽ യുജിസി XI, XII പ്ലാനിനു കീഴിൽ ജിഡിഎ ആയി ലഭിക്കേണ്ട ₹2.37 കോടി സർവ്വകലാശാലയ്ക്കു ലഭിച്ചില്ല.

### 2.7.4. ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ കുടിശ്ശിക വിതരണം ചെയ്യാത്തതു കാരണം നഷ്ടമായ ₹8.79 കോടിയുടെ കേന്ദ്രസഹായം

യുജിസി റഗുലേഷനുകൾക്കനുസരിച്ച്[40] (2018 ജൂലൈ) 2016 ജനുവരി 01 മുതൽ പ്രാബല്യത്തിൽ വരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള അദ്ധ്യാപകരുടെ ശമ്പള സ്കെയിലുകൾ പരിഷ്കരിക്കുന്നതിനുള്ള യുജിസി ശമ്പള അവലോകന സമിതിയുടെ ശിപാർശകൾ, (2017 നവംബർ)

[39] യുജിസിയുടെ പ്രത്യേക ധനസഹായ പദ്ധതി, യുജിസിയുടെ മുഖ്യ ഗവേഷണ പദ്ധതികൾ തുടങ്ങിയവ

[40] യുജിസി റഗുലേഷൻസ് ഓൺ മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആൻഡ് അദർ സ്റ്റാഫ് ഓഫ് യൂണിവേഴ്സിറ്റീസ് ആൻഡ് കോളേജസ് ആൻഡ് മെഷേഴ്സ് ഫോർ ദ മെയിന്റനൻസ് ഓഫ് സ്റ്റാൻഡേഡ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ 2018

ഉന്നതവിദ്യാഭ്യാസ വകുപ്പ്, എംഎച്ച്ആർഡി, കേന്ദ്രസർക്കാർ അംഗീകരിച്ചു. 2016 ജനുവരി 01 മുതൽ 2019 മാർച്ച് 31 വരെയുള്ള ഏഴാം കേന്ദ്ര ശമ്പള പരിഷ്കരണ കമ്മീഷൻ (സിപിസി) കൊണ്ടുണ്ടാവുന്ന അധിക സാമ്പത്തിക ബാധ്യതയുടെ 50 ശതമാനം കേന്ദ്ര സർക്കാർ റീ-ഇംബേഴ്സ് ചെയ്യുമെന്നും, അതിനായി സംസ്ഥാന സർക്കാർ നിശ്ചിത മാതൃകയിൽ ഒരു റീ-ഇംബേഴ്സ്മെന്റ് പ്രൊപ്പോസൽ നൽകണമെന്നും, ഇതിനായി 2018-ലെ യുജിസി റഗുലേഷൻസ് പാലിക്കണമെന്നും കേന്ദ്ര സർക്കാർ കേരള സർക്കാരിനെ അറിയിച്ചു (2018 ജൂലൈ).

കേന്ദ്ര സഹായത്തിന്റെ ലഭ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും അനുസരിച്ച് കുടിശ്ശിക പിന്നീട് നൽകാമെന്നുള്ള വ്യവസ്ഥയിൽ സിപിസി ശിപാർശകൾ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു (2019 ജൂൺ). ഒരു മാസത്തിനുള്ളിൽ യുജിസി നിർദ്ദേശങ്ങൾ അവരുടെ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾപ്പെടുത്തണമെന്ന് എല്ലാ സംസ്ഥാന സർവ്വകലാശാലകളോടും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു (2019 സെപ്റ്റംബർ). ഇത് പ്രകാരം, 2018 ജൂലൈ 18 മുതൽ യുജിസി റഗുലേഷൻസ് 2018, പ്രാബല്യത്തിൽ വരുന്ന വിധത്തിൽ ഒരു വിജ്ഞാപനം കാലിക്കറ്റ് സർവ്വകലാശാലാ രജിസ്ട്രാർ പുറപ്പെടുവിച്ചു (2020 ഫെബ്രുവരി). ശമ്പള പരിഷ്കരണ കുടിശ്ശിക അദ്ധ്യാപകരുടെ ജിപിഎഫ് അക്കൗണ്ടിലേക്ക് ക്രെഡിറ്റു ചെയ്യാനും കേരള സർക്കാർ ഉത്തരവിട്ടു (2020 മേയ്). എന്നാൽ, 2022 ഏപ്രിൽ മുതൽ റീ-ഇംബേഴ്സ്മെന്റ് പദ്ധതി നിർത്തലാക്കാനുള്ള തീരുമാനം കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ 2022 ജൂലൈയിൽ അറിയിച്ചു. തൽഫലമായി, കുടിശ്ശിക നൽകുന്നത് സംസ്ഥാന സർക്കാർ 2023 ജനുവരി 21-ന് നിർത്തിവച്ചു.

ഏഴാം യുജിസി ശമ്പള പരിഷ്കരണ പദ്ധതി സർവ്വകലാശാല നടപ്പാക്കിയിട്ടുണ്ടെങ്കിലും 2016 ജനുവരി 01 മുതൽ 2019 മാർച്ച് 31 വരെയുള്ള ₹17.59 കോടിയുടെ കുടിശ്ശിക അദ്ധ്യാപകർക്ക് വിതരണം ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, യോഗ്യതകൾ, തെരഞ്ഞെടുപ്പു സമിതികൾ എന്നിവയെ സംബന്ധിച്ച യുജിസി റഗുലേഷനുകൾ കാലിക്കറ്റ് സർവ്വകലാശാലയുടെ ആക്ടിലോ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകളിലോ ഉൾപ്പെടുത്തിയിരുന്നില്ല. കേരള സർക്കാരും സർവ്വകലാശാലയും കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ സർവ്വകലാശാലയ്ക്ക് ₹8.79 കോടിയുടെ കേന്ദ്രസഹായം ലഭിച്ചില്ല.

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളുടെയും റഗുലേഷന്റെയും ഭേദഗതിയ്ക്ക് നിഷ്കർഷിച്ച സമയപരിധിയെക്കാൾ കൂടുതൽ സമയമെടുത്തതായി സർക്കാർ മറുപടിയിൽ വ്യക്തമാക്കി (2025 ജൂലൈ). ധനസഹായം ലഭിക്കുന്നതിനുവേണ്ട എല്ലാ രേഖകളും കേന്ദ്രസർക്കാരിന് സമർപ്പിച്ചതായി പ്രിൻസിപ്പൽ സെക്രട്ടറി സമാപന കൂടിക്കാഴ്ചയിൽ പറഞ്ഞു (2025 ജൂലൈ).

സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് ഇതുവരെയും (2025 സെപ്റ്റംബർ) ഭേദഗതി ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചതിനാൽ സർക്കാർ മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ, തുക വിതരണം ചെയ്തതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും റീ-ഇംബേഴ്സ്മെന്റ് ലഭിക്കാനുള്ള വിശദാംശങ്ങൾ അയയ്ക്കുന്നതിനുപകരം, 2016 ജനുവരി 01 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ യുജിസിയുടെ പുതുക്കിയ ശമ്പള പരിഷ്കരണ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് നൽകാനുദ്ദേശിച്ചിരുന്ന കുടിശ്ശിക തുകയുടെ വിവരങ്ങളടങ്ങിയ രേഖാമൂലമുള്ള ഉറപ്പാണ് സർക്കാർ സമർപ്പിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 2.7.5. സർവ്വകലാശാലയ്ക്കു കീഴിൽ സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന സ്ഥാപനങ്ങൾ

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ അഞ്ചു ജില്ലകളിലായി സർവ്വകലാശാല സ്റ്റഡിസെന്റർ ഡയറക്ടറേറ്റിന്റെ (ഡിയുഎസ്സി) കീഴിൽ 'ലാഭനഷ്ടങ്ങളില്ല' എന്ന അടിസ്ഥാനത്തിൽ സ്വാശ്രയരീതിയിൽ **41**[41] സ്ഥാപനങ്ങൾ സർവ്വകലാശാല നടത്തിയിരുന്നു.

എല്ലാ സ്ഥാപനങ്ങളുടേയും വരുമാനം ഒരുമിച്ച് കണക്കാക്കിയപ്പോൾ **2023-24** ഒഴികെയുള്ള കാലയളവിൽ, സ്ഥാപനങ്ങൾ ചെലവിനെക്കാൾ കൂടുതൽ വരവുണ്ടാക്കി എന്നു കണ്ടു. എന്നാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- ആറു സ്ഥാപനങ്ങൾ[42], അഞ്ചുവർഷങ്ങളിലും തുടർച്ചയായി നഷ്ടത്തിലായിരുന്നു. ഏറ്റവും ഉയർന്ന നഷ്ടം കോഹിന്നൂറിലെ ഐഇടിയുടെതായിരുന്നു (**₹6.32** കോടി). ഈ സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ സംയോജിത നഷ്ടം **₹8.58** കോടിയായിരുന്നു.
- കഴിഞ്ഞ നാലുവർഷങ്ങളിൽ രണ്ടു സ്ഥാപനങ്ങൾ[43] തുടർച്ചയായ നഷ്ടത്തിലായിരുന്നു. മൊത്തം നഷ്ടം **₹0.39** കോടിയായിരുന്നു.
- അഞ്ചു വർഷക്കാലയളവിൽ, ആറു സ്ഥാപനങ്ങൾ[44] ലാഭവും നഷ്ടവും മാറിമാറി രേഖപ്പെടുത്തി, ആകെ **₹0.39** കോടിയുടെ നഷ്ടമുണ്ടായി.

വിശദാംശങ്ങൾ **അനുബന്ധം 2.6**-ൽ നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ (തുടർച്ചയായി നഷ്ടം രേഖപ്പെടുത്തിയവ) നടത്തിയ എല്ലാ കോഴ്സുകളിലേക്കും കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ശരാശരി വിദ്യാർത്ഥി പ്രവേശനം പ്രവേശനശേഷിയുടെ **20** മുതൽ **72** ശതമാനം വരെയായിരുന്നുവെന്നും നിരീക്ഷിച്ചു. സിസിഎസ്ഐടി തളിക്കുളം കേന്ദ്രത്തിലെ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (**53**), നിയമവിഭാഗം (**72**), ഐഇടി കോഹിന്നൂറിലെ ഇൻഫർമേഷൻ ടെക്നോളജി (**63**) എന്നീ മൂന്നു കോഴ്സുകൾക്കു മാത്രമാണ് ശരാശരി വിദ്യാർത്ഥി പ്രവേശനം **50** ശതമാനത്തിന് മുകളിൽ എത്തിയത് (**അനുബന്ധം 2.6**). കുറഞ്ഞ വിദ്യാർത്ഥി പ്രവേശനം സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനത്തെ ബാധിക്കുന്ന ഒരു ഘടകമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി, ഇത്തരം കേന്ദ്രങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സർക്കാർ അറിയിച്ചു (**2025** ജൂലൈ). ഇതിന്റെ ഭാഗമായി, ഐഇടിയിലെ കോഴ്സുകൾ നവീകരിക്കുകയും, വിദ്യാർത്ഥി പ്രവേശനം മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാൻ കേന്ദ്രങ്ങളോട് നിർദ്ദേശിക്കുകയും, **40** ശതമാനത്തിൽ താഴെ പ്രവേശനം ഉള്ള കേന്ദ്രങ്ങളിൽ നിലവിലുള്ള കോഴ്സുകളുടെ സാധ്യത അവലോകനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു എന്നും പ്രസ്താവിച്ചു.

---

41 **2023-24**-ൽ **12** കമ്പ്യൂട്ടർ സയൻസ് ആൻഡ് ടെക്നോളജി കേന്ദ്രങ്ങൾ, **11** കാലിക്കറ്റ് സർവ്വകലാശാല ടീച്ചർ എഡ്യൂക്കേഷൻ കേന്ദ്രങ്ങൾ, ആറ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, നാല് കോസ്റ്റ് ബേസ്ഡ് വിഭാഗങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, സിയു റീജണൽ കേന്ദ്രം, സ്കൂൾ ഓഫ് ഹെൽത്ത് സയൻസ്, സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷൻ, ബിപിഎഡ് സെന്റർ, സെന്റർ ഫോർ കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗ് (സിസി&എഫ്ഡി), സെന്റർ ഫോർ പിജി സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക് (സിപിജിഎസ്എസ്ഡബ്ല്യു), റേഡിയേഷൻ ഫിസിക്സ്.

42 സിസിഎസ്ഐടികൾ-കുറ്റിപ്പുറം, മഞ്ചേരി, മുട്ടിൽ, പേരാമംഗലം, പുല്ലൂറ്റ്, ഐഇടി കോഹിന്നൂർ

43 സിസിഎസ്ഐടി തളിക്കുളവും സിയു ക്യാമ്പസിലെ നിയമവിഭാഗവും

44 സിസിഎസ്ഐടി പുതുക്കാട്, സിപിജിഎസ്എസ്ഡബ്ല്യു സുൽത്താൻ ബത്തേരി, സിയു റീജണൽ സെന്റർ പേരാമ്പ്ര, സിയുടിഈസികൾ ചാലക്കുടി, വടകര, എസ്എംഎസ് വടകര.

### 2.7.6. കാലിക്കറ്റ് സർവ്വകലാശാലയിൽ പെൻഷൻ ഫണ്ട് രൂപീകരിക്കാത്തത്

കാലിക്കറ്റ് സർവ്വകലാശാലയുടെ 1978-ലെ ആദ്യ ഓർഡിനൻസ് പ്രകാരം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കുകയും സർവ്വകലാശാലയിലെ വിരമിച്ച ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും പെൻഷൻ നൽകുന്നതിന് മാത്രമായി വിനിയോഗിക്കുകയും വേണം.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ ശമ്പളം, പെൻഷൻ, ഡിസിആർജി, മറ്റു പദ്ധതിയേതര ചെലവുകൾ എന്നിവയ്ക്കായി സർവ്വകലാശാലക്ക് ₹1,461.44 കോടിയുടെ ആവശ്യകതയുണ്ടായിരുന്നെങ്കിലും സംസ്ഥാന സർക്കാർ ₹1,137.79 കോടി മാത്രമേ റിലീസ് ചെയ്തുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. ഇത് ഓഡിറ്റ് കാലയളവിൽ ₹323.65 കോടിയുടെ കമ്മിയ്ക്ക് കാരണമായി.

1977 മുതൽ, പെൻഷൻ ഫണ്ടിനായി, തിരൂരങ്ങാടിയിലെ സബ് ട്രഷറിയിൽ രജിസ്ട്രാറുടെ പേരിൽ ഒരു സേവിങ്സ് അക്കൗണ്ടും (ടിപിഎ 70), മൂന്നു സ്ഥിരനിക്ഷേപങ്ങളും സർവ്വകലാശാല നിലനിർത്തിയിരുന്നു. എന്നാൽ, മതിയായ ഫണ്ട് നിക്ഷേപിക്കാതെ ₹141.08 കോടി (2023-ൽ നിക്ഷേപിച്ച ₹100 കോടി ഉൾപ്പെടെ) മാത്രമേ നീക്കി വച്ചിരുന്നുള്ളൂ (2025 ജനുവരി).

പെൻഷൻ ഫണ്ടിനായി ₹141.08 കോടി സ്ഥിരനിക്ഷേപം നീക്കി വച്ചിരുന്നുവെങ്കിലും സർവ്വകലാശാല ഇതുവരെയും പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, കാലിക്കറ്റ് സർവ്വകലാശാലയുടെ ആദ്യ ഓർഡിനൻസ് പുറപ്പെടുവിച്ച് 47 വർഷങ്ങൾക്കുശേഷവും സർവ്വകലാശാലയ്ക്ക് സ്വയം പര്യാപ്തമായ ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കാനായിട്ടില്ല.

പദ്ധതിയേതര ഗ്രാന്റ് അപര്യാപ്തമായതിനാൽ പദ്ധതിയേതര ചെലവുകൾ, പ്രത്യേകിച്ച് ശമ്പളം, പെൻഷൻ, ഡിസിആർജി തുടങ്ങിയവ നിറവേറ്റുന്നതിൽ സർവ്വകലാശാല കാര്യമായ വെല്ലുവിളികൾ നേരിടുന്നുണ്ടെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞു (2025 ഓഗസ്റ്റ്). സാമ്പത്തിക പരിമിതികൾ കാരണം, സംസ്ഥാന സർക്കാരിന്റെ സഹായമില്ലാതെ പെൻഷൻ ഫണ്ട് രൂപീകരിക്കാൻ കഴിയില്ലെന്നും, കോർപ്പസ് ഫണ്ടായി ഒരു മൊത്തം തുക അനുവദിക്കണമെന്നും സർവ്വകലാശാല റിപ്പോർട്ടു ചെയ്തിരുന്നെങ്കിലും, സാമ്പത്തിക പരിമിതികൾ കണക്കിലെടുത്ത് അഭ്യർത്ഥന അനുകൂലമായി പരിഗണിക്കാൻ കഴിഞ്ഞില്ല.

### 2.7.7. തീർപ്പാക്കാൻ ബാക്കിയായ ₹6.79 കോടിയുടെ മുൻകൂറുകൾ

കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 99 അനുസരിച്ച്, താൽക്കാലിക മുൻകൂറുകളെ പിൻവലിക്കൽ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ എല്ലാ അനുബന്ധ വൗച്ചറുകളും സഹിതം അന്തിമ ബില്ല് ഹാജരാക്കി ക്രമീകരിക്കണം. മൂന്നുമാസത്തെ നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമ ബിൽ സമർപ്പിക്കാത്ത പക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക തിരിച്ചു പിടിച്ച തീയതി വരെയുള്ള കാലയളവിന് മുഴുവൻ മുൻകൂർ തുകയ്ക്കും 18 ശതമാനം[45] പലിശ ഈടാക്കും.

1975-76 മുതൽ 2011 ഒക്ടോബർ 03[46] വരെയുള്ള കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി എടുത്ത ₹4.79 കോടിയും, 2011 ഒക്ടോബർ 04 മുതൽ 2024 മാർച്ച് 31 വരെ എടുത്ത ₹രണ്ടു കോടിയും ഉൾപ്പെടുന്ന മുൻകൂറുകൾ

---

[45] 2011 ഒക്ടോബർ 04 മുതൽ പ്രാബല്യത്തിൽ വന്നത്

[46] കേരള സർക്കാർ 04.10.2011-ലെ ജി.ഒ.(പി) നം.419/11/ധന. പ്രകാരം, മുൻകൂറുകൾ സ്വീകരിക്കുന്ന തീയതി മുതൽ, അതിന്റെ വിനിയോഗിക്കാത്ത തുകയ്ക്ക് വർഷത്തിൽ 18 ശതമാനം പിഴപ്പലിശ ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു മുൻപ് പിഴപ്പലിശ നിരക്ക് നിർദ്ദേശിച്ചിരുന്നില്ല.

തീർപ്പാക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2025 ജനുവരി). തീർപ്പാക്കാൻ ആകെയുള്ള ₹6.79 കോടിയിൽ ₹4.79 കോടി 10 വർഷത്തിലേറെയായി കുടിശ്ശികയായിരുന്നു. ₹4.47 ലക്ഷം അഞ്ചു മുതൽ 10 വർഷം വരെയും, ₹9.09 ലക്ഷം ഒന്നു മുതൽ അഞ്ച് വർഷം വരെയും, ₹1.86 കോടി ഒരു വർഷം വരെയും കുടിശ്ശികയായിരുന്നു. കൂടാതെ, 2011 ഒക്ടോബർ 04-നു ശേഷം എടുത്ത മുൻകൂറുകളുടെ പലിശ മാത്രം ₹20 ലക്ഷം ആയി (2011 ഒക്ടോബർ 04 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവ്) കണക്കാക്കപ്പെട്ടു.

2015-ൽ സർവ്വകലാശാലയിൽ ഒരു റിക്കവറി സെൽ രൂപീകരിച്ചതായി സർക്കാർ അറിയിച്ചു (2025 ജൂലൈ). അത് സ്ഥാപിച്ചതിനെ തുടർന്ന്, 2009-10-നു മുൻപ് കുടിശ്ശികയായ മുൻകൂറുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിരുന്നെങ്കിലും വായ്പയെടുത്തയാൾ വിരമിച്ചത് അല്ലെങ്കിൽ അന്തരിച്ചത്, അനുബന്ധരേഖകളുടെ കേടുപാടുകൾ അല്ലെങ്കിൽ നഷ്ടപ്പെടൽ തുടങ്ങിയ കാരണങ്ങളാൽ തടസ്സം നേരിട്ടു. 2009-10-നു ശേഷമുള്ള കാലയളവിലെ മുൻകൂറുകളുടെ കാര്യത്തിൽ, തീർപ്പാക്കൽ പ്രക്രിയ പുരോഗമിക്കുക-യാണെന്ന് സർക്കാർ അറിയിച്ചു.

മുൻകൂറുകൾ തീർപ്പാക്കാത്തതിനാൽ, മുഴുവൻ തുകയും അത് അനുവദിച്ച ആവശ്യത്തിനായി വിനിയോഗിച്ചോ, അല്ലെങ്കിൽ മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ ഏതെങ്കിലും തുക കൈവശം വച്ചിരുന്നോ എന്ന് ഓഡിറ്റിനു ഉറപ്പാക്കാനായില്ല. കൂടാതെ, മുൻകൂറുകൾ തീർപ്പാക്കുന്നതിലുള്ള അമിതമായ കാലതാമസം സർവ്വകലാശാലയുടെ കാര്യക്ഷമമായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു.

### 2.7.8. സർവ്വകലാശാല വൈദ്യപരിശോധനാ ഫീസ് വിനിയോഗിക്കാത്തത്

2019 ഏപ്രിൽ മുതൽ ഒരു വിദ്യാർത്ഥിക്ക് ₹20 എന്ന നിരക്കിൽ ഈടാക്കിയിരുന്ന വൈദ്യപരിശോധനാ ഫീസ് 2023 ജൂൺ മുതൽ ഒരു വിദ്യാർത്ഥിക്ക് ₹25 ആയി പരിഷ്കരിച്ചു. 2013-ലെ വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംബന്ധിച്ച യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ, സൗജന്യവും നിശ്ചിത ഇടവേളകളിലുമുള്ള ആരോഗ്യപരിശോധനകൾ, അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സ/ ആശുപത്രിയിൽ പ്രവേശിപ്പിക്കൽ എന്നിവയുൾപ്പെടെയുള്ള ന്യായമായ ആരോഗ്യസംരക്ഷണത്തിന് വിദ്യാർത്ഥികൾക്ക് അർഹതയുണ്ടെന്ന് ഊന്നിപ്പറയുന്നു. കൂടാതെ, 1977-ലെ സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം വിദ്യാർത്ഥികളുടെ വൈദ്യപരിശോധന നടത്താൻ ഓരോ കോളേജിലും ഒരു മെഡിക്കൽ ഓഫീസർ ലഭ്യമായിരുന്നില്ല.

തെരഞ്ഞെടുത്ത എട്ട് പഠന കേന്ദ്രങ്ങളിലെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ വൈദ്യപരിശോധനാഫീസായി ₹63,760 പിരിച്ചതായി കണ്ടെത്തി. എന്നാൽ, ഓഡിറ്റ് കാലയളവിൽ, ഏഴു കേന്ദ്രങ്ങളിൽ[47] വിദ്യാർത്ഥികൾക്കായി ഒരു വൈദ്യപരിശോധനയും നടത്തിയില്ല.

പ്രത്യേക ഫീസ് ഈടാക്കുന്ന അവസരത്തിൽ അത്തരം സേവനങ്ങൾ ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്രങ്ങൾക്ക് നൽകുമെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ).

## 2.8. മാനവ വിഭവശേഷി

### 2.8.1. യുജിസി നിർദ്ദേശിച്ച പരിധിയിലധികം ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചത്

യുജിസി റെഗുലേഷൻസ് 2018 പ്രകാരം, ഒരു കോളേജ്/സർവ്വകലാശാലയിലെ കരാർ നിയമനങ്ങൾ ആ സ്ഥാപനത്തിലെ മൊത്തം അദ്ധ്യാപകരുടെ എണ്ണത്തിന്റെ പത്ത് ശതമാനത്തിൽ കൂടുതലാകരുത്. 2019-20 മുതൽ 2023-24

[47] സിസിഎസ്ഐടി കാലിക്കറ്റ് ഒഴികെയുള്ള മറ്റെല്ലാ കേന്ദ്രങ്ങളും

വരെയുള്ള കാലയളവിൽ സർവ്വകലാശാലയിലെ സ്ഥിരം അദ്ധ്യാപകരുടെയും ഗസ്റ്റ് അദ്ധ്യാപകരുടെയും എണ്ണം, **പട്ടിക 2.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.4: അദ്ധ്യാപകരുടെ വിവരങ്ങൾ – അംഗീകൃത അംഗബലവും നിലവിലുള്ള അംഗങ്ങളും (പിഐപി )**

| വർഷം | അംഗീകൃത അംഗബലം | നിലവിലുള്ളത് | സ്ഥിരം അദ്ധ്യാപകർ | | ഗസ്റ്റ് അദ്ധ്യാപകർ | | ഗസ്റ്റ് അദ്ധ്യാപകരുടെ ശതമാനം |
|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | ഒഴിവ് | പരമാവധി അനുവദനീയമായത് | നിലവിലുള്ളത് | |
| 2019 | 242 | 213 | 124 | 118 | 24 | 89 | 36.78 |
| 2020 | 250 | 203 | 116 | 134 | 25 | 87 | 34.80 |
| 2021 | 243 | 220 | 159 | 84 | 24 | 61 | 25.10 |
| 2022 | 242 | 278 | 171 | 71 | 24 | 107 | 44.21 |
| 2023 | 241 | 249 | 165 | 76 | 24 | 84 | 34.85 |
| 2024 | 242 | 298 | 156 | 86 | 24 | 142 | 58.68 |

*(ഉറവിടം: സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്)*

അനുവദനീയമായ പരമാവധി 10 ശതമാനം എന്ന പരിധി ലംഘിച്ചുകൊണ്ട് ഓഡിറ്റ് കാലയളവിൽ സർവ്വകലാശാല അംഗീകൃത അംഗബലത്തിന്റെ 25.10 മുതൽ 56.68 ശതമാനം വരെ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

അക്കാദമിക് പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിന് താൽക്കാലിക അദ്ധ്യാപകരുടെ സേവനം അനിവാര്യമായ സാഹചര്യങ്ങളിലാണ് സർവ്വകലാശാല ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചതെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്, വൈസ് ചാൻസലറിന് നൽകുന്നു എന്നും സ്ഥിരം അദ്ധ്യാപകരുടെ നിയമനം 2021-ൽ മാത്രമാണ് നടന്നത് എന്നും അറിയിച്ചു.

നിർദ്ദിഷ്ട പരിധിയിലധികം ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചത് യുജിസി ചട്ടങ്ങളുടെ ലംഘനമാണ്. കൂടാതെ, ഈ റിപ്പോർട്ടിലെ തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതു പോലെ, സർവ്വകലാശാലയിൽ നിയമനം ലഭിച്ച നിരവധി ഗസ്റ്റ് അദ്ധ്യാപകർ ആവശ്യമായ യോഗ്യതയില്ലാത്തവരാണെന്നും അങ്ങനെ, വിദ്യാഭ്യാസത്തിന്റെ ഗുണ-നിലവാരത്തിന് മൂല്യശോഷണം ഉണ്ടാകുന്നുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

### 2.8.2. നിശ്ചിത യോഗ്യതയില്ലാത്ത അദ്ധ്യാപകരുടെ നിയമനം

യുജിസി റഗുലേഷൻസ് 2018[48] പ്രകാരം, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾക്കും തത്തുല്യ തസ്തികകൾക്കും വേണ്ട കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട/അനുബന്ധ വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും നെറ്റ്/എസ്എൽഇടി/സെറ്റ് എന്നിവയുമാണ്. യുജിസി റഗുലേഷൻസ് അനുസരിച്ച് പിഎച്ച്ഡി നേടിയ ഉദ്യോഗാർത്ഥികളെ മിനിമം യോഗ്യതാ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കും. കരാർ/മണിക്കൂർ അടിസ്ഥാന നിയമനങ്ങൾക്കും സ്ഥിര നിയമനങ്ങളുടെ അതേ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിബന്ധന 13.0-ൽ വ്യവസ്ഥ ചെയ്യുന്നു.

സർവ്വകലാശാലാ വകുപ്പുകളിലും കേന്ദ്രങ്ങളിലും അഫിലിയേറ്റഡ് കോളേജുകളിലും നിശ്ചിത യോഗ്യതകളില്ലാത്ത അദ്ധ്യാപകർ ജോലി ചെയ്യുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. അവയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

**സർവ്വകലാശാലാ വിഭാഗങ്ങളിലെ നിയമനങ്ങൾ:** ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത എട്ട് അധ്യാപന, ഗവേഷണ വിഭാഗങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത പരിശോധിച്ചപ്പോൾ, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാരിൽ 60 ശതമാനം പേർ മണിക്കൂർ അടിസ്ഥാനത്തിൽ

[48] നിബന്ധന 3.4-ഉം 4.1-ഉം

ജോലി ചെയ്യുന്നവരാണെന്നും നെറ്റ്/പിഎച്ച്ഡി എന്നീ നിശ്ചിത യോഗ്യതകൾ ഇല്ലാത്തവരാണെന്നും കണ്ടെത്തി.

തടസ്സമില്ലാത്തതും കാര്യക്ഷമവുമായ അക്കാദമിക് പ്രവർത്തനം ഉറപ്പാക്കാൻ താൽക്കാലിക അദ്ധ്യാപകരുടെ സേവനം അത്യാവശ്യമായിരിക്കുമ്പോൾ മാത്രമേ ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിരുന്നുള്ളൂ എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ഇത് വൈസ് ചാൻസലറുടെ നിയമപരമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, സർവ്വകലാശാലയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായുമാണ് നടത്തിയത്.

സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് യുജിസി റെഗുലേഷനുകളെ മറികടക്കാൻ കഴിയില്ല എന്നതിനാലും, മതിയായ യോഗ്യതകളില്ലാത്ത അദ്ധ്യാപകരെ നിയമിക്കുന്നത്, വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും മറുപടി സ്വീകാര്യമല്ല.

**അഫിലിയേറ്റഡ് കോളേജുകളിലെ നിയമനങ്ങൾ:** സർവ്വകലാശാലയുടെ കോളേജ് പോർട്ടലിലെ ഡാറ്റാബേസിന്റെ വിശകലനത്തിൽ, 74 അഫിലിയേറ്റഡ് കോളേജുകളിലെ[49] 2035 ഗസ്റ്റ് അദ്ധ്യാപകർക്ക് യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള യോഗ്യതകളില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കണ്ടെത്തലുകൾ സ്ഥിരീകരിക്കുന്നതിന്, മുകളിൽ പറഞ്ഞ കോളേജുകളിൽ നിന്ന് എട്ട് കോളേജുകൾ[50] ഓഡിറ്റ് തെരഞ്ഞെടുക്കുകയും, അതിലെ 193 അദ്ധ്യാപകരിൽ 91 പേർക്ക് (47 ശതമാനം) 2018-ലെ യുജിസി റെഗുലേഷൻ അനുസരിച്ച് ആവശ്യമായ യോഗ്യതകളില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

ഡാറ്റാബേസിന്റെ വിശകലനത്തിൽ നിന്ന്, 199 അൺ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ 10,704 അദ്ധ്യാപകർക്ക് ആവശ്യമായ യോഗ്യതകളില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കേരള സെൽഫ് ഫിനാൻസിങ് കോളേജ് ടീച്ചിംഗ് ആൻഡ് നോൺ ടീച്ചിംഗ് എംപ്ലോയീസ് നിയമം 2021 അനുസരിച്ച്, നിയമം പ്രാബല്യത്തിൽ വന്ന തീയതിയിൽ ആവശ്യമായ യോഗ്യതകളില്ലാത്ത അൺ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ സംസ്ഥാന സർക്കാർ നിശ്ചയിച്ച തീയതിക്കുള്ളിൽ യോഗ്യത നേടണമെന്ന് പറഞ്ഞിരുന്നു. എന്നാൽ, അദ്ധ്യാപകർ യോഗ്യത നേടേണ്ട തീയതി നിർദ്ദേശിക്കുന്ന വിജ്ഞാപനം സംസ്ഥാന സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല (2025 ജൂലൈ).

അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് യുജിസി യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കാനും വിശദാംശങ്ങൾ കേന്ദ്രീകൃത കോളേജ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യാനും വേണ്ട നിർദ്ദേശങ്ങൾ അഫിലിയേറ്റഡ് കോളേജുകൾക്ക് നൽകുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തത് അഫിലിയേഷൻ തടഞ്ഞുവയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്ക് കാരണമാകുമെന്നും സർക്കാർ അറിയിച്ചു.

**ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ (സിയുടിഇസി-കൾ) അദ്ധ്യാപക നിയമനങ്ങൾ:** 2014-ലെ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ റഗുലേഷൻസ് (എൻസിടിഇ), 2019-ലെ ഭേദഗതി എന്നിവ പ്രകാരം, അദ്ധ്യാപക വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നെറ്റ്/പിഎച്ച്ഡി ഉൾപ്പെടെയുള്ള നിശ്ചിത യോഗ്യതകൾ ഉണ്ടായിരിക്കണം.

സർവ്വകലാശാല 11 യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ (സിയുടിഇസി) നടത്തുന്നുണ്ട് (2024 മാർച്ച്). 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ, 11 സിയുടിഇസി-കളിൽ രണ്ടിടത്ത്[51] മാത്രമേ എൻസിടിഇ

[49] 40 എയ്ഡഡ് കോളേജുകളും 34 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളും

[50] നാല് എയ്ഡഡ് കോളേജുകളും നാല് സർക്കാർ കോളേജുകളും

[51] സിയുടിഇസി മഞ്ചേരി, സിയുടിഇസി ചാലക്കുടി

റഗുലേഷനുകളിൽ നിർദ്ദേശിച്ച യോഗ്യതയുള്ള അദ്ധ്യാപകരുണ്ടായിരുന്നുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 2.7**-ൽ നൽകിയിരിക്കുന്നു.

2014-ലെ എൻസിടിഇ റഗുലേഷൻസ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ്, 63 അദ്ധ്യാപകരിൽ കുറച്ചു പേരൊഴികെയുള്ളവരെ നിശ്ചിത യോഗ്യതകളില്ലാതെ നിയമിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). അതിനുശേഷം, കേന്ദ്രങ്ങളിൽ നിന്ന് ഫയൽ ചെയ്യുന്ന വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാറുകൾ വർഷം തോറും പുതുക്കി നൽകിയിട്ടുണ്ട്.

സർവ്വകലാശാല, കാലാകാലങ്ങളിൽ എൻസിടിഇ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ പാലിക്കുകയും നൽകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യേണ്ടതിനാൽ മറുപടി സ്വീകാര്യമല്ല.

### 2.8.3. സംവരണ വിഭാഗ ഒഴിവുകൾ നികത്താതിരിക്കൽ

കെഎസ്ആന്റ്എസ്എസ്ആറിലെ[52] സെക്ഷൻ 15(എ) അനുസരിച്ച്, ഒരു നിർദ്ദിഷ്ട കമ്മ്യൂണിറ്റിയിൽ നിന്നോ ഗ്രൂപ്പിൽ നിന്നോ അനുയോജ്യമായ ഉദ്യോഗാർത്ഥി ലഭ്യമല്ലെങ്കിൽ, ഒഴിവ് നികത്തപ്പെടാതെ തുടരുകയും ആ കമ്മ്യൂണിറ്റിക്ക് വേണ്ടി പ്രത്യേകം വിജ്ഞാപനം നടത്തുകയും ചെയ്യണം. തുടർന്നുള്ള രണ്ട് പുനർവിജ്ഞാപനങ്ങൾക്ക് ശേഷവും ഒരു ഉദ്യോഗാർത്ഥിയെയും ലഭിച്ചില്ലെങ്കിൽ, മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ (ഒബിസി) നിന്നുള്ള ലഭ്യമായ ഉദ്യോഗാർത്ഥികളിൽ നിന്ന് നേരിട്ടുള്ള നിയമനത്തിലൂടെ ഒഴിവ് നികത്തണം. അനുയോജ്യരായ ഒബിസി ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, പട്ടികജാതി (എസ്‌സി) ഉദ്യോഗാർത്ഥികളിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടത്തുക. എസ്‌സി ഉദ്യോഗാർത്ഥികളും ലഭ്യമല്ലെങ്കിൽ, ഒഴിവ് പട്ടികവർഗ്ഗ (എസ്ടി) ഉദ്യോഗാർത്ഥികളിൽ നിന്ന് നികത്തും.

2021-22 അദ്ധ്യയന വർഷത്തിൽ നടത്തിയ നിയമനങ്ങൾക്കുശേഷം, യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ സർവ്വകലാശാലയിൽ 11 അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ, (2019-ൽ വിജ്ഞാപനം ചെയ്ത 29 തസ്തികകളിൽ) 10 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ (63 തസ്തികകളിൽ), നാലു പ്രൊഫസർ തസ്തികകൾ (24 തസ്തികകളിൽ) എന്നിവ ഒഴിഞ്ഞുകിടന്നു[53]. ഉദ്യോഗാർത്ഥികളില്ലാത്തതിനാലുള്ള (എൻസിഎ) ഒഴിവുകൾ സംബന്ധിച്ച വകുപ്പ് തിരിച്ചുള്ളതും തസ്തിക തിരിച്ചുള്ളതുമായ വിശദവിവരങ്ങൾ സർവ്വകലാശാല നൽകിയത് **അനുബന്ധം 2.8**-ൽ നൽകിയിരിക്കുന്നു.

2021-ൽ ഒരു ഉദ്യോഗാർത്ഥി സമർപ്പിച്ച റിട്ട് അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ, അസിസ്റ്റന്റ് പ്രൊഫസറുടെ എൻസിഎ ഒഴിവുകളിലേക്കുള്ള പ്രത്യേക റിക്രൂട്ട്മെന്റിനായി സർവ്വകലാശാലയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞില്ലെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും കോടതി റദ്ദു ചെയ്തതിനാൽ, കോടതി കേസ് തീർപ്പാക്കിയതിനു ശേഷം 2024 ജൂലൈയിൽ എൻസിഎ ഒഴിവുകളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു.

2023 ഫെബ്രുവരിയിൽ കേസ് തീർപ്പാക്കിയെങ്കിലും ഒരു വർഷം കഴിഞ്ഞതിന് ശേഷമാണ് 2024 ജൂലൈയിൽ അസിസ്റ്റന്റ് പ്രൊഫസറുമായി ബന്ധപ്പെട്ട എൻസിഎ ഒഴിവുകളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, മറ്റ് രണ്ട് തസ്തികകളെ സംബന്ധിച്ച വിജ്ഞാപന പ്രക്രിയയെക്കുറിച്ച് മറുപടി നൽകിയിട്ടില്ല.

[52] കേരള സംസ്ഥാന, സബോർഡിനേറ്റ് സർവീസ് റൂൾസ്

[53] നിയമന ചാർട്ട് പ്രകാരമുള്ളത്

### 2.8.4. 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമം പാലിക്കാതെ കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കൽ

1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (ഒഴിവുകൾ സംബന്ധിച്ച നിർബന്ധിത വിജ്ഞാപനം) നിയമം, പൊതുമേഖലയിലെ ഓരോ സ്ഥാപനവും (സർക്കാരിന്റെയോ സർക്കാരിലെ ഒരു വകുപ്പിന്റെയോ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ കൈകാര്യം ചെയ്യുന്നതോ ആയ സ്ഥാപനം), ആ സ്ഥാപനത്തിലെ ഏതെങ്കിലും തൊഴിലിലെ ഒഴിവ് നികത്തുന്നതിന് മുമ്പ്, ആ ഒഴിവ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുള്ള ഒഴിവുകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനങ്ങൾ ഉപയോഗിക്കാൻ സർക്കാർ നിർദ്ദേശിക്കുകയും (1988 ജനുവരി 05), ലംഘനങ്ങൾ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

2001 മുതൽ, സർവ്വകലാശാല ആകെ 704 ജീവനക്കാരെ[54] കരാർ അടിസ്ഥാനത്തിലോ ദിവസവേതന അടിസ്ഥാനത്തിലോ നിയമിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം വിനിയോഗിക്കാതെയും ആവശ്യമായ നോൺ-അവയിലബിലിറ്റി സർട്ടിഫിക്കറ്റുകൾ നേടാതെയും ഈ നിയമനങ്ങൾ നടത്തിയതായും ഇത് ബാധകമായ നിയമം ലംഘിച്ചതായും നിരീക്ഷിക്കപ്പെട്ടു.

1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമം ഉൾപ്പെടെയുള്ള എല്ലാ പ്രസക്തമായ സ്റ്റാറ്റ്യൂട്ടുകളും റഗുലേഷനുകളും പാലിക്കാൻ സർവ്വകലാശാല പ്രതിജ്ഞാബദ്ധമാണെന്നും, ഭാവിയിൽ സമാനമായ ലംഘനങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

### 2.8.5. കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം വിരമിച്ച അദ്ധ്യാപകരുടെ പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

യുജിസി റഗുലേഷൻസ് 2018-ലെ ഖണ്ഡിക 6.3-ലെ V-ആം നിബന്ധന അനുസരിച്ച് കരിയർ അഡ്വാൻസ്മെന്റ് സ്കീം (സിഎഎസ്) പ്രകാരം സ്ഥാനക്കയറ്റത്തിന് അപേക്ഷിക്കുന്ന അദ്ധ്യാപകൻ തെരഞ്ഞെടുപ്പ് സമിതി പരിഗണിക്കുന്ന തീയതിയിൽ സർവ്വകലാശാലയിലെ/കോളേജിലെ പദവിയിലും സജീവ സേവനത്തിലും ആയിരിക്കണം. സർക്കാർ കോളേജുകളും എയ്ഡഡ് കോളേജുകളും ഉൾപ്പെടെ എല്ലാ കോളേജുകളിലും സിഎഎസ് പ്രമോഷൻ യുജിസി ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, നിലവാരങ്ങൾ, നടപടിക്രമങ്ങൾ എന്നിവ കൃത്യമായി പാലിച്ചു കൊണ്ട് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരള സർക്കാർ 2021 ഫെബ്രുവരി 20-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് വിരമിച്ചതും, സേവനത്തിൽ നിന്നും വിടുതൽ നൽകിയതുമായ അദ്ധ്യാപകരിൽ 2018 ജൂലൈ 18-നോ അതിനുശേഷമോ പ്രൊഫസർ സ്ഥാനക്കയറ്റം ലഭിക്കേണ്ടവരുടെ അപേക്ഷകളിൽ സിഎഎസ് ലഭിക്കേണ്ട തീയതിയിൽ സേവനമനുഷ്ഠിച്ചിരുന്ന കോളേജുകളിൽ നിന്ന് തന്നെ നടപടി സ്വീകരിക്കാമെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (2022 ജനുവരി 18) നിർദ്ദേശിച്ചു.

2022 ഒക്ടോബർ മുതൽ 2024 നവംബർ വരെയുള്ള കാലയളവിൽ, തെരഞ്ഞെടുപ്പ് സമിതി പരിഗണിച്ച തീയതിയിൽ പദവിയിലും സജീവ സേവനത്തിലും ഇല്ലാതിരുന്ന എയ്ഡഡ് കോളേജുകളിലെ 13 അദ്ധ്യാപകർക്ക് സർവ്വകലാശാല അസോസിയേറ്റ് പ്രൊഫസർ (അക്കാദമിക് തലം 13എ)

---

[54] 536 അദ്ധ്യാപകേതര ജീവനക്കാരും 168 അദ്ധ്യാപക ജീവനക്കാരും (2025 ഫെബ്രുവരി)

തസ്തികയിൽ നിന്ന് സിഎഎസ് പ്രകാരം പ്രൊഫസർ (അക്കാദമിക് തലം 14) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു **(അനുബന്ധം 2.9).** ക്രമരഹിതമായ സ്ഥാനക്കയറ്റങ്ങളുടെ ഫലമായി വിരമിക്കൽ ആനുകൂല്യങ്ങൾക്കു പുറമേ അധിക ശമ്പളവും അലവൻസുകളുമായി ₹11.92 ലക്ഷം കൈപ്പറ്റുന്നതിനിടയായി.

ഓഡിറ്റിൽ പരാമർശിച്ച എല്ലാ അദ്ധ്യാപകരും സ്ഥാനക്കയറ്റത്തിന് അർഹത നേടിയ തീയതിയിൽ കോളേജിൽ സജീവ സേവനത്തിലായിരുന്നെന്നും പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നതായും സർക്കാർ മറുപടി നൽകി (2025 ജൂലൈ). തെരഞ്ഞെടുപ്പ് സമിതി പരിഗണിക്കുന്ന തീയതി തെരഞ്ഞെടുപ്പ് സമിതിയുടെ യോഗ തീയതിയല്ല, മറിച്ച് സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വരുത്താൻ തെരഞ്ഞെടുപ്പ് സമിതി പരിഗണിക്കുന്ന തീയതിയാണ്. മാത്രമല്ല, വിവിധ കാരണങ്ങളാൽ തെരഞ്ഞെടുപ്പ് സമിതി രൂപീകരിക്കുന്നതിലെ കാലതാമസം അപേക്ഷകനെ പദവിയിൽ നിന്നും പുറന്തള്ളുന്ന സാഹചര്യങ്ങളും ഉണ്ടാകാം.

സിഎഎസ് പ്രകാരമുള്ള നിയമനങ്ങൾക്ക്, അപേക്ഷിക്കുന്ന അദ്ധ്യാപകൻ തെരഞ്ഞെടുപ്പ് സമിതി പരിഗണിക്കുന്ന തീയതിയിൽ സർവ്വകലാശാലയുടെ/കോളേജിന്റെ പദവിയിലും സജീവ സേവനത്തിലും ഉണ്ടായിരിക്കണമെന്ന് യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിരിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### 2.8.6. 1955-ലെ പൗരത്വ നിയമം ലംഘിച്ച അസിസ്റ്റന്റ് പ്രൊഫസറിൽ നിന്ന് കുടിശ്ശിക ഈടാക്കാത്തതും നടപടിയെടുക്കുന്നതിലെ കാലതാമസവും

1955-ലെ പൗരത്വ നിയമത്തിലെ സെക്ഷൻ 9(1) പ്രകാരം സ്വാഭാവികമായി, രജിസ്ട്രേഷൻ വഴി അല്ലെങ്കിൽ സ്വമേധയാ മറ്റൊരു രാജ്യത്തിന്റെ പൗരത്വം നേടിയ ഏതൊരു ഇന്ത്യൻ പൗരനും, അത്തരം പ്രവൃത്തിയിലൂടെ, ഇന്ത്യൻ പൗരനല്ലെന്ന് പ്രഖ്യാപിക്കപ്പെടും. കൂടാതെ, ഈ നിയമത്തിലെ സെക്ഷൻ 7ബി നിബന്ധന 2(എ), (ഐ) എന്നിവ പ്രകാരം, പൊതു തൊഴിൽ കാര്യങ്ങളിൽ അവസര സമത്വവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ അനുച്ഛേദം 16 പ്രകാരം ഇന്ത്യൻ പൗരന് നൽകുന്ന അവകാശങ്ങൾക്ക് വിദേശ പൗരന് അർഹതയുണ്ടായിരിക്കില്ല.

സർവ്വകലാശാലയിലെ ലൈഫ് സയൻസസ് വിഭാഗത്തിലെ ഒരു ലെക്ചറർ[55] ഉന്നത പഠനം[56] നടത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി അഞ്ച് വർഷത്തേക്ക്[57] വേതനം ഇല്ലാത്ത അവധിയിലായിരുന്നു. അവധി നീട്ടിക്കിട്ടണമെന്ന ഉദ്യോഗസ്ഥന്റെ അപേക്ഷ സിൻഡിക്കേറ്റ് നിരസിക്കുകയും (2006 ഡിസംബർ 13), അദ്ദേഹത്തോട് ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. സർവ്വകലാശാല ഒരു കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും (2007 ഓഗസ്റ്റ് 18) അച്ചടക്ക നടപടി ആരംഭിക്കാൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തു (2007 ഡിസംബർ 22). തുടർന്ന് 2006 ജനുവരി 01 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് നീക്കം ചെയ്തു (2010 ജൂലൈ 02).

ശിക്ഷാ നടപടിക്കെതിരെ ഉദ്യോഗസ്ഥൻ ചാൻസലർക്ക് അപ്പീൽ നൽകി (2010 നവംബർ 20). ഉദ്യോഗസ്ഥന് മറുപടി നൽകാനുള്ള അവസരം നൽകിയ ശേഷം വീണ്ടും പരിഗണിക്കാനും നിയമാനുസൃതമായി ഉചിതമായ തീരുമാനമെടുക്കാനും ചാൻസലർ സർവ്വകലാശാലയോട് നിർദ്ദേശിച്ചു. 2013 നവംബർ 26-ന് ഉദ്യോഗസ്ഥനെ ലൈഫ് സയൻസസിൽ അദ്ധ്യാപകനായി

---

[55] 21.03.2016-ലെ സർവ്വകലാശാല ഉത്തരവ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു

[56] യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലെ വൈദ്യശാസ്ത്ര വിഭാഗത്തിൽ നിന്നും പോസ്റ്റ് ഡോക്ടർ ഫെലോഷിപ്പും ബ്രിക്ബക്ക് കോളേജ് ലണ്ടനിലെ സ്കൂൾ ഓഫ് ക്രിസ്റ്റലോഗ്രാഫിയിൽ നിന്ന് എം എസ് സി ബയോ ഇൻഫർമാറ്റിക് കോഴ്സും

[57] 2000 നവംബർ 18 മുതൽ 2005 ഡിസംബർ 31 വരെ

തിരിച്ചെടുത്തു. ഉദ്യോഗസ്ഥൻ 2008-ൽ ബ്രിട്ടീഷ് പൗരത്വം നേടിയതായി വെളിപ്പെടുത്തുന്ന പാസ്പോർട്ടിന്റെ വിശദാംശങ്ങൾക്കൊപ്പം ഒരു ഇമെയിൽ പരാതി ഹർജി ലഭിച്ചതിനെത്തുടർന്ന് (2020 നവംബർ 18), സർവ്വകലാശാല ഒരു അന്വേഷണം ആരംഭിക്കുകയും (2021 ഒക്ടോബർ) ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തു (2021 ഡിസംബർ 03). അതിന്റെ ഫലമായിട്ടുള്ള അന്വേഷണ റിപ്പോർട്ടിന്റെ (2022 മേയ്) അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് പിരിച്ചുവിട്ടു (2022 ജൂൺ).

ഉദ്യോഗസ്ഥൻ ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ചതും (2008 മെയ് 31) ബ്രിട്ടീഷ് പൗരത്വം നേടിയതും മറച്ചുവച്ചത് വഴി, സർവീസ് പെരുമാറ്റ ചട്ടങ്ങളും പൗരത്വ നിയമങ്ങളും ലംഘിക്കുകയും, കൂടാതെ, ശമ്പളവും അലവൻസുമായി ₹76.88 ലക്ഷം (2013 നവംബർ മുതൽ 2022 മാർച്ച് വരെ) കൈപ്പറ്റുകയും ചെയ്തു. ഉദ്യോഗസ്ഥനെതിരെ വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടും അദ്ദേഹത്തിനെതിരെ അന്വേഷണം ആരംഭിക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് 11 മാസത്തെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. മുൻകൂർ കൈപ്പറ്റിയതും[58] റസിഡൻഷ്യൽ ക്വാർട്ടറിന്റെ വാടകയും ചേർത്ത് കുടിശ്ശികയായ ₹18.91 ലക്ഷം (2025 മാർച്ച്) സർവ്വകലാശാല തിരിച്ചുപിടിച്ചിട്ടില്ല.

ഉദ്യോഗസ്ഥനോട് ₹8.16 ലക്ഷം, മുൻകൂർ തുക കൈപ്പറ്റിയ തീയതി മുതൽ മുഴുവൻ തുകയ്ക്കും 18 ശതമാനം നിരക്കിൽ പിഴപ്പലിശയുമടക്കം തീർപ്പാക്കാൻ നിർദ്ദേശിച്ചതായി (2025 ജൂൺ) സർക്കാർ അറിയിച്ചു (2025 ജൂലൈ). കുടിശ്ശികകൾ തിരിച്ചടയ്ക്കാനുള്ള നിർദ്ദേശത്തോട് ഉദ്യോഗസ്ഥൻ അനുകൂലമായി പ്രതികരിക്കാത്തതിനാൽ, കുടിശ്ശിക ഈടാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് നിയമോപദേശം തേടാൻ സർവ്വകലാശാല തീരുമാനിച്ചതായും സർക്കാർ അറിയിച്ചു.

### 2.8.7. സർക്കാർ നിർത്തലാക്കിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയത്

ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷൻ നടപ്പാക്കൽ ഉത്തരവുകളിലെ സർക്കാർ നിർദ്ദേശമനുസരിച്ച് (2011 ഫെബ്രുവരി 26) പൂൾ ഓഫീസർ, പമ്പ് ഓപ്പറേറ്റർ ഹയർ ഗ്രേഡ്, സീനിയർ ഇലക്ട്രീഷ്യൻ തുടങ്ങിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതി നിർത്തലാക്കേണ്ടതാണ്. ഉത്തരവ് പ്രകാരം, ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ച തീയതിയിൽ ഈ തസ്തികയിൽ നിലവിലുണ്ടായിരുന്നവർക്ക് മാത്രമേ പുതുക്കിയ അനുബന്ധ സ്കെയിൽ ലഭിക്കാൻ അർഹതയുള്ളൂ. ശമ്പള പരിഷ്കരണ ഉത്തരവുകൾ നടപ്പിലാക്കാനും (2011 ഏപ്രിൽ 27), നിലവിലുള്ളവർ സ്ഥാനം ഒഴിയുമ്പോൾ തസ്തികകൾ നിർത്തലാക്കാനും (2012 സെപ്റ്റംബർ), ഇതുസംബന്ധിച്ച് കാലിക്കറ്റ് സർവ്വകലാശാല ഓർഡിനൻസിൽ ഭേദഗതികൾ വരുത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചു. എന്നാൽ, ശമ്പള പരിഷ്കരണ ഉത്തരവിനു ശേഷം 13 വർഷമായിട്ടും ഓർഡിനൻസിൽ ഭേദഗതി വരുത്തിയിട്ടില്ല (2025 മാർച്ച്). 2014-20 കാലയളവിൽ സർക്കാർ ഉത്തരവ് ലംഘിച്ച് താഴെപ്പറയുന്ന സ്ഥാനക്കയറ്റങ്ങൾ നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- **പൂൾ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം**

  ഓർഡിനൻസിൽ ഭേദഗതി വരുത്താതിരുന്നതിനാൽ, പൂൾ ഓഫീസറുടെ ഫീഡർ വിഭാഗമായിരുന്ന സെക്ഷൻ ഓഫീസർ (ഫെയർ കോപ്പി ആൻഡ് ഡിസ്പാച്ച്) ഹയർ ഗ്രേഡ് തസ്തികയിലെ ഉദ്യോഗസ്ഥർ കോടതിയെ സമീപിക്കുകയും അവർക്ക് അനുകൂലമായ ഉത്തരവുകൾ നേടുകയും ചെയ്തു. പൂൾ ഓഫീസർ തസ്തികയിലെ ഒഴിവുകൾ

[58] ഗ്ലോബൽ ഇനിഷിയേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്ക് (ജിഐഎഎൻ) പ്രോഗ്രാമിന് വേണ്ടി മുൻകൂറായി 2019 ജൂലൈ 30-ന് ₹8,16,000 കൈപ്പറ്റിയതും 18 ശതമാനം പലിശനിരക്കിൽ 31 ഡിസംബർ 2024 വരെയുള്ള പലിശയായ ₹7,95,600-ഉം, റസിഡൻഷ്യൽ ക്വാർട്ടറിന്റെ വാടകയും വാടകപ്പലിശയുമായ ₹2,79,528 ഉം.

നികത്താനും തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന ഹർജിക്കാരുടെ വാദം പരിഗണിക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി സർവ്വകലാശാലയോട് നിർദ്ദേശിച്ചു[59]. തൽഫലമായി 11 പേർക്ക് പൂൾ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു.

- **സീനിയർ ഇലക്ട്രീഷ്യൻ, പമ്പ് ഓപ്പറേറ്റർ ഹയർ ഗ്രേഡ് തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം**

  നിർത്തലാക്കിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതി സർവ്വകലാശാല പിന്തുടരുകയും ആറ് ഉദ്യോഗസ്ഥരെ സീനിയർ ഇലക്ട്രീഷ്യൻ തസ്തികയിലേക്കും ഏഴ് പേരെ പമ്പ് ഓപ്പറേറ്റർ ഹയർ ഗ്രേഡ് തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുകയും ചെയ്തു.

  നിലവിലില്ലാത്ത തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്ന രീതി സർവ്വകലാശാലയ്ക്ക് ഒഴിവാക്കാമായിരുന്ന സാമ്പത്തിക ബാധ്യത സൃഷ്ടിച്ചു. സർവ്വകലാശാല ഉടനടി നടപടി സ്വീകരിച്ച് ഓർഡിനൻസിൽ ഭേദഗതി വരുത്തിയിരുന്നെങ്കിൽ, കോടതി വ്യവഹാരങ്ങളും തത്ഫലമായുള്ള സ്ഥാനക്കയറ്റങ്ങളും ഒഴിവാക്കാമായിരുന്നു.

ഓർഡിനൻസുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന് മുമ്പാകെ സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സർവ്വകലാശാല ആരംഭിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി **(2025 ജൂലൈ).**

എന്നാൽ, 2011-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ സർവ്വകലാശാല ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്നത്, സംസ്ഥാന സർക്കാർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സർവ്വകലാശാലയുടെ അലംഭാവത്തെ സൂചിപ്പിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

## 2.9. പരീക്ഷ

### 2.9.1. സർവ്വകലാശാലയുടെ പരീക്ഷാ പ്രക്രിയ

അഫിലിയേറ്റഡ് കോളേജുകളിലെ എല്ലാ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളിലെയും പരീക്ഷകൾ സർവ്വകലാശാല തയ്യാറാക്കുന്ന പരീക്ഷാകലണ്ടർ അനുസരിച്ച് വിവിധ പരീക്ഷാകേന്ദ്രങ്ങളിലാണ് നടത്തുന്നത്. സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള മൂല്യനിർണ്ണയ ക്യാമ്പുകളിൽ മൂല്യ നിർണ്ണയത്തിനുശേഷം പരീക്ഷാഭവനിൽ ഉത്തരക്കടലാസുകളുടെ ടാബുലേഷൻ നടത്തുന്നു. ഉത്തരക്കടലാസിൽ ലഭിച്ച മാർക്കുകളോടൊപ്പം ഇന്റേണൽ മാർക്കുകൾ, ഗ്രേസ്മാർക്കുകൾ[60] എന്നിവ ചേർക്കൽ, പാസ്ബോർഡിന്റെ[61] ഉത്തരവുകൾ അനുസരിച്ച് മോഡറേഷൻ നൽകൽ എന്നിവയാണ് ടാബുലേഷൻ പ്രക്രിയയിൽ ഉൾപ്പെടുന്നത്. മോഡറേഷൻ നൽകുന്നതിനു മുൻപ് ഗ്രേസ് മാർക്കും പുനർമൂല്യനിർണ്ണയ മാർക്കും നൽകുന്നു. പരീക്ഷകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് മാർക്ക് ഷീറ്റുകളും സർട്ടിഫിക്കറ്റുകളും നൽകുന്നു. ഫലം പ്രസിദ്ധീകരിച്ച് 10 ദിവസങ്ങൾ/പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നിശ്ചിത ഫീസ് നൽകിയതിനുശേഷം വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്. മൾട്ടിപ്പിൾ ചോയിസ് ചോദ്യപരീക്ഷകൾക്ക് (എംസിക്യൂ) പുനർ മൂല്യനിർണ്ണയമില്ല. ഫലങ്ങളുടെ ടാബുലേഷൻ, 'ടാബുലേഷൻ സോഫ്റ്റ്‌വെയർ' വഴിയാണ് നടത്തുന്നത്. പരീക്ഷയുടെയും

[59] 2013-16 കാലയളവിൽ, നാല് കോടതി കേസുകളിൽ

[60] നാഷണൽ സർവ്വീസ് സ്കീമിലെ (എൻഎസ്എസ്) പങ്കാളിത്തം, വിവിധ കലാകായിക പ്രവർത്തനങ്ങൾ തുടങ്ങിയവ

[61] പരീക്ഷാ ബോർഡിലെ അംഗങ്ങളായ, ഓരോ വിഷയത്തിലെയും കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പിലെ ചെയർപേഴ്സൺമാർ ചേർന്നതാണ് അതതു വിഷയത്തിലെ പാസ്ബോർഡ്. നൽകാവുന്ന മോഡറേഷൻ മാർക്ക് നിശ്ചയിക്കുന്നത് പാസ്ബോർഡാണ്.

മൂല്യനിർണ്ണയത്തിന്റെയും പ്രക്രിയകൾ 2022 നവംബർ മുതൽ ഘട്ടംഘട്ടമായി കോളേജ് പോർട്ടൽ സോഫ്റ്റ്‌വെയറിൽ സംയോജിപ്പിച്ചു.

ഡാറ്റാബേസിന്റെ സമഗ്രത വിലയിരുത്താനും ആന്തരിക നിയന്ത്രണങ്ങൾ പര്യാപ്തമാണോ എന്നു പരിശോധിക്കാനും വേണ്ടി സ്റ്റുഡന്റ്പോർട്ടൽ, കോളേജ് പോർട്ടൽ, ബിരുദ ബിരുദാന്തരബിരുദ ടാബുലേഷൻ സോഫ്റ്റ്‌വെയർ എന്നിവയുടെ, സർവ്വകലാശാലയിൽ നിന്നും ലഭിച്ച 2025 ഡിസംബർ വരെയുള്ള ഡാറ്റാബേസ് ഓഡിറ്റ് വിശകലനം ചെയ്തു. ഈ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഓഡിറ്റ് കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### 2.9.2. ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയത്തിൽ നൽകിയ മാർക്കുകളിലെ ഗണ്യമായ വ്യത്യാസം

സർവ്വകലാശാല നടത്തുന്ന ഓരോ കോഴ്സിനും രണ്ടു ഘടകങ്ങൾ ഉൾക്കൊള്ളുന്ന മൂല്യ നിർണ്ണയ പ്രക്രിയയാണുള്ളത്, ആന്തരിക വിലയിരുത്തലും (20 ശതമാനം മുൻതൂക്കം), ബാഹ്യവിലയിരുത്തലും (80 ശതമാനം മുൻതൂക്കം). സർവ്വകലാശാല നൽകുന്ന കൃത്യമായ മൂല്യനിർണ്ണയപദ്ധതിയും ഉത്തരസൂചികകളും ഉപയോഗിച്ചാണ് പരിശോധകർ ഉത്തരക്കടലാസുകൾ വിലയിരുത്തുന്നത്.

ഉത്തരക്കടലാസുകളുടെ പ്രാരംഭ മൂല്യനിർണ്ണയം അഡീഷണൽ എക്സാമിനർ[62] നടത്തുന്നു. തുടർന്ന് ചീഫ് എക്സാമിനർ ഈ ഉത്തരക്കടലാസുകളുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും വിലയിരുത്തുകയും എല്ലാ ഉത്തരക്കടലാസുകളുടെയും പുനർ-ടാബുലേഷൻ നടത്തുകയും ചെയ്യുന്നു. ഇത്തരം പുനർ-ടാബുലേഷന്[63] ചെയർമാൻ മേൽനോട്ടം വഹിക്കുകയും പൊരുത്തക്കേടുകൾ കാണുന്നിടത്തെല്ലാം തിരുത്തലുകൾ വരുത്തുകയും ചെയ്യുന്നു. പൊരുത്തക്കേടുകൾ കണ്ടെത്തിയില്ലെങ്കിൽ, ചീഫ് എക്സാമിനർക്കോ, ചെയർമാനോ മാർക്കുകൾ മാറ്റമില്ലാതെ നിലനിർത്താം. മൂല്യനിർണ്ണയം നടത്തുന്നവർ നൽകുന്ന മാർക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടായാൽ ഏറ്റവും അവസാനം മൂല്യനിർണ്ണയം നടത്തുന്നയാൾ നൽകുന്ന മാർക്കാണ് അന്തിമമായി കണക്കാക്കുന്നത്.

മൂല്യനിർണ്ണയ പ്രക്രിയയിൽ അഡീഷണൽ എക്സാമിനർ, ചീഫ് എക്സാമിനർ, ചെയർമാൻ എന്നിവർ നൽകിയ മാർക്കുകളിൽ ഗണ്യമായ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടത് തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

#### *2.9.2.1. തിയറി പരീക്ഷകളിൽ നൽകിയ മാർക്കുകളിലെ ഗണ്യമായ അന്തരം*

കോളേജ് പോർട്ടൽ ഡാറ്റാബേസിന്റെ വിശകലനത്തിൽ, തിയറി പരീക്ഷകൾക്ക് അഡീഷണൽ എക്സാമിനറും ചീഫ് എക്സാമിനറും നൽകുന്ന മാർക്കുകളിലും, അഡീഷണൽ എക്സാമിനർ/ചീഫ് എക്സാമിനറും ചെയർമാനും നൽകുന്ന മാർക്കുകളിലും ഗണ്യമായ അന്തരം കണ്ടെത്തിയത് **പട്ടിക 2.5**-ൽ വിശദമാക്കിയിരിക്കുന്നു.

---

[62] എൻറോൾമെന്റിലെ കുറവ്, യോഗ്യരായ അധ്യാപകരുടെ ലഭ്യതയില്ലായ്മ തുടങ്ങിയ അവസരങ്ങളിൽ ചീഫ് എക്സാമിനർ/ചെയർമാൻ അഡീഷണൽ എക്സാമിനറുടെ ചുമതല ഏറ്റെടുക്കുന്നു.

[63] ഒരു വിദ്യാർത്ഥിയുടെ ഉത്തരക്കടലാസിൽ നൽകിയ മാർക്കുകൾ കൂട്ടുന്ന പ്രക്രിയയെ പുനഃപരിശോധന നടത്തുന്നതാണ് പുനർടാബുലേഷൻ. ഈ പ്രക്രിയയിൽ, ഉത്തരങ്ങളുടെ പുനർമൂല്യനിർണ്ണയം നടത്തുന്നില്ല. എന്നാൽ, എല്ലാ ചോദ്യങ്ങൾക്കും മാർക്ക് നൽകിയിട്ടുണ്ടെന്നും അവ കൃത്യമായി കൂട്ടിയിട്ടുണ്ടെന്നും കവർപേജ്/റിസൾട്ട് ഷീറ്റിൽ മാർക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കുന്നു.

**പട്ടിക 2.5: മൂല്യനിർണ്ണയം നടത്തിയ പരിശോധകർ നൽകിയ മാർക്കിലെ അന്തരം**

| പരീക്ഷാ വർഷം | മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ എണ്ണം | അഡീഷണൽ എക്സാമിനറും ചീഫ് എക്സാമിനറും നൽകിയ മാർക്കുകളിൽ വ്യത്യാസമുണ്ടായ ഉത്തരക്കടലാസുകളുടെ എണ്ണം | അഡീഷണൽ എക്സാമിനർ/ ചീഫ് എക്സാമിനറും ചെയർമാനും നൽകിയ മാർക്കുകളിൽ വ്യത്യാസമുണ്ടായ ഉത്തരക്കടലാസുകളുടെ എണ്ണം |
|---|---|---|---|
| 2022* | 20630 | 3248 | 46 |
| 2023 | 815526 | 75312 | 4076 |
| 2024 | 2478846 | 212274 | 12030 |
| **ആകെ** | **3315002** | **290834** | **16152** |

**2022 നവംബർ മുതൽ വാല്യുവേഷൻ കോളേജ് പോർട്ടലിലൂടെ ഘട്ടംഘട്ടമായിട്ടാണ് നടത്തിയത്.*
*(ഉറവിടം: കോളേജ് പോർട്ടലിൽ നിന്നും ലഭിച്ച ഡാറ്റ)*

അഡീഷണൽ എക്സാമിനർ വിലയിരുത്തിയ **32,37,975**[64] ഉത്തരക്കടലാസുകളിൽ, ചീഫ് എക്സാമിനർ പുനർ മൂല്യനിർണ്ണയം/ പരിശോധന നടത്തിയപ്പോൾ **2,90,834** ഉത്തരക്കടലാസുകളിൽ **(8.98** ശതമാനം**)** മാർക്കിന്റെ അന്തരം പരമാവധി മാർക്കിന്റെ ഒന്നു മുതൽ **93** ശതമാനം വരെയായിരുന്നെന്ന് ഓഡിറ്റ് കണ്ടെത്തി.

ചെയർമാൻ പുനർടാബുലേഷൻ നടത്തിയതിന്റെ ഫലമായി **16,152** ഉത്തരക്കടലാസിലെ മാർക്കുകളിൽ അന്തരമുണ്ടായി. ഈ വ്യത്യാസം വിശകലനം ചെയ്തപ്പോൾ, മാർക്കുകളിലെ അന്തരം പരമാവധി മാർക്കിന്റെ ഒന്നു മുതൽ **90** ശതമാനം വരെയായിരുന്നു. **127** ഉത്തരക്കടലാസുകളിൽ, അഡീഷണൽ എക്സാമിനറും ചീഫ് എക്സാമിനറും നൽകിയ മാർക്കുകൾ തമ്മിലുള്ള അന്തരം പരമാവധി മാർക്കിന്റെ **40** ശതമാനത്തിൽ കൂടുതലായിരുന്നു. അഡീഷണൽ എക്സാമിനർ/ചീഫ് എക്സാമിനർ വിലയിരുത്തിയ ഉത്തരക്കടലാസുകൾ ചെയർമാൻ പരിശോധിച്ചപ്പോൾ **80** ഉത്തരക്കടലാസുകളിൽ **40** ശതമാനത്തിൽ കൂടുതലായിരുന്നു അന്തരം.

സർവ്വകലാശാല നൽകിയ കൃത്യമായ മൂല്യനിർണ്ണയപദ്ധതിയും ഉത്തരസൂചികകളും ഉപയോഗിച്ചാണ് പരിശോധകർ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തിയതെങ്കിലും, ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുകയോ പരിശോധിക്കുകയോ ചെയ്തപ്പോൾ മാർക്കുകളിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിരുന്നു.

മാർക്കുകൾ തമ്മിലുള്ള കാര്യമായ പൊരുത്തക്കേടുകൾ പ്രധാനമായും സംഭവിച്ചത് അഡീഷണൽ എക്സാമിനർ മാർക്കുകൾ രേഖപ്പെടുത്തിയതിലോ കണക്കുകൂട്ടിയതിലോ ഉണ്ടായ പിശകുകൾ മൂലമാണെന്നും അവ ചീഫ് എക്സാമിനർ വിശദമായ പരിശോധനയിൽ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യുമെന്നും സർക്കാർ പ്രസ്താവിച്ചു **(2025** ജൂലൈ**)**. ഓഡിറ്റ് നിരീക്ഷണങ്ങൾ ഗൗരവമായി എടുക്കുന്നുണ്ടെന്നും ഉചിതമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ ഉറപ്പു നൽകി. കൂടാതെ, സമാപന കൂടിക്കാഴ്ചയിൽ **(2025** ജൂലൈ**)** പ്രിൻസിപ്പൽ സെക്രട്ടറി പരീക്ഷാസമ്പ്രദായത്തിന് ഒരു കുറ്റമറ്റ നയം ആവശ്യമാണെന്ന് ഊന്നിപ്പറഞ്ഞു.

എല്ലാ ഉത്തരക്കടലാസുകളും ചീഫ് എക്സാമിനർ പുനർമൂല്യനിർണ്ണയത്തിന് നിർബന്ധമായും വിധേയമാക്കേണ്ടതില്ലാത്തതിനാൽ, ശേഷിക്കുന്ന ഉത്തര-

[64] **33,15,002** ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയതിൽ, **77,027** എണ്ണത്തിൽ ആദ്യ മൂല്യനിർണ്ണയം നടത്തിയത് ചീഫ് എക്സാമിനറാണ്

ക്കടലാസുകളിൽ വൈരുദ്ധ്യമുണ്ടെങ്കിൽ അത് കണ്ടെത്താനാകാതെ തുടരുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### *2.9.2.2. ഒബ്ജക്ടീവ് പരീക്ഷയിലെ മാർക്കുകളിലുണ്ടായ ഗണ്യമായ വ്യത്യാസം*

സർവ്വകലാശാലയുടെ വിവിധ റഗുലേഷനുകൾ, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം യുജി റഗുലേഷൻസ് 2019 (യുജി റഗുലേഷൻസ് 2019), കാലിക്കറ്റ് സർവ്വകലാശാല ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം യുജി റഗുലേഷൻസ് 2014, (യുജി റഗുലേഷൻസ് 2014) ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം പിജി റഗുലേഷൻസ് 2019 (പിജി റഗുലേഷൻസ് 2019) എന്നിവ പ്രകാരം, സ്കൂൾ ഓഫ് ഡിസ്റ്റന്റ്സ് എഡ്യുക്കേഷൻ (എസ്ഡിഇ) വിദ്യാർത്ഥികൾക്കുള്ള ഇന്റേണൽ അസസ്മെന്റ്, എസ്ഡിഇയുടെ ബാഹ്യ പരീക്ഷയോടൊപ്പം നടത്തുന്ന ഫിൽ ഇൻദ ബ്ലാങ്ക്/മൾട്ടിപ്പിൾ ചോയിസ് ടൈപ്പ് (എംസിക്യൂ) പരീക്ഷയിൽ ലഭിച്ച മാർക്കിനെ അടിസ്ഥാനമാക്കിയായിരിക്കും. ബാഹ്യ പരീക്ഷയുടെയും ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയുടെയും മൂല്യനിർണ്ണയം നടത്തി ഡാറ്റാബേസിൽ വെവ്വേറെ രേഖപ്പെടുത്തുന്നു.

കോളേജ് പോർട്ടൽ ഡാറ്റാബേസിന്റെ വിശകലനത്തിൽ അഡീഷണൽ എക്സാമിനർ/ ചീഫ് എക്സാമിനർ/ ചെയർമാൻ എന്നിവർ നൽകുന്ന മാർക്കുകളിൽ ഗണ്യമായ വ്യത്യാസങ്ങൾ കണ്ടെത്തിയത് **പട്ടിക 2.6-ൽ** വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.6: മൂല്യനിർണ്ണയം നടത്തിയ പരിശോധകർ നൽകിയ മാർക്കിലെ വ്യത്യാസം**

| പരീക്ഷ നടത്തിയ വർഷം* | മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളുടെ എണ്ണം | അഡീഷണൽ എക്സാമിനറും ചീഫ് എക്സാമിനറും നൽകിയ മാർക്കുകളിൽ വ്യത്യാസമുണ്ടായ ഉത്തരക്കടലാസുകളുടെ എണ്ണം | അഡീഷണൽ എക്സാമിനർ / ചീഫ് എക്സാമിനറും ചെയർമാനും നൽകിയ മാർക്കുകളിൽ വ്യത്യാസമുണ്ടായ ഉത്തരക്കടലാസുകളുടെ എണ്ണം |
|---|---|---|---|
| 2023 | 165944 | 1095 | 240 |
| 2024 | 548712 | 2665 | 385 |
| **ആകെ** | **714656** | **3760** | **625** |

**2022 വർഷത്തിൽ വ്യതിയാനം കണ്ടെത്തിയില്ല*
*(ഉറവിടം: കോളേജ് പോർട്ടലിൽ നിന്നും ലഭിച്ച ഡാറ്റ)*

**6,97,569**[65] ഉത്തരക്കടലാസുകളിൽ ചീഫ് എക്സാമിനറുടെ പുനർമൂല്യനിർണ്ണയം/സൂക്ഷ്മപരിശോധനയിൽ, **3760** ഉത്തരക്കടലാസുകൾക്ക് പരമാവധി മാർക്കിന്റെ നാലു ശതമാനം മുതൽ **95** ശതമാനം വരെ വ്യതിയാനം വന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ചെയർമാൻ ഉത്തരക്കടലാസുകൾ റീടാബുലേഷൻ നടത്തിയപ്പോൾ **625** ഉത്തരക്കടലാസുകളിൽ പരമാവധി മാർക്കിന്റെ നാലു ശതമാനം മുതൽ **92** ശതമാനം വരെ വ്യത്യാസം കണ്ടെത്തി. രണ്ട് സന്ദർഭങ്ങളിൽ 'പൂജ്യം' എന്ന് ആദ്യം നൽകിയ മാർക്ക് **10** മാർക്കായി വർദ്ധിച്ചു.

**142** ഉത്തരക്കടലാസുകളിൽ, അഡീഷണൽ എക്സാമിനറും ചീഫ് എക്സാമിനറും നൽകിയ മാർക്കുകൾ തമ്മിലുള്ള വ്യത്യാസം പരമാവധി മാർക്കിന്റെ **40** ശതമാനത്തിൽ കൂടുതലായിരുന്നു. അഡീഷണൽ എക്സാമിനർ/ ചീഫ് എക്സാമിനർ മൂല്യനിർണ്ണയം നടത്തിയ

---

[65] **7,14,656** ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയതിൽ **17,087** എണ്ണത്തിൽ ആദ്യ മൂല്യനിർണ്ണയം നടത്തിയത് ചീഫ് എക്സാമിനറായിരുന്നു

ഉത്തരക്കടലാസുകൾ ചെയർമാൻ പരിശോധിച്ചപ്പോൾ 13 ഉത്തരക്കടലാസുകളിൽ വ്യത്യാസം 40 ശതമാനത്തിൽ കൂടുതലായിരുന്നു.

ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ വ്യത്യസ്ത തലങ്ങളിൽ നൽകിയ മാർക്കുകളിലെ വ്യതിയാനങ്ങൾ ന്യായീകരിക്കാനാവില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എംസിക്യൂ /ഫിൽ ഇൻ ദ ബ്ലാങ്ക് മൂല്യനിർണ്ണയങ്ങൾ ഒബ്ജക്ടീവ് ടൈപ്പ് ആയതിനാലും, മുൻകൂട്ടി തയ്യാറാക്കിയ ഉത്തരസൂചികകളുടെ അടിസ്ഥാനത്തിലായതിനാലും, നൽകുന്ന മാർക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ടാകാൻ പാടില്ലാത്തതാണ്.

മൂല്യനിർണ്ണയം നടത്തുന്ന പരിശോധകർ മാർക്കുകൾ രേഖപ്പെടുത്തുന്നതിലെ പിശകുകളാണ് വ്യത്യാസങ്ങൾക്ക് കാരണമെന്നും, ഇത് പിന്നീട് ചീഫ് എക്സാമിനർ/ചെയർമാൻ കണ്ടെത്തി തിരുത്തിയെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). എല്ലാ പരിശോധകർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും നിലവിലുള്ള സംവിധാനം ശക്തമാക്കി പോരായ്മകൾ പരിഹരിക്കുന്നതിനും മൂല്യനിർണ്ണയപ്രക്രിയയുടെ സമഗ്രത വർദ്ധിപ്പിക്കുന്നതിനുമുള്ള അധിക നടപടികൾ സ്വീകരിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി.

മുൻ ഖണ്ഡികയിൽ പറഞ്ഞതുപോലെ, എല്ലാ ഉത്തരക്കടലാസുകളും ചീഫ് എക്സാമിനർ പുനർമൂല്യനിർണ്ണയത്തിന് വിധേയമാക്കേണ്ടത് നിർബന്ധമല്ലാത്തതിനാൽ, ശേഷിക്കുന്ന ഉത്തരക്കടലാസുകളിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടായാൽ അത് കണ്ടെത്താതിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. കൂടാതെ, എംസിക്യൂ അധിഷ്ഠിത പരീക്ഷകൾക്ക് പുനർമൂല്യനിർണ്ണയ നടപടികൾ ഇല്ലാത്തതിനാൽ, തങ്ങൾക്ക് ലഭിച്ച മാർക്ക് കുറഞ്ഞുവെന്ന് തോന്നിയാൽ വിദ്യാർത്ഥികൾക്ക് പരിഹാരനടപടികൾ സ്വീകരിക്കാൻ കഴിയാതെയാകുന്നു. അതിനാൽ മറുപടി സ്വീകാര്യമല്ല.

### 2.9.3. ബിരുദ/ബിരുദാനന്തര പ്രോഗ്രാമുകളിലെ ഫലങ്ങൾ അന്തിമമാക്കാത്തത്

2019-23[66] കാലയളവിൽ, അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദപ്രോഗ്രാമുകളുടെ 1,11,67,145 ഉത്തരക്കടലാസുകളും ബിരുദാനന്തര പ്രോഗ്രാമുകളുടെ 16,78,845 ഉത്തരക്കടലാസുകളും പരീക്ഷാഭവൻ ടാബുലേഷൻ നടത്തി.

ബിരുദ ടാബുലേഷൻ ഡാറ്റാബേസ് പരിശോധിച്ചപ്പോൾ, 116 ബിരുദ പരീക്ഷാ ഉത്തരക്കടലാസുകളുടെ[67] ഫലങ്ങൾ ഇതുവരെയും അന്തിമമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു(2024 ഡിസംബർ). ഇതിൽ 57 കേസുകളിൽ, അന്തിമമാക്കാത്തതിന്റെ കാരണം പരീക്ഷാഭവൻ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ, 2023-ൽ മൂല്യനിർണ്ണയക്യാമ്പിൽ നിന്ന് മാർക്ക് ലഭിക്കാത്തതിനാൽ രണ്ട് ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ ഫലങ്ങൾ തടഞ്ഞുവയ്ക്കുകയുണ്ടായി.

അതുപോലെ, ബിരുദാനന്തര പ്രോഗ്രാമുകളിൽ, 16,78,845 ഉത്തരക്കടലാസുകളിൽ, 3908 എണ്ണത്തിന്റെ[68] ഫലം അന്തിമമാക്കാൻ കഴിഞ്ഞിരുന്നില്ല (2024 ഡിസംബർ). ഇതിൽ, 3894 കേസുകളിൽ, അന്തിമമാക്കാത്തതിന്റെ കാരണം രേഖപ്പെടുത്തിയിരുന്നില്ല.

ഉത്തരക്കടലാസുകളുടെ അന്തിമഫലം പ്രസിദ്ധീകരിക്കാത്തതിനാൽ, മുകളിൽപ്പറഞ്ഞ കേസുകളിൽ പരീക്ഷാഫലം പ്രഖ്യാപിച്ചിരുന്നില്ല.

---

66 അന്തിമമാക്കൽ പ്രക്രിയ പൂർത്തീകരിക്കാത്തതിനാൽ 2024 വർഷത്തെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല.

67 2019-ലെ 53 കേസുകളും, 2020 ലെ 08 കേസുകളും, 2021-ലെ 05 കേസുകളും, 2022-ലെ 10 കേസുകളും, 2023-ലെ 40 കേസുകളും

68 2019-ലെ 25 കേസുകളും, 2020-ലെ 38 കേസുകളും, 2021-ലെ 37 കേസുകളും, 2022-ലെ 119 കേസുകളും,2023-ലെ 3689 കേസുകളും

ഉത്തരക്കടലാസുകൾ അന്തിമമാക്കാത്തതിന് സർവ്വകലാശാല ഒരു കാരണവും വ്യക്തമാക്കാത്തതിനാൽ, ഈ കേസുകളിലെ സുതാര്യതയില്ലായ്മ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഒരു പാഠ്യപദ്ധതിയിൽ നിന്നും മറ്റൊന്നിലേക്ക് മാറിയത്, റീ-അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ ഫലങ്ങൾ ഏകീകരിക്കുന്നതിലെ സങ്കീർണ്ണതകൾ, കോഴ്സിന്റെയോ പേപ്പറിന്റെയോ തെറ്റായ രജിസ്ട്രേഷൻ, മാർക്ക് ലഭിക്കുന്നതിലെ കാലതാമസം തുടങ്ങിയ കാരണങ്ങളാൽ ഫലം അന്തിമമാക്കാൻ കഴിഞ്ഞില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ഓഡിറ്റ് ചൂണ്ടിക്കാണിച്ച കേസുകൾ അവലോകനം ചെയ്യുകയും പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഫലങ്ങളുടെ സമയബന്ധിതവും കൃത്യവുമായ പ്രോസസിംഗ് ഉറപ്പാക്കുന്നതിന് നടപടികളെടുക്കുമെന്നും പ്രസ്താവിച്ചു. കൂടാതെ, തീർപ്പാക്കാത്ത ഉത്തരക്കടലാസുകൾ അന്തിമമാക്കുന്നതിന് ഒരു പ്രത്യേക സമയപരിധി നിശ്ചയിക്കുമെന്ന് സമാപന കൂടിക്കാഴ്ചയിൽ (2025 ജൂലൈ) പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്താവിച്ചു.

### 2.9.4. ബിരുദ/ബിരുദാനന്തര പരീക്ഷകളിൽ മോഡറേഷൻ മാർക്ക് നൽകാത്തത്

2014-ലെയും 2019-ലെയും റഗുലേഷനുകളിലെ നിബന്ധന 8 അനുസരിച്ചാണ് ബിരുദപരീക്ഷാ പ്രക്രിയ നടത്തുന്നത്. സിയൂസിബിസിഎസ്എസ് 2014-ലെ നിബന്ധന 9.4-ൽ വിശദമാക്കിയിരിക്കുന്ന മൂല്യനിർണ്ണയപ്രക്രിയയിലെ മോഡറേഷൻ മാർക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ച്, ഒരു സെമസ്റ്ററിലെ മൊത്തം എക്സ്റ്റേണൽ മാർക്കിന്റെ അഞ്ചു ശതമാനമായും ഒരു കോഴ്സിന്[69] പരമാവധി 10 ശതമാനമായും മോഡറേഷൻ പരിമിതപ്പെടുത്തണം. ഒരു വിദ്യാർത്ഥി ഒരു വിഷയത്തിൽ മാത്രം പരാജയപ്പെട്ടാൽ, ഈ പരിധി 15 ശതമാനമായി ഉയർത്താവുന്നതാണ്. ബന്ധപ്പെട്ട പരീക്ഷാ ബോർഡിന് ഈ പരിധിയ്ക്കുള്ളിൽ മോഡറേഷൻ ശതമാനം നൽകാവുന്നതാണ്. അതേ സമയം, സിബിസിഎസ്എസ് 2019-ലെ നിബന്ധന 8.9 അനുസരിച്ച്, അക്കാദമിക് കൗൺസിലിന്റെ ഉത്തരവുകൾ പ്രകാരമാണ് മോഡറേഷൻ അനുവദിക്കേണ്ടിയിരുന്നത്.

സിബിസിഎസ്എസ് ടാബുലേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അഫിലിയേറ്റഡ് കോളേജിലെ ബിരുദ പ്രോഗ്രാമുകളുടെ മാർക്ക് ടാബുലേഷൻ നടത്തിയത്. മാർക്കുകളുടെ ഡാറ്റാ എൻട്രിയ്ക്കു ശേഷം, ബന്ധപ്പെട്ട സെക്ഷൻ, മാർക്കുകൾ അന്തിമമാക്കുകയും മോഡറേഷന്റെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുകയും ചെയ്യുന്നു. ഈ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ, പാസ്ബോർഡ്, നൽകാവുന്ന മോഡറേഷൻ നിർണ്ണയിക്കുന്നു. പാസ്ബോർഡ് മിനിട്ട്സ് വിസി അംഗീകരിച്ചുകഴിഞ്ഞാൽ, അംഗീകൃത രേഖകൾ അനുസരിച്ച്, ഡിജിറ്റൽ വിഭാഗം മോഡറേഷൻ നൽകുന്നു. പുനർമൂല്യനിർണ്ണയം, ഗ്രേസ്മാർക്ക് തുടങ്ങിയവ കാരണം മാർക്കുകളിൽ മാറ്റമുണ്ടായാൽ, മോഡറേഷൻ പൂജ്യത്തിലേക്ക് പുനഃക്രമീകരിക്കുകയും, തുടർന്നും ഒരു വിദ്യാർത്ഥിക്ക് വിജയിക്കാൻ മോഡറേഷൻ ആവശ്യമായി വന്നാൽ, ആവശ്യമായ മോഡറേഷൻ മാനുവൽ രീതിയിൽ നൽകാവുന്നതുമാണ്.

ബിരുദാനന്തര പാഠ്യപ്രോഗ്രാമുകൾക്ക് ക്രെഡിറ്റ് സെമസ്റ്റർ സംവിധാനം (സിയുസിഎസ്എസ്-പിജി-2010) 2010-ൽ ആരംഭിക്കുകയും, 2019 മുതലുള്ള പ്രവേശനത്തിന് സിബിസിഎസ്എസ് പിജി റഗുലേഷൻസ് 2019 ബാധകമാവുകയും ചെയ്തു. ഈ റഗുലേഷനുകളിൽ മോഡറേഷനെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നില്ലെങ്കിലും അക്കാദമിക് കൗൺസിലിന്റെ ഉത്തരവുകൾ പ്രകാരമാണ് ഇത് ബാധകമാക്കിയത്.

---

[69] ഒരൊറ്റ വിഷയവുമായി ബന്ധപ്പെട്ടത്

മോഡറേഷൻ മാർക്ക് നൽകിയതിൽ കണ്ടെത്തിയ പ്രശ്നങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

### *2.9.4.1. മോഡറേഷൻ മാർക്ക് നൽകാത്തതിന്റെ ഫലമായി ബിരുദ/ ബിരുദാനന്തര വിദ്യാർത്ഥികൾ പരീക്ഷകളിൽ പരാജയപ്പെട്ടത്*

ഓഡിറ്റ് കാലയളവിൽ, റഗുലർ ബിരുദപരീക്ഷകളിൽ നൽകിയ മോഡറേഷനെക്കുറിച്ചുള്ള ബിരുദ ടാബുലേഷൻ ഡാറ്റാബേസിലെ ഡാറ്റ വിശകലനം ചെയ്തപ്പോൾ **2,069** കേസുകളിൽ, ലഭിക്കേണ്ട മോഡറേഷൻ ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പരാജയപ്പെട്ടുവെന്നും ഒരു വിഷയം ഒഴികെ എല്ലാ വിഷയങ്ങളിലും മോഡറേഷൻ ഇല്ലാതെ ഈ വിദ്യാർത്ഥികൾ പാസ്മാർക്ക് നേടിയിരുന്നെന്നും ഓഡിറ്റ് കണ്ടെത്തി. പതിനഞ്ച് ശതമാനം വരെ മോഡറേഷന് അർഹത ഉണ്ടായിരുന്നിട്ടും അവർക്ക് മോഡറേഷൻ അനുവദിക്കാത്തതിനാൽ അവർ പരാജയപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടു.

ബിരുദ ടാബുലേഷൻ ഡാറ്റാബേസിലെ റിമാർക്ക് കോളം പരിശോധിച്ചപ്പോൾ, **2069** കേസുകളിൽ **902** കേസുകളിൽ പുനർമൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്ക് ഉൾപ്പെടുത്തിയതിനുശേഷം മോഡറേഷൻ നൽകിയിരുന്നില്ലെന്നും, **148** കേസുകളിൽ കായിക, കലാമേള, എൻഎസ്എസ് മുതലായവയിൽ പങ്കെടുക്കുന്നതിന് ഗ്രേസ് മാർക്ക് നൽകിയതിനുശേഷം മോഡറേഷൻ നൽകിയിരുന്നില്ലെന്നും, ഒരു കേസിൽ എസ്ഡിഇ സിയുസിബിസിഎസ്എസ്-ലേക്ക് സംയോജിപ്പിച്ചതിനുശേഷം മോഡറേഷൻ നൽകിയിരുന്നില്ലെന്നും, മോഡറേഷൻ മാർക്ക് പൂജ്യമാക്കി മാറ്റിയ **64** കേസുകളിൽ, 'അന്തിമമാക്കിയതിനു ശേഷം എഡിറ്റു ചെയ്തത്' എന്ന് റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തിയിരുന്നുവെന്നും ഓഡിറ്റ് കണ്ടെത്തി. ശേഷിക്കുന്ന **954** കേസുകളിൽ, റിമാർക്ക് കോളത്തിൽ വിവരങ്ങളൊന്നും ചേർക്കാത്തതിനാൽ ഓഡിറ്റിന് കാരണം കണ്ടെത്താൻ കഴിഞ്ഞില്ല.

അതുപോലെ, ഓഡിറ്റ് കാലയളവിൽ റഗുലർ ബിരുദാനന്തരപരീക്ഷകളിൽ നൽകിയ മോഡറേഷനെക്കുറിച്ചുള്ള ബിരുദാനന്തര ടാബുലേഷൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, ഒരു വിഷയം ഒഴികെ എല്ലാ വിഷയങ്ങളിലും ജയിക്കാനാവശ്യമായ മാർക്ക് നേടിയ ആറ് വിദ്യാർത്ഥികൾക്ക് അർഹമായ മോഡറേഷൻ നൽകാത്തതിനാൽ അവർ പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ടാബുലേഷൻ ഡാറ്റാബേസിലെ റിമാർക്ക് കോളം പരിശോധിച്ചപ്പോൾ, ഒരു കേസിൽ ഗ്രേസ് മാർക്ക്[70] നൽകിയതിനുശേഷം മോഡറേഷൻ മാർക്ക് നൽകിയിരുന്നില്ലെന്നും, മോഡറേഷൻ മാർക്ക് പൂജ്യമായി മാറ്റിയ അഞ്ച് കേസുകളിൽ 'അന്തിമമാക്കിയതിനു ശേഷം എഡിറ്റു ചെയ്തത്' എന്ന് റിമാർക്ക് കോളത്തിൽ രേഖപ്പെടുത്തിയിരുന്നതായും ഓഡിറ്റ് കണ്ടെത്തി.

മോഡറേഷൻ നൽകാത്ത സംഭവങ്ങൾ പല കേസുകളിലും വിദ്യാർത്ഥികളുടെ പരീക്ഷാപരാജയത്തിന് നേരിട്ടു കാരണമായിട്ടുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ട് ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ അംഗീകരിച്ചു (**2025** ജൂലൈ). ഓരോ കേസും നിലവിൽ പരിശോധിച്ചുവരുകയാണെന്നും ഭാവിയിൽ ഇത്തരം പൊരുത്തക്കേടുകൾ തടയുന്നതിനുള്ള ദീർഘകാല പരിഹാരങ്ങൾ സർവ്വകലാശാല പരിഗണിക്കുന്നു എന്നും പറയുകയുണ്ടായി.

---

[70] കായികം, കലോൽസവങ്ങൾ, എൻഎസ്എസ് തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനുള്ള ഗ്രേസ് മാർക്ക്

### *2.9.4.2. അധിക മോഡറേഷൻ മാർക്ക് നൽകിയതിനാൽ, പരാജയപ്പെട്ട ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികളെ വിജയിച്ചതായി പ്രഖ്യാപിച്ചത്*

**2019-24** കാലയളവിലെ റഗുലർ വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ ബിരുദ ടാബുലേഷൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, അനർഹമായ മോഡറേഷൻ ലഭിച്ചത് കാരണം **72** വിദ്യാർത്ഥികൾ പരീക്ഷ ജയിച്ചതായി കണ്ടെത്തി.

ഡാറ്റാബേസിലെ റിമാർക്ക് കോളം പരിശോധിച്ചപ്പോൾ, **25** കേസുകളിൽ, പുനർമൂല്യനിർണ്ണയ മാർക്ക് നൽകിയതിനു ശേഷവും, **42** കേസുകളിൽ ഗ്രേസ്മാർക്ക് നൽകിയതിനുശേഷവും, നാലു കേസുകളിൽ 'അന്തിമമാക്കിയതിനു ശേഷം എഡിറ്റു ചെയ്തത്' എന്ന പരാമർശത്തോടെയും അധിക മോഡറേഷൻ നൽകിയതായി കണ്ടെത്തി. ഒരു കേസിൽ, റിമാർക്ക് കോളത്തിൽ യാതൊന്നും രേഖപ്പെടുത്താത്തതിനാൽ ഓഡിറ്റിന് കാരണം കണ്ടെത്താനായില്ല.

**2019-24** കാലയളവിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ ബിരുദാനന്തര ടാബുലേഷൻ ഡാറ്റാബേസ് വിശകലനം ചെയ്തപ്പോൾ, അധിക മോഡറേഷൻ ലഭിച്ചതു കാരണം രണ്ട് വിദ്യാർത്ഥികൾ പരീക്ഷ പാസായതായി ഓഡിറ്റ് കണ്ടെത്തി.

മോഡറേഷൻ നൽകുന്നതിനെ സംബന്ധിച്ച അവ്യക്തതകളും വ്യാഖ്യാനത്തിലെ വ്യത്യാസങ്ങളും നിമിത്തം ചില കേസുകളിൽ അധിക മോഡറേഷൻ മാർക്കുകൾ നൽകാനിടയായെന്ന് സർക്കാർ മറുപടി പറഞ്ഞു (**2025** ജൂലൈ). നിശ്ചിത പരിധിയിൽ കൂടുതൽ മോഡറേഷൻ മാർക്ക് നൽകിയ എല്ലാ സന്ദർഭങ്ങളും പരിശോധിച്ചു വരികയാണെന്നും, ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ, മോഡറേഷൻ നയത്തെ സംബന്ധിച്ച് വ്യക്തവും കർശനവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ശാഖകൾക്കും വീണ്ടും നൽകുന്നതാണെന്നും പ്രസ്താവിച്ചു.

### **2.9.5. ആവശ്യമായ എക്സ്റ്റേണൽ മാർക്ക് നേടാതെ, പരീക്ഷാ പേപ്പറുകൾ പാസായ വിദ്യാർത്ഥികൾ**

സിബിസിഎസ്എസ് ബിരുദ പാഠ്യപദ്ധതി **2019**-ഉം, ബിവോക് (ബാച്ചിലർ ഓഫ് വൊക്കേഷൻ) പാഠ്യപദ്ധതി **2021** റഗുലേഷനും അനുസരിച്ച് ഒരു വിദ്യാർത്ഥി ബിരുദത്തിന് യോഗ്യത നേടുന്നതിന് ഓരോ കോഴ്സിലും മൊത്തം പി ഗ്രേഡ് (എക്സ്റ്റേണൽ, ഇന്റേണൽ മാർക്കുകൾ ചേർന്ന്) നേടണം. ഒരു കോഴ്സ് പാസാകുന്നതിന് എക്സ്റ്റേണൽ പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ **20** ശതമാനം നിർബന്ധമായിരുന്നു. ഇന്റേണൽ മൂല്യനിർണ്ണയത്തിൽ കുറഞ്ഞ മാർക്ക് നിശ്ചയിച്ചിരുന്നില്ല. എന്നാൽ, സിബിസിഎസ്എസ് (**2020** മുതലുള്ള പ്രവേശനം) പ്രകാരമുള്ള ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിൽ ഒരു കോഴ്സ് പാസാകാൻ എക്സ്റ്റേണൽ പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ കുറഞ്ഞത് **30** ശതമാനം മാർക്ക് ആവശ്യമാണ്.

ബിരുദ ടാബുലേഷൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, ആവശ്യമായ ഏറ്റവും കുറഞ്ഞ എക്സ്റ്റേണൽ പരീക്ഷാമാർക്ക് നേടിയിട്ടില്ലെങ്കിലും ഏഴ് വിദ്യാർത്ഥികൾ പരീക്ഷ ജയിച്ചതായി കണ്ടെത്തിയത് **പട്ടിക 2.7**-ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 2.7: ജയിക്കാനാവശ്യമായ എക്സ്റ്റേണൽ മാർക്ക് ലഭിക്കാതെ പാസായ വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ* | കോഴ്സ് | പ്രവേശന വർഷം | പരീക്ഷാ പേപ്പറിന്റെ പേര് (പേപ്പർ കോഡ്) | ലഭിച്ച എക്സ്റ്റേണൽ മാർക്ക് | നൽകിയ മോഡറേഷൻ | ആകെ | പാസ്സാകാൻ വേണ്ട കുറഞ്ഞ എക്സ്റ്റേണൽ മാർക്ക് | പരമാവധി എക്സ്റ്റേണൽ മാർക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | XXXXബിസിഎം111 | ബികോം ടാക്സേഷൻ | 2019 | കോർപ്പറേറ്റ് ടാക്സേഷൻ ആൻഡ് ടാക്സ് പ്ലാനിങ് (ബിറ്റിഎസ്ഇ604) | 13 | 2 | 15 | 16 | 80 |
| 2 | XXXXബിസിഎം114 | ബികോം ടാക്സേഷൻ | 2019 | കോർപ്പറേറ്റ് ടാക്സേഷൻ ആൻഡ് ടാക്സ് പ്ലാനിങ് (ബിറ്റിഎസ്ഇ604) | 13 | 2 | 15 | 16 | 80 |
| 3 | XXXXബിവിഎച്ച്006 | ബിവോക്- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 2021 | ബേസിക് സ്കിൽസ് ഇൻ അറബിക് (സിഎആർഎ133) | 13 | 2 | 15 | 16 | 80 |
| 4 | XXXXബിവിഎച്ച്007 | ബിവോക്- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 2021 | ബേസിക് സ്കിൽസ് ഇൻ അറബിക് (സിഎആർഎ133) | 14 | 1 | 15 | 16 | 80 |
| 5 | XXXXബിസിഎം055 | ബികോം- കോ-ഓപറേഷൻ | 2019 | റൈറ്റിംഗ് ഫോർ അക്കാദമിക് ആൻഡ് പ്രൊഫഷണൽ സക്സസ് (സിഇജിഎ236) | 14 | 1 | 15 | 16 | 80 |
| 6 | XXXXബിപിഎ044 | ബിവോക്- പ്രൊഫഷണൽ അക്കൗണ്ടിംഗ് ആൻഡ് ടാക്സേഷൻ | 2021 | മലയാള ഭാഷയും സാഹിത്യവും I (സിഎംഎഎ135) | 15 | 0 | 15 | 16 | 80 |
| 7 | XXXXഐഎസ് വൈ007 | ഇന്റഗ്രേറ്റഡ് എംഎ സോഷ്യോളജി | 2020 | അപ്ലൈഡ് ബോട്ടണി (ഐബിസിഡി524) | 15 | 0 | 15 | 18 | 60 |

**ശരിയായ രജിസ്ട്രേഷൻ നമ്പർ മാസ്ക് ചെയ്തിരിക്കുന്നു*

*(ഉറവിടം : അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ ടാബുലേഷൻ ഡാറ്റാബേസിൽ നിന്നും ലഭിച്ച ഡാറ്റ)*

അങ്ങനെ, ടാബുലേഷനിലും പരീക്ഷാഫലം ക്രോഡീകരിക്കുന്ന നടപടിക്രമങ്ങളിലും ഒരു സാധുതാ പരിശോധനാസംവിധാനം ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ പരീക്ഷ പാസായതായി പ്രഖ്യാപിക്കപ്പെട്ടത്, സർവ്വകലാശാല നിശ്ചയിച്ച അക്കാദമിക് നിയന്ത്രണങ്ങളുടെ ലംഘനമായിരുന്നു. കൂടാതെ, മുകളിലെ പട്ടികയിലെ ക്രമനമ്പർ ഒന്നിൽ പരാമർശിച്ചിരിക്കുന്ന വിദ്യാർത്ഥിക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകിയതായും ഓഡിറ്റ് നിരീക്ഷിച്ചു.

ബിവോക് ഫാഷൻ ടെക്നോളജിയുടെ ആറാം സെമസ്റ്ററിൽ ഇന്റേൺഷിപ്പ് ആന്റ് പ്രോജക്ട് പേപ്പറിൽ പരാജയപ്പെട്ട 100-ൽ 44 മാർക്ക്[71] മാത്രം നേടിയ ഒരു

[71] ബിവോക് റഗുലേഷൻസ് 2014 അനുസരിച്ച്, പ്രോജക്ട്/ഇന്റേൺഷിപ്പ് പരീക്ഷയിൽ ജയിക്കാൻ കുറഞ്ഞത് 50 ശതമാനം മാർക്ക് ആവശ്യമാണ്.

വിദ്യാർത്ഥിക്ക് സർവ്വകലാശാല ബിരുദ സർട്ടിഫിക്കറ്റ് നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു (2024 ഏപ്രിൽ).

മേൽപ്പറഞ്ഞ വിദ്യാർത്ഥിക്ക് ബിരുദ സർട്ടിഫിക്കറ്റ് നൽകിയതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, സോഫ്റ്റ്‌വെയർ പിശകുമൂലമാണ് പാസാകുവാൻ വേണ്ട കുറഞ്ഞ മാർക്ക് നിർണ്ണയിച്ചതിൽ തെറ്റു സംഭവിച്ചതെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). കൂടാതെ, വിദ്യാർത്ഥിയെ ബാധിക്കാതെ പ്രശ്നം പരിഹരിക്കുന്നതിന് തിരുത്തൽ നടപടികൾ പരിഗണിക്കുന്നുണ്ടെന്നും പറയുകയുണ്ടായി.

### 2.9.6. അനുവദനീയമായ പരമാവധി പരിധിക്കു മുകളിൽ ഇന്റേണൽ/ എക്സ്റ്റേണൽ മാർക്ക് നൽകിയത്

ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റത്തിന്റെ ബിരുദ റഗുലേഷൻസ് (2014, 2019) അനുസരിച്ച്, ഒരു വിദ്യാർത്ഥിയുടെ അന്തിമ മാർക്കിൽ സെമസ്റ്ററിലെ അവസാന പരീക്ഷയുടെ എക്സ്റ്റേണൽ മാർക്കും ഇന്റേണൽ മാർക്കും ഉൾപ്പെടുന്നു. മൂല്യനിർണ്ണയ പദ്ധതി അനുസരിച്ച് എക്സ്റ്റേണൽ പരീക്ഷയ്ക്ക് 80 ശതമാനവും, ഇന്റേണൽ വിലയിരുത്തലിന് 20 ശതമാനവും നീക്കിവയ്ക്കുന്നു. സിലബസിലെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ ഇന്റേണൽ/എക്സ്റ്റേണൽ മാർക്ക് ബോർഡ് ഓഫ് സ്റ്റഡീസ് നിശ്ചയിക്കുകയും എല്ലാ സെമസ്റ്ററുകൾക്കും സർവ്വകലാശാല എക്സ്റ്റേണൽ പരീക്ഷ നടത്തുകയും ചെയ്യുന്നു. ഹാജർ, അസൈൻമെന്റുകൾ/സെമിനാറുകൾ/വൈവാവോസ് (വൈവ), പരീക്ഷകൾ, റെക്കോർഡുകൾ, ലാബിലെ പങ്കാളിത്തം/ റെക്കോർഡുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇന്റേണൽ മാർക്ക് നൽകുന്നത്. അനുവദനീയമായ പരമാവധി പരിധിയിൽ കൂടുതൽ എക്സ്റ്റേണൽ മാർക്ക് നൽകാൻ പാടില്ല.

ബിരുദ ടാബുലേഷൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, 2019-24 കാലയളവിൽ ആറ് അവസരങ്ങളിൽ, വിദ്യാർത്ഥികൾക്കു നൽകിയ അന്തിമ എക്സ്റ്റേണൽ മാർക്ക് അനുവദനീയമായ പരമാവധി പരിധിയിൽ കൂടുതലാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 2.8**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.8: അനുവദനീയമായ പരമാവധി പരിധി കവിഞ്ഞ് എക്സ്റ്റേണൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | പ്രോഗ്രാം | പരീക്ഷാ പേപ്പറിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ | പരീക്ഷാ വർഷം | ലഭിച്ച ഇന്റേണൽ മാർക്ക് | ലഭിച്ച എക്സ്റ്റേണൽ മാർക്ക് | അനുവദനീയമായ പരമാവധി എക്സ്റ്റേണൽ മാർക്ക് | വ്യത്യാസം | ആകെ ലഭിച്ച മാർക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | ബിഎസ്‌സി ഫിസിക്സ് | മാത്തമാറ്റിക്സ്-3 | XXXXഎസ് പി എച്ച്004 | 2020 | 13 | 61 | 60 | 1 | 74 |
| 2 | ബിഎസ്‌സി മാത്തമാറ്റിക്സ് | പ്രോബ്ലം സോൾവിങ് യൂസിങ് സി | XXXXഎസ് എംറ്റി 027 | 2020 | 14 | 61 | 60 | 1 | 75 |
| 3 | ബിഎ എക്കണോമി-ക്സ് | ഇൻഡിവിജ്വൽ/ ഗ്രൂപ്പ് ആക്ടിവിറ്റി (പ്രോജക്ട്) | XXXXഎഇസി ആർ 34 | 2021 | 9 | 41 | 40 | 1 | 50 |
| 4 | ബിഎസ്‌സി ബയോടെ-ക്നോളജി | എൻവയോൺമെന്റൽ ബയോടെക്നോളജി | XXXXഎ സ്ബിറ്റി 046 | 2021 | 15 | 73 | 64 | 9 | 88 |
| 5 | ബിഎസ്‌സി ബയോടെ-ക്നോളജി | ഫിസിക്കൽ ആൻഡ് അപ്ലൈഡ് കെമിസ്ട്രി പ്രാക്ടിക്കൽ | XXXXഎ സ്ബിറ്റി 046 | 2021 | 15 | 69 | 64 | 5 | 84 |
| 6 | ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് | പ്രോജക്ട് | XXXXബിഎ സ് ഡബ്ല്യു024 | 2022 | 14 | 61 | 60 | 1 | 75 |

*(ഉറവിടം : ബിരുദ ടാബുലേഷൻ ഡാറ്റാബേസിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

കൂടാതെ, ബിരുദ ടാബുലേഷൻ ഡാറ്റാബേസിന്റെ സൂക്ഷ്മപരിശോധനയിൽ, 2019-24 കാലയളവിൽ, 22 സന്ദർഭങ്ങളിൽ നൽകിയ ഇന്റേണൽമാർക്ക് അനുവദനീയമായ പരമാവധി പരിധി കവിഞ്ഞിരുന്നതായി കണ്ടെത്തി **(അനുബന്ധം 2.10).**

അഞ്ച് സന്ദർഭങ്ങളിൽ, ഗ്രേസ് മാർക്ക് നൽകിയതിനാലും, ഒരു കേസിൽ പഴയ സ്കീമിൽ നിന്ന് പുതിയ സ്കീമിലേക്ക് വിദ്യാർത്ഥിയെ പുനഃപ്രവേശനം നടത്തിയപ്പോൾ മാർക്ക് ക്രമീകരിക്കാത്തതിനാലുമാണ് എക്സ്റ്റേണൽ മാർക്ക് അനുവദനീയമായ പരമാവധി പരിധി കവിഞ്ഞതെന്ന് സർക്കാർ മറുപടിയിൽ വ്യക്തമാക്കി (2025 ജൂലൈ). ഇന്റേണൽ മാർക്ക് പരമാവധി പരിധി കവിഞ്ഞ കേസുകളിൽ, സോഫ്റ്റ്‌വെയർ പ്രവർത്തനത്തിലെ പോരായ്മകളാണ് പൊരുത്തക്കേടുകൾക്ക് കാരണമായതെന്ന് പരാമർശിച്ചു. ഇത്തരം കേസുകളിലെല്ലാം തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഫലപ്രദമായ സംവിധാനം നടപ്പിലാക്കുമെന്നും, അത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും സർക്കാർ അറിയിച്ചു.

### 2.9.7. മതിയായ ഹാജർ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പരമാവധി ഇന്റേണൽ മാർക്ക് നൽകിയത്

2019-ലെ ബിരുദ റഗുലേഷൻസ്, 2014-ലെ ബിരുദ റഗുലേഷൻസ്, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ (2020-ലെ പ്രവേശനം മുതൽ) എന്നിവ പ്രകാരം, എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, സെമിനാറുകൾ, വൈവ, തിയറി കോഴ്സുകളിലെ ഹാജർ എന്നിവ ഉൾപ്പെടുന്ന ഒരു സംവിധാനത്തെ അടിസ്ഥാനമാക്കിയാണ് ഇന്റേണൽ അസസ്മെന്റ് നടത്തുന്നത്.

2014-ലെ ബിരുദ റഗുലേഷൻസ് പ്രകാരം, തിയറി കോഴ്സുകളുടെ ഇന്റേണൽ മൂല്യനിർണ്ണയത്തിൽ, ഹാജർ (25 ശതമാനം), അസൈൻമെന്റ്/ സെമിനാർ/ വൈവ (25 ശതമാനം), ടെസ്റ്റ് പേപ്പർ (50 ശതമാനം) എന്നിവയായിരുന്നു മാർക്കിന്റെ ശതമാന ഘടകങ്ങൾ. **പട്ടിക 2.9**-ൽ നൽകിയിരിക്കുന്നതു പോലെ ഓരോ കോഴ്സിന്റെയും ഹാജർ വിലയിരുത്തി.

**പട്ടിക 2.9: ഹാജർ അനുസരിച്ച് ലഭിക്കുന്ന മാർക്കിന്റെ ശതമാനം**

| ഹാജർ (ശതമാനത്തിൽ) | 'ഹാജർ'എന്ന ഘടകത്തിന് നൽകുന്ന മാർക്കിന്റെ ശതമാനം |
|---|---|
| 90 ശതമാനത്തിൽ കൂടുതൽ ഹാജർ | 100 ശതമാനം |
| 85 മുതൽ 89 ശതമാനം വരെ | 80 ശതമാനം |
| 80 മുതൽ 84 ശതമാനം വരെ | 60 ശതമാനം |
| 76 മുതൽ 79 ശതമാനം വരെ | 40 ശതമാനം |
| 75 ശതമാനം | 20 ശതമാനം |

*(ഉറവിടം : സിയുസിബിസിഎസ്എസ് ബിരുദ റഗുലേഷൻസ് 2014)*

2019-ലെ ബിരുദ റഗുലേഷനുകളും ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ റഗുലേഷനും പ്രകാരമുള്ള തിയറി കോഴ്സുകളുടെ ഇന്റേണൽ മൂല്യനിർണ്ണയഘടകങ്ങളിൽ ടെസ്റ്റ് പേപ്പർ (40 ശതമാനം), അസൈൻമെന്റ് (20 ശതമാനം) സെമിനാർ (20 ശതമാനം), ഹാജർ അടിസ്ഥാനമാക്കിയുള്ള ക്ലാസ്റൂം പങ്കാളിത്തം (20 ശതമാനം) എന്നിവ ഉൾപ്പെട്ടിരുന്നു. ക്ലാസ്റൂം പങ്കാളിത്തത്തെ അടിസ്ഥാനമാക്കിയുള്ള ഇന്റേണൽ മാർക്ക് നൽകുന്നതിനായുള്ള പദ്ധതിയുടെ വിശദാംശങ്ങൾ **പട്ടിക 2.10**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.10 : പരമാവധി ഇന്റേണൽ മാർക്കിന്റെയും, കുറഞ്ഞ ഇന്റേണൽ മാർക്കിന്റെയും വിശദാംശങ്ങൾ**

| ക്ലാസ് റൂം പങ്കാളിത്തത്തിനുള്ള (സിആർപി) മാർക്കിന്റെ വിഭജനം | സിആർപി നാലിൽ (പരമാവധി ഇന്റേണൽ മാർക്ക് 20) | മൂന്നിൽ (പരമാവധി ഇന്റേണൽ മാർക്ക് 15) |
|---|---|---|
| 50 ശതമാനം ≤ സിആർപി <75 ശതമാനം | 1 | 1 |
| 75 ശതമാനം≤ സിആർപി <85 ശതമാനം | 2 | 2 |
| 85 ശതമാനവും കൂടുതലും | 4 | 3 |

*(ഉറവിടം : ബിരുദ റഗുലേഷൻസ് 2019-ഉം ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ റഗുലേഷനും (സിബിസിഎസ്എസ് 2020-ലെ പ്രവേശനം മുതൽ))*

ഹാജർനില വിലയിരുത്തുന്നതും സൂക്ഷിക്കുന്നതും സർവ്വകലാശാല വിഭാഗം/ കോളേജാണ്[72]. കൂടാതെ, മൂന്ന് റഗുലേഷനുകളും അനുസരിച്ച്, ഒരു വിദ്യാർത്ഥിക്ക് പരീക്ഷ എഴുതാൻ ഒരു സെമസ്റ്ററിൽ കുറഞ്ഞത് 75 ശതമാനം ഹാജർ ഉണ്ടായിരിക്കണം.

ഡാറ്റാബേസ് പരിശോധിച്ചപ്പോൾ, 3,206 കേസുകളിൽ, ഹാജർ കുറവായതിന് ഇളവ് ലഭിച്ചിട്ടും വിദ്യാർത്ഥികൾക്ക് തിയറി പരീക്ഷകൾക്ക് മുഴുവൻ ഇന്റേണൽ മാർക്കും നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഒരു വിദ്യാർത്ഥിക്ക് മൊത്തത്തിൽ ഹാജർ കുറവാണെങ്കിലും ചില വിഷയങ്ങളിൽ മുഴുവൻ ഇന്റേണൽ മാർക്കും ലഭിക്കാൻ സാധ്യതയുണ്ടെന്ന് പരീക്ഷാ കൺട്രോളർ മറുപടി നൽകി (2025 മാർച്ച് 20).

പരീക്ഷാ കൺട്രോളർ നൽകിയ മറുപടിയെത്തുടർന്ന്, ഓഡിറ്റ് 18 കോളേജുകൾ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് പരമാവധി ഇന്റേണൽ മാർക്ക് ലഭിച്ച കോഴ്സുകളുടെ ഹാജർ രേഖകൾ പരിശോധിച്ചു. അതിൽ 64 ശതമാനം വിദ്യാർത്ഥികൾക്കും[73] ആവശ്യമായ ഏറ്റവും കുറഞ്ഞ ഹാജർ ഇല്ലെങ്കിലും മുഴുവൻ ഇന്റേണൽ മാർക്കും നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 2.11-** ൽ നൽകിയിരിക്കുന്നു.

ഓരോ വിദ്യാർത്ഥിയുടെയും അതത് വിഷയങ്ങളുടെ ഹാജർ നിലയ്ക്ക് ആനുപാതികമായി ഇന്റേണൽ മാർക്ക് നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലയുടെ പങ്ക് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിൽ പരിമിതപ്പെട്ടിരിക്കുന്നുവെന്നും ഇന്റേണൽ മാർക്ക് നൽകുന്നത് അതത് കോളേജുകളുടെ പരിധിയിലാണെന്നും ഓരോ കേസുകളും പ്രത്യേകമായി പരിഗണിക്കുന്നത് സർവ്വകലാശാലയ്ക്ക് പ്രായോഗികമല്ലെന്നും വ്യക്തമാക്കി.

കോളേജുകൾ നൽകുന്ന ഇന്റേണൽ മാർക്കുകളുടെ കൃത്യത ഉറപ്പാക്കേണ്ട ഉത്തരവാദിത്തത്തിൽ നിന്ന് സർവ്വകലാശാലയ്ക്ക് ഒഴിഞ്ഞു മാറാൻ കഴിയില്ല എന്നതിനാൽ സർക്കാരിന്റെ വാദം നിലനിൽക്കില്ല.

### 2.9.8. പരീക്ഷാപേപ്പറുകളുടെ പുനർമൂല്യനിർണ്ണയം - ആദ്യം ലഭിച്ച മാർക്കും പുനർമൂല്യനിർണ്ണയത്തിലൂടെ ലഭിച്ച മാർക്കും തമ്മിലുള്ള വ്യത്യാസം

പുനർമൂല്യനിർണ്ണയ പ്രക്രിയയിൽ, നിശ്ചിത ഫീസ് അടച്ച് വിദ്യാർത്ഥികൾക്ക് അവരുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ കഴിയും. 2019-24 കാലയളവിലെ ബിരുദ/ ബിരുദാനന്തര ടാബുലേഷൻ ഡാറ്റാബേസ് പരിശോധിച്ചപ്പോൾ, ബിരുദ പ്രോഗ്രാമുകളിൽ

[72] ഹാജറിലെ കുറവ് സർവ്വകലാശാലയ്ക്ക് ഇളവ് ചെയ്യാവുന്നതാണ്. ഒരു പ്രോഗ്രാമിൽ വിദ്യാർത്ഥികൾക്ക് പരമാവധി നാലു സെമസ്റ്ററുകളിൽ ഹാജറിൽ ഇളവ് (ഒരു മുഴുനീള പ്രോഗ്രാമിൽ ഒന്നുകിൽ നാല് ഒറ്റ ഇളവുകളായോ അല്ലെങ്കിൽ, ഒരു ഇരട്ട ഇളവും രണ്ട് ഒറ്റ ഇളവുകളുമായോ) നേടാവുന്നതാണ്.

[73] 18 കോളേജുകളിലെ 713 വിദ്യാർത്ഥികളിൽ 454 പേർ

പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ച 94,959 കേസുകളിൽ 77,665 കേസുകളിലും (81.79 ശതമാനം) പുനർമൂല്യനിർണ്ണയത്തിലൂടെ മാർക്കുകളിൽ വ്യത്യാസമുണ്ടായെന്ന് കണ്ടെത്തി. പുനർമൂല്യനിർണ്ണയത്തിനുശേഷം മാർക്കിൽ വ്യത്യാസം വന്ന 77,665 കേസുകളിൽ, 23,837 ഉത്തരക്കടലാസുകളിലും (30.69 ശതമാനം) വ്യത്യാസം 10 ശതമാനത്തിൽ കൂടുതലായിരുന്നു. വിശദവിവരങ്ങൾ **അനുബന്ധം 2.12**-ൽ നൽകിയിരിക്കുന്നു.

ബിരുദാനന്തര കോഴ്സുകളിൽ, പുനർമൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളിൽ 24.10 ശതമാനത്തിനു (1,32,651 ഉത്തരക്കടലാസുകളിൽ 31,966 എണ്ണം) മാർക്കിൽ മാറ്റമുണ്ടായി. ഇതിൽ, 44.61 ശതമാനത്തിന് (14,260 ഉത്തരക്കടലാസുകൾ) 10 ശതമാനത്തിലധികം വ്യത്യാസമുണ്ടായി. ആദ്യമൂല്യനിർണ്ണയം / പുനർമൂല്യനിർണ്ണയത്തിലെ മാർക്കിൽ 'ഹാജരല്ല' എന്നു രേഖപ്പെടുത്തിയിരുന്നതിനാൽ അഞ്ച് പരീക്ഷാ പേപ്പറുകൾ പരിഗണിക്കാൻ സാധിച്ചില്ല.

സർവ്വകലാശാലാ ഉത്തരവ്[74] (2016 ഓഗസ്റ്റ് 19) അനുസരിച്ച്, പുനർമൂല്യ-നിർണ്ണയമാർക്ക് നൽകുന്നതിന് പരിധിയില്ല. വർദ്ധനവ് പരമാവധി മാർക്കിന്റെ 30 ശതമാനമോ കൂടുതലോ ആണെങ്കിൽ, രണ്ടാമതൊരു പുനർമൂല്യനിർണ്ണയം നടത്തുകയും അന്തിമസ്കോർ രണ്ട് പുനർ മൂല്യനിർണ്ണയങ്ങളുടെയും ശരാശരിയായി നൽകുകയും ചെയ്യുന്നു. സർവ്വകലാശാലാ ഉത്തരവ്[75] (2019 ജനുവരി 28) പ്രകാരം, പുനർമൂല്യനിർണ്ണയഫലങ്ങൾ പ്രഖ്യാപിച്ച തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഉത്തരക്കടലാസുകൾ നീക്കം ചെയ്യണമെന്നതിനാൽ, ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഭൗതിക പകർപ്പുകൾ ലഭ്യമായിരുന്നില്ല. അതിനാൽ, ഡാറ്റാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ഓഡിറ്റ് കണ്ടെത്തലുകൾ സ്ഥിരീകരിക്കുന്നതിനായി, സർവ്വകലാശാല അടുത്തിടെ നടത്തിയ പരീക്ഷയുടെ ലഭ്യമായിരുന്ന ഉത്തരക്കടലാസുകളുടെ റാൻഡം സാംപിളുകൾ തെരഞ്ഞെടുത്തു പരിശോധിച്ചു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം 2.13**-ൽ നൽകിയിരിക്കുന്നു.

പുനർമൂല്യനിർണ്ണയത്തിനുശേഷം മാർക്കിൽ മാറ്റങ്ങൾ ഉണ്ടായ ഉത്തര-ക്കടലാസുകളുടെ ഉയർന്ന ശതമാനനിരക്കും, ഒന്നും രണ്ടും മൂല്യനിർണ്ണയങ്ങൾക്കിടയിലുള്ള ഗണ്യമായ വ്യത്യാസങ്ങളും, മൂല്യനിർണ്ണയ പ്രക്രിയയിലെ സ്ഥിരതയുടെയും വിശ്വാസ്യതയുടെയും അഭാവത്തെ സൂചിപ്പിക്കുന്നു.

ഓഡിറ്റ് നടത്തിയ നിരീക്ഷണങ്ങൾ ഗൗരവമായി എടുത്തിട്ടുണ്ടെന്നും ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സർവ്വകലാശാലയുടെ നിർദ്ദിഷ്ട അക്കാദമിക് /ഭരണ സ്ഥാപനങ്ങൾ തുടർ നടപടി സ്വീകരിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ).

### 2.9.9. പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുണ്ടായ കാലതാമസം

സർവ്വകലാശാലയുടെ 2019 ബിരുദ റഗുലേഷന്റെ നിബന്ധന 6.6 അനുസരിച്ച് പരീക്ഷകൾ നടത്തുന്നതിനും ഫലപ്രഖ്യാപനത്തിനും സർവ്വകലാശാല ഒരു ഏകീകൃതകലണ്ടർ തയ്യാറാക്കേണ്ടതാണ്.

2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ നടത്തിയ റഗുലർ പരീക്ഷകളുടെ വിശദാംശങ്ങൾ സംബന്ധിച്ച് പരീക്ഷാഭവൻ നൽകിയ രേഖകൾ പരിശോധിച്ചപ്പോൾ, 229 ബിരുദ പരീക്ഷകളുടെ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസമുണ്ടായതായി ഓഡിറ്റ് കണ്ടെത്തി. നൂറ് പരീക്ഷകളുടെ നടത്തിപ്പിലെ കാലതാമസം 60 ദിവസമോ[76] അതിൽ കൂടുതലോ ആയിരുന്നു. ഇതിൽ ഏറ്റവും കൂടിയ കാലതാമസം 357 ദിവസം വരെ

[74] യു.ഓ. നമ്പർ. 456/2016/പിബി

[75] യു.ഓ. നമ്പർ. 67/2019/പിബി

[76] സർവ്വകലാശാല ഒരു പരീക്ഷാ മാനുവൽ തയ്യാറാക്കാത്തതിനാൽ, ഓഡിറ്റ് 60 ദിവസമോ അതിൽ കൂടുതലോ കാലതാമസമുണ്ടായ സാഹചര്യങ്ങൾ കണക്കിലെടുത്തു.

ആയിരുന്നു. **174** പരീക്ഷകളുടെ ഫലപ്രഖ്യാപനത്തിലെ കാലതാമസം **60** ദിവസമോ അതിൽ കൂടുതലോ ആയിരുന്നു. ഇതിൽ ഏറ്റവും കൂടിയ കാലതാമസം **718** ദിവസം വരെ ആയിരുന്നു.

ബിരുദ ടാബുലേഷൻ ഡാറ്റാബേസിലെ **42** പരീക്ഷകളുടെ[77] വിശദാംശങ്ങൾ **(അനുബന്ധം 2.14)** പരിശോധിച്ചപ്പോൾ, ഫലം പ്രസിദ്ധീകരിക്കുന്നതിലെ **69** മുതൽ **576** ദിവസം വരെയുള്ള കാലതാമസം പരീക്ഷയെഴുതിയ **10,03,145** വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

**2020-23** കാലയളവിൽ പരീക്ഷാനടത്തിപ്പിൽ ഗണ്യമായ കാലതാമസമുണ്ടായതിന് പ്രധാനകാരണം, കോവിഡ്-**19** മഹാമാരി മൂലമുണ്ടായ തടസ്സങ്ങളും പരീക്ഷാനടത്തിപ്പിലെ ക്രമീകരണവുമാണെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂലൈ**)**. അതിനുശേഷം, പരീക്ഷാ നടത്തിപ്പിലെ ക്രമീകരണം സാധാരണ നിലയിലാക്കാൻ തുടർച്ചയായ ശ്രമങ്ങൾ നടത്തിയതിനാൽ ഇപ്പോൾ അക്കാദമിക് കലണ്ടർ പാലിക്കാനാവുന്നുണ്ട്.

പരീക്ഷാ നടത്തിപ്പിലെ ക്രമീകരണം സാധാരണ നിലയിലാകുന്നതിൽ സർവ്വകലാശാല കൈവരിച്ച പുരോഗതി ഓഡിറ്റ് അംഗീകരിക്കുന്നു. എന്നാൽ, പരീക്ഷാ നടത്തിപ്പ് **95** ദിവസവും ഫലപ്രഖ്യാപനം **100** ദിവസവും വൈകിയ സന്ദർഭങ്ങൾ **2023-24**-ലും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 2.10. അടിസ്ഥാന സൗകര്യങ്ങൾ

### 2.10.1. നിർബന്ധിത അടിസ്ഥാന സൗകര്യങ്ങളില്ലാതെയുള്ള സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയുടെയും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും പ്രവർത്തനം

സാങ്കേതിക സ്ഥാപനങ്ങൾക്കുള്ള ഭൂമി, നിർമ്മിതവിസ്തീർണം, സ്മാർട്ട് ബോർഡ്, ഇന്റർനെറ്റ് ബന്ധം, ക്ലാസ് മുറിയിലെ എൽസിഡി പ്രൊജക്ടറുകൾ മുതലായവയെക്കുറിച്ചുള്ള അവശ്യവും അഭികാമ്യവുമായ മാനദണ്ഡങ്ങൾ എഐസിടിഇ അപ്രൂവൽ ഹാന്റ്ബുക്കിൽ നിഷ്കർഷിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത മൂന്ന് സിസിഎസ്ഐടികളിലും രണ്ട് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലും (എസ്എംഎസ്) അടിസ്ഥാന സൗകര്യങ്ങളിൽ നിരീക്ഷിച്ച പോരായ്മകൾ താഴെപ്പറയുന്നവയാണ്:

- തെരഞ്ഞെടുത്ത എല്ലാ സിസിഎസ്ഐടി-കളിലും കമ്പ്യൂട്ടർ ലബോറട്ടറിയിൽ ഇന്റർനെറ്റ് ബന്ധം ലഭ്യമായിരുന്നെങ്കിലും, രണ്ട് സിസിഎസ്ഐടികളുടെ[78] ക്ലാസ് മുറികളിൽ ഈ സൗകര്യം ലഭ്യമായിരുന്നില്ല. തെരഞ്ഞെടുത്ത മൂന്ന് സിസിഎസ്ഐടി-കളിലൊന്നിലും സ്മാർട്ട് ബോർഡുകൾ ഉണ്ടായിരുന്നില്ല. സിസിഎസ്ഐടി മഞ്ചേരിയിലും സിസിഎസ്ഐടി അരണാട്ടുകരയിലും പരാതി പരിഹാര സമിതികളും പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സമിതികളും രൂപീകരിച്ചിട്ടില്ല.
- വടകരയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. കൂടാതെ, ചോദ്യപേപ്പറുകൾ/ ഉത്തരക്കടലാസുകൾ എന്നിവ സൂക്ഷിക്കുന്നതിന് സ്ട്രോംഗ് റൂമുകളില്ലായിരുന്നു. ഓൺലൈൻ പരാതി പരിഹാര സംവിധാനം, ആന്തരിക പരാതി സമിതി, പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സമിതി, എന്നിവ വടകര, പാലക്കാട് എസ്എംഎസുകളിൽ സ്ഥാപിച്ചിരുന്നില്ല.

അവശ്യ സൗകര്യങ്ങളില്ലാതെയുള്ള സിസിഎസ്ഐടി-കളുടെയും എസ്എംഎസ്-കളുടെയും പ്രവർത്തനം എഐസിടിഇ മാർഗ്ഗനിർദ്ദേശങ്ങളുടെ

[77] ബി.എസ്സി, ബിസിഎ, ബിഎ

[78] സിസിഎസ്ഐടി സിയു ക്യാമ്പസും സിസിഎസ്ഐടി മഞ്ചേരിയും

ലംഘനമാണ്. ഇത് വിദ്യാർത്ഥികളുടെ അക്കാദമിക പുരോഗതിയെ പ്രതികൂലമായി ബാധിക്കാം.

ആന്തരിക പരാതി സമിതി, പരാതി പരിഹാര സെൽ തുടങ്ങിയവ രൂപീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും, അതിനുശേഷം സിസിഎസ്ഐടി-കൾക്ക് കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, സ്മാർട്ട് ബോർഡുകൾ തുടങ്ങിയ എല്ലാ അടിസ്ഥാന ഉപകരണങ്ങളും നൽകിയിട്ടുണ്ടെന്നും, കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പർച്ചേസ് നിർദ്ദേശങ്ങൾക്ക് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ). എന്നാൽ, സ്ട്രോംഗ് റൂമുകൾ ലഭ്യമല്ലാത്തതിനെക്കുറിച്ച് മറുപടിയിൽ മൗനം പാലിച്ചു.

### 2.10.2. സർവ്വകലാശാലാ വിഭാഗങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

ഓഡിറ്റ് തെരഞ്ഞെടുത്ത എട്ട് വിഭാഗങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ (മേയ്, ജൂൺ 2025) ശ്രദ്ധയിൽപ്പെട്ട അപര്യാപ്തതകൾ ചുവടെ വിശദമാക്കിയിരിക്കുന്നു:

- രസതന്ത്ര വകുപ്പിനു ലബോറട്ടറികളിൽ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിലും, ഐച്ഛിക വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നടത്തുന്നതിലും സ്ഥലക്കുറവ് നേരിട്ടിരുന്നു. ഗവേഷക വിദ്യാർത്ഥികൾക്ക് ഇരിക്കാൻ അനുവദിച്ച സ്ഥലം അപര്യാപ്തമായിരുന്നു, സെമിനാറുകൾ നടത്തിയിരുന്നത് സസ്യശാസ്ത്ര വകുപ്പിന്റെ സെമിനാർ ഹാളിലും ആര്യഭട്ട/സെൻട്രൽ സൊഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി സെമിനാർ ഹാളിലും ആയിരുന്നു.
- മനഃശ്ശാസ്ത്ര വിഭാഗത്തിൽ, ക്ലാസ് മുറികൾ ലഭ്യമല്ലാത്തതിനാൽ റിഹാബിലിറ്റേഷൻ സൈക്കോളജിയിലെ പിജി ഡിപ്ലോമയുടെ പതിവായുള്ള ക്ലാസുകൾ സെമിനാർ ഹാളിൽ നടത്തി. സ്ഥലപരിമിതി കാരണം നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചിരുന്നില്ല. തറയിലെ ചോർച്ച പരിഹരിക്കുന്നതിന് സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ 2022 മുതൽ വകുപ്പിലെ ശൗചാലയം പ്രവർത്തനരഹിതമായി തുടരുന്നു.
- വിദ്യാഭ്യാസ വിഭാഗത്തിൽ നിലവിലുള്ള ക്ലാസ് മുറികൾ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയാത്തത്ര ചെറുതായതിനാൽ, ലക്ചർ ക്ലാസുകൾ, പരീക്ഷകൾ, പ്രായോഗിക പരീക്ഷകൾ, എന്നിവ ഫലപ്രദമായി നടത്തുന്നതിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. 2026-27 അധ്യയന വർഷത്തേക്ക് മൂന്ന് ശാഖകളിൽ[79] ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പദ്ധതിക്കായി വകുപ്പ് അപേക്ഷിച്ചിരുന്നുവെങ്കിലും, എൻസിടിഇ റഗുലേഷനുകളിൽ പറഞ്ഞിരിക്കുന്നതുപോലെ മതിയായ മുറികളും ലബോറട്ടറികളും ലഭ്യമായിരുന്നില്ല.
- അക്കാദമിക് ആവശ്യങ്ങൾക്കായുള്ള സ്ഥലലഭ്യതക്കുറവ് കാരണം ഇന്റഗ്രേറ്റഡ് ബിരുദാനന്തര കോഴ്സുകൾ (ബിഎ, എംഎ ഫോക്ക്ലോർ) ആരംഭിച്ചിരുന്നില്ല.
- സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ, ഇന്റഗ്രേറ്റഡ് ബിരുദാനന്തര പ്രോഗ്രാം നടത്തുന്നതിന് ക്ലാസ് മുറികളുടെ എണ്ണത്തിൽ കുറവ് നേരിട്ടിരുന്നു. എംഎസ്സി, പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് ഹൈഡയമെൻഷണൽ

[79] ബി.എസ്സി.എഡ്, ബിഎ.എഡ്, ബി.കോം.എഡ്

ഡാറ്റ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ഉയർന്ന നിലവാരമുള്ള കമ്പ്യൂട്ടറുകൾ ലഭ്യമല്ലായിരുന്നു.

പിഎം-ഉഷ[80] പദ്ധതിക്കു കീഴിൽ പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ രസതന്ത്ര, മന:ശ്ശാസ്ത്ര വിഭാഗങ്ങളിലെ ക്ലാസ് മുറി സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കപ്പെടുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ).

എന്നാൽ, മറ്റ് വകുപ്പുകളിൽ നിരീക്ഷിച്ച പ്രശ്നങ്ങളെക്കുറിച്ച് മറുപടിയിൽ പരാമർശിച്ചില്ല.

### 2.10.3. വിദ്യാർത്ഥികൾക്ക് നൽകുന്ന ഹോസ്റ്റൽ സൗകര്യങ്ങളിലെ അപര്യാപ്തതകൾ

സർവ്വകലാശാല വിദ്യാർത്ഥികൾക്ക് താമസസൗകര്യം പ്രദാനം ചെയ്തിരുന്നു. 1805 പേരെ ഉൾക്കൊള്ളാവുന്ന അഞ്ച് ബ്ലോക്കുകളുള്ള പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിൽ 1678 പേരും, 579 പേരെ ഉൾക്കൊള്ളാവുന്ന ഏഴ് ബ്ലോക്കുകളുള്ള ആൺകുട്ടികൾക്കായുള്ള ഹോസ്റ്റലിൽ 529 പേരും താമസിച്ചിരുന്നു (2025 ഏപ്രിൽ).

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ പന്ത്രണ്ടാം പദ്ധതി പ്രകാരം ക്യാമ്പസുകളിലും പുറത്തുമുള്ള വിദ്യാർത്ഥികളുടെ സുരക്ഷയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, വിദ്യാർത്ഥികളെ പാർപ്പിക്കുന്ന ഏതൊരു ഭൗതിക അടിസ്ഥാന സൗകര്യത്തെയും ഒരു അതിർത്തി മതിൽ കൊണ്ട് സുരക്ഷിതമാക്കണമെന്നും, പ്രവേശനകവാടങ്ങളിൽ സുരക്ഷാ ജീവനക്കാർ, സിസിടിവി ക്യാമറകൾ, തിരിച്ചറിയൽ പരിശോധനാ സംവിധാനം മുതലായവ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. കൂടാതെ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പ്രിംഗ്ളർ അല്ലെങ്കിൽ മറ്റ് അഗ്നിശമന സംവിധാനങ്ങൾ, അഗ്നിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിക്കേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന താമസസൗകര്യങ്ങളിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഇവയാണ്: (i) ഹോസ്റ്റലിന്റെ പ്രവേശന കവാടങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചിരുന്നില്ല, (ii) അഗ്നിശമന ഉപകരണങ്ങൾ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന പുക മുന്നറിയിപ്പ് സംവിധാനം, അഗ്നിയുടെ സാന്നിദ്ധ്യത്തെപ്പറ്റി മുന്നറിയിപ്പ് നൽകുന്ന ഉപകരണങ്ങൾ തുടങ്ങിയവ ഒരു ബ്ലോക്കിലും ലഭ്യമല്ലായിരുന്നു.

യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന പ്രകാരം വിദ്യാർത്ഥികളുടെ സുരക്ഷ സർവ്വകലാശാല പരിഗണിച്ചിട്ടില്ലെന്ന് മുകളിൽ പറഞ്ഞ പോരായ്മകൾ വെളിപ്പെടുത്തി.

ഹോസ്റ്റലുകളിൽ അഗ്നിയുടെ സാന്നിദ്ധ്യത്തെപ്പറ്റി മുന്നറിയിപ്പ് നൽകുന്ന ഉപകരണങ്ങളും സിസിടിവി ക്യാമറകളും സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ).

### 2.10.4. അപര്യാപ്തമായ സുരക്ഷാ നടപടികളും ലബോറട്ടറി ഉപകരണങ്ങളുടെ മോശപ്പെട്ട പരിപാലനവും

യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ[81] (2011 ജനുവരി) അനുസരിച്ച്, വിദ്യാർത്ഥികൾ ഉചിതമായ വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ ധരിക്കുന്നുണ്ടെന്നും എല്ലാ

---

[80] പ്രധാൻ മന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ

[81] സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കോളേജുകൾ എന്നിവിടങ്ങളിലെ റേഡിയോ ആക്ടീവ് പദാർത്ഥങ്ങളുടെയും മറ്റ് അപകടകരമായ വസ്തുക്കളുടെയും/ രാസവസ്തുക്കളുടെയും സമാഹരണം, സംഭരണം, ഉപയോഗം, നിർമ്മാർജനം എന്നിവയ്ക്കായുള്ള യുജിസി മാർഗ്ഗനിർദ്ദേശങ്ങൾ

സുരക്ഷാ, അടിയന്തിര ഉപകരണങ്ങളുടെയും സ്ഥാനത്തെയും ഉപയോഗരീതിയെയും കുറിച്ചുള്ള അവബോധം അവർക്കുണ്ടെന്നും സർവ്വകലാശാല ഉറപ്പാക്കണം. ഇതിനുപുറമെ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്യാമ്പസുകളിലും പുറത്തുമുള്ള വിദ്യാർത്ഥികളുടെ സുരക്ഷയെക്കുറിച്ച് യുജിസി പുറപ്പെടുവിച്ച (2018 ജൂലൈ) മാർഗ്ഗനിർദ്ദേശങ്ങളിൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിക്കണമെന്നും ഒരു സെമസ്റ്ററിൽ ഒരിക്കലെങ്കിലും അഗ്നിബാധാ സാഹചര്യങ്ങൾ നേരിടാനായി മോക് ഡ്രിൽ നടത്തണമെന്നും വ്യവസ്ഥ ചെയ്യുന്നു.

ഓഡിറ്റ്, രണ്ട് വിഭാഗങ്ങളിലെ മേധാവികളോടും 15 ലബോറട്ടറികളുടെ[82] ചുമതലയുള്ള ഉദ്യോഗസ്ഥരോടുമൊപ്പം സംയുക്ത ഭൗതിക പരിശോധന നടത്തി (2024 സെപ്റ്റംബർ-ഒക്ടോബർ). ഉപകരണങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും പരിപാലനവുമായി ബന്ധപ്പെട്ട് ഈ ലബോറട്ടറികളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ ഇപ്രകാരമായിരുന്നു:

- ഒരു ലബോറട്ടറിയിലും അഗ്നിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങളോ, സ്വതന്ത്രമായി പ്രവർത്തിക്കുന്ന പുക മുന്നറിയിപ്പ് ഉപകരണങ്ങളോ, അഗ്നിശമന ഉപകരണങ്ങളോ സ്ഥാപിച്ചിരുന്നില്ല, പകരം ഈ ഉപകരണങ്ങൾ ഇടനാഴികളിലായിരുന്നു സ്ഥാപിച്ചിരുന്നത്.
- രസതന്ത്ര വകുപ്പിലെ എട്ട് ലബോറട്ടറികളിൽ ഏഴെണ്ണത്തിലും ഐവാഷ്, സുരക്ഷാ ഷവർ സൗകര്യങ്ങൾ ഒരുക്കിയിരുന്നില്ല. ഒരു ലബോറട്ടറിയിലും അഗ്നിശമന ബ്ലാങ്കറ്റുകളും മെർക്കുറി സ്പിൽ കിറ്റുകളും ലഭ്യമായിരുന്നില്ല. അഡ്വാൻസ്ഡ് മെറ്റീരിയൽസ് റിസർച്ച് ലബോറട്ടറിയുടെ മേൽക്കൂര 2024 ആഗസ്റ്റിൽ തകർന്നതിനെ തുടർന്ന് ലബോറട്ടറി പ്രവർത്തനരഹിതമായിരുന്നു. ഹോട്ട് എയർ ഓവൻ, റുഡോൾഫ് ഓട്ടോമാറ്റിക് പോളാരിമീറ്റർ, ഡിഫറൻഷ്യൽ സ്കാനിംഗ് കലോറിമീറ്റർ, ഫ്രീസർ എന്നിവ പ്രവർത്തനരഹിതമായിരുന്നു. രസതന്ത്ര ലബോറട്ടറികളിൽ ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ഗവേഷക വിദ്യാർത്ഥികൾക്ക് പരിശോധനകൾ സർവ്വകലാശാലയ്ക്ക് പുറത്ത് നടത്തേണ്ടി വന്നു.
- ന്യൂക്ലിയർ വസ്തുക്കൾ/റേഡിയോ ആക്ടീവ് മൂലകങ്ങൾ സൂക്ഷിച്ചിരുന്ന റേഡിയേഷൻ ഫിസിക്സ് ലബോറട്ടറിയിൽ റേഡിയേഷൻ ഡിറ്റക്ഷൻ ഉപകരണങ്ങൾ, പ്രവേശന-ബഹിർഗമന സ്ഥലങ്ങളിൽ പരിശോധനാ സൗകര്യം, ഉപയോക്താക്കൾക്കുള്ള വ്യക്തിഗത ഡോസിമീറ്ററുകൾ, സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ ഉണ്ടായിരുന്നില്ല. പാർട്ടിക്കിൾ ആക്സിലറേറ്റർ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാതിരുന്നതിനാൽ ന്യൂക്ലിയർ ഫിസിക്സിലെ പരീക്ഷണങ്ങൾ സർവ്വകലാശാലയ്ക്ക് പുറത്ത് നടത്തേണ്ടി വന്നു.

സർവ്വേയിൽ പ്രതികരിച്ച 50 ഗവേഷക വിദ്യാർത്ഥികളിൽ 22 പേർ ഗവേഷണത്തിന് ലബോറട്ടറി സൗകര്യങ്ങൾ ആവശ്യമായിരുന്ന ശാസ്ത്ര ശാഖയിൽ നിന്നുള്ളവരായിരുന്നു. 22 ഗവേഷക വിദ്യാർത്ഥികളിൽ 10 പേർ (45 ശതമാനം) സർവ്വകലാശാലയിൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്/ പ്രവർത്തനക്ഷമതയില്ലായ്മ കാരണം ലബോറട്ടറി പരിശോധനകൾ/ പരീക്ഷണങ്ങൾ സർവ്വകലാശാലയ്ക്ക് പുറത്ത് നടത്തിയതായി പ്രതികരിച്ചു. പുറത്തുള്ള ലബോറട്ടറിയിൽ നിന്നും / സ്ഥാപനത്തിൽ നിന്നും ഫലങ്ങൾ ലഭിക്കുന്നതിലെ കാലതാമസം തങ്ങളുടെ ഗവേഷണ പ്രവർത്തനത്തെ ബാധിച്ചതായി ഏഴ് ഗവേഷക വിദ്യാർത്ഥികൾ പ്രസ്താവിച്ചു.

[82] ഭൗതികശാസ്ത്ര വിഭാഗത്തിൽ നിന്ന് ഏഴും, രസതന്ത്ര വിഭാഗത്തിൽ നിന്ന് എട്ടും

പിഎം-ഉഷ പദ്ധതിയുടെ കീഴിൽ, രസതന്ത്ര വകുപ്പിലെ എല്ലാ ലബോറട്ടറികൾക്കും അവശ്യ സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ഹോട്ട് എയർ ഓവൻ, പോളാരിമീറ്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായതായും, ഡിഎസ് ടി-എഫ് ഐഎസ്റ്റി[83], പിഎം-ഉഷ എന്നിവയുടെ കീഴിൽ അധിക ഉപകരണങ്ങൾ നേടിയതായും, അഡ്വാൻസ്ഡ് മെറ്റീരിയൽസ് റിസർച്ച് ലബോറട്ടറിയുടെ മേൽക്കൂര നന്നാക്കാൻ നടപടി സ്വീകരിച്ചുവരുന്നതായും അറിയിച്ചു. കൂടാതെ, അഗ്നി സുരക്ഷാ പരിശീലനം നൽകൽ, മോക് ഡ്രിൽ, സുരക്ഷാ സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, അഗ്നിശമന ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവ ആസൂത്രണഘട്ടത്തിലാണ്.

### 2.10.5. സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയിലെ ഉപകരണങ്ങളുടെ പരിപാലനത്തിലെ പോരായ്മകൾ

സർവ്വകലാശാലയിലെ സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റിയിൽ (സിഎസ്ഐഎഫ്), പദാർത്ഥങ്ങളുടെ ഗുണഗണങ്ങളുടെ നിർണ്ണയം, വ്യത്യസ്ത ഭൗതിക, രാസ വിശകലനങ്ങൾ, കൃത്യമായ രാസ വിശകലനം, കമ്പ്യൂട്ടേഷണൽ വിശകലനം എന്നിവയ്ക്കായി ₹10.58 കോടി വിലവരുന്ന 19 സങ്കീർണ്ണമായ ഉപകരണങ്ങൾ പരിപാലിക്കുന്നു. കേരള സർക്കാർ (ജികെ) സ്റ്റോഴ്സ് പർച്ചേസ് മാനുവൽ 2013 അനുസരിച്ച്, പർച്ചേസ് വകുപ്പിന് സാധനങ്ങളുടെ ശരിയായ അറ്റകുറ്റപ്പണികൾക്കും പ്രശ്നരഹിതമായ സേവനത്തിനുമായി, പ്രത്യേകിച്ച് വാറന്റിയിൽ ഉൾപ്പെടാത്ത സങ്കീർണ്ണമായ ഉപകരണങ്ങൾക്കും യന്ത്രങ്ങൾക്കും വേണ്ടി വാർഷിക പരിപാലന കരാറിൽ (എഎംസി) ഏർപ്പെടാം.

സിഎസ്ഐഎഫ് ഡയറക്ടറോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2024 നവംബർ) സിഎസ്ഐഎഫിലുള്ള 19 ഉപകരണങ്ങളിൽ നാലെണ്ണത്തിന് മാത്രമേ സാധുതയുള്ള എഎംസി ഉണ്ടായിരുന്നുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വാറന്റി കാലയളവിനുശേഷം ₹6.88 കോടി വിലമതിക്കുന്ന 10 ഉപകരണങ്ങൾക്ക് എഎംസി എടുത്തിരുന്നില്ല/പുതുക്കിയിരുന്നില്ല, ഇതിൽ അഞ്ചെണ്ണം പ്രവർത്തനരഹിതമായിരുന്നു. 2024 ഫെബ്രുവരി മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ എഎംസി കാലാവധി കഴിഞ്ഞതും ശേഷിച്ചിരുന്നതുമായ അഞ്ച് ഉപകരണങ്ങളിൽ മൂന്നെണ്ണം പ്രവർത്തിച്ചിരുന്നില്ല.

ഈ നൂതന മെഷീനുകൾ ഡാറ്റ വിശകലനം, സിമുലേഷനുകൾ, ഒന്നിലധികം ശാഖകളിലായി നടത്തുന്ന പരിശോധന എന്നിവയ്ക്ക് അത്യാവശ്യമായതിനാൽ, ഉപകരണങ്ങളുടെ പ്രവർത്തനത്തിലെ തകരാർ, ഗവേഷണ പുരോഗതിയെ വൈകിപ്പിക്കുക മാത്രമല്ല, അക്കാദമിക് പ്രവർത്തനങ്ങൾക്കായി ഈ ഉപകരണങ്ങളെ ആശ്രയിക്കുന്ന വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ബാധിക്കുകയും ചെയ്തു.

പത്തൊൻപത് ഉപകരണങ്ങളിൽ 12 എണ്ണം പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും, ഒന്ന് തകരാർ പരിഹരിക്കാനാകാത്ത നിലയിലാണെന്നും സർക്കാർ (2025 ജൂലൈ) അറിയിച്ചു. ശേഷിക്കുന്ന ആറ് ഉപകരണങ്ങളിലെ തകരാറുകൾ പരിഹരിക്കുന്നതിനും എഎംസിയുടെ പരിധിയിൽ വരാത്ത ഉപകരണങ്ങൾക്കായി എഎംസി നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചതായും അറിയിച്ചു.

എഎംസികൾ കൃത്യസമയത്ത് പുതുക്കാത്തതിന്റെ കാരണത്തെക്കുറിച്ച് മറുപടി നിശ്ശബ്ദമാണ്.

---

[83] ശാസ്ത്ര സാങ്കേതിക വകുപ്പ്- ശാസ്ത്ര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള തുക (എഫ്ഐഎസ്റ്റി)

### 2.10.6. ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങളുടെ അഭാവം

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം, 2016, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ അവസരങ്ങൾ, അനുബന്ധ സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ തുല്യ അവസരം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

സർവ്വകലാശാല ക്യാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന രണ്ട് സിസിഎസ്ഐടികൾ[84], രണ്ട് എസ്എംഎസുകൾ[85], മൂന്ന് ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ[86] എന്നിവയിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ പ്രകാരം, രണ്ട് എസ്എംഎസുകളിലും റാംപുകൾ/റെയിലുകൾ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരുന്നില്ലെന്നും, ഏഴ് സ്ഥാപനങ്ങളിലെ ബഹുനില കെട്ടിടങ്ങളിൽ ലിഫ്റ്റ് സൗകര്യവും ഒരു സിസിഎസ്ഐടിയിലും[87] രണ്ട് എസ്എംഎസുകളിലും ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങളും ലഭ്യമായിരുന്നില്ലെന്നും കണ്ടെത്തി (**അനുബന്ധം 2.15**).

സർവ്വകലാശാലാ ക്യാമ്പസിലെ തെരഞ്ഞെടുത്ത ഒമ്പത് വിഭാഗങ്ങളുടെ 27 കെട്ടിടങ്ങളുടെയും ഒരു വ്യക്തിഗത യൂണിറ്റ്/ഒരു സിസിഎസ്ഐടി/മറ്റ് സൗകര്യങ്ങളുടെയും[88] സംയുക്ത പരിശോധനയിൽ (2025 ഫെബ്രുവരി), പ്രവർത്തനക്ഷമമായ ലിഫ്റ്റുകൾ, റാംപുകൾ, സ്പർശസൂചക പാതകൾ, ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ എന്നിവ ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി (**അനുബന്ധം 2.15**).

സർവ്വകലാശാലയിലെ കെട്ടിടങ്ങളെ തടസ്സരഹിത/ഭിന്നശേഷിസൗഹൃദ മാക്കുന്നതിന്റെ ഭാഗമായി, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, കെട്ടിടങ്ങളിൽ ലിഫ്റ്റുകളുടെയും റാംപുകളുടെയും സൗകര്യം, സ്പർശസൂചക പാതകളുടെ നിർമ്മാണം തുടങ്ങിയവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ക്യാമ്പസിന് പുറത്തുള്ള കേന്ദ്രങ്ങളുടെ കാര്യത്തിൽ, നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളിൽ റാംപുകളും റെയിലുകളും സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും, കെട്ടിടങ്ങളുടെ താഴത്തെ നിലയിൽ ക്ലാസുകൾ പുനഃക്രമീകരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി.

### 2.10.7. സർവ്വകലാശാലയുടെ ഭൂമി തിരിച്ച് പിടിക്കാതിരിക്കലും സഹകരണ സംഘങ്ങൾ ഭൂമി നിയമവിരുദ്ധമായി കീഴ്‌വാടകയ്ക്കു കൊടുത്തതും

സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിവിധ ഏജൻസികൾക്ക് അനുവദിച്ചതിനെക്കുറിച്ച് അന്വേഷിക്കാൻ അഭിഭാഷകൻ ശ്രീ പിഎം നിയാസ് കൺവീനറായി സിൻഡിക്കേറ്റ് (2012 ഏപ്രിൽ) ഒരു സമിതി രൂപീകരിച്ചു. സമിതി, അതിന്റെ ശിപാർശകളോടുകൂടിയ റിപ്പോർട്ട് 2012 ജൂലൈ 26-ന് സിൻഡിക്കേറ്റിന്റെ അവലോകനത്തിനായി സമർപ്പിച്ചു. ആറ് സഹകരണ സംഘങ്ങളും രണ്ട് അക്കാദമിക് ചെയറുകളും[89] അനധികൃതമായി കൈവശം വച്ചിരിക്കുന്ന 105.7 സെന്റ് ഭൂമി തിരിച്ചുപിടിക്കാനും സഹകരണ സംഘങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ രൂപീകരിക്കാനും സമിതി ഈ റിപ്പോർട്ടിൽ ശിപാർശ ചെയ്തു. റിപ്പോർട്ട്

---

[84] സിസിഎസ്ഐടി മഞ്ചേരി, സിസിഎസ്ഐടി അരണാട്ടുകര

[85] എസ്എംഎസ് പാലക്കാട്, എസ്എംഎസ് വടകര

[86] സിയുടിഇസി മഞ്ചേരി, സിയുടിഇസി സുൽത്താൻ ബത്തേരി, സിയുടിഇസി കോഴിക്കോട്

[87] സിസിഎസ്ഐടി അരണാട്ടുകര

[88] പരീക്ഷാഭവൻ, രണ്ടു ഹോസ്റ്റലുകൾ

[89] ശാസ്ത്രീയബോധവും വിവരവും സൃഷ്ടിക്കുകയും പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതുവഴി, സമൂഹത്തിന്റെ പുരോഗതിയ്ക്കും സമഗ്രത വളർത്തുന്നതിനും വേണ്ടി സർവ്വകലാശാല സ്ഥാപിച്ചത്.

പഠിക്കുന്നതിനായി സിൻഡിക്കേറ്റ് പിന്നീട് മൂന്ന് ഉപസമിതികൾ[90] രൂപീകരിക്കുകയും, ആദ്യത്തെ ഉപസമിതി (2018 ഏപ്രിലിൽ) ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തെങ്കിലും, ഭൂമി തിരിച്ചുപിടിക്കാൻ സർവ്വകലാശാല ഒരു നടപടിയും സ്വീകരിച്ചില്ല.

സർവ്വകലാശാലയിലെ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് ഭൂമി/കെട്ടിടങ്ങൾ അനുവദിച്ചത് കരാറുകളിലെ ഇനിപ്പറയുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. (i) ഏത് ഉദ്ദേശ്യത്തിനാണോ പാട്ടക്കാരന് സ്ഥലം നൽകിയത്, ആ ഉദ്ദേശ്യത്തിനല്ലാതെ പ്രസ്തുത സ്ഥലം മറ്റേതെങ്കിലും ഉദ്ദേശ്യത്തിനായി അനുവദിക്കരുത് (ii) പാട്ടം നൽകിയ ആളിന്റെ രേഖാമൂലമുള്ള സമ്മതമില്ലാതെ പാട്ടക്കാരൻ ആ സ്ഥലമോ കെട്ടിടമോ മറ്റൊരാൾക്ക് കൈമാറുകയോ കീഴ്പാട്ടത്തിന് നൽകുകയോ ചെയ്യരുത്.

സഹകരണ സംഘങ്ങൾ, ബാങ്കുകൾ, പോസ്റ്റ് ഓഫീസുകൾ തുടങ്ങിയ 18 ഏജൻസികൾക്ക് സർവ്വകലാശാല ഭൂമിയും കെട്ടിടങ്ങളും അനുവദിച്ചതായും/പാട്ടത്തിന് നൽകിയതായും, എട്ട് കേസുകളിൽ പാട്ടക്കാലാവധി അവസാനിച്ചിട്ടും കരാർ പുതുക്കൽ നടത്തിയിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **അനുബന്ധം 2.16-ൽ** നൽകിയിരിക്കുന്നു. സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന (2025 ജനുവരി) നടത്തിയപ്പോൾ, സർവ്വകലാശാലയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന എട്ട് സഹകരണ സംഘങ്ങളിൽ അഞ്ചെണ്ണം പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ചതായും സർവ്വകലാശാലയുടെ സ്വത്തുക്കൾ നിയമവിരുദ്ധമായി കീഴ്വാടകയ്ക്ക് നൽകിക്കൊണ്ട് അനർഹമായ സാമ്പത്തിക നേട്ടം കൈവരിക്കുന്നതായും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 2.17-ൽ** നൽകിയിരിക്കുന്നു.

നിയാസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഇപ്പോഴും നടപടിയെടുത്തിട്ടില്ലെന്നും നിലവിലെ ഉപസമിതിയിൽ നിന്ന് റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ). കൂടാതെ, സർവ്വകലാശാലയുടെ പ്രാരംഭ ഘട്ടത്തിൽ സർവ്വകലാശാലാ സമൂഹത്തിന്റെ സൗകര്യം കണക്കിലെടുത്താണ് ഭൂമി സഹകരണ സംഘങ്ങൾക്ക് അനുവദിച്ചതെന്നും പ്രസ്താവിച്ചു. ഓഡിറ്റ് ചൂണ്ടിക്കാണിച്ച വിഷയങ്ങളിൽ വിശദീകരണം നൽകാൻ സഹകരണ സംഘങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാട്ടത്തുക സമയ ബന്ധിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധനകൾ നടത്തുകയും ഓഡിറ്റിന് വിശദവിവരങ്ങൾ നൽകുകയും ചെയ്യുന്നതാണ്.

105.7 സെന്റ് ഭൂമി തിരിച്ചുപിടിക്കാൻ ശിപാർശ ചെയ്യുന്ന സമിതിയുടെ റിപ്പോർട്ട് 2012 മുതൽ ലഭ്യമായിരുന്നെങ്കിലും, സർവ്വകലാശാല ഇതുവരെയും ഒരു തീരുമാനമെടുത്തിട്ടില്ല എന്നത് ആശങ്കാജനകമാണ് (2025 ജൂലൈ). സർവ്വകലാശാലയിലെ ജീവനക്കാർക്ക് സേവനങ്ങൾ നൽകുന്നതിനായാണ് ഭൂമിയും കെട്ടിടങ്ങളും സഹകരണ സംഘങ്ങൾക്ക് അനുവദിച്ചത്. സർവ്വകലാശാലയുടെ സ്വത്തുക്കൾ മൂന്നാം കക്ഷികൾക്ക് കീഴ്പാട്ടത്തിന് നൽകിയതിലൂടെ, സഹകരണ സംഘങ്ങൾ പാട്ടക്കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ലംഘിച്ച് അനർഹമായ ആനുകൂല്യങ്ങൾ നേടിയതായി ഓഡിറ്റ് കണ്ടെത്തി.

[90] 2018 മാർച്ചിലും 2019 മേയിലും 2024 ആഗസ്റ്റിലും

### 2.10.7.1. സർവ്വകലാശാലയുടെ ഭൂമി അനധികൃതമായി കൈവശം വയ്ക്കൽ

***അക്കാദമിക് ചെയറുകൾ കൈവശപ്പെടുത്തിയ അധിക ഭൂമി***

സർവ്വകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള ഓരോ അക്കാദമിക് ചെയറിനും[91] അനുവദിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 20 സെന്റായി പരിമിതപ്പെടുത്തണമെന്ന് ബിൽഡിംഗ് കമ്മിറ്റി (2003 ഫെബ്രുവരി) അതിന്റെ യോഗത്തിൽ ശിപാർശ ചെയ്തത് സിൻഡിക്കേറ്റ് അംഗീകരിച്ചു (2003 ജൂൺ).

സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥല പരിശോധന ഓഡിറ്റ് നടത്തുകയും (2025 ജനുവരി) ചെയറുകൾക്കായി അനുവദിച്ച ഭൂമിയുടെ അളവ് തിട്ടപ്പെടുത്തുകയും ചെയ്തു. ഇസ്ലാമിക് സ്റ്റഡീസ് ആൻഡ് റിസർച്ച് ചെയറും ഇഎംഎസ് ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ് ആന്റ് റിസർച്ചും യഥാക്രമം 27.2 സെന്റും, 53.4 സെന്റും ഭൂമി കൈവശപ്പെടുത്തിയിരുന്നതായി കണ്ടെത്തി.

***ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് നടത്തിയ കയ്യേറ്റം***

സർവ്വകലാശാലാ എഞ്ചിനീയർ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറുമായി ചേർന്ന് പരിശോധന നടത്തി, സർവ്വകലാശാലയുടെ ഭൂമിയിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് നടത്തിയ അനധികൃത റോഡ് നിർമ്മാണത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിച്ചു (2020 മാർച്ച് 02). വർഷങ്ങൾക്ക് മുമ്പ് റോഡ് നിർമ്മാണത്തിനായാണ് സർവ്വകലാശാല ഭൂമി തങ്ങൾക്ക് കൈമാറിയതെന്ന് പഞ്ചായത്ത് അധികൃതർ അവകാശപ്പെട്ടു. സർവ്വകലാശാല ഭൂമി പഞ്ചായത്തിന് കൈമാറിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് രജിസ്ട്രാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തുകൾ[92] അയച്ചിരുന്നു. ഇതല്ലാതെ സർവ്വകലാശാല മറ്റ് നടപടികളോ തുടർനടപടികളോ സ്വീകരിച്ചതായി കണ്ടില്ല.

അക്കാദമിക് ചെയറുകൾ സർവ്വകലാശാലയുടെ ഭാഗമാണെന്നും സർവ്വകലാശാലയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ഒരു ബോഡിയാണ് അവയെ നിയന്ത്രിക്കുന്നതെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ഓഡിറ്റ് നിരീക്ഷണം കണക്കിലെടുത്ത്, ഇസ്ലാമിക് സ്റ്റഡീസ് ആൻഡ് റിസർച്ച് ചെയറിന് അനുവദിച്ച ഭൂമി അളന്ന് അതിർത്തി നിർണ്ണയിക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തോട് നിർദ്ദേശിച്ചു. കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പരിധി കവിഞ്ഞാൽ, മിച്ചഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കും. ഇ.എം.എസ് ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ് ആൻഡ് റിസർച്ചിനെ സംബന്ധിച്ചിടത്തോളം, ചെയറിന് പ്രത്യേക ഭൂമി അനുവദിച്ചിരുന്നില്ലെന്നും/നീക്കിവച്ചിരുന്നില്ലെന്നും, ഭൂമി ഉപയോഗിക്കാൻ മാത്രമേ അനുമതി നൽകിയിട്ടുള്ളൂവെന്നും, ചെയർ സ്വന്തം ഫണ്ട് ഉപയോഗിച്ച് അവിടെ ഒരു കെട്ടിടം നിർമ്മിച്ചതാണ് എന്നും അറിയിച്ചു. അതിനാൽ, സർവ്വകലാശാലയുടെ ആവശ്യങ്ങൾക്ക് അധികഭൂമി അത്യാവശ്യമാണെന്ന് കണ്ടെത്തുമ്പോൾ അത് തിരിച്ചുപിടിക്കും. ഗ്രാമപഞ്ചായത്തിന്റെ കയ്യേറ്റത്തെ സംബന്ധിച്ച് സർക്കാർ പ്രസ്താവിച്ചത്, സർവ്വകലാശാലാ ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച രേഖകൾ സമർപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അധികാരികൾ പരാജയപ്പെട്ടതിനാൽ സർവ്വകലാശാലയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ച ശേഷം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമെന്നാണ്.

ഇ.എം.എസ് ചെയറുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയിരിക്കുന്ന മറുപടി, സർവ്വകലാശാലയ്ക്ക് തങ്ങളുടെ സ്വത്തുക്കളുടെ മേലുള്ള

[91] ഏഴ് ചെയറുകൾ

[92] 2020 മേയ് 08-ഉം 2020 ആഗസ്റ്റ് 14-ഉം

നിയന്ത്രണമില്ലായ്മയെ സൂചിപ്പിക്കുന്നു. ഓരോ ചെയറിനും ഭൂമി അനുവദിക്കുന്നതിനുള്ള നിശ്ചിത പരിധികളെക്കുറിച്ചുള്ള സ്വന്തം ഉത്തരവുകൾ പാലിക്കാൻ സർവ്വകലാശാല ബാധ്യസ്ഥമായതിനാൽ, സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

### 2.10.8. റഗുലേറ്ററി ബോഡികളുടെ അനുമതിയില്ലാതെ കെട്ടിടങ്ങളുടെ നിർമ്മാണം

2019-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് (കെപിബിആർ)-ലെ റൂൾ 4 അനുസരിച്ച്, സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങാതെ ഒരു വ്യക്തിയും ഏതെങ്കിലും ഭൂമിയിൽ വികസനം നടത്തുകയോ, പുനർ നിർമ്മിക്കുകയോ, പരിഷ്കരിക്കുകയോ ചെയ്യരുത്.

സർവ്വകലാശാല, രണ്ട് ഗ്രാമപഞ്ചായത്തുകളുടെ[93] അധികാരപരിധിയിലുള്ള അതിന്റെ 13 കെട്ടിടങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷാ ഫോമുകൾ ഡ്രോയിംഗുകൾക്കൊപ്പം അതത് ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് 2023-ൽ സമർപ്പിച്ചു[94]. രേഖകൾ പരിശോധിച്ച ശേഷം, ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാർ ജില്ലാ ടൗൺ പ്ലാനറിൽ നിന്ന് ലഭിച്ച അംഗീകാരം സമർപ്പിക്കാൻ സർവ്വകലാശാലയോട് നിർദ്ദേശിച്ചു. കൂടാതെ, ഒരു ഗ്രാമപഞ്ചായത്ത്[95] ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിക്കാൻ സർവ്വകലാശാലയോട് നിർദ്ദേശിച്ചു.

മുകളിൽ പറഞ്ഞതിന്റെ വെളിച്ചത്തിൽ, സർവ്വകലാശാലാ ക്യാമ്പസിനുള്ളിൽ നിർമ്മിച്ച എല്ലാ കെട്ടിടങ്ങൾക്കും കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ ഓഡിറ്റ് ഒരു പരിശോധന നടത്തി. ആകെയുള്ള 169 കെട്ടിടങ്ങളിൽ 74 എണ്ണത്തിന് കെട്ടിട നമ്പർ നൽകിയിരുന്നില്ലെന്ന് കണ്ടെത്തി. എൽഎസ്ജിഐയുടെ അനുമതിയില്ലാതെയാണ് ഈ കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നതെന്നും ഇത് കെപിബിആറിന്റെ ലംഘനമായതിനാൽ ഈ കെട്ടിടങ്ങൾ അനധികൃതമാണെന്നും ഇത് സൂചിപ്പിക്കുന്നു.

കെപിഡബ്ല്യുഡി മാനുവലിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ, കെട്ടിടങ്ങളുടെ രജിസ്റ്റർ സർവ്വകലാശാല സൂക്ഷിച്ചിരുന്നില്ല, പകരം, കേരള ഫിനാൻഷ്യൽ കോഡ് ഫോം 23 പ്രകാരമുള്ള ഒരു ആസ്തി രജിസ്റ്റർ മാത്രമേ സൂക്ഷിച്ചിരുന്നുള്ളൂ. സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം പരിപാലിക്കുന്ന ആസ്തി രജിസ്റ്ററിൽ കെട്ടിടങ്ങളുടെ നിർമ്മാണ വർഷത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഈ കെട്ടിടങ്ങൾ എന്നുമുതൽക്കാണ് എൽഎസ്ജിഐകളുടെ അംഗീകാരമില്ലാതെ നിലകൊള്ളുന്നതെന്ന് ഓഡിറ്റിന് നിർണ്ണയിക്കാൻ കഴിഞ്ഞില്ല.

കെപിബിആറിന്റെ വ്യവസ്ഥകൾ പ്രകാരം, ഒരു പ്ലോട്ടിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെയും ക്രമവൽക്കരണത്തിനായി ഒരൊറ്റ അപേക്ഷ സമർപ്പിക്കേണ്ടത് നിർബന്ധമാണെന്ന് ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്തുകൾ അപേക്ഷകൾ നിരസിച്ചുവെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). ക്യാമ്പസിലെ എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ഒരൊറ്റ അപേക്ഷയിലേക്ക് ഏകീകരിക്കുന്നത്, പ്രത്യേകിച്ച്, ചില ചെറിയ കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷയിൽ നിന്ന് ഇളവ് നൽകിയിട്ടുള്ളതിനാൽ, പ്രായോഗികമായി അസാധ്യമാണ്. അതിനാൽ കെപിബിആറിന്റെ, മുകളിൽ പറഞ്ഞ ചട്ടത്തിൽ നിന്ന് സർക്കാരിനോട് ഇളവ് ആവശ്യപ്പെട്ടിരുന്നു (2024 സെപ്റ്റംബർ). അപേക്ഷ, നിലവിൽ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ പരിഗണനയിലാണ്, ഇളവു ലഭിച്ചാൽ ഓരോ കെട്ടിടത്തിനും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കാൻ സർവ്വകലാശാലയ്ക്കു സാധിക്കും.

---

93 പള്ളിക്കൽ, തേഞ്ഞിപ്പാലം

94 2023 ഫെബ്രുവരി 20 മുതൽ 2023 ഏപ്രിൽ 11 വരെയുള്ള കാലയളവിൽ

95 തേഞ്ഞിപ്പാലം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നതിനാൽ, കെട്ടിടങ്ങൾ കെപിബിആറിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പില്ല.

### 2.10.9. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലൈസൻസ് ലഭിക്കാത്തതിനാൽ ലിഫ്റ്റുകൾ കമ്മീഷൻ ചെയ്യാതിരുന്നത്

2012-ലെ കേരള ലിഫ്റ്റ്സ് ആൻഡ് എസ്കലേറ്റേഴ്സ് ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ച്, ലിഫ്റ്റ്/എസ്കലേറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഒരു സൂക്ഷ്മപരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യണം.

സർവ്വകലാശാല ₹146.65 ലക്ഷം ചെലവിൽ ആറ്[96] ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിന് ഭരണപരവും സാമ്പത്തികവുമായ അനുമതികൾ (2023 ഫെബ്രുവരി-മാർച്ച്) നൽകി. ആറ് പാസഞ്ചർ ലിഫ്റ്റുകൾക്കായി വാർഷികപരിപാലന കരാറുകളുൾപ്പെടെ വിതരണം, സ്ഥാപിക്കൽ, പരിശോധന, കമ്മീഷൻ ചെയ്യൽ എന്നിവയ്ക്കുള്ള ടെൻഡറുകൾ വെവ്വേറെ ക്ഷണിക്കുകയും 2023 ഡിസംബറിൽ[97] സെലക്ഷൻ നോട്ടീസുകൾ നൽകുകയും ചെയ്തു.

ഇലക്ട്രിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുമായി ചേർന്ന് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2025 ഏപ്രിൽ) സി ഇഎംഎം കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ആരംഭിച്ചിരുന്നില്ലെന്നും, മാത്തമാറ്റിക്സ് ബ്ലോക്കിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിക്കുകയാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ശേഷിക്കുന്ന നാല് ലിഫ്റ്റുകൾ പ്രവർത്തനക്ഷമമല്ലായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് താഴെ പറയുന്നവ നിരീക്ഷിച്ചു:

- ലിഫ്റ്റിനായുള്ള ലൈസൻസ് ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് കെട്ടിടങ്ങൾ ക്രമവൽക്കരിക്കണമെന്നും അത് തെളിയിക്കുന്ന രേഖകൾ പൂർത്തീകരണ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നിർദ്ദേശിച്ചു. കെട്ടിടം ക്രമവൽക്കരിക്കണമെന്ന് നിർബന്ധിതമാക്കിയതിനാൽ രണ്ട് ലിഫ്റ്റുകൾ[98] പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.
- സിഎച്ച്എംകെ കെട്ടിടത്തിലും സെനറ്റ് കെട്ടിടത്തിലും പാസഞ്ചർ ലിഫ്റ്റുകളുടെ സ്ഥാപിക്കൽ പൂർത്തിയായെങ്കിലും, അംഗീകൃത കെട്ടിട പ്ലാനുകൾ ലഭ്യമല്ലാത്തതിനാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് അവ പ്രവർത്തനക്ഷമമാക്കാനായില്ല.
- കരാർ നൽകിയതിനുശേഷം നിലവിലുള്ള ലിഫ്റ്റ് ചട്ടക്കൂടിൽ കരാറുകാരൻ മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ സിഇഎംഎം-ലെ ലിഫ്റ്റ് സ്ഥാപിക്കുന്ന ജോലികൾ ആരംഭിച്ചിരുന്നില്ല. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ₹16.20 ലക്ഷത്തിന്റെ അടങ്കൽ തയ്യാറാക്കി. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി/സാമ്പത്തിക അനുമതി സിൻഡിക്കേറ്റിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ (2024 ഓഗസ്റ്റ്), പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല.

---

[96] പരീക്ഷാഭവൻ, ഹ്യുമാനിറ്റീസ് ബ്ലോക്ക്, മാത്തമാറ്റിക്സിനുള്ള പുതിയ കെട്ടിടം, സിഎച്ച്എംകെ ലൈബ്രറി, സിഇഎംഎം കെട്ടിടം, സെനറ്റ് ഹൗസ് എന്നിവിടങ്ങളിൽ

[97] മെസേഴ്സ് എസ്റ്റോൺ എലിവേറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (അഞ്ച്) മെസേഴ്സ് ഇൻഫ്രാ എലിവേറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (ഒന്ന്).

[98] പരീക്ഷാഭവൻ, ഹ്യുമാനിറ്റീസ് ബ്ലോക്ക് എന്നിവിടങ്ങളിലെ

അങ്ങനെ, 2024 ജനുവരിയിൽ കരാറുകാരുമായി കരാർ ഒപ്പിട്ട് പൂർത്തീകരണ കാലയളവ് മൂന്ന് മാസമായി നിശ്ചയിച്ചിരുന്നിട്ടും, ആറ് ലിഫ്റ്റുകളിൽ ഒന്നുപോലും ഇന്നുവരെ (2025 ജൂലൈ) പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

ലിഫ്റ്റുകൾ സ്ഥാപിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ ക്രമവൽക്കരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാത്തതിനാൽ, ലിഫ്റ്റുകൾ പ്രവർത്തനക്ഷമമാക്കാൻ അനുമതി തേടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അപേക്ഷ സമർപ്പിച്ചതായി സർക്കാർ അറിയിച്ചു (2025 ജൂലൈ). സിഇഎം കെട്ടിടത്തിലെ ലിഫ്റ്റിന്റെ കാര്യത്തിൽ, സിവിൽ വർക്കുകൾക്കുള്ള അടങ്കൽ കമ്മിറ്റിയുടെ പരിഗണനയിലാണെന്നും, അടങ്കൽ അംഗീകരിച്ച് സിവിൽ വർക്കുകൾ പൂർത്തിയാക്കിയ ശേഷം ലിഫ്റ്റ് സ്ഥാപിക്കൽ പൂർത്തീകരിക്കുമെന്നും അറിയിച്ചു.

ബഹുനില കെട്ടിടങ്ങളിൽ ലിഫ്റ്റുകൾ ലഭ്യമല്ലാത്തത് ഭിന്നശേഷിക്കാർക്ക് കൂടുതൽ വെല്ലുവിളികൾ സൃഷ്ടിക്കുന്നു.

### 2.10.10. ഇൻഷുറൻസ് നയങ്ങൾ സംബന്ധിച്ച കരാർ വ്യവസ്ഥകൾ പാലിക്കാതിരിക്കൽ

സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥ 12 (ഇൻഷുറൻസ്) പ്രകാരം, കരാറുകാരൻ തൊഴിലുടമയുടെയും (സർവ്വകലാശാല) കരാറുകാരന്റെയും സംയുക്തനാമത്തിൽ രണ്ട് ഭാഗങ്ങളായി ഇൻഷുറൻസ് പരിരക്ഷകൾ നൽകണം, അതായത്, (എ) ആരംഭ തീയതി മുതൽ പൂർത്തീകരണ തീയതി വരെയും (ബി) ഡിഫക്റ്റ് ലയബിലിറ്റി കാലയളവിനും.

ഇൻഷുറൻസിന്റെ മൂല്യം സാധാരണയായി കരാർ മൂല്യത്തിന്റെ 0.5 ശതമാനവും, കുറഞ്ഞത് ₹രണ്ട് ലക്ഷവും പരമാവധി ₹അഞ്ച് ലക്ഷവും ആയിരിക്കണം. ആരംഭ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ കരാറുകാരൻ ഇൻഷ്വറൻസ് എടുക്കാത്ത സാഹചര്യത്തിൽ, തൊഴിലുടമ കരാർ തുകയുടെ 0.2 ശതമാനം കുറയ്ക്കേണ്ടതാണ്.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗം ₹108.46 കോടിയുടെ അടങ്കൽ തുക വരുന്ന 529 പ്രവൃത്തികൾ നടപ്പിലാക്കി. സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ നടത്തിയ 57 പ്രവൃത്തികളുടെ പരിശോധനയിൽ, സ്വീകാര്യത അംഗീകരിച്ചുകൊണ്ടുള്ള കത്തിൽ/കരാറിൽ വ്യക്തമാക്കിയിരുന്ന ഇൻഷ്വറൻസിന്റെ ആവശ്യകത ഉറപ്പാക്കിയിരുന്നില്ലെന്നും, ₹3.66 ലക്ഷം[99] കിഴിവ് ചെയ്തിരുന്നില്ലെന്നും ഓഡിറ്റ് കണ്ടെത്തി.

2025 ഫെബ്രുവരി 17 മുതൽ കരാറുകാരൻ ഇൻഷ്വറൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ സെലക്ഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, കരാറുകാർ അവർ എടുത്ത ഇൻഷുറൻസ് പോളിസി സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

കരാറുകാരിൽ നിന്ന് കിഴിവു ചെയ്യാതിരുന്ന ₹3.66 ലക്ഷത്തെക്കുറിച്ച് മറുപടി നിശബ്ദമാണ്.

[99] കരാർ തുകയുടെ 0.2 ശതമാനം

### 2.10.11. സിവിൽ വർക്കുകളിൽ ഗുണനിലവാരം ഉറപ്പിക്കലും ഗുണനിലവാര നിയന്ത്രണവും പാലിക്കാത്തത്

കേരള പൊതുമരാമത്ത് വകുപ്പ് (കെപിഡബ്ല്യുഡി) മാനുവൽ പരിഷ്കരിച്ച പതിപ്പ് 2012 പ്രകാരം, മൂന്ന് തലങ്ങളിലുള്ള[100] ഗുണനിലവാര നിയന്ത്രണ സംവിധാനം പിന്തുടരേണ്ടതാണ്, അതിൽ ജോലി/നിർമ്മാണ വേളയിൽ ഒന്നും രണ്ടും തല പരിശോധനകളും നിർമ്മാണം പൂർത്തിയായതിന് ശേഷം മൂന്നാം തല (സാങ്കേതിക ഓഡിറ്റ്) പരിശോധനകളും നടത്തേണ്ടതുണ്ട്. പണം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന വർക്ക് ബില്ലിനൊപ്പം ഗുണനിലവാര നിയന്ത്രണ (ക്യുസി) പരിശോധനാ ഫലങ്ങളും ഉണ്ടായിരിക്കണം.

സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത 57 പ്രവൃത്തികളുടെ പരിശോധനയിൽ, അടങ്കൽ തുക ₹15 ലക്ഷത്തിലധികമുള്ള 24 പ്രവൃത്തികളിൽ സമഗ്രമായ നിർബന്ധിത ക്യുസി പരിശോധനകൾ നടത്തിയിരുന്നില്ലെന്നും, നിർമ്മാണ/പരിപാലന പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാതെയാണ് അവസാന ഗഡു പണം നൽകിയതെന്നും ഓഡിറ്റ് കണ്ടെത്തി.

പിഡബ്ല്യുഡി മാനുവലിന്റെ സെക്ഷൻ 2103-ൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, കരാർ രേഖകളിൽ ക്യുസി ടെസ്റ്റുകളുടെ പട്ടികയും അവയുടെ ആവൃത്തിയും സർവ്വകലാശാല ഉൾപ്പെടുത്തിയിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

കെപിഡബ്ല്യുഡിയിലേതിന് സമാനമായി ഒരു പ്രത്യേക ക്യുസി സെൽ നിലനിർത്തിക്കൊണ്ട് രണ്ടാം തല ഗുണനിലവാര നിരീക്ഷണം നടത്തുന്നത് ലാഭകരമല്ലെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം ഉപയോഗിച്ച് അസാധ്യമാണെന്നും സർക്കാർ (2025 ജൂലൈ) പ്രസ്താവിച്ചു. പരിമിതമായ എണ്ണം സാങ്കേതിക ജീവനക്കാരും കുറഞ്ഞ അളവിലുള്ള പ്രവൃത്തിയും ഉള്ള സർവ്വകലാശാലയിൽ കെപിഡബ്ല്യുഡി മാനുവൽ, കെപിഡബ്ല്യുഡി ക്യുസി മാനുവൽ, കെപിഡബ്ല്യുഡി ക്യുസി ലാബ് മാനുവൽ എന്നിവയുടെ വ്യവസ്ഥകൾ അതേപടി പാലിക്കാൻ കഴിയില്ല. എന്നിരുന്നാലും, രണ്ടാം തല ഗുണനിലവാര നിരീക്ഷണത്തിനുള്ള സാധ്യത പരിശോധിക്കുന്നതാണെന്ന് സർക്കാർ അറിയിച്ചു.

സർവ്വകലാശാലയുടെ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുക്കുന്ന വിവിധ പ്രവൃത്തികളിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പിക്കാനുള്ള പരിശോധനകൾ നടത്താത്തതിന് കാരണമായി അപര്യാപ്തമായ മനുഷ്യശേഷിയെ ചൂണ്ടിക്കാണിക്കുന്ന വിശദീകരണം ന്യായീകരിക്കാനാവില്ല.

## 2.11. ശിപാർശകൾ

- ***സർവ്വകലാശാലയുടെ സ്ട്രാറ്റജിക് പ്ലാൻ കൈവരിക്കുന്നതിനായി നിർവചിക്കപ്പെട്ട സമയക്രമങ്ങളും നാഴികക്കല്ലുകളും നിശ്ചയിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല ഉറപ്പാക്കേണ്ടതാണ്, അതുപോലെ നേട്ടത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരിക്കേണ്ടതാണ്.***

- ***യുജിസി/റെഗുലേറ്ററി ബോഡികൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയും സർവ്വകലാശാലയുടെ റഗുലേഷനുകളിൽ ആവശ്യമായ ഭേദഗതികൾ സമയ ബന്ധിതമായി ഉൾപ്പെടുത്തുന്നതിനായി ഉടനടി സിൻഡിക്കേറ്റ് യോഗത്തിൽ***

---

[100] ₹പതിനഞ്ച് ലക്ഷത്തിൽ കൂടുതൽ ചെലവു മതിപ്പു വരുന്ന എല്ലാ പദ്ധതികൾക്കും ഒന്നാം തല പരിശോധന കോൺട്രാക്ടർ സ്വന്തം ചെലവിൽ നടത്തേണ്ടതും, രണ്ടാം തല പരിശോധന, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്യുസി റാൻഡമായി നടത്തേണ്ടതും, ₹അഞ്ചു കോടിയിൽ കൂടുതൽ ചെലവു മതിപ്പു വരുന്ന പദ്ധതികൾക്ക് മൂന്നാം തല പരിശോധന (ടെക്നിക്കൽ ഓഡിറ്റ്) പദ്ധതി പൂർത്തീകരിച്ച് ആറു മാസത്തിനുള്ളിൽ, ഇതിനായി എംപാനൽ ചെയ്ത ഒരു ബാഹ്യ ഏജൻസി/വിദഗ്ധൻ നടത്തേണ്ടതുമായിരുന്നു.

*അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, അത്തരം ഭേദഗതികൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഒരു സമയക്രമം നിർദ്ദേശിക്കേണ്ടതാണ്.*

- *അക്കാദമിക് നിലവാരം നിലനിർത്തുന്നതിനും വിദ്യാർത്ഥികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും, സർവ്വകലാശാല നടത്തുന്ന പ്രോഗ്രാമുകൾക്ക് യുജിസിയുടെ അംഗീകാരമുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.*

- *നിശ്ചിത സമയപരിധിക്കുള്ളിൽ സർവ്വകലാശാലയുടെ അക്കൗണ്ടുകൾ കൃത്യമായി തയ്യാറാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നുണ്ടെന്നും, നിശ്ചിത സമയപട്ടികയ്ക്ക് അനുസൃതമായി കെഎസ്എഡി ഓഡിറ്റ് പൂർത്തിയാക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *യുജിസിയിൽ നിന്നും മറ്റ് കേന്ദ്രീകൃത പദ്ധതികളിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർക്കാരും സർവ്വകലാശാലയും ഉറപ്പാക്കേണ്ടതാണ്. കൂടാതെ, ഈ ഫണ്ടുകളുടെ വിനിയോഗത്തിനു മേൽനോട്ടം വഹിക്കുന്നതിനായി ശരിയായ നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ടായിരിക്കേണ്ടതാണ്.*

- *സർവ്വകലാശാലയുമായി കൂടിയാലോചിച്ച്, മതിയായ അദ്ധ്യാപകരും യോഗ്യതയുള്ളവരുമായവരുടെ സേവനങ്ങൾ അതിന്റെ സ്ഥാപനങ്ങളിൽ ലഭ്യമാണെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.*

- *വസ്തുനിഷ്ഠവും കർശനവുമായ ഒരു ഉത്തരക്കടലാസ് മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നതും, മൂല്യനിർണ്ണയ പ്രക്രിയയിലെ അപര്യാപ്തതയ്ക്ക് മൂല്യനിർണ്ണയക്കാരെ ഉത്തരവാദികളാക്കുന്നതും, റഗുലേഷനുകൾക്കനുസൃതമായി വിദ്യാർത്ഥികൾക്ക് ഏകീകൃതമായി മോഡറേഷൻ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ടാബുലേഷൻ സോഫ്റ്റ്‌വെയറിൽ മതിയായ പരിശോധനകൾ ഉൾപ്പെടുത്തുന്നതും സർവ്വകലാശാലയ്ക്ക് പരിഗണിക്കാവുന്നതാണ്.*

- *സർവ്വകലാശാലയുടെ അധികാരപരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും, യുജിസിയുടെയും മറ്റ് പ്രസക്തമായ റഗുലേറ്ററി ബോഡികളുടെയും നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ പശ്ചാത്തല സൗകര്യ നിലവാരം, കുറഞ്ഞ നിലയ്ക്കെങ്കിലും പാലിക്കുന്നുണ്ടെന്നു സർവ്വകലാശാല ഉറപ്പാക്കേണ്ടതാണ്.*

- *ഭൂമിയും കെട്ടിടങ്ങളും പാട്ടത്തിന് നൽകിയ എല്ലാ കക്ഷികളുമായും സർവ്വകലാശാല ഔപചാരികമായി കരാറിലേർപ്പെടേണ്ടതാണ്. നിലവിലുള്ള വിപണി സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിൽ വാടക അല്ലെങ്കിൽ പാട്ട നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ കരാറുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.*

# വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്

# അദ്ധ്യായം III
# സഹകരണ വകുപ്പ്

## കേരളത്തിലെ സഹകരണ സംഘങ്ങളുടെ ക്രമപ്പെടുത്തൽ

### 3.1. ആമുഖം

സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ ക്രമാനുഗതമായ വികസനം ഉറപ്പാക്കുന്നതിനായി, ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന സംസ്ഥാന നയത്തിന്റെ നിർദ്ദേശക തത്വങ്ങൾക്കനുസൃതമായി, 1969 മെയ് 15-ന് കേരള സഹകരണ സംഘം നിയമം 1969 (കെസിഎസ് നിയമം) നിലവിൽ വന്നു. കേരളത്തിലെ സഹകരണ സംഘങ്ങളുടെ സ്ഥാപനം, രജിസ്ട്രേഷൻ, പ്രവർത്തനം, ക്രമപ്പെടുത്തൽ, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് ഈ നിയമം. കെസിഎസ് നിയമത്തിലെ 109-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 1969 ജൂലൈ 14-ന് കേരള സഹകരണ സംഘം ചട്ടങ്ങൾ 1969 (കെസിഎസ് ചട്ടങ്ങൾ) രൂപീകരിച്ചു.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ, കാർഷിക വായ്പ, പൊതുവിതരണ സംവിധാനം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, ആരോഗ്യം, പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം, ഭവന നിർമ്മാണം, കാർഷിക സംസ്കരണം, പട്ടികജാതി/പട്ടികവർഗ്ഗ (എസ്.സി / എസ്ടി) മേഖല, വനിതാ വികസനം തുടങ്ങിയ വിവിധ വികസനോന്മുഖ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുകയും വൈവിധ്യമാർന്ന സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ സേവിക്കുകയും ചെയ്യുന്നു. സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹായവും വായ്പയും ലഭ്യമാക്കുക, ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുക, വായ്പകളുടെ മുതലും പലിശയും ഈടാക്കുക തുടങ്ങിയവയുടെ ഉത്തരവാദിത്തം കേരള സർക്കാരിന്റെ സഹകരണ വകുപ്പിനായിരുന്നു (വകുപ്പ്). മുകളിൽ പറഞ്ഞവയ്ക്ക് പുറമേ, സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്/പരിശോധന, ഓഹരി, വായ്പ, സബ്സിഡി എന്നിവയുടെ രൂപത്തിൽ സഹായം നൽകൽ, പ്രവർത്തിക്കാത്ത സംഘങ്ങളുടെ ലിക്വിഡേഷൻ/പിരിച്ചുവിടൽ, തർക്ക പരിഹാരം, ഒരു സംഘത്തിന്റെ കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തൽ തുടങ്ങിയ നിയമപരമായ പ്രവർത്തനങ്ങളും വകുപ്പ് നിർവഹിക്കുന്നു.

2024 മാർച്ച് 31-ലെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ സ്ഥിതി **ചാർട്ട് 3.1** ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 3.1: 2024 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16,393 സഹകരണ സംഘങ്ങളുടെ സ്ഥിതി**



സംഘങ്ങളുടെ ഭരണപരമായ നിയന്ത്രണം സഹകരണ സംഘങ്ങളുടെ രജിസ്ട്രാറിൽ (ആർസിഎസ്) നിക്ഷിപ്തമായിരുന്നു. ഇവയ്ക്കു പുറമേ, മറ്റ് വകുപ്പുകളുടെ കീഴിൽ, അതാതു ഫംഗ്ഷണൽ രജിസ്ട്രാർമാർ[101] നിയന്ത്രിക്കുന്ന 6,911 സഹകരണ സംഘങ്ങളും നിലവിലുണ്ടായിരുന്നു. മുകളിൽ പറഞ്ഞ എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് പ്രവർത്തനങ്ങൾ ആർ സി എസിനു റിപ്പോർട്ട് ചെയ്തിരുന്ന സഹകരണ ഓഡിറ്റ് ഡയറക്ടറിൽ (ഡിസിഎ) നിക്ഷിപ്തമായിരുന്നു.

വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരുടെ സംഘടനാ സജ്ജീകരണം **അനുബന്ധം 3.1**-ൽ കാണിച്ചിരിക്കുന്നു.

## 3.2. ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, രീതി

വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) നടത്തിയതിലൂടെ

- സഹകരണ സംഘങ്ങളുടെ ക്രമപ്പെടുത്തലിനായി സഹകരണ സംഘ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; എന്നും
- നിയമത്തിൽ വിഭാവനം ചെയ്തതുപോലെ ഉത്തരവാദിത്ത- നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ടോ എന്നും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്നും വിലയിരുത്തപ്പെട്ടു.

കെസിഎസ് നിയമത്തിൽ നിന്നും അതിന്റെ ഭേദഗതികളിൽ നിന്നും, കെസിഎസ് ചട്ടങ്ങളിൽ നിന്നും അതിന്റെ ഭേദഗതികളിൽ നിന്നും, സർക്കാരും വകുപ്പും കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിവിധ വിജ്ഞാപനങ്ങളിൽ നിന്നും, സർക്കുലറുകളിൽ നിന്നും, ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി ഓഡിറ്റ് നിരീക്ഷണങ്ങൾ വിലയിരുത്തി.

**2024** ജൂലൈ **04** മുതൽ **2025** ഫെബ്രുവരി **28** വരെ നടത്തിയ എസ്എസ്സിഎ **2019-20** മുതൽ **2023-24** വരെയുള്ള കാലയളവിനെ സംബന്ധിച്ചതാണ്. സർക്കാർ സെക്രട്ടേറിയറ്റിലെ വകുപ്പിന്റെ ഓഫീസ്, ആർസിഎസിന്റെ ഓഫീസ്, രണ്ട് ഫങ്ഷണൽ രജിസ്ട്രാർമാരുടെയും ഓഫീസുകൾ അതായത്, കയർ വികസന ഡയറക്ടർ, ക്ഷീര വികസന ഡയറക്ടർ, തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ നാല് തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ, താലൂക്ക് തല സ്ഥാപനങ്ങൾ എന്നിവ ഓഡിറ്റ് ടീം സന്ദർശിച്ചു. സിംപിൾ റാൻഡം സാംപ്ലിംഗ് വിത്ത്ഔട്ട് റീപ്ലേസ്മെന്റ് പ്രക്രിയ ഉപയോഗിച്ചാണ് ജില്ലാ, താലൂക്ക് തല സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് **(അനുബന്ധം 3.2).** സംഘങ്ങളുടെ മേൽ ഭരണപരമായ നിയന്ത്രണം പ്രയോഗിക്കുന്നതിൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിന്റെ അളവ്, സഹകരണ ഓഡിറ്റ്[102] സംവിധാനത്തിന്റെ പ്രവർത്തനം, വാർഷിക പദ്ധതി ഫണ്ടുകൾ / കേന്ദ്ര ഫണ്ടുകളുടെ വിനിയോഗത്തിന്റെ പരിധി, നിരീക്ഷണത്തിലെ വീഴ്ചകൾ എന്നിവ ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് രീതി ഫയലുകൾ/രേഖകൾ എന്നിവയുടെ സൂക്ഷ്മപരിശോധനയും, ഓഡിറ്റ് അന്വേഷണങ്ങൾ ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ പ്രതികരണം ശേഖരിക്കലും ഉൾപ്പെട്ടതാണ്. സർക്കാർ നൽകിയ സാമ്പത്തിക സഹായം ഉദ്ദേശിച്ച ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി, പരിശോധന നടത്തിയ ജില്ലകളിലെ **72**[103] സഹകരണ സംഘങ്ങളുടെ ഭൗതിക പരിശോധനയും ഓഡിറ്റ്, വകുപ്പുതല ഉദ്യോഗസ്ഥരുടെ കൂടെ സംയുക്തമായി നടത്തി.

---

[101] വ്യവസായ ഡയറക്ടർ, കൈത്തറി ഡയറക്ടർ, കയർ വികസന ഡയറക്ടർ, ഖാദി ഗ്രാമ വ്യവസായ ഡയറക്ടർ, ക്ഷീര വികസന ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ

[102] ഇംഗ്ലീഷിലുള്ള സിഎ റിപ്പോർട്ടിൽ, സഹകരണ ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റിനെക്കുറിച്ചും പരാമർശിക്കുന്നതിനാൽ, വലിയ അക്ഷരത്തിൽ 'എ' ഉള്ള 'ഓഡിറ്റ്' എന്ന പദം അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിനെ പ്രത്യേകം സൂചിപ്പിക്കുന്നു.

[103] തിരുവനന്തപുരം-**16**, ആലപ്പുഴ-**16**, തൃശൂർ-**14**, കണ്ണൂർ-**26**

**2024** ജൂലൈ **03**-ന് വകുപ്പ് സെക്രട്ടറിയുമായി എസ്എസ്സിഎയുടെ പ്രാരംഭ കൂടിക്കാഴ്ച നടത്തി, ഓഡിറ്റ് ലക്ഷ്യങ്ങൾ, വ്യാപ്തി, മാനദണ്ഡങ്ങൾ എന്നിവ ചർച്ച ചെയ്തു. **2025** ജൂലൈ **23**-ന് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുമായി എസ്എസ്സിഎയുടെ അന്തിമ കൂടിക്കാഴ്ച നടത്തി, ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്തു. സർക്കാരിൽ നിന്നു ലഭിച്ച മറുപടി **(2025** ജൂലൈ**)** റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3.3. രേഖകൾ ഹാജരാക്കാത്തതും ഡാറ്റാബേസിലേക്കുള്ള പ്രവേശനം വകുപ്പ് നിഷേധിച്ചതും മൂലം ഓഡിറ്റിനുണ്ടായ തടസ്സങ്ങളും ഓഡിറ്റ് വ്യാപ്തിയുടെ പരിമിതപ്പെടലും

എസ്എസ്സിഎ കാലയളവിലുടനീളം, ഓഡിറ്റ് ചെയ്ത എല്ലാ തലങ്ങളിലുമുള്ള സ്ഥാപനങ്ങളിൽ നിന്ന് തുടർച്ചയായി അവശ്യ രേഖകൾ/നിർണ്ണായക വിവരങ്ങൾ ഹാജരാക്കാതിരിക്കുന്ന പ്രവണത ഓഡിറ്റിന് നേരിടേണ്ടി വന്നു. വകുപ്പിന്റെ ആധുനികവൽക്കരണപദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത ഓൺലൈൻ പ്ലാറ്റ്ഫോമായ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (ഐസിഡിഎംഎസ്) ഡംപ് ഡാറ്റാബേസിലേക്കുള്ള പ്രവേശനം ഓഡിറ്റിന് നിഷേധിച്ചു. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും ബൈലോകളുടെ ഭേദഗതിയും, സഹകരണ സംഘങ്ങളുടെ ഓഡിറ്റിന്റെ നിലയും അതിന്റെ തുടർനടപടികളും മറ്റും ഈ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിരുന്നു. ആർസിഎസിന് കീഴിലുള്ള ഓഫീസുകളിലേക്ക് **345** ഓഡിറ്റ് അഭ്യർത്ഥനകൾ/എൻക്വയറികൾ നൽകിയെങ്കിലും, **104** എണ്ണത്തിന് മാത്രമേ പ്രതികരണം ലഭിച്ചുള്ളൂ. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിയന്ത്രണ സംവിധാനത്തെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണ നിരക്ക് **30** ശതമാനം മാത്രമായിരുന്നു, ബാക്കിയുള്ള അഭ്യർത്ഥനകൾക്ക് ആവർത്തിച്ചുള്ള ഓർമ്മപ്പെടുത്തലുകൾക്ക് ശേഷവും മറുപടി ലഭിച്ചിട്ടില്ല.

സ്ഥാപനങ്ങൾ രേഖകൾ ഹാജരാക്കാത്തത്, ഓഡിറ്റുമായി ബന്ധപ്പെട്ട ഇടപാടുകൾ കൈകാര്യം ചെയ്തതോ അടിസ്ഥാനപ്പെടുത്തിയതോ ആയ അക്കൗണ്ടുകൾ, പുസ്തകങ്ങൾ, പേപ്പറുകൾ, മറ്റ് രേഖകൾ എന്നിവ ആവശ്യപ്പെടാനും, ഏതെങ്കിലും അക്കൗണ്ടോ റിപ്പോർട്ടോ തയ്യാറാക്കുന്നതിനായി ഓഫീസിന്റെ ചുമതലയുള്ള വ്യക്തിയോട് ചോദ്യങ്ങൾ ചോദിക്കാനും നിരീക്ഷണങ്ങൾ നടത്താനും സിഎജിക്ക് അധികാരം നൽകുന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി)യുടെ (കടമകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം **1971**-ലെ വകുപ്പ് **18(1)**-ലെ വ്യവസ്ഥകളുടെ ലംഘനമാണ്. സിഎജി പരിശോധിച്ച് ഓഡിറ്റ് ചെയ്യേണ്ട ഏതെങ്കിലും ഓഫീസിന്റെയോ വകുപ്പിന്റെയോ ചുമതലയുള്ള വ്യക്തി അത്തരം പരിശോധനയ്ക്കുള്ള എല്ലാ സൗകര്യങ്ങളും നൽകണമെന്നും വിവരങ്ങൾക്കായുള്ള അഭ്യർത്ഥനകൾ വേഗത്തിൽ, പൂർണ്ണ രൂപത്തിൽ അനുവർത്തിക്കണമെന്നും മുകളിൽ പറഞ്ഞ നിയമത്തിലെ വകുപ്പ് **18(2)** നിഷ്കർഷിക്കുന്നു.

മുകളിൽ സൂചിപ്പിച്ച രേഖകൾ നൽകുന്നതിനുള്ള നിയമപരമായ ബാധ്യത പാലിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടതും സിസ്റ്റത്തിലേക്കുള്ള ഓഡിറ്റിന്റെ പ്രവേശനം തടഞ്ഞതും ഓഡിറ്റ് കണ്ടെത്തലുകളുടെ പരിശോധന, നിയമം പാലിക്കുന്നുണ്ടോ എന്നതിന്റെ വിലയിരുത്തൽ, ഫണ്ട് വിനിയോഗത്തിന്റെ വ്യാപ്തി, സംവിധാനത്തിന്റെ വിശകലനം, തുടർ നടപടികളുടെ വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് വ്യാപ്തിയെ പരിമിതപ്പെടുത്തി.

ഓഡിറ്റ്, അതിന്റെ കണ്ടെത്തലുകളും തത്ഫലമായുണ്ടാകുന്ന നിഗമനങ്ങളും രൂപപ്പെടുത്തുന്നതിന് ഡാറ്റ, വിവരങ്ങൾ, രേഖകൾ എന്നിവയുടെ രൂപത്തിലുള്ള തെളിവുകളെ ആശ്രയിക്കുന്നതിനാൽ, ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനം, നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളുടെ

അനുവർത്തനത്തിന് ഉചിതമായ തെളിവുകൾ നൽകുന്നതിനും ശ്രദ്ധയിൽപ്പെട്ട വ്യതിയാനങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി നൽകുന്നതിനും നിരന്തരം വിമുഖത കാണിക്കുന്നത്, വകുപ്പിന്റെ സുതാര്യതയെയും ഉത്തരവാദിത്ത സംവിധാനങ്ങളെയും കുറിച്ച് ആശങ്കകൾക്കിട നൽകുന്നു. കൂടാതെ, ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനം പ്രധാനപ്പെട്ട വസ്തുതകൾ മറച്ചുവെക്കാനുള്ള സാധ്യതയും ഉയർത്തുന്നു. ഈ വസ്തുതകൾ യഥാക്രമം 2024 ഡിസംബർ 19, 2025 ജനുവരി 22 തീയതികളിലെ അർദ്ധ ഔദ്യോഗിക കത്തുകൾ വഴി സ്പെഷ്യൽ സെക്രട്ടറിയുടെയും ചീഫ് സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും, 2025 ജൂലൈ 23-ന് നടന്ന അന്തിമ കൂടിക്കാഴ്ചയിൽ ആവർത്തിക്കുകയും ചെയ്തു.

## ഓഡിറ്റ് കണ്ടെത്തലുകൾ

### 3.4. സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ കാലതാമസം

കെസിഎസ് നിയമത്തിലെ വകുപ്പ് 6 പ്രകാരം, ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, സംഘവുമായി ബന്ധപ്പെട്ട ആവശ്യമായ വിവരങ്ങൾ സഹിതം രജിസ്ട്രാർക്ക് സമർപ്പിക്കണമായിരുന്നു. നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകളും മറ്റ് ആവശ്യകതകളും അപേക്ഷയിൽ പാലിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ, അപേക്ഷ സ്വീകരിച്ച തീയതി മുതൽ 90 ദിവസത്തിനുള്ളിൽ അദ്ദേഹത്തിന് സംഘം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഒരു അപേക്ഷ നിരസിക്കുന്ന സാഹചര്യത്തിൽ, അപേക്ഷ സ്വീകരിച്ച തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ രജിസ്ട്രാർ നിരസിച്ചതിന്റെ ഉത്തരവ് കാരണങ്ങൾ സഹിതം അറിയിക്കണമെന്ന് നിയമത്തിലെ വകുപ്പ് 7(2) വ്യവസ്ഥ ചെയ്യുന്നു. ഒരു സംഘത്തിന്റെ അപേക്ഷ, അപേക്ഷ സ്വീകരിച്ച തീയതി മുതൽ 90[104] ദിവസത്തിനുള്ളിൽ രജിസ്ട്രാർ തീർപ്പാക്കണമായിരുന്നു.

തെരഞ്ഞെടുത്ത ജില്ലകളിലെ 2019-24 കാലയളവിലെ രജിസ്ട്രേഷന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ രജിസ്ട്രേഷനിലും അപേക്ഷകൾ തിരികെ നൽകുന്നതിലും/നിരസിക്കുന്നതിലും കാലതാമസം ഉണ്ടായതായി കണ്ടെത്തി. സംഘങ്ങളുടെ രജിസ്ട്രേഷനായുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 3.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1: 2019-24 കാലയളവിൽ സംഘങ്ങളുടെ രജിസ്ട്രേഷന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | തിരുവനന്തപുരം | ആലപ്പുഴ | തൃശ്ശൂർ# | കണ്ണൂർ | ആകെ |
|---|---|---|---|---|---|
| ലഭിച്ച അപേക്ഷകളുടെ എണ്ണം | 122 | 65 | 33 | 70 | 290 |
| നിരസിച്ച/തിരിച്ചയച്ച/തീർപ്പാക്കാത്ത അപേക്ഷകൾ | 17 | 21 | 4 | ഇല്ല | 42 |
| രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം | 105 | 44 | 29 | 70 | 248 |
| 90 ദിവസത്തിനുശേഷം രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ എണ്ണം | 79 | 31 | 13 | 26 | 149 |
| രജിസ്ട്രേഷനിലെ ശരാശരി കാലതാമസം (ദിവസങ്ങളിൽ) | 156 | 199 | 194 | 39 | - |

*# 11 കേസുകളിൽ രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിച്ച തീയതി ലഭ്യമാക്കിയില്ല.*
*(ഉറവിടം: അതത് ജോയിന്റ് രജിസ്ട്രാർമാർ നൽകിയ വിശദാംശങ്ങൾ)*

[104] 2024 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വന്ന 2023-ലെ കെസിഎസ് (ഭേദഗതി) നിയമ പ്രകാരം 60 ദിവസമായി കുറച്ചു

ഓഡിറ്റ് നിരീക്ഷിച്ചത്,

- 248 സംഘങ്ങളിൽ 149 (60 ശതമാനം) എണ്ണത്തിന്, 90 ദിവസത്തിന് ശേഷമാണ് രജിസ്ട്രേഷൻ നൽകിയത്. ഇതിന് 91 മുതൽ 1007 ദിവസങ്ങൾ വരെ കാലതാമസം നേരിട്ടു.

- 90 ദിവസത്തിനുശേഷം രജിസ്റ്റർ ചെയ്ത ഈ 149 കേസുകളിൽ 25 എണ്ണം ഓഡിറ്റ് പരിശോധിച്ചു, ജോയിന്റ് രജിസ്ട്രാർമാർ (ജെആർ)/അസിസ്റ്റന്റ് രജിസ്ട്രാർമാർ (എആർ) അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ 15[105] കേസുകളിൽ നിയമം/ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പാലിച്ചില്ല.

- തിരിച്ചയച്ച അപേക്ഷകളിൽ, തെരഞ്ഞെടുത്ത 11-ൽ ഒൻപതെണ്ണത്തിൽ[106] 94 മുതൽ 509 വരെ ദിവസങ്ങളുടെ കാലതാമസം നേരിട്ടു.

രജിസ്ട്രേഷൻ പ്രക്രിയ പൂർണ്ണമായും ഐസിഡിഎംഎസ് വെബ് ആപ്ലിക്കേഷൻ വഴിയാണ് നടത്തിയതെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ) സർക്കാർ പ്രസ്താവിച്ചു. എന്നിരുന്നാലും, തെറ്റായ സോഫ്റ്റ്‌വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻ (എസ്ആർഎസ്) കാരണം ഡാറ്റ ശേഖരിക്കുന്ന സംവിധാനത്തിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഐസിഡിഎംഎസ്-ന്റെ പുതിയ പതിപ്പായ ഐസിഡിഎംഎസ് 2.0-യുടെ വികസനം പുരോഗമിക്കുകയാണെന്നും, രജിസ്ട്രേഷൻ പ്രക്രിയ കാലതാമസം ഉണ്ടാവാത്ത രീതിയിൽ കാര്യക്ഷമമാക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി.

രജിസ്ട്രേഷന്റെ ഭൗതിക ഫയലുകൾ ഓഡിറ്റ് പരിശോധിക്കുകയും അപേക്ഷകൾ തീർപ്പാക്കുന്നതിൽ എ.ആർ/ജെ.ആർമാരുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം നിരീക്ഷിക്കുകയും ചെയ്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള സൗകര്യമൊരുക്കി കാലതാമസത്തിന്റെ വ്യാപ്തി കുറയ്ക്കാമായിരുന്നു.

## 3.5. സംഘങ്ങളുടെ തരംതിരിക്കൽ

കെ.സി.എസ് നിയമത്തിലെ വകുപ്പ് 80(1) സഹകരണ സംഘങ്ങളെ അവയുടെ തരം, സാമ്പത്തിക സ്ഥിതി, ഇവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തി. 1969-ലെ കെ.സി.എസ് ചട്ടത്തിലെ ചട്ടം 182(1), 1974 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം സംസ്ഥാനത്തെ സംഘങ്ങളുടെ വിശദമായ തരം തിരിക്കൽ[107] നിഷ്കർഷിക്കുന്നു. 2014 നവംബർ മുതൽ മൂന്ന് വർഷത്തിലൊരിക്കൽ ഈ തരംതിരിക്കൽ പരിഷ്കരിക്കേണ്ടതായിരുന്നു.

### സംഘങ്ങളുടെ നിലവിലെ തരംതിരിവ് ഉറപ്പാക്കാതെ നിയമന പരീക്ഷകൾ നടത്തിയത്

കെസിഎസ് ചട്ടത്തിലെ ചട്ടം 188 പ്രകാരം, ഓരോ സംഘവും അതിന്റെ തരത്തിനും വിഭാഗത്തിനും അനുസൃതമായി, ചട്ടത്തിലെ **അനുബന്ധം III**-ൽ സൂചിപ്പിച്ചിരിക്കുന്ന സ്റ്റാഫ് പാറ്റേൺ സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെസിഎസ് നിയമത്തിലെ വകുപ്പ് 80ബി-യുടെ പരിധിയിൽ ഉൾപ്പെടുന്ന സംഘങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി പരീക്ഷകൾ നടത്തുവാൻ സഹകരണ പരീക്ഷാ ബോർഡിനെ (ബോർഡ്)

---

105 ജെ.ആർ, തിരുവനന്തപുരം(7), ജെ.ആർ, ആലപ്പുഴ (5), ജെ.ആർ, കണ്ണൂർ(1), ജെ.ആർ, തൃശ്ശൂർ(2)

106 ജെ.ആർ, തിരുവനന്തപുരം (2), ജെ.ആർ, ആലപ്പുഴ (7)

107 സംഘങ്ങളുടെ ഓരോ വിഭാഗത്തിലും നിയമിക്കേണ്ട അംഗീകൃത ജീവനക്കാരുടെ പട്ടിക ഉൾപ്പെടുന്ന കെസിഎസ് ചട്ടങ്ങളിലെ അനുബന്ധം III-ൽ പറഞ്ഞപ്രകാരം.

ഉത്തരവാദിത്തപ്പെടുത്തിയിരുന്നു. കെസിഎസ് ചട്ടത്തിലെ ചട്ടം 182 അനുസരിച്ച്, അത്തരം സംഘങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനൊപ്പം, ഏറ്റവും പുതിയ തരം, തരത്തിനനുസരിച്ച് അനുവദിക്കപ്പെട്ട അംഗബലം, തസ്തിക, ഒഴിവുകളുടെ എണ്ണം തുടങ്ങിയ മറ്റ് വിശദാംശങ്ങളും നിർദ്ദിഷ്ട പ്രൊഫോർമയിൽ ബോർഡിന് സമർപ്പിക്കണം.

പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, കർഷക സർവീസ് സഹകരണ ബാങ്കുകൾ, എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, റീജിയണൽ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ[108] എന്നിവയെ വിവിധ വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് ആർസിഎസ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു (2013 ഏപ്രിൽ). ഓഹരി മൂലധനം, നിക്ഷേപങ്ങൾ, വായ്പാ കുടിശ്ശിക, ലാഭം, ഓഡിറ്റ് തരംതിരിക്കൽ, വായ്പ തിരിച്ചുപിടിക്കൽ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണിത്.

ഓഡിറ്റ് പരിശോധനയുടെ ഭാഗമായി, 2022-23 കാലയളവിൽ തിരുവനന്തപുരത്തെ 12[109] സംഘങ്ങളിലേക്ക് ജൂനിയർ ക്ലാർക്ക്, സിസ്റ്റംസ് അഡ്മിനിസ്ട്രേറ്റർ തസ്തികകളിലേക്ക് പരീക്ഷകൾ നടത്തുന്നതിനായി ബോർഡിന് സമർപ്പിച്ച അപേക്ഷകൾ സൂക്ഷ്മമായി വിശകലനം ചെയ്തു. 2013 ഏപ്രിലിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ആർസിഎസ് എല്ലാ സംഘങ്ങളെയും മൂന്ന് വർഷത്തിലൊരിക്കൽ തരംതിരിച്ചിട്ടില്ലാത്തതിനാൽ, തിരുവനന്തപുരത്തെ എ.ഡി ഓഫീസിൽ നിന്ന് ലഭിച്ച 12 സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുടെ[110] പ്രൊഫോർമയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തന മൂലധനം, നിക്ഷേപങ്ങൾ, കുടിശ്ശികയുള്ള വായ്പാ തുക, ഡിസിഎയുടെ തരംതിരിക്കൽ എന്നിവയുടെ വിശദാംശങ്ങൾ ഓഡിറ്റ് ശേഖരിക്കുകയും ഈ സംഘങ്ങളുടെ നിലവിലെ തരം വിലയിരുത്തുകയും ചെയ്തു.

മേൽപ്പറഞ്ഞ 12 സംഘങ്ങളിൽ നാല് സംഘങ്ങളുടെ ക്ലാസുകൾ തരംതാഴ്ത്തുകയും ഒരു സംഘത്തിന്റേത് അപ്ഗ്രേഡ് ചെയ്യുകയും വേണമെന്ന് ഈ പരിശോധന വെളിപ്പെടുത്തി. ശേഷിക്കുന്ന ഏഴ് സംഘങ്ങളുടെ തരത്തിൽ മാറ്റമൊന്നും ഉണ്ടായില്ല. **പട്ടിക 3.2**-ൽ പറഞ്ഞിരിക്കുന്നതുപോലെ, തരം മാറുന്ന അഞ്ച് സംഘങ്ങളുടെ കാര്യത്തിൽ, ഓഡിറ്റ്, സംഘങ്ങൾ റിപ്പോർട്ട് ചെയ്ത അംഗസംഖ്യയെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള അംഗസംഖ്യയുമായി താരതമ്യം ചെയ്തു.

**പട്ടിക 3.2: വ്യവസ്ഥകൾക്കനുസൃതമായ അംഗസംഖ്യയെ അധികരിച്ച് സഹകരണ സംഘങ്ങൾ റിപ്പോർട്ട് ചെയ്ത അംഗസംഖ്യയുടെ വിശദാംശങ്ങൾ**

| സംഘത്തിന്റെ പേര് | സംഘം റിപ്പോർട്ട് ചെയ്ത തരം | സംഘം റിപ്പോർട്ട് ചെയ്ത തരം പ്രകാരമുള്ള അംഗസംഖ്യ | ഓഡിറ്റ് കണക്കാക്കിയ തരം | മാനദണ്ഡങ്ങൾക്കനുസൃതമായ അംഗസംഖ്യ |
|---|---|---|---|---|
| കരവാരം എസ്സിബി | തരം II | 18 | തരം V | 7 |
| ചെമ്പൂർ എസ്സിബി | തരം III | 16 | തരം V | 7 |
| പാപ്പനംകോട് എസ്സിബി | തരം II | 18 | തരം V | 7 |

108 ക്ലാസ് I – സൂപ്പർ ഗ്രേഡ്, ക്ലാസ് I – സ്പെഷ്യൽ ഗ്രേഡ്, ക്ലാസ് I, ക്ലാസ് II, ക്ലാസ് III, ക്ലാസ് IV, ക്ലാസ് V, ക്ലാസ് VI, ക്ലാസ് VII

109 പാപ്പനംകോട് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (എസ് സി ബി) (നമ്പർ 1108), മാധവവിലാസം എസ് സി ബി (നമ്പർ 1347), അഞ്ചുതെങ്ങ് എസ് സി ബി (3166), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സ്റ്റാഫ് സിഎസ് (4352), കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് ഹൗസിംഗ് സിഎസ്(4385), ചെമ്പൂർ എസ് സി ബി (ടി202), നഗരൂർ എസ് സി ബി (ടി219), കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് സിഎസ് (ടി233), കരവാരം എസ് സി ബി (ടി324), മുട്ടത്തറ എസ് സി ബി (ടി413), പോലീസ് സിഎസ് (ടി696), വെട്ടൂർ എസ് സി ബി (ടി728)

110 2016-17 മുതൽ 2021-22 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ടത്

| സംഘത്തിന്റെ പേര് | സംഘം റിപ്പോർട്ട് ചെയ്ത തരം | സംഘം റിപ്പോർട്ട് ചെയ്ത തരം പ്രകാരമുള്ള അംഗസംഖ്യ | ഓഡിറ്റ് കണക്കാക്കിയ തരം | മാനദണ്ഡങ്ങൾക്കനുസൃതമായ അംഗസംഖ്യ |
|---|---|---|---|---|
| കേരളാ സ്റ്റേറ്റ് കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം | തരം I | 26 | തരം III | 16 |
| പോലീസ് സഹകരണ സംഘം | തരം I | 26 | തരം I സ്പെഷ്യൽ ഗ്രേഡ് | 32 |

*(ഉറവിടം: ബോർഡ് നൽകിയ വിശദാംശങ്ങളും തിരുവനന്തപുരം എ.ഡി ഓഫീസിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് ഓഡിറ്റ് സംയോജിപ്പിച്ച വിവരങ്ങളും)*

അങ്ങനെ, അപേക്ഷ സമർപ്പിച്ച തീയതിയിലെ തരം കണക്കിലെടുക്കുന്നതിന് പകരം, ഏറ്റവുമൊടുവിൽ ലഭ്യമായ സംഘത്തിന്റെ തരമാണ് പരീക്ഷാ ബോർഡ് പരിഗണിച്ചത്. അതിനാൽ, നികത്താനുള്ള തസ്തികകൾ ഏറ്റവും പുതിയ തരം പ്രകാരമുള്ള സ്റ്റാഫ് പാറ്റേണുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. ഒരു സംഘത്തിൽ സ്ഥിരമായി അധികമോ/കുറവോ ആയ അംഗസംഖ്യ, സേവന വ്യവസ്ഥകൾ പാലിക്കുന്നതിലെ ക്രമരാഹിത്യത്തെ സൂചിപ്പിക്കുന്നു, ഇത് സംഘങ്ങളുടെ മൊത്തത്തിലുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചേക്കാം.

തരം മാറ്റത്തിൽ പുനഃപരിശോധന ആവശ്യപ്പെടുന്ന ആർസിഎസിന്റെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണെന്ന് അന്തിമ കൂടിക്കാഴ്ചയിൽ സർക്കാർ പ്രസ്താവിച്ചു **(2025** ജൂലൈ). തരം മാറ്റം ഉൾപ്പെടെ, സംഘങ്ങളുടെ മാനേജ്മെന്റ് നിരീക്ഷിക്കുന്നതിനായി രാജ്യത്ത് ആദ്യമായി **2025** മാർച്ച് **01** മുതൽ പ്രാബല്യത്തിൽ വരുന്ന കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (സിഐഎംഎ) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തതായി ആർസിഎസ് വിശദീകരിച്ചു.

## 3.6. സഹകരണ വിജിലൻസിന്റെ പ്രവർത്തനം

### 3.6.1. സഹകരണ വിജിലൻസ് ഓഫീസറായി പോലീസ് ഉദ്യോഗസ്ഥനെ നിയമിക്കാതിരിക്കൽ

കെസിഎസ് നിയമത്തിലെ വകുപ്പ് 68എ പ്രകാരം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പദവിയിൽ കുറയാത്ത ഒരു വിജിലൻസ് ഓഫീസറെ നിയമിക്കാനും, ആർസിഎസ് നിർദ്ദേശിക്കുന്ന സംഘങ്ങളിലെ ദുരുപയോഗം, അഴിമതി, മറ്റ് പ്രധാന ക്രമക്കേടുകൾ എന്നിവ ഈ ഉദ്യോഗസ്ഥൻ അന്വേഷിക്കാനും വ്യവസ്ഥ ഉണ്ട്.

മുകളിൽ പറഞ്ഞതിന് വിരുദ്ധമായി, **2019** ഏപ്രിൽ മുതൽ **2024** ജൂലൈ വരെയുള്ള കാലയളവിൽ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് പദവിയിലുള്ള ഉദ്യോഗസ്ഥനു പകരം, ആർസിഎസ് ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ/ജെ.ആർമാരാണ് വിജിലൻസ് ഓഫീസറുടെ അധിക ചുമതല വഹിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർക്കാർ **2024** ഓഗസ്റ്റിൽ സഹകരണ വിജിലൻസ് ഓഫീസറായി ഒരു പോലീസ് സൂപ്രണ്ടിനെ നിയമിച്ചു. അങ്ങനെ, അതുവരെയുള്ള കാലയളവിൽ സംഘങ്ങളിലെ ദുരുപയോഗം, അഴിമതി, മറ്റ് പ്രധാന ക്രമക്കേടുകൾ എന്നിവ അന്വേഷിക്കാൻ സാങ്കേതിക മികവുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സേവനം വകുപ്പിന് നഷ്ടമായി.

ഡിഐജി റാങ്കിലുള്ള ഐപിഎസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നത് ഉദ്യോഗസ്ഥരുടെ കുറവ് കാരണം ബുദ്ധിമുട്ടുള്ള ഒരു നടപടിക്രമമാണെന്നും, നിലവിൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ **(2024** ഓഗസ്റ്റ്) എസ്.പി റാങ്കിലുള്ള ഒരു ഐപിഎസ് ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിച്ചു എന്നും സർക്കാർ പ്രസ്താവിച്ചു **(2025** ജൂലൈ). പരാതികളിൽ ഫീൽഡ് തലത്തിൽ തന്നെ എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും പോലീസ്

ഇടപെടൽ ആവശ്യമെങ്കിൽ പരാതികൾ വിജിലൻസ് ഓഫീസർക്ക് കൈമാറുമെന്നും പ്രസ്താവിച്ചു.

ഓഡിറ്റ് കാലയളവിൽ എ.ആർ/ജെ.ആർമാർ വിജിലൻസ് ഓഫീസർമാരുടെ ചുമതല വഹിച്ചിരുന്നത്, കെസിഎസ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ് കണ്ടെത്തി. നിലവിലുള്ള നിയമങ്ങൾ ഡിഐജി റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ഓഫീസറായി നിയമിക്കാൻ അനുവദിക്കാത്തപക്ഷം, മുകളിൽ പറഞ്ഞവ ഒഴികെയുള്ള ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടുകളുടെ നിയമസാധുത ജുഡീഷ്യൽ ഫോറത്തിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്.

### 3.6.2. വിജിലൻസ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കുന്നതിലെ കാലതാമസവും വിജിലൻസ് റിപ്പോർട്ടുകളിൽ തുടർനടപടികളുടെ അഭാവവും

കെസിഎസ് ചട്ടത്തിലെ ചട്ടം 66എ പ്രകാരം, സഹകരണ വിജിലൻസ് ഓഫീസർ, രജിസ്ട്രാർ നിർദ്ദേശിക്കുന്ന അഴിമതി, ദുരുപയോഗം, വഞ്ചന, കൃത്രിമത്വം, രേഖകൾ കേടുവരുത്തൽ അല്ലെങ്കിൽ നശിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ അന്വേഷണം നടത്തുകയും രജിസ്ട്രാർക്ക് റിപ്പോർട്ട് നൽകുകയും വേണം. സാധാരണയായി വിജിലൻസ് ഓഫീസർ മൂന്ന് മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണം, വിജിലൻസ് ഓഫീസർ സമർപ്പിക്കുന്ന ഇടക്കാല റിപ്പോർട്ട് തൃപ്തികരമാണെങ്കിൽ രജിസ്ട്രാർക്ക് മൂന്ന് മാസത്തേക്ക് കൂടി കാലാവധി നീട്ടാവുന്നതാണ്.

രജിസ്ട്രാർ പുറപ്പെടുവിച്ച സർക്കുലർ (2008 മെയ്) പ്രകാരം, സഹകരണ വിജിലൻസ് ഓഫീസർക്ക് റഫർ ചെയ്യുന്ന കേസുകൾ നിരീക്ഷിക്കുന്നതിനായി ആർസിഎസിലെ വിജിലൻസ് വിഭാഗം നിർദ്ദിഷ്ട ഫോർമാറ്റിൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ കേസിന്റെയും പുരോഗതി ഓരോ മൂന്ന് മാസത്തിലും വിലയിരുത്തേണ്ടതുമാണ്.

2019-24 കാലയളവിൽ, സഹകരണ വിജിലൻസ് ഓഫീസർ ആർസിഎസിന് സമർപ്പിച്ച 247 അന്വേഷണ റിപ്പോർട്ടുകളിൽ 185 കേസുകളിൽ പരിഹാര നടപടികൾ ശിപാർശ ചെയ്തു, ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമം(ഐപിസി)/ക്രിമിനൽ നടപടി ചട്ടം (സിആർപിസി) പ്രകാരമുള്ള നടപടികളും ഉൾപ്പെടുന്നു. ആറ് മാസം മുതൽ അഞ്ച് വർഷത്തിനു മേൽ വൈകിയാണ് 195 കേസുകൾ ആർസിഎസിന് സമർപ്പിച്ചത്.

വിജിലൻസ് ഓഫീസർക്ക് റഫർ ചെയ്ത കേസുകൾ നിരീക്ഷിക്കുന്നതിനും വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടുകളിലെ നടപടികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും ആർസിഎസിന് കീഴിലുള്ള വിജിലൻസ് വിഭാഗം രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. നടപടി ശിപാർശ ചെയ്ത 185 റിപ്പോർട്ടുകളിൽ 143 റിപ്പോർട്ടുകൾ ആർസിഎസ്/ജെ.ആർമാരുടെ ഓഫീസിലെ വിവിധ വിഭാഗങ്ങൾക്ക് കൈമാറിയിരുന്നു. അമ്പത്തിയേഴ് റിപ്പോർട്ടുകൾ 31 മുതൽ 690 ദിവസങ്ങൾ വരെ വൈകിയാണ് കൈമാറിയത്. ശേഷിക്കുന്ന 42 റിപ്പോർട്ടുകൾ കൈമാറിയതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ഈ 42 കേസുകളിൽ 11 എണ്ണത്തിന്റെ പരിശോധനയിൽ, 10 കേസുകളിൽ ഐപിസി/സിആർപിസി പ്രകാരം നടപടി ശിപാർശ ചെയ്തതായി കണ്ടെത്തിയത്, ഉടനടി പരിഹാര നടപടികൾ ആവശ്യമായിരുന്ന ധനാപഹരണം, വഞ്ചന, സാമ്പത്തിക തട്ടിപ്പ് തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിരുന്നു എന്നു സൂചിപ്പിക്കുന്നു.

വിജിലൻസ് റിപ്പോർട്ടുകളിൻമേൽ ഭരണപരമായ സെക്ഷനുകൾ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം സർക്കാർ ശരിവച്ചു (2025 ജൂലൈ). കൂടാതെ, വിജിലൻസ് റിപ്പോർട്ടുകൾ അവലോകനം ചെയ്യാനും സഹകരണ വിജിലൻസ് ഓഫീസർക്ക് റഫർ ചെയ്ത കേസുകൾ

നിരീക്ഷിക്കുന്നതിനുമായി ഒരു രജിസ്റ്റർ സൂക്ഷിക്കാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു (2024 ഡിസംബർ) എന്ന് അറിയിച്ചു.

നൂറ്റിഎൺപത്തിയഞ്ച് വിജിലൻസ് റിപ്പോർട്ടുകളിൽ 41 എണ്ണത്തിലും, ജെ.ആർമാരിൽ നിന്നും കംപ്ലയൻസ് റിപ്പോർട്ടുകൾ ലഭിച്ചുവെന്നും, ബാക്കിയുള്ള കേസുകളിൽ, വിജിലൻസ് ഓഫീസറുടെ ശിപാർശകളിന്മേൽ ജെ.ആർ നടപടി സ്വീകരിച്ചു വരികയാണെന്നും പ്രസ്താവിച്ചു. മേൽപ്പറഞ്ഞ വസ്തുത ഓഡിറ്റിനു സ്വീകാര്യമല്ല, കാരണം, നടപടി ആരംഭിക്കുന്നതിനായി മറ്റ് വിഭാഗങ്ങളിലേക്ക് കൈമാറിയതായി കാണാത്ത 42 വിജിലൻസ് കേസുകളെക്കുറിച്ച് മറുപടി നിശബ്ദമാണ്.

## 3.7. ഡോർമെന്റ്/റെക്കോർഡുകൾ ലഭ്യമല്ലാത്ത സംഘങ്ങളെ ക്രമരഹിതമായി തരംതിരിച്ചതും പ്രവർത്തിക്കാത്ത സംഘങ്ങൾക്കെതിരെ ഫലപ്രദമല്ലാത്ത നടപടി സ്വീകരിച്ചതും.

ഓഡിറ്റ് നടക്കുന്ന കാലയളവിൽ, സഹകരണ സംഘങ്ങളെ "ഡോർമെന്റ്"[111] എന്നോ "ആർഎൻഎ"[112] എന്നോ തരംതിരിച്ചിട്ടുണ്ടെന്നും 40 വർഷത്തിലേറെയായി അങ്ങനെ തന്നെ നിലനിർത്തിയിട്ടുണ്ടെന്നും കണ്ടെത്തി. 1969-ലെ കെസിഎസ് നിയമത്തിലും അതിന് കീഴിൽ രൂപപ്പെടുത്തിയ ചട്ടങ്ങളിലും മുകളിൽ പറഞ്ഞ പദങ്ങളുടെ നിർവചനമോ/പരാമർശമോ, വ്യക്തമായ അംഗീകാരമോ അടങ്ങിയിട്ടില്ല. കൂടാതെ, അത്തരം വിഭാഗങ്ങളിലുള്ള സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേകമായി സ്വീകരിക്കേണ്ട ഏതെങ്കിലും നിയമപരമായ നടപടിക്രമമോ നടപടിയോ നിർദ്ദേശിച്ചിട്ടുമില്ല.

അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ), 'ഡോർമെന്റ്', 'ആർഎൻഎ' എന്നീ പദങ്ങളുടെ ഉപയോഗം നിയമപരമല്ലെന്ന് സർക്കാർ അഭിപ്രായപ്പെടുകയും അത്തരം സംഘങ്ങൾ വീണ്ടും പുനരുജ്ജീവിപ്പിക്കുന്നതിനോ അടച്ചുപൂട്ടുന്നതിനോ വേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്ന ഭരണപരമായ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു.

### 3.7.1. 'ഡോർമെന്റ്' സംഘങ്ങളിന്മേൽ തുടർനടപടികളുടെ അഭാവം

വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിനുശേഷമോ വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്ക് ശേഷമോ, അല്ലെങ്കിൽ സംഘാംഗങ്ങളിൽ നിന്നും സമാപ്തീകരണത്തിനുള്ള അപേക്ഷ സ്വീകരിച്ചതിനു ശേഷമോ ആയിരിക്കണം ഒരു സംഘം സമാപ്തീകരിക്കേണ്ടത് എന്ന് കെസിഎസ് നിയമത്തിലെ വകുപ്പ് 71 വ്യവസ്ഥ ചെയ്യുന്നു. നിരവധി സംഘങ്ങൾ മോശപ്പെട്ട അവസ്ഥയിലും, നിഷ്ക്രിയവുമായി നിലനിൽക്കുന്നത് സഹകരണ പ്രസ്ഥാനത്തിന് അപകീർത്തി വരുത്തുമെന്നും അത്തരം സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനോ, ലിക്വിഡേറ്റ് ചെയ്യുന്നതിനോ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും ആർസിഎസ് പുറപ്പെടുവിച്ച സർക്കുലറിൽ (1972 ഒക്ടോബർ) ആവർത്തിച്ചു.

പരിശോധന നടത്തിയ താലൂക്കുകളിലെ ഡോർമെന്റ് സംഘങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ, 2024 മാർച്ച് വരെ പുനരുജ്ജീവനം/ലിക്വിഡേഷൻ ചെയ്യേണ്ടതിനായി 336 ഡോർമെന്റ് സംഘങ്ങളുണ്ടെന്ന് കണ്ടെത്തി. ഡോർമെന്റ് സംഘങ്ങളുടെ സ്ഥിതി **പട്ടിക 3.3-**ൽ നൽകിയിരിക്കുന്നു.

[111] ആർസിഎസിന്റെ ജനറൽ വിഭാഗം ഓഫീസ് പ്രകാരം പ്രവർത്തനക്ഷമമല്ലാത്തതോ പതിവ് ഇടപാടുകൾ ഇല്ലാത്തതോ ആയ സഹകരണസംഘങ്ങൾ

[112] ഡിസിഎ പറഞ്ഞതനുസരിച്ച്, രേഖകൾ ലഭ്യമല്ലാത്തവ

**പട്ടിക 3.3: പരിശോധന നടത്തിയ താലൂക്കുകളിലെ 2024 മാർച്ച് വരെയുള്ള ഡോർമെന്റ് സംഘങ്ങളുടെ സ്ഥിതി**

| താലൂക്ക് | ലിക്വിഡേഷൻ ചെയ്യുന്നതിനായിട്ടുള്ള ഡോർമെന്റ് സംഘങ്ങളുടെ എണ്ണം | ഡോർമെൻസി കാലാവധി രേഖപ്പെടുത്തിയിട്ടുള്ള ഡോർമെന്റ് സംഘങ്ങളുടെ എണ്ണം | ഡോർമെൻസി കാലയളവ് ആരംഭിച്ച വർഷം | ലിക്വിഡേഷൻ പ്രൊപ്പോസലുകൾ ജെ.ആറിന് സമർപ്പിച്ച ഡോർമെന്റ് സംഘങ്ങളുടെ എണ്ണം | ലിക്വിഡേഷൻ / സമാപ്തീകരണ പ്രക്രിയകൾ ആരംഭിച്ചിട്ടില്ലാത്ത സംഘങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| നെടുമങ്ങാട് | 104 | 104 | 2016 മുതൽ 2022 വരെ | 16 | 88 |
| നെയ്യാറ്റിൻകര | 43 | 4 | 1998 മുതൽ 2018 വരെ | 4 | 39 |
| ചെങ്ങന്നൂർ | 7 | 7 | 2008 മുതൽ 2019 വരെ | 0 | 7 |
| മാവേലിക്കര | 20 | 20 | 1995 മുതൽ 2021 വരെ | 0 | 20 |
| കുന്നംകുളം | 18 | 18 | 1977 മുതൽ 2018 വരെ | 0 | 18 |
| മുകുന്ദപുരം | 39 | 39 | 1977 മുതൽ 2022 വരെ | 0 | 39 |
| പയ്യന്നൂർ | 53 | 53 | 2001 മുതൽ 2019 വരെ | 3 | 50 |
| തളിപ്പറമ്പ | 52 | 17 | 1996 മുതൽ 2023 വരെ | 11 | 41 |
| ആകെ | 336 | 262 | | 34 | 302 |

*(ഉറവിടം: എ.ആർ ഓഫീസുകൾ നൽകിയ ഡാറ്റയിൽ നിന്ന് സംയോജിപ്പിച്ച വിവരങ്ങൾ)*

- തെരഞ്ഞെടുത്ത നാല് താലൂക്കുകളിൽ 34 കേസുകളിൽ, എ.ആർ ലിക്വിഡേഷൻ പ്രൊപ്പോസലുകൾ ജെ.ആറിന് സമർപ്പിച്ചിട്ടും, സംഘങ്ങളുടെ രജിസ്ട്രേഷൻ പുനരുജ്ജീവിപ്പിക്കാനോ/ ലിക്വിഡേറ്റ് ചെയ്യാനോ/റദ്ദാക്കാനോ ജെ.ആർ തുടർനടപടികൾ സ്വീകരിച്ചില്ല. ആകെ 46 വർഷത്തിലേറെയായി (1977 മുതൽ 2023 വരെ) ഡോർമെന്റായി തുടരുന്ന 302 സംഘങ്ങളുടെ കാര്യത്തിൽ രജിസ്ട്രേഷൻ പുനരുജ്ജീവിപ്പിക്കാനോ/ ലിക്വിഡേറ്റ് ചെയ്യാനോ/റദ്ദാക്കാനോ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ലിക്വിഡേഷൻ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം രേഖകൾ നഷ്ടപ്പെടുന്നതിനും, സംഘങ്ങളിൽ നിന്ന് ലഭിക്കേണ്ട പണം തിരിച്ചുപിടിക്കുന്നതിലെ തടസ്സങ്ങൾക്കും കാരണമാകും. ഇത് ലിക്വിഡേഷൻ പ്രക്രിയയെ കൂടുതൽ ദുർബലപ്പെടുത്തും.

- 336 ഡോർമെന്റ് സംഘങ്ങളിൽ, 74[113] കേസുകളിൽ (22 ശതമാനം) ഡോർമെന്റായ തീയതി ലഭ്യമല്ല എന്ന കണ്ടെത്തൽ, ആർസിഎസ് സംഘങ്ങളുടെ പ്രവർത്തനത്തെ പതിവായി നിരീക്ഷിക്കുന്നില്ലെന്ന വസ്തുതയെ സൂചിപ്പിക്കുന്നു.

2024 സെപ്റ്റംബർ മുതൽ സംഘങ്ങളുടെ സമയബന്ധിതമായ ലിക്വിഡേഷനു വേണ്ടി ഉദ്യോഗസ്ഥർക്ക് ചിട്ടയായ പരിശീലനവും രണ്ടാഴ്ചയിലൊരിക്കൽ അവലോകനവും ഉൾപ്പെടുന്ന സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കി വരികയാണെന്ന് സർക്കാർ (ജൂലൈ 2025) അറിയിച്ചു. എന്നിരുന്നാലും, ലിക്വിഡേഷൻ / പുനരുജ്ജീവനത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് മറുപടി നൽകിയില്ല.

### 3.7.2. ആർഎൻഎ സംഘങ്ങളിൻമേൽ തുടർനടപടികളുടെ അഭാവം

കെസിഎസ് നിയമത്തിലെ വകുപ്പ് 65-ന് അനുസൃതമായി, 1974 മെയ് മാസത്തിലും 1975 ഡിസംബറിലും സർക്കാർ പുറപ്പെടുവിച്ച സർക്കുലറുകളിൽ, ഓഡിറ്റിനായി രേഖകൾ ഹാജരാക്കുന്നതിനായി സംഘങ്ങൾക്ക് സമൻസ് അയയ്ക്കുവാനുള്ള അവകാശം നൽകിയിരുന്നു. വകുപ്പ് 65 പ്രകാരം സമൻസ് അയച്ചതിനുശേഷവും സംഘങ്ങൾ രേഖകൾ ഹാജരാക്കിയില്ലെങ്കിൽ, ഡിസിഎ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി

[113] നെയ്യാറ്റിൻകര (39), തളിപ്പറമ്പ (35)

ആരംഭിക്കുകയും തുടർന്ന് ഫയൽ തുടർനടപടികൾക്കായി രജിസ്ട്രാറുടെ ഓഫീസിലേക്ക് കൈമാറുകയും ചെയ്യണമായിരുന്നു. രേഖകൾ ലഭ്യമല്ലാത്ത സംഘങ്ങളുടെ (ആർഎൻഎ) കാര്യത്തിൽ, ആർസിഎസിന് നിയമത്തിലെ വകുപ്പ് 71(2) പ്രകാരം സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാം.

തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ഡി ഓഫീസുകളിൽ ആർഎൻഎ ആയി തരംതിരിച്ചിട്ടുള്ള സംഘങ്ങളുടെ ഡാറ്റ പരിശോധിച്ചപ്പോൾ, സമാപ്തീകരണത്തിന് ആവശ്യമായ നടപടികൾക്കായി കാത്തിരിക്കുന്ന അത്തരം 3,355[114] സംഘങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. 2024 മാർച്ച് വരെയുള്ള 'ആർഎൻഎ സംഘങ്ങളുടെ' കാലാവധി തിരിച്ചുള്ള ഡാറ്റ **ചാർട്ട് 3.2**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.2: തെരഞ്ഞെടുത്ത ജില്ലകളിലെ ആർഎൻഎ സംഘങ്ങളുടെ 2024 മാർച്ചിലെ സ്ഥിതി**




**ആർഎൻഎ ആയ വർഷത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ അവസാനമായി ഓഡിറ്റ് നടന്ന വർഷമാണ് പരിഗണിച്ചത്*
*(ഉറവിടം : ജെ.ഡി ഓഫീസുകൾ നൽകിയ വിവരങ്ങൾ)*

തിരുവനന്തപുരത്ത് 1,375 ആർഎൻഎ സംഘങ്ങളിൽ, ഓഡിറ്റ് കഴിഞ്ഞ വർഷം/ആർഎൻഎ ആയ വർഷത്തിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ലാത്ത 531 സംഘങ്ങളുണ്ടായിരുന്നു. ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ ജെ.ഡിമാർ ആർഎൻഎ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനോ സമാപ്തീകരിക്കാനോ ബന്ധപ്പെട്ട ജെആർമാരോട് ശിപാർശ ചെയ്തിരുന്നില്ല. കണ്ണൂർ ജില്ലയിൽ ഇത്തരം സംഘങ്ങൾ അവസാനിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ജെ.ആർമാർക്ക് അറിയിപ്പ് അയച്ചിരുന്നെങ്കിലും, ഈ ദിശയിൽ അവശ്യമായ ഒരു നിർണ്ണായക നടപടിയും സ്വീകരിച്ചില്ല. തൽഫലമായി സംഘങ്ങൾ ആർഎൻഎ പട്ടികയിൽ തുടർന്നു.

ഓഡിറ്റ് പൂർത്തിയാകാത്തത്, അക്കൗണ്ടുകളുടെ സ്ഥിതിവിവരം ലഭ്യമല്ലാത്തത് കാരണം ബാധ്യതകൾ പരിഹരിക്കാൻ കഴിയാത്തത്, വകുപ്പ് 65/66 പ്രകാരമുള്ള അന്വേഷണം/പരിശോധന പൂർത്തിയാക്കുന്നതിലെ അനാവശ്യ കാലതാമസം

114 തിരുവനന്തപുരം (1375), ആലപ്പുഴ (682), തൃശ്ശൂർ (755), കണ്ണൂർ (543) (സഹകരണ വകുപ്പിന് കീഴിലുള്ള 1,477 സംഘങ്ങളും ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള 1,878 സംഘങ്ങളും)

മുതലായവയാണ് പുനരുജ്ജീവന/ലിക്വിഡേഷൻ പ്രക്രിയയിലെ കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

എല്ലാ സംഘങ്ങളിലും വകുപ്പുതല ഉദ്യോഗസ്ഥർ പതിവായി പരിശോധന നടത്താത്തതും (ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 3.19.1-ൽ പരാമർശിച്ചിരിക്കുന്നതുപോലെ), കെസിഎസ് നിയമത്തിലെ വകുപ്പ് 66സി പ്രകാരം സംഘങ്ങൾ വാർഷിക റിട്ടേണുകൾ ആർസിഎസിന് സമർപ്പിക്കാത്തതും, വകുപ്പിന്റെ ഫലപ്രദമായ നിരീക്ഷണ, നിയന്ത്രണ സംവിധാനത്തിന്റെ അഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു.

സംഘങ്ങളുടെ ലിക്വിഡേഷൻ ഒരു നീണ്ട പ്രക്രിയയാണെന്നും ഇത് ചെയ്യുന്നതിന് വകുപ്പിൽ ജീവനക്കാരുടെ കുറവുണ്ടെന്നും അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ) സർക്കാർ പ്രസ്താവിച്ചു. വേഗത്തിലുള്ള ലിക്വിഡേഷൻ പ്രക്രിയ സാധ്യമാക്കുന്നതിനായി ജീവനക്കാർക്കായി 'മികവ്' പോലുള്ള പരിശീലന പരിപാടികൾ വകുപ്പ് നടത്തിവരുകയാണെന്നും, കൂടാതെ, രണ്ടാഴ്ചയിലൊരിക്കൽ അവലോകനങ്ങളും നടത്തി വരുന്നുണ്ടെന്നും പറയുകയുണ്ടായി. ലിക്വിഡേഷൻ പ്രക്രിയയിലെ തടസ്സങ്ങൾ മുൻഗണനാക്രമത്തിൽ പരിഹരിക്കേണ്ടതിനാൽ, ജീവനക്കാരുടെ കുറവ് ചൂണ്ടിക്കാട്ടി ലിക്വിഡേഷൻ പ്രക്രിയയിലെ കാലതാമസത്തെ ന്യായീകരിക്കുന്നത് ഓഡിറ്റിന് സ്വീകാര്യമല്ല.

## 3.8. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഡാറ്റയുടെ അഭാവം

2021 സെപ്റ്റംബറിൽ ആരംഭിച്ച സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (സിഎംഐഎസ്) കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമായി പ്രവർത്തിച്ചു വരുന്നു. നിലവിൽ, സിഎംഐഎസ് പോർട്ടലിൽ, ഡിസിഎ ഓഫീസ് ഓഡിറ്റ് ചെയ്ത/ഓഡിറ്റ് ചെയ്യാൻ സാദ്ധ്യമായ സംഘങ്ങളെ സംബന്ധിക്കുന്ന ഡാറ്റ മാത്രമാണ് പ്രദർശിപ്പിക്കുന്നത്. ഓഡിറ്റ് ചെയ്യപ്പെടാത്ത സഹകരണ സംഘങ്ങളെ സിസ്റ്റത്തിൽ പ്രതിനിധീകരിക്കാത്തതിനാൽ, പൊതുജനങ്ങൾക്ക് സമഗ്രവും കാലികവുമായ ഡാറ്റ ലഭ്യമല്ലാതെയായി. വർഷങ്ങൾക്ക് മുമ്പ് അവസാനമായി ഓഡിറ്റ് നടത്തപ്പെട്ട സംഘങ്ങളുടെ കാര്യത്തിൽ, സിഎംഐഎസ്-ൽ പുതിയ അപ്ഡേറ്റുകളോ പരാമർശങ്ങളോ ഇല്ലാതെ അവസാന ഓഡിറ്റ് തീയതിയിലെ ഡാറ്റ പ്രദർശിപ്പിച്ചിരുന്നതിനാൽ, വിവരങ്ങൾ കാലഹരണപ്പെട്ടു. കൂടാതെ, ഓഡിറ്റ് നടന്നതിന്റെ കാലതാമസം, സംഘങ്ങളുടെ നിലവിലെ പ്രവർത്തന നില, സംഘങ്ങളുടെ പ്രവർത്തനത്തിലെ ക്രമക്കേടുകൾ മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ പോർട്ടലിൽ നൽകിയിട്ടില്ല.

ആർസിഎസിന്റെ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം തയ്യാറാക്കിയ നമ്പർ പത്രികയും[115] സിഎംഐഎസ്-ൽ അപ്‌ലോഡ് ചെയ്ത ഡാറ്റയും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് ഓഡിറ്റ് കണ്ടെത്തി. 2024 മാർച്ച് വരെയുള്ള ആർസിഎസിന്റെ രേഖകൾ പ്രകാരം സംസ്ഥാനത്തെ ആകെ പ്രവർത്തനക്ഷമമായ സംഘങ്ങളുടെ എണ്ണം സിഎംഐഎസ്-ൽ കാണിച്ചിരിക്കുന്നതിൽ നിന്ന്[116] വ്യത്യസ്തമായിരുന്നു. സംസ്ഥാനത്ത് സംഘങ്ങളുടെ വിശ്വസ്തവും സമഗ്രവുമായ ഒരു ഡാറ്റാബേസിന്റെ അഭാവത്തിന്റെ സൂചനയായിരുന്നു ഇത്.

---

[115] ആർസിഎസിന്റെ ഭരണ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ തരം തിരിച്ചുള്ളതും ജില്ല തിരിച്ചുള്ളതുമായ വിവരങ്ങൾ.

[116] ആർസിഎസിന്റെ നമ്പർ പത്രിക പ്രകാരം പ്രവർത്തനക്ഷമമായ സംഘങ്ങളുടെ എണ്ണം 12,416 ആയിരുന്നു, എന്നാൽ സിഎംഐഎസ്-ൽ അത് 12,893 ആയി പ്രദർശിപ്പിച്ചിരിക്കുന്നു.

സംഘങ്ങളെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മുഴുവൻ ഓഡിറ്റ് പ്രക്രിയയും ഓൺലൈനാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ) സർക്കാർ പ്രസ്താവിച്ചു. സോഫ്റ്റ്‌വെയറിന്റെ പഴയ പതിപ്പിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സിഎംഐഎസ് 2.0 എന്ന പുതിയ പതിപ്പ് തയ്യാറാക്കി വരികയാണെന്നും പറയുകയുണ്ടായി.

## 3.9. സ്പെഷ്യൽ റിപ്പോർട്ടുകളിൻമേൽ നടപടി എടുക്കുന്നതിലെ കാലതാമസം

1969-ലെ കെസിഎസ് നിയമത്തിലെ, വകുപ്പ് 63 പ്രകാരം നടത്തിയ ഓഡിറ്റിൽ ഒരു സംഘത്തിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ എന്തെങ്കിലും പിഴവ് കണ്ടെത്തിയാൽ, വകുപ്പ് 64(10) പ്രകാരം ഡിസിഎ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തി ഉടൻ തന്നെ സത്വര നടപടികൾക്കായി വിവരം ആർസിഎസിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റിനിടെ ക്രിമിനൽ സ്വഭാവമുള്ള ക്രമക്കേടുകൾ കണ്ടെത്തിയാൽ, ഡിസിഎ/ജോയിന്റ് ഡയറക്ടർ (ജെ.ഡി) കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുകയും, തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള ശിപാർശയോടൊപ്പം സ്വീകരിച്ച നടപടി ഏഴ് ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ആർസിഎസ്/ജെ.ആറിനെ അറിയിക്കുകയും വേണം. പ്രധാനമായും സിആർപിസി/ഐപിസി വകുപ്പുകളുടെ ലംഘനവുമായി ബന്ധപ്പെട്ട ഗുരുതര സ്വഭാവമുള്ള ഈ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ടുകൾ വഴിയാണ് അറിയിച്ചിരുന്നത്.

ഓഡിറ്റ് വിഭാഗത്തിലെ തെരഞ്ഞെടുത്ത ജെ.ഡി ഓഫീസുകൾ നൽകിയ വിവരങ്ങൾ പ്രകാരം, **പട്ടിക 3.4**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, ബന്ധപ്പെട്ട ജനറൽ വിഭാഗത്തിലെ ജെ.ആർമാരുടെ ഓഫീസുകളിലേക്ക് സ്പെഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുന്നതിൽ കാലതാമസം ഉണ്ടായി.

**പട്ടിക 3.4: ജെ.ഡിമാരുടെ ഓഫീസുകളിൽ നിന്ന് ജെ.ആർമാരുടെ ഓഫീസുകളിലേക്ക് സ്പെഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുന്നതിലെ കാലതാമസത്തിന്റെ വിശദാംശങ്ങൾ**

| ജില്ല | 2019-24 കാലയളവിൽ ജെ.ഡി ഓഫീസിൽ ലഭിച്ച സ്പെഷ്യൽ റിപ്പോർട്ടുകളുടെ എണ്ണം | ഒരു മാസത്തിനുള്ളിൽ ജെ.ആർമാരുടെ ഓഫീസുകളിലേക്ക് അയച്ചു കൊടുത്ത സ്പെഷ്യൽ റിപ്പോർട്ടുകളുടെ എണ്ണം | കാലതാമസം വന്ന കേസുകളുടെ എണ്ണം (കാലതാമസത്തിന്റെ വ്യാപ്തി) |
|---|---|---|---|
| ആലപ്പുഴ | 17 | 8 | 7* (1 മുതൽ 10 മാസം വരെ) |
| കണ്ണൂർ | 150 | 97 | 53 (1 മുതൽ 10 മാസം വരെ) |
| തിരുവനന്തപുരം | 24 | 17 | 7 (1 മുതൽ 21 മാസം വരെ) |
| തൃശ്ശൂർ | 147** | 86 | 53 (1 മുതൽ 22 മാസം വരെ) |
| ആകെ | 338 | 208 | 120 |

** രണ്ട് കേസുകളിൽ, റിപ്പോർട്ടുകൾ ജെ.ആർ ഓഫീസിലേക്ക് അയച്ചിട്ടില്ല*
*** ലഭിച്ച തീയതി/അയച്ചുകൊടുത്ത തീയതി എട്ടു കേസുകളിൽ ലഭ്യമല്ലായിരുന്നു.*
*(ഉറവിടം: ജെ.ഡി. ഓഫീസുകൾ നൽകിയ വിവരങ്ങൾ)*

തെരഞ്ഞെടുത്ത ജെ.ആർ ഓഫീസുകളിൽ 2019-24 കാലയളവിൽ ലഭിച്ച സ്പെഷ്യൽ റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികളുടെ പരിശോധനയിൽ ഇനിപ്പറയുന്നവ കണ്ടെത്തി:

- ആവശ്യമായ നടപടികൾക്കായി ആലപ്പുഴയിലെ ജെ.ഡി 15 സ്പെഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജെ.ആർ ഓഫീസിലേക്ക് അയച്ചു. ഈ റിപ്പോർട്ടുകളിൽ 11 എണ്ണത്തിൻമേൽ, 10 മുതൽ 49 മാസങ്ങളായി അന്വേഷണം/പരിശോധന തുടരുകയായിരുന്നു. ജെ.ആർ റവന്യൂ റിക്കവറി പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാത്തതിനാൽ രണ്ട് കേസുകളിൽ 2020 മുതൽ റവന്യൂ റിക്കവറിയിൻമേൽ (ആർ.ആർ) തീർപ്പുകൽപ്പിച്ചിട്ടില്ല.

- ജെ.ഡി തിരുവനന്തപുരം ജെ.ആർ ഓഫീസിലേക്ക് 25 സ്പെഷ്യൽ റിപ്പോർട്ടുകൾ അയച്ചു. ഈ റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ജെ.ആർ ഓഫീസ് നൽകിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ മൂന്ന് സ്പെഷ്യൽ റിപ്പോർട്ടുകളുടെ[117] ഫയലുകൾ പരിശോധിച്ചതിൽ കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസവും, ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനും നഷ്ടം പരിഹരിക്കുന്നതിനും നിർണ്ണയിക്കുന്നതിനും വേണ്ട നടപടികളുടെ അഭാവവും കണ്ടെത്തി.

- 153 സ്പെഷ്യൽ റിപ്പോർട്ടുകളിൽ നടപടി ആരംഭിച്ചതായി കണ്ണൂർ ജെ.ആർ റിപ്പോർട്ട് ചെയ്തെങ്കിലും വിശദാംശങ്ങൾ ഓഡിറ്റിന് നൽകിയിട്ടില്ല. ലഭിച്ച 147 സ്പെഷ്യൽ റിപ്പോർട്ടുകളിൽ 48 കേസുകളിൽ വകുപ്പ് 65 പ്രകാരം അന്വേഷണത്തിനും, 30 കേസുകളിൽ വകുപ്പ് 66 പ്രകാരം പരിശോധനയ്ക്കും ഉത്തരവിട്ടതായും, 69 കേസുകളിൽ വിശദീകരണം തേടിയതായും ആർസിഎസ് ഓഡിറ്റിനെ അറിയിച്ചു (2025 ജൂലൈ).

- തൃശ്ശൂർ ജെ.ആർന് ലഭിച്ച 139 സ്പെഷ്യൽ റിപ്പോർട്ടുകളിൽ 113 കേസുകളിൽ അന്വേഷണം/പരിശോധന നടന്നുവരികയായിരുന്നു. ഇതിൽ 75 കേസുകളിൽ അന്വേഷണ/പരിശോധനാ കാലയളവ് ഏഴ് മുതൽ 37 മാസങ്ങൾ വരെയാണ്.

സ്പെഷ്യൽ റിപ്പോർട്ടുകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലെ തട്ടിപ്പുകൾ, ദുരുപയോഗങ്ങൾ, മറ്റ് പ്രധാന ക്രമക്കേടുകൾ എന്നിവ എടുത്തുകാണിക്കുന്നതിനാൽ, തിരുത്തൽ നടപടികൾ ആരംഭിക്കുന്നതിലെ കാലതാമസം സംഘങ്ങളുടെ സാമ്പത്തിക സ്ഥിരതയെ ബാധിക്കും.

ഐടി സംവിധാനത്തിന്റെ പ്രത്യേക ഇടപെടലുകൾ വഴി രജിസ്റ്ററുകൾ ഇല്ലാതാക്കുകയും, സ്പെഷ്യൽ റിപ്പോർട്ടുകൾ ഒരു നിശ്ചിത കാലയളവിനുശേഷം സ്വയമേവ അടുത്ത ഘട്ടത്തിലേക്ക് കൈമാറുകയും ചെയ്യുന്നതാണെന്ന് സർക്കാർ അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ) പറഞ്ഞു.

## 3.10. നിയമത്തിലെ വകുപ്പുകൾ 65, 66, 68 പ്രകാരമുള്ള അന്വേഷണം/പരിശോധനകൾ നടത്തുന്നതിലെ വീഴ്ചകൾ

കെസിഎസ് നിയമത്തിലെ വകുപ്പ് 65 അനുസരിച്ച്, സംഘത്തിന്റെ രൂപീകരണം, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെക്കുറിച്ചുള്ള രജിസ്ട്രാറുടെ അന്വേഷണം ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. കെസിഎസ് നിയമത്തിലെ വകുപ്പ് 66(1), ഓരോ സംഘത്തിന്റെയും പ്രവർത്തനത്തെക്കുറിച്ച് മേൽനോട്ടം നടത്തുവാനും, ഒരു ഉത്തരവിലൂടെ വേണ്ട നടപടികൾ, ഉത്തരവിൽ പറയുന്ന കാലയളവിനുള്ളിൽ എടുക്കുന്നതിന് സംഘത്തോടോ അതിലെ ഉദ്യോഗസ്ഥരോടോ നിർദ്ദേശിക്കുവാനും രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

വകുപ്പ് 65/66 അനുസരിച്ച് അന്വേഷണ/പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പിഴവുകൾ ശ്രദ്ധയിൽപ്പെട്ടാൽ, സർചാർജ്[118] നിർണ്ണയിക്കുന്നതിനായി വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തണം. വകുപ്പ് 68(1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കക്ഷികൾക്ക് നോട്ടീസ് നൽകുകയും ജെ.ആർ ഹിയറിംഗ് നടത്തുകയും, ആവശ്യമെങ്കിൽ, വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാം. അതിൽ

---

[117] ഒട്ടൂർ എസ്‌സിബി ടി976, അടിമലത്തുറ റൂറൽ ഡെവലപ്മെന്റ് സിഎസ് ലിമിറ്റഡ് ടി1884, അഞ്ചാലിക്കോണം റസിഡൻസ് വെൽഫെയർ സിഎസ് ടി 1837 എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ

[118] സംഘത്തിന് നഷ്ടം വരുത്തിയതിന് ഉത്തരവാദിയായ കക്ഷിയിൽ നിന്ന് തിരിച്ചടയ്ക്കേണ്ടതോ പുനഃസ്ഥാപിക്കേണ്ടതോ ആയ പണം, സ്വത്ത്, പലിശ, ചെലവ് അല്ലെങ്കിൽ നഷ്ടപരിഹാരം.

കേസിന്റെ വിശദാംശങ്ങളും ഓരോ കക്ഷിയിൽ നിന്നും ഈടാക്കേണ്ട തുകയുടെ വിശദാംശങ്ങളും ഉൾപ്പെടും.

തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ആർ ഓഫീസുകളിൽ വകുപ്പുകൾ **65, 66, 68** പ്രകാരം, **2019-24** കാലയളവിൽ ആരംഭിച്ച അന്വേഷണ/ പരിശോധനാ കേസുകൾ പരിശോധിച്ചതിൽ, **അനുബന്ധം 3.3**-ൽ വിശദമാക്കിയിരിക്കു-ന്നതുപോലെ അന്വേഷണം/പരിശോധന പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നതായി കണ്ടെത്തി.

ഓഡിറ്റ് താഴെ പറയുന്നവ നിരീക്ഷിച്ചു :

- തെരഞ്ഞെടുത്ത എ.ആർ/ജെ.ആർ ഓഫീസുകളിൽ അന്വേഷണ അഥവാ പരിശോധനാ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ, ജെ.ആർമാർ നൽകിയ ഡാറ്റാ, ലഭ്യമായ രേഖകൾ/ഫയലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏകീകരിച്ചതിനെയാണ് ഓഡിറ്റ് ആശ്രയിച്ചത്.

- തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജെ.ആർമാർ തുടങ്ങിവെച്ച **300** അന്വേഷണ/പരിശോധനാ കേസുകളിൽ **54** കേസുകളിൽ മാത്രമേ **68(2)** ഉത്തരവ് പുറപ്പെടുവിക്കുകയോ അല്ലെങ്കിൽ നടപടി പൂർത്തിയാക്കുകയോ ചെയ്തിട്ടുള്ളൂ[119]. നാല് ജില്ലകളിലായി **₹343.47** കോടി **(69** കേസുകൾ**)** മൂല്യമുള്ള **197** കെട്ടിക്കിടക്കുന്ന കേസുകളിൽ, മൂന്ന് മാസം മുതൽ അഞ്ച് വർഷത്തിലധികം വരെയുള്ള കാലയളവിനുശേഷവും പോരായ്മകൾ പരിഹരിക്കുന്നതിനായി ഒരു തീർപ്പാക്കൽ നടപടിയും സ്വീകരിച്ചിട്ടില്ല.

- **31** കേസുകളിൽ, വകുപ്പ് **68(2)** പ്രകാരം അന്വേഷണത്തിന് ശേഷം പണം തിരിച്ചടയ്ക്കാനോ/സ്വത്ത് പുനഃസ്ഥാപിക്കാനോ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, നഷ്ടം നികത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ വേണ്ടുന്ന തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. ഉന്നത അധികാരികൾക്ക് നല്കുന്ന പ്രതിമാസ ഡി.ഒ. നറേറ്റീവുകളിൽ ഈ കേസുകളെ അന്വേഷണ/പരിശോധനാ കേസുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുകാരണം ഇത്തരം കേസുകളിൽ കുടിശ്ശികയുള്ള തുക തിരിച്ചു പിടിക്കുന്നത് നിരീക്ഷിക്കാൻ വകുപ്പിന് ഒരു സംവിധാനവുമില്ലാതെയായി.

- ഓഡിറ്റിന് നൽകിയ **41**[120] അന്വേഷണ/പരിശോധനാ ഫയലുകളുടെ സൂക്ഷ്മപരിശോധനയിൽ നിരവധി വീഴ്ചകൾ കണ്ടെത്തി. അതായത്, അന്വേഷണം/പരിശോധനാ കാലയളവ് ആവർത്തിച്ച് നീട്ടിനൽകൽ, ഇടക്കാല റിപ്പോർട്ട്[121] സമർപ്പിക്കാതെ കാലാവധി നീട്ടിനൽകിയത്, **68(1)** അന്വേഷണം ആരംഭിക്കുന്നതിലെ കാലതാമസം, കോടതി കേസുകളുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാതെ അന്വേഷണം/പരിശോധന നിർത്തിവയ്ക്കൽ, നിരവധി തവണ ഹിയറിംഗ് നടത്തിയിട്ടും കേസുകൾ തീർപ്പാക്കാത്തത്, **68(2)** ഉത്തരവിന്മേൽ തുടർനടപടികൾ ആരംഭിക്കാത്തത് മുതലായവ.

**2025** മാർച്ച് **01** മുതൽ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (സിഐഎംഎ) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി **(2025** ജൂലൈ**)**. എല്ലാ അന്വേഷണങ്ങൾക്കും പ്രത്യേക

[119] തിരുവനന്തപുരം (55), ആലപ്പുഴ (32), തൃശ്ശൂർ (78), കണ്ണൂർ (32)

[120] തിരുവനന്തപുരം (16), ആലപ്പുഴ (8), തൃശ്ശൂർ (4), കണ്ണൂർ (13).

[121] കെസിഎസ് ചട്ടങ്ങളിലെ ചട്ടം 66 (3) പ്രകാരം, നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണമോ പരിശോധനയോ പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ, അത് നടത്തുന്ന വ്യക്തി, അന്വേഷണമോ പരിശോധനയോ പൂർത്തിയാക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്ന ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സമയപരിധി നിശ്ചയിച്ചിട്ടുണ്ടെന്നും, അവയുടെ പുരോഗതി നിരീക്ഷിക്കാൻ കഴിയുമെന്നും, അതുവഴി നിയമപരമായ അന്വേഷണങ്ങളുടെയും പരിശോധനകളുടെയും പൂർത്തീകരണം കാലതാമസമില്ലാതെ കാര്യക്ഷമമാക്കാൻ കഴിയുമെന്നും പറയുകയുണ്ടായി.

ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഇത്തരം കേസുകൾ അന്തിമമാക്കുന്നതിന് വകുപ്പ് മുൻഗണന നൽകുകയോ ഒരു റോഡ് മാപ്പ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അന്വേഷണങ്ങൾ/ പരിശോധനകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത്, ദുരുപയോഗങ്ങൾ തടയുന്നതിന് സഹായിക്കുകയും അതുവഴി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുമായിരുന്നു.

## 3.11. സംഘങ്ങളുടെ അന്തിമ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുകയോ/ സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്നത്.

നിയമത്തിലെ വകുപ്പ് 63(4) പ്രകാരം, ഓരോ സംഘത്തിന്റെയും അക്കൗണ്ടുകൾ, വർഷത്തിൽ ഒരിക്കലെങ്കിലും ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള ചുമതല സംഘം ഭരണസമിതിയുടേതായിരിക്കുന്നതും, സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ, ബന്ധപ്പെട്ട വർഷത്തെ ഓഡിറ്റ് നടത്തിയിരിക്കേണ്ടതുമാണ്. കൂടാതെ, നിയമത്തിലെ വകുപ്പ് 94(4) പ്രകാരം സംഘത്തിൽ നിന്നോ/അംഗത്തിൽ നിന്നോ ലഭ്യമാക്കേണ്ട വിവരങ്ങൾ നൽകുന്നതിൽ പരാജയപ്പെട്ടാൽ ₹5,000 പിഴയായി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു.

പരിശോധന നടത്തിയ ജില്ലകളിലെ പുരോഗതി റിപ്പോർട്ട് അനുസരിച്ച്, 2024 മാർച്ച് വരെ 100 സംഘങ്ങളിലായി[122] 183 ഓഡിറ്റുകൾ തീർപ്പാക്കാതെ കിടക്കുകയായിരുന്നു. രേഖകൾ ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് ചെയ്യാവുന്ന സംഘങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെട്ട സംഘങ്ങൾ ഉൾപ്പെടെ, **പട്ടിക 3.5**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, ആകെ 3,455 സംഘങ്ങൾ കൃത്യസമയത്ത് അക്കൗണ്ടുകൾ നൽകുന്നതിൽ പരാജയപ്പെട്ടു.

**പട്ടിക 3.5: ഓഡിറ്റിനായി അക്കൗണ്ടുകൾ വൈകിയത്/ സമർപ്പിക്കാത്തതിന്റെ വിശദാംശങ്ങൾ**

| ജില്ല | 2023-24 പ്രകാരം പൂർത്തിയാക്കിയ ഓഡിറ്റിന്റെ എണ്ണം | മാർച്ച് 2024-ൽ നടത്താതെ അവശേഷിക്കുന്ന ഓഡിറ്റിന്റെ എണ്ണം | ഓഡിറ്റ് നടത്താതെ അവശേഷിക്കുന്ന സംഘങ്ങളുടെ എണ്ണം | മാർച്ച് 2024 പ്രകാരം ആർഎൻഎയായി തരം തിരിച്ചിട്ടുള്ള സംഘങ്ങളുടെ എണ്ണം | പിഴ ചുമത്തേണ്ട സംഘങ്ങളുടെ ആകെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 1844 | 143 | 83 | 1375 | 1458 |
| ആലപ്പുഴ | 1277 | 17 | 10 | 682 | 692 |
| തൃശ്ശൂർ | 1256 | 23 | 7 | 755 | 762 |
| കണ്ണൂർ | 1551 | 0 | 0 | 543 | 543 |
| **ആകെ** | **5928** | **183** | **100** | **3355** | **3455** |

*(ഉറവിടം: ജെ.ഡി ഓഫീസുകൾ നൽകിയ ഡാറ്റയിൽ നിന്നും പുരോഗതി റിപ്പോർട്ടുകളിൽ നിന്നും ഓഡിറ്റ് സംയോജിപ്പിച്ച വിവരങ്ങൾ)*

അക്കൗണ്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയ/ അക്കൗണ്ടുകൾ സമർപ്പിക്കാത്ത ഈ സംഘങ്ങൾക്കെതിരെ ₹1.73 കോടിയുടെ[123] പിഴ ചുമത്തുന്നതിൽ ആർസിഎസ് പരാജയപ്പെട്ടു.

കേരളത്തിലുടനീളം ഒരു ഏകീകൃത സോഫ്റ്റ്‌വെയർ, വകുപ്പ് നടപ്പിലാക്കുന്നുണ്ടെന്ന് സർക്കാർ (2025 ജൂലൈ) ഉറപ്പുനൽകി. ഇതിലൂടെ എല്ലാ

---

[122] ആർഎൻഎ ആയി തരംതിരിച്ചിട്ടുള്ള സംഘങ്ങൾ ഒഴികെ.

[123] 3,455 x ₹5,000

സഹകരണ സംഘങ്ങളുടെയും സാമ്പത്തിക ഡാറ്റ കേന്ദ്രീകൃതമാക്കുകയും അക്കൗണ്ടിംഗ് പ്രക്രിയകൾ സുഗമമാക്കുകയും, അതുവഴി സംഘങ്ങൾ അക്കൗണ്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം ഇല്ലാതാക്കുകയും ചെയ്യും എന്നും പറയുകയുണ്ടായി.

### *ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെയും ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെയും കാലതാമസം*

ഒരു സംഘത്തിന്റെ ഓഡിറ്റ് പൂർത്തിയാകുമ്പോൾ, സിംഗിൾ കൺകറന്റ് ഓഡിറ്റർമാരുടെ[124] കാര്യത്തിൽ 15 ദിവസത്തിനുള്ളിലും, മറ്റ് ഓഡിറ്റർമാരുടെ കാര്യത്തിൽ അഞ്ച് ദിവസത്തിനുള്ളിലും റിപ്പോർട്ട് എ.ഡിക്ക് സമർപ്പിക്കണമെന്ന് ആർസിഎസ് (1975 മാർച്ച്) സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

- ആലപ്പുഴയിലെ ജെ.ഡി ഓഫീസിലും നാല്[125] എ.ഡി ഓഫീസുകളിലും ഓഡിറ്റർമാർ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടു. ഓഡിറ്റ് പൂർത്തിയാക്കിയ 3,964 കേസുകളിൽ 1,920 റിപ്പോർട്ടുകൾ (48.44 ശതമാനം) 15 ദിവസത്തിനുശേഷം, 355 മുതൽ 977 ദിവസങ്ങൾ വരെ വൈകിയാണ് സമർപ്പിച്ചത്.
- തിരുവനന്തപുരത്തിലെ ജെ.ഡി, റിപ്പോർട്ടുകൾ ലഭിക്കുന്നത് നിരീക്ഷിക്കാൻ ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല.
- തൃശ്ശൂരിലെയും കണ്ണൂരിലെയും ജെഡി/എഡി ഓഫീസുകളിൽ, ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്ന തീയതിയാണ് ഇൻവേർഡ്, അപ്രൂവൽ രജിസ്റ്ററുകളിൽ ഓഡിറ്റ് പൂർത്തിയാക്കിയ തീയതിയായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ, ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിലെ യഥാർത്ഥ കാലതാമസം ഓഡിറ്റിന് കണ്ടെത്താനായില്ല.
- ഇരുപത് കേസുകളിൽ, ഓഡിറ്റ് പൂർത്തിയായ ശേഷം ഓഡിറ്റർമാർ നെടുമങ്ങാട് എ.ഡി ഓഫീസിൽ ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിച്ചില്ല. 2024 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് ഈ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം 32 മുതൽ 1370 ദിവസങ്ങൾ വരെയാണ്.

ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട്, പൂർണ്ണമായ ഓൺലൈൻ നടപടിക്രമം തെരഞ്ഞെടുത്താൽ മാത്രമേ പ്രക്രിയ കാര്യക്ഷമമാക്കാൻ കഴിയൂ എന്ന് സർക്കാർ അന്തിമ കൂടിക്കാഴ്ചയിൽ (2025 ജൂലൈ) പ്രസ്താവിച്ചു. നെടുമങ്ങാട് എ.ഡി ഓഫീസിൽ ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു.

കെസിഎസ് നിയമത്തിലെ വകുപ്പ് 64 ഖണ്ഡിക 4ബി പ്രകാരം, ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ സഹകരണ ഓഡിറ്റ് ഡയറക്ടർ (ഡിസിഎ) ഓഡിറ്റ് മെമ്മോറാണ്ടത്തിന്റെ[126] പകർപ്പ് സഹിതം ബന്ധപ്പെട്ട സംഘത്തിന് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകണമായിരുന്നു.

- 2019-24 കാലയളവിൽ നൽകിയ 15,273 ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ 7,172 സർട്ടിഫിക്കറ്റുകൾ (46.96 ശതമാനം) മൂന്ന് മാസത്തിന് ശേഷം,

---

124 ഒരു സൊസൈറ്റിയുടെ അക്കൗണ്ടുകളുടെ ഓഡിറ്റിനായി പൂർണ്ണ സേവനം ലഭ്യമാക്കുന്ന ഓഡിറ്ററെ സിംഗിൾ കൺകറന്റ് ഓഡിറ്റർ എന്ന് വിളിക്കുന്നു.

125 നെയ്യാറ്റിൻകര, നെടുമങ്ങാട്, മാവേലിക്കര, ചെങ്ങന്നൂർ

126 ഓഡിറ്റ് പൂർത്തിയാക്കിയശേഷം സംഘത്തിന് സമർപ്പിക്കുന്ന സുപ്രധാന കണ്ടെത്തലുകൾ, ന്യൂനതകളുടെ സംക്ഷിപ്തം, വരവ് ചെലവ് കണക്കുകൾ, ലാഭനഷ്ടങ്ങളുടെ പത്രിക, ബാലൻസ്ഷീറ്റ് മുതലായവ അടങ്ങുന്ന പത്രിക

രണ്ട് മുതൽ 22 മാസങ്ങൾ വരെ നീണ്ട കാലതാമസത്തോടെയാണ് നൽകിയത് (**അനുബന്ധം 3.4**).

- എട്ട് എ.ഡി ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ, അപ്രൂവൽ രജിസ്റ്ററുകളിൽ സർട്ടിഫിക്കറ്റുകൾ നൽകിയതായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ 2,487 സർട്ടിഫിക്കറ്റുകൾ അതാത് സംഘങ്ങൾക്ക് കൈമാറിയതായി കാണുന്നില്ല. ആകെ 342 പ്രധാന ക്രമക്കേടുകൾ ഈ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിരുന്നു.

മുകളിൽ ചർച്ച ചെയ്ത പ്രശ്നങ്ങൾ ഓൺലൈൻ ഓഡിറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കപ്പെടുമെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെയും ഓഡിറ്റ് മെമ്മോറാണ്ടങ്ങളുടെയും വിതരണം, ട്രാക്കിംഗ്, നിരീക്ഷണം എന്നിവ സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുമെന്നും പ്രസ്താവിച്ചു.

## 3.12. ഓഡിറ്റ് സർട്ടിഫിക്കറ്റുകളിന്മേലുള്ള ഫലപ്രദമല്ലാത്ത തുടർനടപടികൾ

കെസിഎസ് നിയമത്തിലെ വകുപ്പ് 64(9), 64(10) എന്നിവ, നിയമത്തിലെ വകുപ്പ് 63 പ്രകാരം നടത്തിയ ഓഡിറ്റിൽ ഒരു സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയാൽ, ഡിസിഎയ്ക്ക് അത്തരം പോരായ്മകൾ സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും ഗുരുതരമായ പോരായ്മകൾ കണ്ടെത്തിയാൽ, ഉടനടി തുടർനടപടികൾക്കായി ആർസിഎസിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും നിഷ്കർഷിക്കുന്നു. നിയമത്തിലെ വകുപ്പ് 64(11) പ്രകാരം, രജിസ്ട്രാറെ അറിയിച്ചുകൊണ്ട്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ നടപടിയെടുക്കാനും ഓഡിറ്റിൽ വെളിപ്പെട്ട പോരായ്മകൾ പരിഹരിക്കാനും സംഘത്തോടോ അതിന്റെ ഉദ്യോഗസ്ഥരോടോ ഡിസിഎക്ക് നിർദ്ദേശിക്കാമായിരുന്നു. കൂടാതെ, സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന പോരായ്മകളിൻമേൽ ന്യൂനതാ പരിഹാര റിപ്പോർട്ട്, സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം ഡിസിഎയ്ക്കും ആർസിഎസിനും സമർപ്പിക്കണമെന്ന് വകുപ്പ് 64 (12)(സി) ആവശ്യപ്പെടുന്നു.

ഓഡിറ്റ് വർഷം, ഓഡിറ്ററുടെ പേര്, ന്യൂനതകളുടെ സംഗ്രഹം ലഭിച്ച തീയതി, ഫയൽ നമ്പർ, ഫയൽ ക്ലോസിങ് തീയതി തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക ഫയലും ന്യൂനതകളുടെ സംഗ്രഹ രജിസ്റ്ററും തുടങ്ങാനും, രജിസ്റ്റർ പതിവായി പരിശോധിക്കാനും രജിസ്ട്രാർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിരുന്നു (1975 ജൂലൈ).

തെരഞ്ഞെടുത്ത ജില്ലകളിലെ എ.ഡി/ജെ.ഡി, എ.ആർ/ജെ.ആർ എന്നിവരുടെ 12 ഓഫീസുകളുടെ പരിശോധനയിൽ, ഓഡിറ്റ് നിരീക്ഷിച്ചത്:

- ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ രേഖപ്പെടുത്തിയ പ്രത്യേക ഫയലുകളോ രജിസ്റ്ററുകളോ പരിപാലിക്കപ്പെടുന്നില്ല. അവയുടെ അഭാവത്തിൽ, ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകളിൻമേൽ ജനറൽ/അഡ്മിനിസ്ട്രേറ്റീവ് വിഭാഗം തുടർനടപടികൾ ഉറപ്പാക്കിയില്ല.
- ഓഡിറ്റ് കാലയളവിൽ, തെരഞ്ഞെടുത്ത ഓഫീസുകളിൽ ആകെ നൽകിയ 15,273 ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ, 12,786 എണ്ണം സംഘങ്ങൾക്ക് നൽകിയിരുന്നു. എന്നാൽ, ബന്ധപ്പെട്ട സംഘങ്ങൾ ഒരു ന്യൂനതാ പരിഹാര റിപ്പോർട്ട് പോലും ഡിസിഎ-യ്ക്കോ ആർസിഎസ്-നോ അയച്ചതായി കാണുന്നില്ല.

- ഒരു സംഘത്തിൽ നിന്നോ അതിന്റെ പൂർവ്വ/നിലവിലെ/മരിച്ചു പോയ അംഗത്തിൽ നിന്നോ സർക്കാരിലേക്കുള്ള ഏതെങ്കിലും കുടിശ്ശിക തിരിച്ചുപിടിക്കുന്നതിന് ഡിസിഎ ഒരു റവന്യൂ റിക്കവറി നടപടിക്രമവും ആരംഭിച്ചതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അലംഭാവം മൂലം ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ പരാമർശിച്ചിരുന്ന ന്യൂനതകളിൻമേൽ തുടർനടപടികൾ ആരംഭിക്കുന്നതിൽ പരാജയപ്പെട്ടതായി ഇനിപ്പറയുന്ന സന്ദർഭങ്ങളിൽ നിന്നു വെളിപ്പെടുന്നു:

- കമ്പ്യൂട്ടർ സെന്റർ സ്ഥാപിക്കുന്നതിനായി **2019-20**-ൽ വകുപ്പ്, ഉള്ളൂർ എസ്‌സി സംഘത്തിന് ₹അഞ്ച് ലക്ഷം അനുവദിച്ചു. സംഘം കമ്പ്യൂട്ടർ സെന്റർ സ്ഥാപിച്ചില്ല, **2019-20** വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ മുകളിൽ പറഞ്ഞ വീഴ്ച റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ തിരുവനന്തപുരം ജെ.ആർ/ജെ.ഡി പരാജയപ്പെട്ടത് മൂലം മുഴുവൻ തുകയും ദുരുപയോഗം ചെയ്തതായി സംശയിക്കുന്നു. വകുപ്പ് **65** പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് **(2023** ഡിസംബർ**)** വഴി ഭരണസമിതിക്കും സെക്രട്ടറിക്കുമെതിരെ നടപടിയെടുക്കാൻ ജെ.ആർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, തുക ഇതുവരെ സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

- ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനായി **2021-22** വിതുര എസ്‌സിബി നമ്പർ **1048**-ന് നൽകിയ ₹**20** ലക്ഷം ഇതിനായി വിനിയോഗിച്ചില്ല. സംരക്ഷണ ഭിത്തിയും ചുറ്റുമതിലും നിർമ്മിക്കുന്നതിനായി ₹**17.95** ലക്ഷം വകമാറ്റി. സംഘത്തിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ കഴിയാത്തതിനാൽ, **2022-23, 2023-24**-ലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പലിശ സഹിതം തുക സർക്കാരിന് തിരികെ നൽകണമെന്ന് പറഞ്ഞിരുന്നു. എന്നാൽ, ഇതുവരെയും തിരിച്ചടവ് നടത്തിയിട്ടില്ല.

- മാവേലിക്കര താലൂക്ക് യുവ പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് സംഘത്തിന് **2022-23**-ൽ ഓഫ്സെറ്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ₹**10** ലക്ഷം അനുവദിച്ചു. **2023-24** വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ, സംഘം പ്രവർത്തനരഹിതമായതിനാൽ പ്രിന്റിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഒരു നടപടിയും ആരംഭിച്ചിട്ടില്ലെന്നും, **18** ശതമാനം പലിശ സഹിതം തുക സർക്കാരിലേക്ക് തിരികെ അടയ്ക്കണമെന്നും പരാമർശിച്ചിരുന്നു. ഈ പരാമർശത്തിന്മേൽ തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല **(2024** ഒക്ടോബർ**)**.

- പുല്ലുകുളങ്ങര എസ്‌സിബി ലിമിറ്റഡ് നമ്പർ **2992**-ന്റെ, **2019-20**-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം, വർക്കിംഗ് കമ്മിറ്റി അംഗങ്ങൾക്ക് കുടിശ്ശികയുള്ള വായ്പകൾ ഉണ്ടായിരുന്നു. ഇത് കെസിഎസ് ചട്ടത്തിലെ ചട്ടം **44(1)**(സി) പ്രകാരം അംഗത്വം വഹിക്കുന്നതിൽ നിന്ന് അവരെ അയോഗ്യരാക്കി. ഇതിന്മേൽ ന്യൂനതാ പരിഹാര നടപടി സ്വീകരിച്ചിരുന്നില്ല. ഈ ക്രമക്കേടുകൾ തുടരുകയും, **2022-23** വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിലും ഇത് രേഖപ്പെടുത്തിക്കാണുകയും ചെയ്തു.

- കുന്നംകുളം താലൂക്ക് എ.ആർന്റെ 2024 മാർച്ച് മാസത്തെ നമ്പർ സ്റ്റേറ്റ്മെന്റിന്റെ അനുബന്ധം II പ്രകാരം, പ്രിയദർശിനി ഹോസ്പിറ്റൽ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ആർ 756 പ്രവർത്തനക്ഷമമായിരുന്നു. എന്നാൽ, ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ (2024 ഡിസംബർ) സ്ഥലത്ത് സ്ഥാപിച്ച ഒരു ഷെഡ് ഒഴികെ, ഒരു ആശുപത്രി കെട്ടിടവും നിലവിലില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2022-23, 2023-24 വർഷങ്ങളിൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ, മേൽപ്പറഞ്ഞ വസ്തു സംഘത്തിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് കൺസ്യൂമർഫെഡിൽ നിന്ന് ലഭിച്ച ₹5.50 കോടിയുടെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ സംഘം നൽകിയിട്ടില്ലെന്ന് പരാമർശിച്ചിരുന്നു. എ.ആർ കുന്നംകുളം സംഘത്തിന്റെ ആസ്തികൾ കണക്കാക്കുന്നതിനും ₹5.50 കോടിയുടെ സാമ്പത്തിക സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിനും നടപടി ആരംഭിച്ചിട്ടില്ല.



*ചിത്രം 3.1: പ്രിയദർശിനി ഹോസ്പിറ്റൽ സഹകരണ സംഘം ലിമിറ്റഡ് വക വസ്തുവിലെ ഷെഡ്. 2024 ഡിസംബർ 04-ന് ഓഡിറ്റ് പാർട്ടി എടുത്ത ഫോട്ടോ.*

- കണ്ണൂരിലെ പെരിങ്ങോം ഏരിയ യുവജന സഹകരണ സംഘം ലിമിറ്റഡിന്, ഇവന്റ് മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി ₹10 ലക്ഷം അനുവദിക്കുന്നതിനും ഉപയോഗിക്കുന്നതിനും കണ്ണൂർ ജെ.ആർ ഉത്തരവ് നൽകി (2023 ജനുവരി). 2022-23 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സംഘത്തിന് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. ഉപയോഗിക്കാതെ അവശേഷിക്കുന്ന ₹8.95 ലക്ഷം സംഘം ഇതുവരെയായും സർക്കാരിന് തിരികെ നൽകിയിട്ടില്ല (2024 ഒക്ടോബർ). ഈ തുക സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

- ബസ് സർവീസും ഗുഡ്സ് ട്രാൻസ്പോർട്ട് സർവീസും നടത്തി പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് ജോലി നൽകുക എന്ന ലക്ഷ്യത്തോടെയാണ് തൃശ്ശൂർ ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം (1984 ഓഗസ്റ്റ്) രജിസ്റ്റർ ചെയ്തത്. 2015-16-ൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ, സ്പെയർ പാർട്സ് വാങ്ങിയതുമായി ബന്ധപ്പെട്ട രസീതുകൾ/ചെലവുകൾ, ബില്ലുകൾ എന്നിവയുടെ രേഖകൾ സംഘം സൂക്ഷിക്കുന്നില്ലെന്നും, സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടുകളിൽ ആധികാരികതയില്ലെന്നും പരാമർശിച്ചിരുന്നു. ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം, സംഘത്തിന് ₹318.94 ലക്ഷം[127] നഷ്ടമുണ്ടായിരുന്നു.

  സംഘത്തിന്റെ ആസ്തികളുടെ മോഷണം, ദുരുപയോഗം, തിരിമറി എന്നിവയെക്കുറിച്ച് സംഘത്തിന്റെ ഭരണ സമിതി (2023 മാർച്ച്) ആർസിഎസിനും ജെ.ആർ തൃശ്ശൂരിനും പരാതി നൽകിയിരുന്നു. പരാതി പ്രകാരം, സംഘം വാങ്ങി പ്രവർത്തിപ്പിച്ച ബസുകൾ യാതൊരു

[127] വാഹനങ്ങളുടെ കാര്യത്തിൽ ₹62.63 ലക്ഷവും, തിരിച്ചടയ്ക്കാത്ത വായ്പകളുമായി ബന്ധപ്പെട്ട ₹160.56 ലക്ഷവും കൂടി ഉൾപ്പെടുന്നതാണ് അറ്റനഷ്ടം.

രേഖകളും ഇല്ലാതെ കാണാതാവുകയോ പുറത്ത് ഉപേക്ഷിക്കപ്പെട്ട് തുരുമ്പെടുക്കുന്ന അവസ്ഥയിലോ ആയിരുന്നു.

കെസിഎസ് നിയമത്തിലെ വകുപ്പ് **66** പ്രകാരം നടത്തിയ അന്വേഷണത്തിന്റെ പരിശോധനാ റിപ്പോർട്ടനുസരിച്ച് **(2024** സെപ്റ്റംബർ), കേരള സർക്കാർ, കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ എസ്സി/എസ്ടി ലിമിറ്റഡ് എന്നിവയിൽ നിന്നും സംഘം ₹**2.22** കോടി **(1996-2015)** സാമ്പത്തിക സഹായം/വായ്പ നേടിയിട്ടും, ബസ് സർവീസ് നടത്തുന്നതിൽ പരാജയപ്പെട്ടു. സംഘത്തിന്റെ ഗാരേജ് വർക്ക്ഷോപ്പിൽ ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ **(2024** നവംബർ) പരിഹാര നടപടികളുടെ അഭാവം സ്ഥിരീകരിച്ചു. വാങ്ങിയ **25** ബസുകളിൽ പത്തെണ്ണം സംഘം പരിസരത്ത് കുറ്റിക്കാടുകൾക്കിടയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു. ഇതിൽ ആറ് ബസുകൾക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പറുകൾ ഉണ്ടായിരുന്നുള്ളൂ.

“ഓൺലൈൻ ഓഡിറ്റിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ” നടപ്പിലാക്കുന്നതിലൂടെ ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ സ്വയമേവ കൈമാറപ്പെടുമെന്നും ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ന്യൂനതകളുടെ പരിഹാരനില തത്സമയം ലഭ്യമാകുമെന്നും സർക്കാർ മറുപടി നൽകി **(2025** ജൂലൈ**)**.

ഓഡിറ്റ് നിരീക്ഷിച്ച ന്യൂനതകളെക്കുറിച്ച് സർക്കാർ പ്രത്യേക മറുപടി നൽകിയിട്ടില്ല.

## 3.13. സാമ്പത്തിക മാനേജ്മെന്റ്

### 3.13.1. ഫണ്ടുകളുടെ വരവു ചെലവുകളുടെ പ്രവണത

സഹകരണ വകുപ്പിനും അതിനു കീഴിലുള്ള ഓഫീസുകൾക്കുമുള്ള ഫണ്ടുകൾ ബജറ്റിൽ ഉൾപ്പെടുത്തി, **2425, 4425** എന്നീ അക്കൗണ്ട് ശീർഷകങ്ങൾ മുഖേനയും കേന്ദ്ര പദ്ധതികൾ മുഖേനയുമാണ് ലഭിക്കുന്നത്. **പട്ടിക 3.6**-ൽ വിശദമാക്കിയിട്ടുള്ളതുപോലെ **2019-24**-ലെ ഓഡിറ്റ് കാലയളവിൽ സഹകരണ വകുപ്പിന്റെ ബജറ്റ് വിഹിതവും ചെലവും സൂചിപ്പിക്കുന്നത് ആകെ വരവ് ₹**3602.80** കോടിയും ചെലവ് ₹**2692.33** കോടിയും ആയിരുന്നു എന്നാണ്.

**പട്ടിക 3.6: 2019-24-ലെ ഫണ്ടുകളുടെ വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സ്റ്റേറ്റ് ഗ്രാന്റ് | | | | നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (എൻസിഡിസി)[128] ധനസഹായം | | നബാർഡ് ധനസഹായം | | ആകെ വരവ്/ വിഹിതം | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|
| | വരവ്/ വിഹിതം | | ചെലവ് | | | | | | | |
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ | വരവ്/ വിഹിതം | ചെലവ് | വിഹിതം | ചെലവ് | | |
| 2019-20 | 177.35 | 359.10 | 90.33 | 249.71 | 70.31 | 45.88 | 18.31 | 18.31 | 625.07 | 404.23 |
| 2020-21 | 542.13 | 348.11 | 514.10 | 285.06 | 113.62 | 109.77 | 23.63 | 23.63 | 1027.49 | 932.56 |
| 2021-22 | 162.33 | 398.65 | 77.02 | 344.17 | 65.00 | 21.51 | 19.92 | 19.92 | 645.90 | 462.62 |
| 2022-23 | 155.93 | 362.76 | 52.33 | 267.74 | 246.12 | 222.82 | 0.00 | 0.00 | 764.81 | 542.89 |
| 2023-24 | 141.35 | 363.27 | 17.62 | 325.24 | 34.91 | 7.17 | 0.00 | 0.00 | 539.53 | 350.03 |
| ആകെ | 1179.09 | 1831.89 | 751.40 | 1471.92 | 529.96 | 407.15 | 61.86 | 61.86 | 3602.80 | 2692.33 |

*(ഉറവിടം: ആർസിഎസ് നൽകിയ കണക്കുകൾ)*

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭിച്ച ഫണ്ടുകളുടെയും ചെലവിന്റെയും വിശകലനം സൂചിപ്പിക്കുന്നത് കോവിഡ് വർഷത്തിൽ (2020-21) ഫണ്ട് വിനിയോഗം അതിന്റെ ഉച്ചസ്ഥായിയിലായിരുന്നു എന്നാണ്. ഈ കാലയളവിൽ പ്ലാൻ ഫണ്ടുകളുടെയും എൻസിഡിസി ഫണ്ടുകളുടെയും വിനിയോഗം യഥാക്രമം 94.83 ശതമാനവും 96.61 ശതമാനവുമായിരുന്നു. എന്നാൽ, 2020-21-ന് ശേഷം പദ്ധതി വിഹിതത്തിന്റെ വിനിയോഗം കുറയുകയും, 2022-23-ൽ വീണ്ടും ഉയരുകയും, തുടർന്ന് 2023-24-ൽ 12.47 ശതമാനമായി ഇടിയുകയും ചെയ്തു. എൻസിഡിസി വിഹിതത്തിന്റെ വിനിയോഗത്തിലും സമാനമായ ഒരു രീതി നിരീക്ഷിക്കപ്പെട്ടു, 2023-24-ൽ വിനിയോഗം 20.54 ശതമാനമായി കുത്തനെ കുറഞ്ഞു.

എൻസിഡിസിയിൽ നിന്നും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക ലഭിച്ചതിനാൽ, 2020-21-ൽ ചെലവിൽ അസാധാരണമായ വർദ്ധനവുണ്ടായി എന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതത്തിലെ പരിമിതിയും, വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസുകൾ ലഭിക്കാത്തതും കാരണം സംസ്ഥാന പ്ലാൻ ഫണ്ടിലെ ചെലവ് കുറഞ്ഞു. 2023-24-ൽ, യോഗ്യമായ പ്രപ്പോസലുകളുടെ കുറവും സർക്കാരിൽ നിന്നുള്ള റിലീസ് ഓർഡറുകൾ ലഭിക്കാത്തതും കാരണം എൻസിഡിസി ധനസഹായത്തിലെ ചെലവിന്റെ ശതമാനം കുറവായിരുന്നു.

### 3.13.2. പ്ലാൻ പദ്ധതികൾക്കനുവദിച്ച ഫണ്ട് സറണ്ടർ ചെയ്തത്

എസ്റ്റിമേറ്റുകൾ പെരുപ്പിച്ചതോ കുറച്ചുകാണിച്ചതോ അല്ലെന്നും, ബജറ്റ് കൃത്യതയും സാമ്പത്തിക അച്ചടക്കവും നിലനിർത്തുന്നതിന് മുൻകൂട്ടി കാണാൻ കഴിയുന്ന എല്ലാ ഇനങ്ങൾക്കും വ്യവസ്ഥകൾ നൽകി, പ്രായോഗികമായി കഴിയുന്നത്ര കൃത്യമാണെന്നും വകുപ്പുകൾ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത കേരള ബജറ്റ് മാനുവലിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് കാലയളവിൽ വകുപ്പിന്റെ വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി ഉദ്ദേശിച്ചിരുന്ന പദ്ധതി ഫണ്ടുകളുടെ ബജറ്റ് വിഹിതത്തിന്റെയും വാർഷിക ചെലവിന്റെയും വിശദമായ

[128] സഹകരണ മന്ത്രാലയത്തിന് കീഴിലുള്ള ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി). സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി എൻസിഡിസി സംസ്ഥാന സർക്കാരുകൾക്ക് വായ്പകളും ഗ്രാന്റുകളും നൽകുന്നു.

പരിശോധനയിൽ, 55 അക്കൗണ്ട് ശീർഷകങ്ങളിൽ ശരാശരി 47 എണ്ണത്തിലും ഫണ്ട് സറണ്ടർ ചെയ്തതായി കണ്ടെത്തി (**അനുബന്ധം 3.5**).

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ, ബജറ്റ് വിഹിതം അനുവദിക്കുന്നതിലെ പരിമിതികൾ, വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭിക്കാത്തത് മുതലായവ കാരണം സംസ്ഥാന പദ്ധതിയിലെ ചെലവ് കുറഞ്ഞുവെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ).

## 3.14. സർക്കാർ വായ്പ/ഓഹരികൾ സംഘങ്ങളിൽ നിന്ന് തിരിച്ചുപിടിക്കുന്നതിലെ ഉപേക്ഷ

കെസിഎസ് നിയമത്തിലെ വകുപ്പ്42 പ്രകാരം, ക്ലിപ്ത ബാദ്ധ്യതയോടു കൂടിയ ഒരു സംഘത്തിന്റെ ഓഹരി മൂലധനത്തിലേക്ക് സർക്കാരിന് നേരിട്ട് സംഭാവന ചെയ്യാൻ കഴിയും. നിയമത്തിലെ വകുപ്പ് 53 പ്രകാരം വായ്പകൾ, മുൻകൂറുകൾ, ഗ്യാരണ്ടികൾ, സബ്സിഡികൾ മുതലായവ സംഘങ്ങൾക്കുള്ള മറ്റ് തരത്തിലുള്ള സംസ്ഥാന സഹായങ്ങളിൽ ഉൾപ്പെടുന്നു. ഇതിനുപുറമേ, സഹകരണ സംഘങ്ങളുടെ വികസനത്തിനായി, എൻസിഡിസി, വായ്പ അല്ലെങ്കിൽ ഓഹരി സഹായങ്ങൾ നൽകി. നിയമത്തിലെ വകുപ്പ് 79(1) പ്രകാരം, ഒരു സംഘം/ഉദ്യോഗസ്ഥൻ/ മുൻപുള്ളതോ മരിച്ചു പോയതോ ആയ അംഗം, എന്നിവരിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട എല്ലാ തുകയും, ഭൂമിയിൽ നിന്ന് ലഭിക്കേണ്ട പൊതു വരുമാനത്തിന്റെ കുടിശ്ശികയുടെ അതേ രീതിയിൽ, ആർസിഎസ് അല്ലെങ്കിൽ ഡിസിഎ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചുപിടിക്കേണ്ടതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങളെ തിരിച്ചറിയാനും, കുടിശ്ശിക തുക പലിശ സഹിതം ഈടാക്കാനും ധനകാര്യ വകുപ്പ് ഓഫീസ് മേധാവിയോട് നിർദ്ദേശിച്ചിരുന്നു (2018 മാർച്ച്).

2024 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്ന് ₹1173.29 കോടി കുടിശ്ശികയുണ്ടെന്ന് ഓഡിറ്റ് കണ്ടെത്തിയത്, **പട്ടിക 3.7**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.7: സംഘങ്ങളിൽ നിന്ന് ലഭിച്ച ഓഹരികളുടെയും വായ്പകളുടെയും സംസ്ഥാനമൊട്ടാകെയുള്ള വിശദാംശങ്ങളും കുടിശ്ശിക തുകയും**

*(₹ കോടിയിൽ)*

| സഹായത്തിന്റെ രീതി | അനുവദിച്ച തുക | കുടിശ്ശികയായ തുക | | | | |
|---|---|---|---|---|---|---|
| | | മുതൽ | പലിശ | പിഴപ്പലിശ | ലാഭ വിഹിതം | ആകെ |
| എൻസിഡിസി ഓഹരി | 561.97 | 112.89 | ബാധകമല്ല | 5.12 | 0.19 | 118.2 |
| എൻസിഡിസി വായ്പ | 298.19 | 161.89 | 218.49 | 33.13 | ബാധകമല്ല | 413.51 |
| സർക്കാർ ഓഹരി | 410.62 | 136.00 | ബാധകമല്ല | 12.19 | 0.35 | 148.54 |
| സർക്കാർ വായ്പ | 433.95 | 108.84 | 370.61 | 13.59 | ബാധകമല്ല | 493.04 |
| ആകെ | 1704.73 | 519.62 | 589.1 | 64.03 | 0.54 | 1173.29 |

*ഉറവിടം: (ആർസിഎസ് നൽകിയ വിശദാംശങ്ങൾ)*

ഇതു സംബന്ധിച്ച് ഓഡിറ്റിൽ താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

- തെരഞ്ഞെടുത്ത ജില്ലകളിൽ, സാമ്പത്തിക സഹായം അനുവദിച്ച 2250 കേസുകളിൽ, **അനുബന്ധം 3.6**-ൽ നൽകിയിരിക്കുന്നതു പോലെ 315 കേസുകളിൽ ₹492.94 കോടിയുടെ വായ്പ/ഓഹരി തിരിച്ചടവ് നടത്തിയിട്ടില്ല.

- തെരഞ്ഞെടുത്ത ജില്ലകളിലെ ജെ. ആർ ഓഫീസുകൾ നൽകിയ വായ്പ കുടിശ്ശികകളുടെയും, വായ്പകളുടെയും, ഓഹരികളുടെയും വിശദാംശങ്ങളും, 2024 മാർച്ച് വരെയുള്ള ആർസിഎസിന്റെ അർദ്ധ വാർഷിക റിപ്പോർട്ടിൽ നൽകിയിരിക്കുന്ന ഡാറ്റയും തമ്മിൽ, **അനുബന്ധം 3.7**-ൽ നൽകിയിരിക്കുന്നതുപോലെ, പൊരുത്ത-ക്കേടുണ്ടെന്ന് ഓഡിറ്റ് കണ്ടെത്തി. ഓഡിറ്റിന് നൽകിയ കുടിശ്ശിക വായ്പ, ഓഹരി, പലിശ, പിഴപ്പലിശ എന്നിവയുടെ പ്രതിമാസ പുരോഗതി

റിപ്പോർട്ട് അനുസരിച്ച്, 2024 മാർച്ച് വരെ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിലെ ജെആർ ഓഫീസുകൾക്ക് യഥാക്രമം ₹6.27 കോടി, ₹8.19 കോടി, ₹4.45 കോടി എന്നിങ്ങനെ ആകെ കുടിശ്ശികയുണ്ട്. ജോയിന്റ് രജിസ്ട്രാർ തിരുവനന്തപുരം ₹84.73 ലക്ഷത്തിന് റവന്യൂ റിക്കവറി ആരംഭിച്ചതായി കാണുന്നു. അതേസമയം, ആലപ്പുഴയിലെയും, തൃശ്ശൂരിലെയും ജെ. ആർ ഓഫീസുകൾ റിക്കവറിയുടെ വിശദാംശങ്ങൾ നൽകിയിട്ടില്ല.

- ജെ.ആർ കണ്ണൂരിന്റെ കാര്യത്തിൽ, 2024 മാർച്ച് വരെ ₹874.95 കോടി കുടിശ്ശികയുണ്ട്. കുടിശ്ശികയുടെ ഭൂരിഭാഗവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻഡ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസ് ലിമിറ്റഡ്[129] (₹213.19 കോടി), റബ്കോ[130] (₹524.77 കോടി), അഗ്രീൻകോ[131] (₹35.51 കോടി),റെയ്ഡ്കോ[132] (₹23.79 കോടി), തലശ്ശേരി താലൂക്ക് റബ്ബർ ആൻഡ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി (₹1.05 കോടി) എന്നിവയുമായി ബന്ധപ്പെട്ടതാണ്. ഇവയുടെ തിരിച്ചടവ് നടപടികൾ/ കുടിശ്ശിക എഴുതിത്തള്ളാനുള്ള അഭ്യർത്ഥനയിൻമേലുള്ള നടപടി പുരോഗമിക്കുന്നു. ബാക്കിയുള്ള കേസുകളിൽ, റവന്യൂ റിക്കവറി ഓൺലൈൻ പോർട്ടൽ വഴി ₹14.56 ലക്ഷത്തിന്റെ ഡിമാൻഡ് നോട്ടീസ് നൽകിയതായി പ്രസ്താവിച്ചു.

- "മിസ്സലേനിയസ്സ് സഹകരണ സ്ഥാപനങ്ങൾക്ക് സഹായം" എന്ന പദ്ധതി പ്രകാരം ആധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കുണ്ടുകാട് സഹകരണ ആരോഗ്യ കേന്ദ്രത്തിന് (സംഘം) ₹30 ലക്ഷം അനുവദിച്ചിരുന്നു. തലപ്പിള്ളി താലൂക്കിലെ എ.ആറിനോട് സംഘത്തിൽ നിന്ന് ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റുകൾ നേടാനോ, അല്ലെങ്കിൽ സമർപ്പിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്താനോ തൃശ്ശൂർ ജെ.ആർ[133] നിർദ്ദേശിച്ചു. ഇതിന് മറുപടിയായി, അനുവദിച്ച ₹30 ലക്ഷത്തിൽ, ₹3.89 ലക്ഷം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂവെന്നും ബാക്കി തുക അംഗീകാരമില്ലാത്ത ആവശ്യങ്ങൾക്കായി[134] വകമാറ്റിയിട്ടുണ്ടെന്നും എ.ആർ. റിപ്പോർട്ട് ചെയ്തു (2017 ഡിസംബർ). തൽഫലമായി, സർക്കാരിന് നൽകേണ്ട തുക പലിശ സഹിതം തിരിച്ചുപിടിക്കാൻ ജെ.ആർ, എ.ആറിനോട് നിർദ്ദേശിച്ചു. നാല് വർഷത്തിലേറെ കാലതാമസത്തിനുശേഷം, സംഘത്തിൽ നിന്ന് ₹1.06 കോടിയുടെ[135] റവന്യൂ റിക്കവറി ആരംഭിക്കാൻ എ.ആർ. ഉത്തരവിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു (2023 മാർച്ച്). ലഭിച്ച സഹായം ₹26.11 ലക്ഷം വകമാറ്റിയതിനാൽ സർക്കാരിന് നൽകേണ്ട തുക തിരിച്ചുപിടിക്കാൻ 2017 ഡിസംബറിൽ ജെ. ആർ, എ.ആറിനോട് നിർദ്ദേശിച്ചെങ്കിലും നാളിതുവരെ ഒരു തിരിച്ചുപിടിക്കലും നടത്തിയിട്ടില്ല.

- കണ്ണൂരിലെ കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4437 (അഗ്രീൻകോ)-ന് ഒരു കയറ്റുമതി അധിഷ്ഠിത പൈനാപ്പിൾ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേരള സർക്കാരിൽ നിന്ന് ₹14.57

---

129 പരിയാരം മെഡിക്കൽ കോളേജ്

130 കേരള സ്റ്റേറ്റ് റബ്ബർ കോർപ്പറേഷൻ ലിമിറ്റഡ്

131 കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്

132 റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ്

133 2016 ജൂൺ മുതൽ 2017 നവംബർ വരെ തുടർച്ചയായി അഞ്ച് കത്തിടപാടുകൾ വഴി

134 ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക അടയ്ക്കൽ, കൈപ്പറ്റിയ മുൻകൂറുകളുടെ തിരിച്ചടവ്, ഔഷധ സസ്യത്തോട്ടത്തിനായുള്ള ചെലവുകൾ, ജില്ലാ സഹകരണ ബാങ്കിലേക്കുള്ള വായ്പയുടെയും പലിശയുടെയും തിരിച്ചടവ് തുടങ്ങിയവ.

135 12 ശതമാനം പലിശയും, 2.5 ശതമാനം പിഴപ്പലിശയും, ₹5,720 ഓഡിറ്റ് ഫീസും ഉൾപ്പെടെ

കോടി[136] ധനസഹായം ലഭിച്ചു (2004-05). അഗ്രീൻകോ വൗച്ചറുകളും രസീതുകളും പരിപാലിക്കാത്തത് ചൂണ്ടിക്കാട്ടിയ ഡിസിഎ-യുടെ സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കെസിഎസ് നിയമത്തിലെ വകുപ്പ് 66 പ്രകാരം ഒരു പരിശോധനയ്ക്ക് ആർസിഎസ് ഉത്തരവിട്ടു (2014 ജനുവരി). ഒരു മാസത്തിനുള്ളിൽ പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചുവെങ്കിലും, അതും ലഭ്യമാക്കിയില്ല.

2013-14 വർഷത്തെ ഡിസിഎ-യുടെ റിപ്പോർട്ടിൽ (നാളിതുവരെ നടത്തിയ അവസാന ഓഡിറ്റ്) ആർസിഎസ്-ന്റെ അനുമതി വാങ്ങാതെ അഗ്രീൻകോ സൃഷ്ടിച്ച അനുബന്ധ കമ്പനികൾക്ക് ₹24.14 കോടി അഗ്രീൻകോ കൈമാറിയതായി പറയുന്നു. സർക്കാർ വായ്പ/ഗ്രാന്റ്/സബ്സിഡി തിരിച്ചടവ് ഉറപ്പാക്കുന്നതിന് ഈ അനുബന്ധ കമ്പനികളുമായി ഒരു കരാറോ ഗ്യാരണ്ടിയോ നടപ്പിലാക്കുന്നതിലും അഗ്രീൻകോ പരാജയപ്പെട്ടു. അഗ്രീൻകോയുടെ ഡയറക്ടർമാർ ഈ അനുബന്ധ കമ്പനികളുടെ ഡയറക്ടർ ബോർഡിൽ അംഗങ്ങളായിരുന്നിട്ടും, സർക്കാർ കുടിശ്ശിക അടയ്ക്കാത്തതിന് അഗ്രീൻകോ ഈ അനുബന്ധ സ്ഥാപനങ്ങൾക്കെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല.

2024 ഒക്ടോബർ 29-ന് കണ്ണൂരിലെ അഗ്രീൻകോയിൽ ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ, പ്രസ്തുത സംഘം പ്രവർത്തിക്കുന്നില്ലെന്നും കെട്ടിടങ്ങളും പ്ലാന്റും യന്ത്രങ്ങളും സ്ഥലത്ത് തന്നെ ഉപയോഗിക്കാത്ത തരത്തിൽ തകർന്ന അവസ്ഥയിലാണെന്നും കണ്ടെത്തി. അങ്ങനെ, സംഘത്തിന്റെ വീഴ്ചകൾക്കെതിരെ ആവശ്യമായ നടപടിയെടുക്കാത്തത്, നൽകിയ വായ്പ വിനിയോഗിക്കാതിരിക്കാനും/തിരിച്ചടയ്ക്കാതിരിക്കാനും, ₹6.61 കോടി[137] വിലമതിക്കുന്ന പ്ലാന്റും യന്ത്രങ്ങളും നിഷ്ക്രിയമാകുന്നതിനും കാരണമായി.

സംഘങ്ങളിൽ നിന്നും സർക്കാരിന് പലിശ സഹിതം ലഭിക്കേണ്ട തുക തിരിച്ചുപിടിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഉദാസീനത, നിയമത്തിലെ വകുപ്പ് 79(1) പാലിക്കാത്തതിനു പുറമെ, സംഘങ്ങൾക്ക് റവന്യൂ റിക്കവറി നടപടിക്രമങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനും കാരണമായി.

ഡിമാന്റ് കളക്ഷൻ ബാലൻസ് (ഡിസിബി) ഇവ കൃത്യമായി നിരീക്ഷിക്കുന്നതിലും സമന്വയിപ്പിക്കുന്നതിലുമുള്ള ബുദ്ധിമുട്ടുകളിൽ നിന്നാണ് പ്രശ്നങ്ങൾ ഉണ്ടായതെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ). നിർണ്ണായക ആശങ്കകൾ പരിഹരിക്കുന്നതിനായി, സുതാര്യത ഉറപ്പാക്കുന്ന വിധത്തിൽ, സർക്കാരിന് കുടിശ്ശികയുള്ള ഡിമാന്റ്, തിരിച്ചടവിന്റെ തത്സമയ സ്ഥിതി, കുടിശ്ശിക എന്നിവ കാണിക്കുന്ന ഒരു ഡിസിബി ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നത് സർക്കാർ കുടിശ്ശിക വീണ്ടെടുക്കൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയെ ഗണ്യമായി വർദ്ധിപ്പിയ്ക്കും.

എന്നാൽ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച കേസുകളിലെ കുടിശ്ശിക തുക തിരിച്ചുപിടിക്കാൻ ആരംഭിച്ച നടപടിയെക്കുറിച്ച് മറുപടിയിൽ വ്യക്തതയില്ല.

### 3.15. കുടിശ്ശികയായ ഓഡിറ്റ് ഫീസും ചെലവും

കെസിഎസ് നിയമത്തിലെ വകുപ്പ് 64(6) പ്രകാരം, സംഘങ്ങളുടെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിന് ഫീസ് അല്ലെങ്കിൽ ചെലവ് തുക ഡിസിഎ നിശ്ചയിക്കുകയും അത് അറിയിച്ച് 30 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സൊസൈറ്റി തുക അടയ്ക്കുകയും വേണം. ഈ കാലയളവിനുള്ളിൽ പണമടച്ചില്ലെങ്കിൽ, സംഘം സാമ്പത്തിക ഇടപാട് നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് ആർസിഎസ് അത് തിരിച്ചുപിടിക്കണം.

---

[136] എൻസിഡിസി സർക്കാരിന് ₹9.72 കോടി റീഇംബേഴ്സ് ചെയ്തു

[137] 2011 ജൂൺ 04-ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു പോലെ

2024 മാർച്ച് വരെ സംസ്ഥാനത്ത് പിരിച്ചെടുക്കാനുള്ള ആകെ ഓഡിറ്റ് ഫീസ് ₹16 കോടിയായിരുന്നു, അതിൽ ₹6.63 കോടി അഞ്ച് വർഷത്തിലേറെയായി കുടിശ്ശികയായിരുന്നു. പരിശോധന നടത്തിയ ജില്ലകളിൽ, ഓഡിറ്റ് ഫീസും ചെലവുമായി ബന്ധപ്പെട്ട് ₹8.69 കോടി കുടിശ്ശികയുണ്ടായിരുന്നു.

ആരംഭിക്കാനിരിക്കുന്ന ഡിസിബി ഓൺലൈൻ പ്ലാറ്റ്ഫോം വഴി ഓഡിറ്റ് ഫീസ് കുടിശ്ശിക തിരിച്ചു പിടിക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂലൈ). എന്നാൽ ദീർഘകാലമായിട്ടുള്ള കുടിശ്ശിക വീണ്ടെടുക്കുന്നതിന് ആർസിഎസ് ആരംഭിച്ച നടപടിയെക്കുറിച്ച് മറുപടി ലഭ്യമാക്കിയില്ല.

## 3.16. സഹകരണ അംഗ സമാശ്വാസ ഫണ്ടിലേക്കുള്ള സംഭാവനയും അടയ്ക്കാത്ത തുകയ്ക്കുള്ള പിഴപ്പലിശയും ലഭിക്കുന്നതിലുണ്ടായ കുറവ്

കെസിഎസ് നിയമത്തിലെ വകുപ്പ് 56(1)(സി)യുടെയും കെസിഎസ് ചട്ടത്തിലെ ചട്ടം 53എ-യുടെയും അടിസ്ഥാനത്തിൽ, ആർസിഎസ് പരിപാലിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സഹകരണ അംഗ സമാശ്വാസ ഫണ്ട്, വിവിധ രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും, അപകടങ്ങൾ മൂലം ഭാഗികമായോ പൂർണ്ണമായോ അംഗവൈകല്യം സംഭവിച്ച അംഗങ്ങൾക്കും, അപകടങ്ങൾ മൂലം മരണമടഞ്ഞ അല്ലെങ്കിൽ കിടപ്പിലായ അംഗങ്ങളുടെ ആശ്രിതർക്കും സഹായം നൽകുന്നതിന് ഉപയോഗിക്കേണ്ടതായിരുന്നു. ഒരു സംഘത്തിന്റെ പ്രതിവർഷ അറ്റലാഭത്തിന്റെ 10 ശതമാനം, പരമാവധി ₹ഒരു ലക്ഷം വരെ ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

ഫണ്ടിലേക്ക് പണം അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ, അത്തരം വീഴ്ച വരുത്തുന്ന സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ്, വീഴ്ച വരുത്തിയ തുകയ്ക്ക് പ്രതിവർഷം ആറു ശതമാനം നിരക്കിൽ പിഴപ്പലിശ നൽകാൻ ബാധ്യസ്ഥനായിരിക്കും.

ആർസിഎസിന്റെ ഓഫീസ് നൽകിയ വിവരങ്ങൾ പ്രകാരം, 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സഹകരണ അംഗ സമാശ്വാസ ഫണ്ടിലേക്ക് നൽകേണ്ട ആകെ ₹68.22 കോടിയിൽ, സംഘങ്ങൾ ₹39.27 കോടി മാത്രം നൽകിയതായി കാണപ്പെട്ടു, ഇതിൽ നിന്നും ₹35.44 കോടിയുടെ[138] കുടിശ്ശിക സംഘങ്ങളിൽ നിന്ന് പിരിച്ചെടുക്കാനുണ്ടെന്ന് വെളിപ്പെട്ടു.

ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമുൻപ്, അംഗ സമാശ്വാസ ഫണ്ടിലേക്കുള്ള തുക അടച്ചു എന്ന് ഉറപ്പാക്കാൻ ജോയിന്റ് ഡയറക്ടർമാരെയും(ഓഡിറ്റ്), നിരീക്ഷണത്തിനായി രജിസ്റ്ററുകൾ സൂക്ഷിക്കാൻ ജോയിന്റ് രജിസ്ട്രാർമാരെയും(ജനറൽ) നിർദ്ദേശിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2025 ജൂലൈ).

## 3.17. കേരള സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് പദ്ധതി

കെസിഎസ് നിയമത്തിലെ വകുപ്പ് 56-ഉം, കെസിഎസ് ചട്ടങ്ങളിലെ ചട്ടം 53-ഉം, ആർസിഎസ് പരിപാലിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് (ഫണ്ട്) രൂപീകരിക്കാനും സംഘങ്ങളുടെ അറ്റലാഭത്തിന്റെ അഞ്ച് ശതമാനം ഫണ്ടിലേക്ക് നല്കാനും വിഭാവനം ചെയ്യുന്നു. കേരള സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫണ്ട് രൂപീകരിച്ചത്.

---

[138] ₹28.95 കോടി (സംഭാവനാ കുടിശ്ശിക) + ₹6.49 കോടി (പിഴപ്പലിശ)

ഫണ്ടിന്റെ ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പരിശോധനയിൽ, ഇനിപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തി:

- കേരള സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 7 അനുസരിച്ച്, ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ഫണ്ടിലേക്ക് അടയ്ക്കേണ്ട തുക സംഘങ്ങൾ നൽകണം. ഫണ്ടിലേയ്ക്ക് ലഭ്യമാകേണ്ട തുകയിൽ ₹220.71 കോടി കുടിശ്ശികയാണെങ്കിലും ₹79.99 കോടി മാത്രമേ പിരിച്ചെടുത്തിട്ടുള്ളുവെന്നും, 2024 മാർച്ച് വരെ ₹140.72 കോടി (63.76 ശതമാനം) സംഘങ്ങൾ അടയ്ക്കാൻ ബാക്കിയുണ്ടെന്നും ഓഡിറ്റ് കണ്ടെത്തി.

- ഫണ്ടിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ് ഡിസിഎ സൗജന്യമായി വർഷം തോറും നടത്തേണ്ടതായിരുന്നു, കൂടാതെ വരവ് ചെലവ് അക്കൗണ്ടുകളുടെയും സർട്ടിഫൈ ചെയ്ത ബാലൻസ് ഷീറ്റിന്റെയും റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് അഞ്ച് മാസത്തിനുള്ളിൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമായിരുന്നു. 2016 മാർച്ചിൽ ഫണ്ട് രൂപീകരിച്ചതിനുശേഷം ഇതുവരെ ഫണ്ടിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റ് നടത്തിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

- ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് ആറ് മാസത്തിനുള്ളിൽ ഈ പദ്ധതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും വാർഷിക അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റിനൊപ്പം അത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യണമായിരുന്നു. എന്നാൽ, പദ്ധതി ആരംഭിച്ച് എട്ട് വർഷം കഴിഞ്ഞിട്ടും ആർസിഎസ് വാർഷിക റിപ്പോർട്ട് നൽകിയില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് മുമ്പ് പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് ശേഖരിച്ചു എന്ന് ഉറപ്പാക്കാൻ ജോയിന്റ് ഡയറക്ടർമാർക്ക്(ഓഡിറ്റ്) നിർദ്ദേശം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചതായി സർക്കാർ മറുപടി നൽകി (2025 ജൂലൈ).

## 3.18. സംഘങ്ങൾ സർക്കാർ ധനസഹായം വിനിയോഗിക്കുന്നതിൽ, സംയുക്ത ഭൗതിക പരിശോധനകളിൽ വെളിപ്പെട്ട ക്രമക്കേടുകൾ

കെസിഎസ് നിയമത്തിലെ വകുപ്പ് 42 പ്രകാരം, ക്ലിപ്ത ബാധ്യതയുള്ള ഒരു സംഘത്തിന്റെ ഓഹരി മൂലധനം സർക്കാരിന് നേരിട്ട് സംഭാവന ചെയ്യാനും, സംഘത്തിന്റെ മൊത്തം ഓഹരി മൂലധനത്തിന്റെ അഞ്ചിലൊന്നിൽ കൂടുതൽ കൈവശം വയ്ക്കുവാനും നിയമത്തിലെ 22-ാം വകുപ്പ് അനുസരിച്ച് കഴിയും. നിയമത്തിലെ വകുപ്പ് 53 അനുസരിച്ച് വായ്പകൾ, മുൻകൂറുകൾ, ഗ്യാരണ്ടികൾ, സബ്സിഡികൾ എന്നിവയാണ് സംഘങ്ങൾക്ക് സംസ്ഥാനത്ത് നിന്ന് ലഭിയ്ക്കുന്ന മറ്റു സഹായങ്ങൾ. സാമ്പത്തിക സഹായം തേടുന്ന സംഘങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ), അസിസ്റ്റന്റ് രജിസ്ട്രാർമാർ നല്കുന്ന പ്രോജക്ട് ഫീസിബിലിറ്റി റിപ്പോർട്ട്, ജോയിന്റ് രജിസ്ട്രാർ (ജനറൽ) നല്കുന്ന അഴിമതിരഹിത സർട്ടിഫിക്കറ്റ്, അവസാന ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഒപ്പിട്ട കരാർ തുടങ്ങിയ രേഖകൾ നൽകണമായിരുന്നു. ലഭിച്ച ധനസഹായം അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് മാത്രമേ വിനിയോഗിക്കാവൂ, കൂടാതെ, സംഘം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ഏർപ്പെട്ട കരാറിന്റെ നിബന്ധനകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ 72 സംഘങ്ങൾ സർക്കാർ ധനസഹായം എങ്ങനെ വിനിയോഗിച്ചുവെന്നു പരിശോധിക്കുന്നതിനായി വകുപ്പുതല ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് സംയുക്ത ഭൗതിക പരിശോധന (ജെപിവി) നടത്തി. ഫണ്ട് വകമാറ്റൽ, കുറവായോ /തീരെയോ വിനിയോഗിക്കാതിരിക്കൽ, ഫണ്ടു വിനിയോഗത്തിലെ കാലതാമസം, നിഷ്ക്രിയമായ ആസ്തികൾ തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തി (**അനുബന്ധം 3.8**). അന്തിമ കൂടിക്കാഴ്ചയിൽ (2025

ജൂലൈ) സർക്കാർ ഓഡിറ്റ് കണ്ടെത്തലുകൾ അംഗീകരിക്കുകയും, സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹായത്തോടെ പദ്ധതികൾ ക്രമീകരിക്കുന്നതിനുള്ള മാതൃക സൃഷ്ടിക്കുന്നതിനായി ഒരു നൂതന സംവിധാനം വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നു പ്രസ്താവിക്കുകയും ചെയ്തു. ഡിപിആറുകൾ തയ്യാറാക്കാൻ പരിചയസമ്പന്നനായ ഒരു വ്യക്തി സംഘത്തെ സഹായിക്കുമെന്നും പ്രോജക്റ്റ് ക്രെഷ് സംഘടിപ്പിക്കുന്നതിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും പറയുകയുണ്ടായി.

## 3.19. ആഭ്യന്തര നിയന്ത്രണ സംവിധാനം

### 3.19.1. സംഘങ്ങളുടെ പതിവ് പരിശോധന നടത്താതിരിക്കൽ

ജോയിന്റ് രജിസ്ട്രാർമാർ (ജെ.ആർ), പരിശോധിച്ച സംഘങ്ങളുടെ പേരുകൾ, പരിശോധനാ തീയതികൾ, അവരുടെ പ്രതിമാസ ഡി.ഒ. നറേറ്റീവ് റിപ്പോർട്ടുകളിലെ പോരായ്മകൾ, അറിയിച്ച തീയതികൾ എന്നിവ ആർസിഎസിന് റിപ്പോർട്ട് ചെയ്യണം. ജില്ലാ, താലൂക്ക് തലങ്ങളിൽ റൊട്ടേഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുകയും അതിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയും വേണം. നിശ്ചയിച്ച ലക്ഷ്യങ്ങൾക്കനുസരിച്ച് കൃത്യമായ ഇടവേളകളിൽ സംഘങ്ങളുടെ പരിശോധന പൂർത്തിയാക്കുകയും പരിശോധനകളിലെ കുറവുകൾക്ക് ഉത്തരവാദിത്തം നിശ്ചയിക്കുകയും വേണം.

ഓഡിറ്റ് താഴെപ്പറഞ്ഞ കാര്യങ്ങൾ നിരീക്ഷിച്ചു :

- തെരഞ്ഞെടുത്ത എ.ആർ/ജെ.ആർ ഓഫീസുകളിൽ റൊട്ടേഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല.
- **2019-24** കാലയളവിൽ തിരുവനന്തപുരത്തെ ജെ.ആർ ഓഫീസിലെ ജെ.ആർ, എ.ആർ(എസ്‌സി/എസ്ടി)[139] എന്നിവർ സംഘങ്ങളുടെ അപ്രതീക്ഷിതമോ വിശദമോ ആയ പരിശോധനകൾ നടത്തിയിട്ടില്ല.
- തിരുവനന്തപുരത്തെ എ.ആർ ഓഫീസുകളിലും ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ എ.ആർ./ജെ.ആർ ഓഫീസുകളിലും പരിശോധനയ്ക്കുവേണ്ടി ലക്ഷ്യങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. ജെ.ആർ/ എ.ആർമാരുടെ മുൻകൂർ അനുമതിയില്ലാതെ, ബന്ധപ്പെട്ട എ.ആർ /ഇൻസ്പെക്ടർമാർ ഏകപക്ഷീയമായി പരിശോധന നടത്തേണ്ട സംഘങ്ങളെ തെരഞ്ഞെടുത്തു. ജില്ലയിലെയും താലൂക്കിലെയും എല്ലാ സംഘങ്ങളുടെയും പരിശോധന കൃത്യമായ ഇടവേളകളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു സംവിധാനവും നിലവിലില്ലായിരുന്നു.
- ഈ ജില്ലകളിലെ ഡി.ഒ. നറേറ്റീവുകളുടെ സൂക്ഷ്മപരിശോധനയിൽ, ഉയർന്ന അധികാരികളുടെ അറിവിലേക്കായി, ജെ.ആർമാർ/ എ.ആർമാർ/ഇൻസ്പെക്ടർമാർ പരിശോധിച്ച സംഘങ്ങളുടെ പേരുകൾ ഒഴികെ മറ്റു വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി.

എ.ആർ/ജെ.ആർ ഓഫീസുകൾ പ്രത്യേക ലക്ഷ്യങ്ങളൊന്നും നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, **പട്ടിക: 3.8**-ൽ വിശദമാക്കിയിരിക്കുന്നതു പോലെ, **1993** ഓഗസ്റ്റിൽ ആർസിഎസ് പുറപ്പെടുവിച്ച സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി, ജെ.ആർ

[139] ജോയിന്റ് രജിസ്ട്രാർ ഓഫീസിനു കീഴിലുള്ള എസ്‌സി/എസ്.ടി സംഘങ്ങളുടെ പ്രവർത്തനം എ.ആർ( എസ്‌സി /എസ്.ടി) മേൽനോട്ടം വഹിക്കുകയും, എസ്‌സി/എസ്.ടി സംഘങ്ങളുടെ പരിശോധന നടത്തുകയും, സർക്കാർ നയങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു.

ഓഫീസുകൾ നടത്തിയ യഥാർത്ഥ പരിശോധനകളുടെ എണ്ണം ഓഡിറ്റ് പരിശോധിച്ചു.

**പട്ടിക 3.8: 2021-24 കാലയളവിലെ പരിശോധനകളുടെ ലക്ഷ്യങ്ങളുടെയും നേട്ടങ്ങളുടെയും വിശദാംശങ്ങൾ**

| ജില്ല [140] | ജോയിന്റ് രജിസ്ട്രാർ | | | | അസിസ്റ്റന്റ് രജിസ്ട്രാർ (എസ് സി /എസ് ടി) | | | |
|---|---|---|---|---|---|---|---|---|
| | വിശദ പരിശോധന | | അപ്രതീക്ഷിത പരിശോധന | | വിശദ പരിശോധന | | അപ്രതീക്ഷിത പരിശോധന | |
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| ആലപ്പുഴ | 36 | 22 | 72 | 43 | 72 | 32 | 108 | 49 |
| തൃശ്ശൂർ | 36 | 2 | 72 | 13 | 72 | 63 | 108 | 92 |
| കണ്ണൂർ | 36 | 32 | 72 | 70 | 72 | 16 | 108 | 38 |

*(ഉറവിടം: ജെആർ ഓഫീസുകളിലെ ഡി.ഒ നറേറ്റീവുകളിൽ നിന്നും ഓഡിറ്റ് സംയോജിപ്പിച്ച വിവരങ്ങൾ)*

പരിശോധനകളുടെ അനന്തര ഫലം മനസ്സിലാക്കുന്നതിനായി, **2023-24** കാലയളവിൽ ജെ.ആർ ആലപ്പുഴ ഓഫീസിലെ പരിശോധനാ റിപ്പോർട്ടുകൾ ഓഡിറ്റ് ആവശ്യപ്പെട്ടു. **2023-24**-ൽ ജെ.ആർ ആലപ്പുഴ നടത്തിയ **78** പരിശോധനകളിൽ, **28**[141] പരിശോധനാ റിപ്പോർട്ടുകൾ മാത്രമേ ഓഫീസിന് ഹാജരാക്കാൻ കഴിഞ്ഞുള്ളു. അനുബന്ധ ഫയലുകളുടെ പരിശോധനയിൽ ഇനിപ്പറയുന്നവ കണ്ടെത്തി:

- പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ട പിഴവുകൾ സംഘങ്ങളെ അറിയിക്കുന്ന കത്തുകൾ, **123** ദിവസത്തോളം വൈകിയാണ് അയച്ചത്. ആറ് കേസുകളിൽ, പിഴവുകൾ അറിയിക്കുന്ന കത്തുകൾ ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചിട്ടില്ല.
- പരിശോധനാ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സംഘങ്ങൾ നൽകിയിട്ടില്ല, അല്ലെങ്കിൽ ജെ.ആറിന് ഇതേക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

റൊട്ടേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിലും പരിശോധനകൾക്കുള്ള ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിലും പരാജയപ്പെട്ടത്, പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കാത്തത്, പരിശോധനാ ഫലങ്ങൾ സംഘങ്ങളെ അറിയിക്കുന്നതിലെ വീഴ്ചകൾ എന്നിവ, പരിശോധനകൾ നടത്തുന്നതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്നു.

**2019-24** കാലയളവിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ താലൂക്ക് തലത്തിൽ നടത്തിയ പരിശോധനകളുടെ ഡി.ഒ. നറേറ്റീവുകൾ വിശകലനം ചെയ്തതിൽ നിന്ന് സംഘങ്ങളുടെ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടില്ലെന്നും, അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിൽ **354**[142] സംഘങ്ങൾ ഒരിക്കൽ പോലും പരിശോധിച്ചിട്ടില്ലെന്നും കണ്ടെത്തി. പ്രവർത്തിക്കുന്ന സംഘങ്ങളുടെ പരിശോധനയെക്കുറിച്ച് എ.ആർ ഓഫീസുകൾ തിരിച്ചുള്ള ഡാറ്റ **പട്ടിക 3.9-ൽ** നൽകിയിരിക്കുന്നു.

---

140 തിരുവനന്തപുരത്ത്, അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധനകളൊന്നും നടത്തിയിരുന്നില്ല.

141 ജെ.ആർ നടത്തിയ രണ്ട് പരിശോധനകളും, എ.ആർ(എസ്സി/എസ്ടി) നടത്തിയ 26 പരിശോധനകളും

142 ഡോർമെന്റ് സംഘങ്ങളും ലിക്വിഡേഷനിലുള്ള സംഘങ്ങളും ഒഴികെ

**പട്ടിക 3.9: 2019-24 കാലയളവിൽ തെരഞ്ഞെടുത്ത എ.ആർ ഓഫീസുകൾ താലൂക്ക് തലത്തിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ**

| എ.ആർ ഓഫീസ് | സംഘങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | പരിശോധന നടത്താത്തവ | 1 മുതൽ 5 വരെ പരിശോധനകൾ നടത്തിയത് | 6 മുതൽ 20 വരെ പരിശോധനകൾ നടത്തിയത് | 21 മുതൽ 40 വരെ പരിശോധനകൾ നടത്തിയത് | 40-ന് മുകളിൽ പരിശോധനകൾ നടത്തിയത് |
| മാവേലിക്കര | 59 | 20 | 42 | 17 | 4 |
| ചെങ്ങന്നൂർ | 37 | 10 | 11 | 19 | 1 |
| നെടുമങ്ങാട് | 18 | 120 | 111 | 3 | 0 |
| നെയ്യാറ്റിൻകര | 68 | 126 | 124 | 3 | 0 |
| തളിപ്പറമ്പ | 42 | 83 | 68 | 10 | 2 |
| പയ്യന്നൂർ | 62 | 60 | 56 | 8 | 2 |
| കുന്നംകുളം | 19 | 24 | 29 | 8 | 0 |
| മുകുന്ദപുരം | 49 | 56 | 47 | 0 | 0 |
| ആകെ | 354 | 499 | 488 | 68 | 9 |

*(ഉറവിടം: ഡി.ഒ. നറേറ്റീവുകളിൽ നിന്നും ഓഡിറ്റ് സംയോജിപ്പിച്ചതും, ആർസിഎസും, ബന്ധപ്പെട്ട എആർ ഓഫീസുകളും നൽകിയതുമായ വിവരങ്ങൾ)*

ആശ്ചര്യമെന്തെന്നാൽ, ഗണ്യമായ എണ്ണം സ്ഥാപനങ്ങൾ പരിശോധന നടത്താതെ അവശേഷിച്ചപ്പോൾ, മാവേലിക്കരയിലെ നാല് സംഘങ്ങളിലും, ചെങ്ങന്നൂരിലെ ഒരു സംഘത്തിലും, തളിപ്പറമ്പയിലും പയ്യന്നൂരിലും രണ്ട് വീതം സംഘങ്ങളിലും 40-ലധികം പരിശോധനകൾ നടത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (സിഐഎംഎ) എന്ന പേരിൽ ഒരു ആപ്ലിക്കേഷൻ 2025 മാർച്ച് മുതൽ സംസ്ഥാനത്തുടനീളം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും, അത്, വ്യവസ്ഥാപിതവും ഫലപ്രദവുമായ പരിശോധനാ പ്രക്രിയകൾ ഉറപ്പാക്കുന്ന തത്സമയ നിരീക്ഷണ സംവിധാനമാണെന്നും സർക്കാർ മറുപടി നൽകി (2025 ജൂലൈ).

### 3.19.2. ആർബിട്രേഷൻ ആൻഡ് എക്സിക്യൂഷൻ കേസുകൾ

1969-ലെ കെസിഎസ് നിയമത്തിലെ വകുപ്പ് 69(എച്ച്), അംഗങ്ങൾ, മുൻ അംഗങ്ങൾ, സംഘം അല്ലെങ്കിൽ അതിന്റെ കമ്മിറ്റി എന്നിവർ തമ്മിലുള്ള തർക്കങ്ങൾ, സാമ്പത്തികേതരമെങ്കിൽ സഹകരണ ആർബിട്രേഷൻ കോടതിയിലേക്കും, സാമ്പത്തികമെങ്കിൽ ആർസിഎസിനും, റഫർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർസിഎസ്, ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ എന്നിവയുടെ നിയമപരമായ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമമായി നിർവഹിക്കേണ്ടതിനായി, അഞ്ച് വർഷത്തിലേറെയായി നിലനിൽക്കുന്ന കേസുകൾ പരിശോധിച്ച് ഈ കേസുകൾ തീർപ്പാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിച്ച് ആർസിഎസിന് റിപ്പോർട്ട് ചെയ്യണമെന്ന് ജെആർമാരോട് നിർദ്ദേശിച്ചു (1991 നവംബർ).

തെരഞ്ഞെടുത്ത ജില്ലകളിലെ മാർച്ച് 2024-ലെ തീർപ്പാക്കാത്ത ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളുടെ വിശദാംശങ്ങൾ **പട്ടിക: 3.10-ൽ** പരാമർശിച്ചിരിക്കുന്നു.

**പട്ടിക 3.10: 2024 മാർച്ചിലെ തീർപ്പാക്കാത്ത ആർബിട്രേഷൻ എക്സിക്യൂഷൻ കേസുകളുടെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | തിരുവനന്തപുരം | ആലപ്പുഴ | തൃശ്ശൂർ | കണ്ണൂർ |
|---|---|---|---|---|
| ആർബിട്രേഷൻ കേസുകളുടെ ആകെ എണ്ണം | 5954 | 2377 | 8083 | 7251 |
| ഉൾപ്പെട്ടിരിക്കുന്ന തുക (₹കോടിയിൽ) | 244.95 | 162.81 | 606.27 | 147.32 |

| വിശദാംശങ്ങൾ | തിരുവനന്തപുരം | ആലപ്പുഴ | തൃശ്ശൂർ | കണ്ണൂർ |
|---|---|---|---|---|
| അഞ്ച് വർഷത്തിലേറെയായി തീർപ്പാകാത്ത ആർബിട്രേഷൻ കേസുകൾ | 28 | 6 | 110 | 3 |
| എക്സിക്യൂഷൻ കേസുകളുടെ ആകെ എണ്ണം | 27963 | 7552 | 46500 | 16439 |
| ഉൾപ്പെട്ടിരിക്കുന്ന തുക (₹കോടിയിൽ) | 905.69 | 294.55 | 2654.78 | 534.56 |
| അഞ്ച് വർഷത്തിലേറെയായി തീർപ്പാകാത്ത എക്സിക്യൂഷൻ കേസുകൾ | 1906 | 236 | 6905 | 0 |

*(ഉറവിടം: ജെ.ആർ ഓഫീസുകൾ നൽകിയ വിവരങ്ങൾ)*

ആർസിഎസിന് സമർപ്പിച്ച ഡി.ഒ. നറേറ്റീവുകളിൽ തീർപ്പാക്കിയ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളുടെ എണ്ണം/തുക പരാമർശിച്ചിട്ടുണ്ടെങ്കിലും, ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി രേഖപ്പെടുത്തിയിട്ടില്ല.

**2024** സെപ്റ്റംബർ മുതൽ **2025** ജൂൺ വരെയുള്ള കാലയളവിൽ, **₹8488** കോടി മൂല്യം വരുന്ന **2,22,103** ആർബിട്രേഷൻ കേസുകളിലും, **₹3407** കോടി മൂല്യം വരുന്ന **86,622** എക്സിക്യൂഷൻ കേസുകളിലും, തിരിച്ചടവ് നടത്തിച്ചതായി സർക്കാർ മറുപടി നൽകി **(2025** ജൂലൈ**)**. എന്നാൽ, ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ദീർഘകാലമായി കെട്ടിക്കിടക്കുന്ന ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളെക്കുറിച്ച് മറുപടി നല്കിയില്ല.

## 3.20. ഉപസംഹാരം

അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിൽ ജെ.ആർ/എ.ആർ-മാരുടെ ഭാഗത്തുനിന്നുള്ള കാലതാമസം കാരണം തെരഞ്ഞെടുത്ത ജില്ലകളിലെ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിൽ കാലതാമസം നേരിട്ടു. സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷകൾ തിരികെ നൽകുന്നതിലും/ നിരസിക്കുന്നതിലും കാലതാമസമുണ്ടായി. സംഘങ്ങളുടെ തരം, സാമ്പത്തിക സ്ഥിതി എന്നിവ അനുസരിച്ച് സ്റ്റാറ്റ്യൂട്ടിൽ പറഞ്ഞ രീതിയിൽ ക്രമാനുഗതമായി തരം തിരിച്ചിരുന്നില്ല, പകരം, സംഘങ്ങളിൽ നിന്നുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായിട്ടാണ് ചെയ്തത്. തുടർനടപടികൾക്കായി വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക്/ജെ.ആർ-മാർക്ക് കൈമാറുന്നതിൽ, **57** കേസുകളിൽ **31** മുതൽ **690** ദിവസങ്ങൾ വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തി.

തെരഞ്ഞെടുത്ത ജില്ലകളിൽ **46** വർഷത്തിലേറെയായി ഡോർമെന്റായി നിലനിൽക്കുന്ന **302** സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനോ, ലിക്വിഡേറ്റ് ചെയ്യാനോ, രജിസ്ട്രേഷൻ റദ്ദാക്കാനോ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ജെ.ഡിമാർ സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ടുകളിന്മേൽ നടപടി ആരംഭിക്കുന്നതിലും, വകുപ്പുകൾ **65, 66, 68** പ്രകാരമുള്ള അന്വേഷണം/ പരിശോധനാ കേസുകൾ പൂർത്തിയാക്കുന്നതിലും ജെ.ആർമാരുടെ ഭാഗത്തുനിന്ന് കാലതാമസം നേരിട്ടു. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം ഡിസിഎ ഓഡിറ്റ് സർട്ടിഫിക്കറ്റ് അതത് സംഘങ്ങൾക്ക് കൈമാറുന്നതിലും ഗണ്യമായ കാലതാമസം നേരിട്ടതായി കണ്ടു.

**2024** മാർച്ച് **31**-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നുള്ള സർക്കാർ/എൻസിഡിസി വായ്പകളും ഓഹരികളും അവയുടെ പലിശയും/ഡിവിഡന്റും ചേർത്ത് **₹1173.29** കോടി കുടിശ്ശികയുണ്ട്. സംഘങ്ങളിൽ നിന്നുള്ള ഓഡിറ്റ് ഫീസുമായി ബന്ധപ്പെട്ട് **₹16** കോടി പിരിച്ചെടുക്കാനുണ്ട്. സഹകരണ അംഗ സമാശ്വാസ ഫണ്ടിൽ **₹35.44** കോടിയുടെയും കേരള സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് പദ്ധതിയിൽ **₹140.72** കോടിയുടെയും കുറവുണ്ടായിരുന്നു. വകുപ്പിന്റെ നിരീക്ഷണത്തിന്റെയും മേൽനോട്ടത്തിന്റെയും അഭാവം മൂലം സംഘങ്ങളിൽ

സാമ്പത്തിക സഹായം വകമാറ്റി ചെലവഴിക്കുന്നതിലേക്കും, പാഴ് ചെലവുകൾ ഉണ്ടാവുന്നതിലേക്കും, സംഘങ്ങളുടെ ആസ്തികൾ നിഷ്ക്രിയമായി തുടരുന്നതിലേക്കും നയിച്ചു. വിശദവും അപ്രതീക്ഷിതവുമായ പരിശോധനകൾ പതിവായി നിരീക്ഷിക്കുന്നതിനായി തെരഞ്ഞെടുത്ത ജെ.ആർ/എ.ആർ ഓഫീസുകളിൽ റൊട്ടേഷൻ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. തെരഞ്ഞെടുത്ത ജില്ലകളിൽ 147-ലധികം ആർബിട്രേഷൻ കേസുകളും 9,047 എക്സിക്യൂഷൻ കേസുകളും അഞ്ച് വർഷത്തിലേറെയായി കെട്ടിക്കിടക്കുന്നു.

## 3.21. ശിപാർശകൾ

- *സംഘങ്ങളുടെ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിലും/ തിരിച്ചയയ്ക്കുന്നതിലും/നിരസിക്കുന്നതിലും നിശ്ചിത സമയപരിധി പാലിക്കുന്നുണ്ടെന്ന് ആർസിഎസ് ഉറപ്പാക്കണം.*
- *ഓരോ മൂന്ന് വർഷത്തിലും തരംതിരിക്കൽ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും സംഘങ്ങളെ തരംതിരിക്കുന്നതിനും സർക്കാരോ ആർസിഎസോ ഒരു സംവിധാനം രൂപീകരിക്കേണ്ടതാണ്. സഹകരണ പരീക്ഷാ ബോർഡ് വഴി റിക്രൂട്ട്മെന്റിന് അപേക്ഷിക്കുമ്പോൾ സംഘങ്ങൾ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ഏറ്റവും പുതിയ തരംതിരിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.*
- *സംഘത്തിന്റെ പൊതുജനങ്ങൾക്കിടയിലുള്ള വിശ്വാസ്യത, ഉത്തരവാദിത്തം, പ്രാപ്യത എന്നിവ മെച്ചപ്പെടുത്തുന്നതിനായി, രജിസ്റ്റർ ചെയ്ത എല്ലാ സഹകരണ സംഘങ്ങളുടെയും വിശദാംശങ്ങൾ പൗരന്മാർക്ക് കാണാൻ കഴിയുന്ന, ഒരു കേന്ദ്രീകൃതവും വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഓൺലൈൻ പ്ലാറ്റ്ഫോം വകുപ്പ് സ്ഥാപിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*
- *സ്പെഷ്യൽ റിപ്പോർട്ടുകളും വിജിലൻസ് റിപ്പോർട്ടുകളും കൈമാറുന്നതിലെ കാലതാമസം ഒഴിവാക്കാൻ ആർസിഎസ് നടപടികൾ സ്വീകരിക്കുകയും ഈ റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായ നടപടികൾ ആരംഭിക്കുകയും ചെയ്യണം. വകുപ്പുകൾ 65, 66, 68 പ്രകാരമുള്ള അന്വേഷണങ്ങൾ/ പരിശോധനകൾക്കായി നിർദ്ദേശിച്ചിരിക്കുന്ന സമയപരിധികൾ കർശനമായി പാലിക്കണം.*
- *സംഘങ്ങളുടെ പ്രവർത്തനത്തിലെ പ്രധാന ന്യൂനതകൾ ഉൾക്കൊള്ളിച്ച് സഹകരണ ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ/മെമ്മോറാണ്ടങ്ങൾ ആർസിഎസ് അവലോകനം ചെയ്യുകയും, ഡിസിഎയുടെ നിരീക്ഷണങ്ങൾ സമയബന്ധിതമായി സംഘങ്ങൾ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.*
- *ഓഡിറ്റ് നടത്തുന്നതിനും ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റ് മെമ്മോറാണ്ടങ്ങളും പുറപ്പെടുവിക്കുന്നതിനും അവയുടെ തത്സമയ നിരീക്ഷണം പ്രാപ്തമാക്കുന്നതിനായി ഐടി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സർക്കാരിന് പരിഗണിക്കാവുന്നതാണ്.*
- *സർക്കാർ ധനസഹായം കൊണ്ടുള്ള ഇടപാടുകൾ നിരീക്ഷിക്കുന്നതിനും സംഘങ്ങളുടെ സർക്കാർ/എൻസിഡിസി വായ്പയുടെയും ഓഹരിയുടെയും കുടിശ്ശിക നിശ്ചിത സമയപരിധിക്കുള്ളിൽ തിരിച്ചടയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമായി എംഐഎസ് ഏർപ്പെടുത്തുന്നത് സർക്കാർ/ആർസിഎസിന് പരിഗണിക്കാവുന്നതാണ്.*

# അനുവർത്തന ഓഡിറ്റ് ചോദ്യാവലി

# ചോദ്യാവലി

# ചോദ്യാവലി

# ചോദ്യാവലി

# അദ്ധ്യായം IV
# അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

*ധനാപഹരണം*

## മത്സ്യബന്ധന വകുപ്പ്

### 4.1. ₹1.05 ലക്ഷത്തിന്റെ സർക്കാർ പണം സംശയാസ്പദമായി ദുരുപയോഗം ചെയ്തത്

**നിയമ വ്യവസ്ഥകളുടെ ലംഘനവും ഓഫീസ് മേധാവിയുടെ ഭാഗത്തുനിന്നുണ്ടായ അശ്രദ്ധയും, കണ്ണൂർ ജില്ലയിലെ തലായി ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പണം നിക്ഷേപിക്കുന്നതിലുണ്ടായ കുറവ്, ₹1.05 ലക്ഷത്തിന്റെ സംശയാസ്പദമായ തിരിമറിയിലേക്ക് വഴിതെളിക്കുന്നതിനിടയാക്കി.**

സർക്കാരിന്റെ പേരിൽ പണം സ്വീകരിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ ടിആർ-5-ഫോമിൽ ഒരു രസീത് നൽകണമെന്നും, എല്ലാ പണമിടപാടുകളും അവ നടന്നാലുടൻ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും, ഓഫീസ് മേധാവി പരിശോധിച്ച് ഉറപ്പുവരുത്തിയതായി സാക്ഷ്യപ്പെടുത്തണമെന്നും, കേരള ട്രഷറി കോഡ് (കെടിസി) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ കൈവശമുള്ള സർക്കാർ പണം ട്രഷറിയിലേക്കോ ബാങ്കിലേക്കോ[143] അടയ്ക്കുമ്പോൾ, ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നതിന് മുമ്പ് തുകകൾ ട്രഷറിയിലോ ബാങ്കിലോ യഥാർത്ഥത്തിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഓഫീസ് മേധാവി സ്വയം ബോധ്യം വരുത്തേണ്ടതാണ്.

കണ്ണൂരിലെ[144] ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ 2018 ഏപ്രിൽ 01 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രാദേശിക ഓഡിറ്റിന്റെ ഭാഗമായി, തലായിയിലെ ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷനെ[145] തെരഞ്ഞെടുത്ത്, രേഖകൾ പരിശോധിക്കുകയുണ്ടായി (2024 ഫെബ്രുവരി).

ഗ്രൗണ്ട് ലീസ് വാടക, മുറി വാടക, ദർഘാസ് അപേക്ഷകളുടെ വിൽപ്പന, തുറമുഖത്തേക്കുള്ള വാഹനങ്ങളുടെ പ്രവേശന ടോൾ പിരിവ് എന്നിവയിൽ നിന്ന് ഉപഡിവിഷന് വരുമാനം ലഭിച്ചിരുന്നു. ടിആർ-5 രസീത് ബുക്കുകളുടെ സൂക്ഷിപ്പുകാരൻ ക്യാഷ്ബുക്ക് എഴുതുന്നതിന്റെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലർക്ക്/ക്ലർക്ക് ആയിരുന്നു.

സബ്ഡിവിഷനിൽ നേരിട്ട് പണമായി ലഭിച്ച വരുമാനത്തിന് ടിആർ-5[146] രസീതുകൾ നൽകിയതായും ശേഖരിച്ച വരുമാനം തലശ്ശേരിയിലെ

---

[143] കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം ഓരോ ഉദ്യോഗസ്ഥനും ദൈനംദിനം ശേഖരിക്കുന്ന പണം അടുത്ത പ്രവൃത്തി ദിവസം അല്ലെങ്കിൽ ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസമെങ്കിലും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

[144] നോർത്ത് സർക്കിളിന് കീഴിലുള്ള കണ്ണൂർ ഡിവിഷനിൽ തലായി, മാപ്പിള ബേ, അഴീക്കൽ എന്നിങ്ങനെ മൂന്ന് ഉപഡിവിഷനുകളുണ്ട്.

[145] അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ

[146] റവന്യൂ പിരിക്കുന്നതിനായി കേരള സർക്കാർ 01.07.2022 മുതൽ ഇലക്ട്രോണിക് ടിആർ-5 രസീത് സംവിധാനം ആരംഭിച്ചതോടെ, സബ് ഡിവിഷൻ 12.07.2022 മുതൽ ഇലക്ട്രോണിക് ടിആർ-5 രസീതുകൾ വിതരണം ചെയ്യാൻ തുടങ്ങി. ബാങ്ക് അക്കൗണ്ടിലൂടെ അടയ്ക്കാതെ ജിഎസ്ടി വിഹിതം നേരിട്ട് ജിഎസ്ടി ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് അടച്ചിരുന്നത്.

സബ്ട്രഷറിയിൽ അടച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. അനുബന്ധ ജിഎസ്ടി വിഹിതം തലശ്ശേരിയിലെ എസ്ബിഐ-യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പരിപാലിച്ചിരുന്ന കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ജിഎസ്ടി ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു.

തലായിയിലെ സബ്ഡിവിഷനിലെ പണം കൈപ്പറ്റിയതും നിക്ഷേപിച്ചതുമായ രേഖകൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, തലശ്ശേരി സബ്ട്രഷറി/ ബാങ്ക് അക്കൗണ്ടിലേക്ക് അടച്ച തുകയിൽ, ₹1.05 ലക്ഷത്തിന്റെ കുറവ് കണ്ടു. പണമടച്ചതിലുണ്ടായ കുറവിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- ടിആർ-5-ന് കീഴിൽ ആകെ ലഭിച്ച തുകയായ ₹36.06 ലക്ഷത്തിൽ ജിഎസ്ടി വിഹിതമായ ₹4.62 ലക്ഷം ഉൾപ്പെട്ടിരുന്നു. ഇതിൽ ₹31.29 ലക്ഷം ട്രഷറിയിലേക്കും, ₹4.05 ലക്ഷം ജിഎസ്ടി ആയി ബാങ്ക് അക്കൗണ്ടിലേക്കും അടച്ചുവെന്നും കണ്ടു. അങ്ങനെ അടച്ച തുകയിൽ ₹0.72 ലക്ഷത്തിന്റെ കുറവുണ്ടായിരുന്നു.
- ഓഫീസിന് ലഭിച്ചതും ടിആർ-5 നൽകിയതുമായ ₹2,550 ട്രഷറിയിലേക്ക് അടച്ചതായാണ് കാണിച്ചിരുന്നത്. എന്നാൽ, ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ പരിശോധനയിൽ ₹550 മാത്രമേ ട്രഷറിയിലേക്ക് അടച്ചിട്ടുള്ളൂ എന്ന് കണ്ടെത്തി. പണമടയ്ക്കൽ സാക്ഷ്യപ്പെടുത്തുന്ന ചെല്ലാനിലെ കൗണ്ടർഫോയിലിൽ '2' എന്ന സംഖ്യ വ്യാജമായി 550-ന് മുമ്പ് ചേർത്ത് '2550' ആക്കി മാറ്റിയെന്നും ഓഡിറ്റ് കണ്ടെത്തി. എന്നാൽ, തുക അക്ഷരങ്ങളിൽ 'അഞ്ഞൂറ്റിയൻപത് രൂപ' എന്ന് നിലനിന്നിരുന്നു. ₹2,000 തിരിമറി നടത്തുന്നതിനായി, പണമടച്ചതുമായി ബന്ധപ്പെട്ട എൻട്രികൾ ചെല്ലാനിൽ വ്യാജമായി രേഖപ്പെടുത്തിയെന്ന് വ്യക്തമാക്കുന്ന ഒരു ദൃഷ്ടാന്തമായിരുന്നു ഇത്.
- സബ്ഡിവിഷൻ ടോൾ പിരിവിനുവേണ്ടി ₹7.97 ലക്ഷം മൂല്യമുള്ള ടോൾ കൂപ്പണുകൾ[147] ഇഷ്യു ചെയ്തതിൽ, ₹1.78 ലക്ഷത്തിന്റെ ടോൾ കൂപ്പണുകൾ വിതരണം ചെയ്തു. അതിൽ, ₹1.45 ലക്ഷം മാത്രമാണ് ട്രഷറിയിലേക്ക് അടവാക്കിയത്. അങ്ങനെ, അടച്ച തുകയിൽ ₹0.33 ലക്ഷത്തിന്റെ കുറവുണ്ടായി.

സർക്കാർ പണം കൈകാര്യം ചെയ്യുന്നതിലും അക്കൗണ്ടിംഗിലും താഴെപ്പറയുന്ന വ്യവസ്ഥാപരമായ പോരായ്മകൾ ഓഡിറ്റിൽ കണ്ടെത്തി.

- ഓഫീസിൽ ക്യാഷ്ബുക്കും മറ്റ് രജിസ്റ്ററുകളും ശരിയായ രീതിയിൽ സൂക്ഷിച്ചിരുന്നില്ല. ശമ്പളം, വായ്പകൾ, മുൻകൂറായെടുത്ത തുകകൾ തുടങ്ങിയ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ മാത്രമാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരുന്നത്. ടിആർ-5 രസീതുകൾ നൽകി കൈപ്പറ്റിയ മറ്റു വരവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല.
- ലഭിച്ച എല്ലാ പണത്തിനും ടിആർ-5 രസീതുകൾ നൽകിയിരുന്നില്ല. ദർഘാസ് ഫോമിന്റെ വിൽപ്പനയിലൂടെ ലഭിച്ച തുകയായ ₹24,479-ന് ടിആർ-5 രസീതുകൾ നൽകിയിരുന്നില്ല. അതുപോലെ, ടോൾ കൂപ്പണുകൾ നൽകി സമാഹരിച്ച പണം സബ്ഡിവിഷൻ ഓഫീസിൽ നിക്ഷേപിച്ച കുടുംബശ്രീ അംഗങ്ങൾക്കും ടിആർ-5 രസീതുകൾ

[147] തുറമുഖത്തിലേക്ക് വാഹനങ്ങൾ പ്രവേശിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾ വഴി ടോൾ കൂപ്പണുകൾ നൽകി ടോൾ പിരിച്ചെടുത്തിരുന്നു.

നൽകിയതായി കണ്ടില്ല. ശേഖരിച്ച ₹1.45 ലക്ഷത്തിൽ, ₹15,800-ന് മാത്രമേ ടിആർ-5 രസീതുകൾ നൽകിയിരുന്നുള്ളൂ.

- വരുമാനം കൃത്യമായി ശേഖരിക്കുന്നുണ്ടെന്നും, കണക്കിലെടുക്കുന്നുണ്ടെന്നും, നിക്ഷേപിക്കുന്നുണ്ടെന്നും ഉറപ്പാക്കാനായി ലഭിച്ച വരുമാനവും അതിന്റെ അടവും ഓഫീസ് മേധാവി ആനുകാലികമായി റിക്കൺസൈൽ ചെയ്തിരുന്നില്ല. ഇത് പണമടയ്ക്കൽ സാക്ഷ്യപ്പെടുത്തുന്ന ചെല്ലാനിലെ കൃത്രിമത്വത്തിന് വഴിയൊരുക്കുകയും, അതുവഴി മുകളിൽ വിവരിച്ചതുപോലെ പണം തിരിമറി നടത്തുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു.
- സബ്ഡിവിഷന്റെ അധികാരപരിധിയിൽ വാടകയ്ക്ക് നൽകിയ 61 കടകൾ/ലോക്കർ മുറികൾ ഉണ്ടായിരുന്നു. എന്നാൽ, മുറി വാടകയിലൂടെ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവും ലഭിക്കേണ്ടതായ വരുമാനവും പരിശോധിക്കുന്നതിന് സബ്ഡിവിഷൻ ശരിയായ രേഖകളോ ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റുകളോ സൂക്ഷിച്ചിരുന്നില്ല.
- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഇലക്ട്രോണിക് ട്രഷറി പോർട്ടലിലെ ജിഎസ്ടിയുടെ രസീത് ഹെഡിലേക്കുള്ള പ്രവേശനം സാദ്ധ്യമായിരുന്നില്ല. അതിനാൽ, ഓഫീസിന് ശേഖരിക്കപ്പെട്ട ജിഎസ്ടിയുടെ രസീതുകൾ ജനറേറ്റ് ചെയ്യാൻ കഴിഞ്ഞില്ല. ശേഖരിച്ച ജിഎസ്ടി തുക ഇലക്ട്രോണിക് ടിആർ-5 രസീതുകളിൽ മാന്വൽ രീതിയിൽ എഴുതിയാണ് രേഖപ്പെടുത്തിയിരുന്നത്. ജിഎസ്ടി തുകയ്ക്കുള്ള രസീത് നൽകാത്തത്, ശേഖരിച്ച തുക വ്യക്തികൾ ദുരുപയോഗം ചെയ്യുന്നതിനുള്ള അന്തർലീനമായ അപകടസാധ്യത വർദ്ധിപ്പിച്ചു.

അങ്ങനെ, നിയമ വ്യവസ്ഥകളുടെ ലംഘനവും ഓഫീസ് മേധാവിയുടെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും തെരഞ്ഞെടുത്ത രേഖകളുടെ പരിശോധനയിൽ നിന്ന് വെളിപ്പെട്ടതു പോലെ, തലായി സബ്ഡിവിഷനിൽ അടച്ച തുകയിൽ ₹1.05 ലക്ഷത്തിന്റെ കുറവിനും ഈ തുകയുടെ സംശയാസ്പദമായ തിരിമറിയ്ക്കും ഇടയാക്കി. രേഖകളുടെ ശരിയായ സൂക്ഷിപ്പിന്റെ അഭാവവും ഗുരുതരമായ വ്യവസ്ഥാപരമായ പോരായ്മകളും കണ്ടെത്തിയതിനാൽ, സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ ഉത്തരവാദിത്തം നിർണ്ണയിക്കുന്നതിനായി സബ്ഡിവിഷന്റെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി, നഷ്ടത്തിന്റെ ആകെ വ്യാപ്തി പുറത്തുകൊണ്ടുവരേണ്ടതുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയർ ഈ വിഷയത്തിൽ അന്വേഷണം നടത്തിയതായും ക്ലർക്കിനും സീനിയർ ക്ലർക്കിനും ചാർജ് മെമ്മോ നൽകിയതായും സർക്കാർ മറുപടി നല്കി (2025 സെപ്റ്റംബർ). അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെയുള്ള അച്ചടക്ക നടപടിക്രമം സർക്കാർ സ്വീകരിച്ചു വരികയാണ്. കുറ്റാന്വേഷണ നടപടികൾ ആരംഭിക്കുന്നതിനായി ക്രമക്കേടുകൾ പോലീസിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തുവെന്നും (2025 ജൂലൈ), സർക്കാരിന് ഉണ്ടായ സാമ്പത്തിക നഷ്ടം തിരിച്ചുപിടിക്കുന്നതിനുള്ള നടപടി പുരോഗതിയിലാണെന്നും അറിയിച്ചു.

*ധനസഹായ/വരുമാന നഷ്ടം*

## മത്സ്യബന്ധന വകുപ്പ്

### 4.2. ആദായനികുതിയിൽ നിന്ന് അർഹമായ ഇളവ് അവകാശപ്പെടുന്നതിൽ പരാജയപ്പെട്ടതുമൂലമുണ്ടായ നഷ്ടം

**അർഹമായ ആദായനികുതി ഇളവ് അവകാശപ്പെടുന്നതിൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ചയും, തന്മൂലം പലിശയിനത്തിലെ വരുമാനത്തിൽ നിന്ന് ഉറവിടത്തിൽ നിന്നു നികുതി കുറച്ചതും, ഒഴിവാക്കാമായിരുന്ന ₹72.02 ലക്ഷത്തിന്റെ വരുമാന നഷ്ടത്തിൽ കലാശിച്ചു.**

1961-ലെ ആദായനികുതി (ഐടി) നിയമത്തിലെ വകുപ്പ് 10(46) പ്രകാരം, പൊതുജനങ്ങളുടെ പ്രയോജനത്തിനായുള്ള ഏതെങ്കിലും പ്രവർത്തനം നിയന്ത്രിക്കുകയോ നടത്തുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ, ഏതെങ്കിലും വാണിജ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാതെയും, കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ, ഒരു കേന്ദ്ര, സംസ്ഥാന അല്ലെങ്കിൽ പ്രവിശ്യാ നിയമപ്രകാരം സ്ഥാപിച്ചതോ അല്ലെങ്കിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ രൂപീകരിച്ചതോ ആയ ഒരു സ്ഥാപനത്തിനോ അതോറിറ്റിക്കോ ബോർഡിനോ ട്രസ്റ്റിനോ കമ്മീഷനോ ലഭിക്കുന്ന ഏതൊരു നിർദ്ദിഷ്ട വരുമാനത്തെയും ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

കേരള സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന, സർക്കാരിന്റെ ധനസഹായങ്ങൾ, സംഭാവനകൾ/ഫീസ് എന്നീ സ്രോതസ്സുകളിൽ നിന്ന് മാത്രം ലഭിക്കുന്ന പണമുപയോഗിച്ച്[148] മത്സ്യ / അനുബന്ധത്തൊഴിലാളികളുടെയും സമൂഹത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന, ഒരു ലാഭേച്ഛയില്ലാത്ത സ്വയംഭരണ സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (ബോർഡ്). ദേശസാൽകൃത ബാങ്കുകളിൽ സ്വരൂപിക്കപ്പെടുന്ന കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി (കെഎഫ്ഡബ്ല്യുഎഫ്), അനുബന്ധ തൊഴിലാളി ക്ഷേമനിധി (എഡബ്ല്യുഡബ്ല്യുഎഫ്) എന്നിവയിൽ നിന്നുള്ള സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് ബോർഡിന് പലിശ ലഭിക്കുകയും ഈ തുകകളിൽ നിന്നുള്ള പണമുപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 10(46) പ്രകാരം, ബോർഡിന് ആദായനികുതിയിൽ നിന്ന് ഇളവ് ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2018-19 വർഷത്തെ ബോർഡിന്റെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തപ്പോൾ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ വിഭാഗത്തിൽപ്പെടുന്ന ലാഭേച്ഛയില്ലാത്ത സ്ഥാപനമായതിനാൽ, ബോർഡിന് ആദായനികുതി അധികാരികളിൽ നിന്ന് നികുതി ഇളവിനായുള്ള സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ചാർട്ടേഡ് അക്കൗണ്ടന്റുമാർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, ആദായനികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിന് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസിൽ (സിബിഡിറ്റി) വിജ്ഞാപനം ചെയ്യപ്പെടുന്നതിനുള്ള പ്രക്രിയ ബോർഡ് ഇതുവരെയും ആരംഭിച്ചിട്ടില്ല. ആദായനികുതി നിയമത്തിലെ വകുപ്പ് 10(23സി)(iv) പ്രകാരം ബോർഡ് നോൺ പ്രോഫിറ്റ് രജിസ്ട്രേഷനും നേടിയിരുന്നില്ല. തൽഫലമായി, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ സ്ഥിര നിക്ഷേപങ്ങളിൽ നിന്ന് ലഭിച്ച പലിശയിൽ നിന്ന് ബാങ്കുകൾ ₹72.02 ലക്ഷം ഉറവിടത്തിൽ നിന്ന്

[148] 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് 3(2) പ്രകാരം പിരിച്ചെടുത്തത്

നികുതിയായി[149] കുറച്ചു. ഈ മുഴുവൻ കാലയളവിലും ബോർഡ് ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്തിട്ടുണ്ടായിരുന്നില്ല.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വകുപ്പ് **27** പ്രകാരം, ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് എല്ലാ വർഷവും ജൂലൈ മാസം അവസാനിക്കുന്നതിനു മുമ്പ് സർക്കാരിന് സമർപ്പിക്കേണ്ടതായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നികുതി ഇളവ് ക്ലെയിം ചെയ്യുന്നതിന്, ബോർഡ് എല്ലാ വർഷവും സിബിഡിറ്റി-യ്ക്ക് ഓഡിറ്റ് ചെയ്ത വാർഷിക റിപ്പോർട്ട് സമർപ്പിക്കണമായിരുന്നു. എന്നാൽ, **2018-19** മുതൽ **2024-25** വരെയുള്ള കാലയളവിൽ, അക്കൗണ്ടുകളുടെ ഓഡിറ്റ് **2021-22** വരെ മാത്രമേ നടത്തിയിട്ടുള്ളൂവെന്നും, അതും **803** മുതൽ **1063** ദിവസങ്ങൾ വരെ കാലതാമസത്തോടെ ആയിരുന്നുവെന്നും നിരീക്ഷിക്കപ്പെട്ടു. തൽഫലമായി, ബോർഡ് ഓഡിറ്റ് ചെയ്ത റിപ്പോർട്ടുകൾ സമർപ്പിക്കുവാനും അതുവഴി നികുതി ഇളവിന് അർഹമാകുവാനുമുള്ള സ്ഥിതിയിലായിരുന്നില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്യാതിരുന്നതിന്റെ പ്രധാന കാരണം നിയമപരമായ ഓഡിറ്റുകൾ പൂർത്തിയാക്കുന്നതിലെ കാലതാമസമായിരുന്നെന്ന് സർക്കാർ **(2025** ഓഗസ്റ്റ്**)** സമ്മതിക്കുകയുണ്ടായി. **2021-22**-ലെ ഓഡിറ്റ് പൂർത്തിയാക്കി ചാർട്ടേഡ് അക്കൗണ്ടന്റ് ഒരു കരട് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും, ടാലി എൻട്രികളിലെ പിശകുകൾ മൂലമുണ്ടായ നിരവധി പൊരുത്തക്കേടുകൾ കാരണം റിപ്പോർട്ട് അംഗീകരിക്കപ്പെട്ടില്ല. **2012** മുതൽ **2025** വരെയുള്ള ടാലി അക്കൗണ്ടുകൾ ശരിയാക്കി ഓഡിറ്റർമാർക്ക് നൽകിയില്ലെങ്കിൽ, **2021** മുതലുള്ള ഓഡിറ്റ് നടപടികൾ തൃപ്തികരമായി പൂർത്തിയാക്കാൻ കഴിയില്ല. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കിക്കിട്ടാൻ അപേക്ഷിക്കുന്നതിന് മുമ്പ് ആദായ നികുതി നിയമത്തിലെ വകുപ്പ് **10(23**സി**)**-നു കീഴിൽ നോൺ പ്രോഫിറ്റ് രജിസ്ട്രേഷൻ നേടണമെന്ന് ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരികയാണെന്നും കൂടി പ്രസ്താവിച്ചു.

അങ്ങനെ, ടാലി അക്കൗണ്ടുകളിലെ പിശകുകൾ പരിഹരിക്കുന്നതിലും നോൺ പ്രോഫിറ്റ് സ്ഥാപനമായി രജിസ്റ്റർ ചെയ്യുന്നതിലുമുണ്ടായ കാലതാമസം മൂലം **2018-19** മുതൽ **2022-23** വരെയുള്ള നികുതി നിർണ്ണയ വർഷങ്ങളിൽ ബോർഡിന് **₹72.02** ലക്ഷത്തിന്റെ ഒഴിവാക്കാമായിരുന്ന നികുതി അടയ്ക്കേണ്ടി വന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

### 4.3. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിൽ നിന്ന് ₹6.85 കോടിയുടെ നഷ്ടം

**കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് കേന്ദ്ര സർക്കാരിന്റെ സഹായം നൽകുന്നതിൽ കേരള സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്ന് ₹6.85 കോടിയുടെ നഷ്ടം സംഭവിച്ചത്, സംസ്ഥാന ഖജനാവിന്മേൽ അമിത ഭാരത്തിനിടയാക്കി. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അപൂർണ്ണമായ പാരാമെഡിക്കൽ കോളേജിന്റെ സ്ഥാപന പ്രവൃത്തിയിന്മേൽ ₹1.37 കോടിയുടെ കേന്ദ്ര സർക്കാർ ഫണ്ടുകൾ തടസ്സപ്പെട്ടു കിടക്കാനും ഇത് ഇടയാക്കി.**

സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജുകളിൽ അനുബന്ധ ആരോഗ്യ (പാരാമെഡിക്കൽ) കോഴ്സുകൾ നടത്തുന്നതിന് പിന്തുണ നൽകുന്നതിന് ഒറ്റത്തവണ സ്ഥാപന ഗ്രാന്റ് നൽകുക എന്ന ലക്ഷ്യത്തോടെ, 'സംസ്ഥാനങ്ങളിൽ സംസ്ഥാന പാരാമെഡിക്കൽ സയൻസസ് സ്ഥാപനങ്ങൾ സ്ഥാപിക്കലും പാരാമെഡിക്കൽ വിദ്യാഭ്യാസ കോളേജ് സ്ഥാപിക്കലും' എന്ന പേരിൽ ഒരു

[149] **10** ശതമാനം നിരക്കിൽ

കേന്ദ്രാവിഷ്കൃത പദ്ധതി (സിഎസ്എസ്) കേന്ദ്ര സർക്കാർ രൂപീകരിച്ചു[150]. കേന്ദ്ര-സംസ്ഥാന വിഹിതം 60:40[151] എന്ന അനുപാതത്തിൽ ഓരോ സംസ്ഥാനത്തിനും ഒറ്റത്തവണ ഗ്രാന്റായി പരമാവധി ₹13.70 കോടി നിശ്ചയിച്ചു.

കേരള സർക്കാർ (ജിഒകെ) സിഎസ്എസിന് കീഴിൽ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ (ജിഎംസികെ) കോളേജ് ഓഫ് അലൈഡ് ഹെൽത്ത് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം സമർപ്പിച്ചു (2017 നവംബർ). കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യ ഗഡുവായി ₹4.11 കോടി അനുവദിക്കുകയും ചെയ്തു (2018 ഫെബ്രുവരി).

പദ്ധതിയ്ക്കു മാത്രമായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കാനുള്ള അനുമതിയോടെ, പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി കേരള സർക്കാർ (2019 ഓഗസ്റ്റ്) നൽകുകയും ₹6.85 കോടി (₹4.11 കോടി കേന്ദ്ര വിഹിതവും ₹2.74 കോടി സംസ്ഥാന വിഹിതവും) അനുവദിക്കുകയും ചെയ്തു (2019 ഓഗസ്റ്റ്).

ഈ പദ്ധതിക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ബിൽ ജിഎംസികെയുടെ പ്രിൻസിപ്പൽ സമർപ്പിച്ചതായി (2019 ഒക്ടോബർ) ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, വേസ് ആൻഡ് മീൻസ് ക്ലിയറൻസ്[152] ഇല്ലാത്തതിനാൽ അത് നിരസിക്കപ്പെട്ടു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും (ഡിഎംഇ) (2020 ജനുവരി) ജിഎംസികെ പ്രിൻസിപ്പലിന്റെയും (2020 ഫെബ്രുവരി) അഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ, വേസ് ആൻഡ് മീൻസ് ക്ലിയറൻസ് അനുവദിച്ചുവെന്നും (2020 ഒക്ടോബർ) ഫണ്ട് 2021 മാർച്ചിൽ മാത്രമാണ് സമർപ്പിത ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതെന്നും കണ്ടെത്തി.

ഇതിനിടെ, പദ്ധതി 2020 മാർച്ച് 31-ന് അവസാനിക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയും, (2019 ജൂൺ, 2019 ഒക്ടോബർ) കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി, ഭൗതിക പുരോഗതി റിപ്പോർട്ടും അടുത്ത ഗഡു ഉടനടി നൽകുന്നതിനുള്ള നിർദ്ദേശവും സഹിതം, ശേഷിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ (യുസി) സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ, 2020 മാർച്ച് 31-ന് ശേഷം ഒരു ഫണ്ടും അനുവദിക്കില്ലെന്നും ബാധ്യതകൾ ഉണ്ടെങ്കിൽ അവ സംസ്ഥാനം വഹിക്കേണ്ടിവരുമെന്നും കേന്ദ്രസർക്കാർ അറിയിച്ചു.

2021 ഓഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് (പിഡബ്ല്യുഡി) ₹1.37 കോടി കൈമാറിയതായി ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പ്രവൃത്തിക്കായി ടെൻഡറുകൾ ക്ഷണിക്കുന്നതിന് മുമ്പ് ജിഎംസികെയുടെ പക്കൽ ലഭ്യമായ ബാക്കി തുക (₹5.48 കോടി) പിഡബ്ല്യുഡിക്ക് കൈമാറണമെന്ന് പിഡബ്ല്യുഡി (2021 സെപ്റ്റംബർ) അഭ്യർത്ഥിച്ചു. കേന്ദ്ര സർക്കാർ ഇതിനകം തന്നെ പദ്ധതി നിർത്തലാക്കിയതിനാൽ, ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിച്ചു (2022 ജൂൺ). ആദ്യ ഘട്ടം ലഭ്യമായ ഫണ്ടുകളുപയോഗിച്ച് ഏറ്റെടുക്കേണ്ടതും 2022 നവംബറോടെ ആരംഭിക്കേണ്ടതുമായിരുന്നു. കൂടാതെ, പ്രവൃത്തിക്കായി 2024 നവംബർ വരെ പിഡബ്ല്യുഡി ₹0.60 കോടി ചെലവഴിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

---

150 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012-17) ഭാഗമായി

151 ₹4.11 കോടി വീതമുള്ള രണ്ട് തുല്യ ഗഡുക്കളായി, ₹8.22 കോടി കേന്ദ്ര സർക്കാർ അനുവദിക്കും. ആദ്യ ഗഡുവിന്റെ പുരോഗതിയുടെ റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചതിനുശേഷം മാത്രമാണ് രണ്ടാം ഗഡു റിലീസ് ചെയ്യുന്നത്.

152 സംസ്ഥാനത്ത് പണലഭ്യത നിയന്ത്രിക്കുന്നതിനുള്ള ഒരു നടപടിയായി, ട്രഷറിയിൽ നിന്നുള്ള പേയ്മെന്റുകൾ സർക്കാർ കാലാകാലങ്ങളിൽ വേയ്സ് ആൻഡ് മീൻസ് പരിധി നിശ്ചയിച്ച് നിയന്ത്രിക്കുന്നു. സർക്കാർ നിശ്ചയിച്ചിരിക്കുന്ന വേയ്സ് ആൻഡ് മീൻസ് പരിധിക്ക് മുകളിലുള്ള ഏതൊരു പേയ്മെന്റിനും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ശേഷിക്കുന്ന ₹5.48 കോടി പിഡബ്ല്യുഡിക്ക് കൈമാറാൻ അനുമതി നൽകണമെന്ന് ജിഎംസികെ പ്രിൻസിപ്പൽ ആവർത്തിച്ച് അഭ്യർത്ഥിച്ചെങ്കിലും[153] അനുമതി ലഭിച്ചില്ല. സിഎസ്എസിന് കീഴിൽ ജിഎംസികെയിൽ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2025 ഏപ്രിൽ വരെ പൈൽ ക്യാപ്പിംഗ് പ്രവൃത്തികൾ മാത്രമേ ചെയ്തിരുന്നുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

അതേസമയം, പദ്ധതിയുടെ ഭൗതിക/സാമ്പത്തിക പുരോഗതി റിപ്പോർട്ടും യുസിയും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാർ, കേരള സർക്കാരിന് നിരവധി കത്തുകൾ[154] അയയ്ക്കുകയും ചെലവഴിക്കാത്ത ബാക്കി തുക തിരികെ അടയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച്, കേരള സർക്കാർ (2025 ഏപ്രിൽ) ₹2.74 കോടി[155] കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടച്ചു.

നടപടിക്രമത്തിലെ തടസ്സങ്ങൾ മൂലമാണ് പദ്ധതി നടത്തിപ്പിൽ കാലതാമസം വന്നതെന്ന് കേരള സർക്കാർ പ്രസ്താവിച്ചു (2025 സെപ്റ്റംബർ). ജിഎംസികെയ്ക്ക് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കുന്നതിൽ, കേരള സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ, കേന്ദ്ര സർക്കാർ ഫണ്ടിൽ നിന്ന് ₹6.85[156] കോടിയുടെ നഷ്ടം സംഭവിച്ചതുവഴി സംസ്ഥാന ഖജനാവിന് ഭാരമാവുകയും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ₹1.37 കോടിയുടെ ഫണ്ട് തടസ്സപ്പെട്ടു കിടക്കുകയും ചെയ്തു. കൂടാതെ, കോളേജ് ഓഫ് അലൈഡ് ഹെൽത്ത് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിലൂടെ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ ജിഎംസികെയിലെ ഏകദേശം 500[157] പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെട്ടു.

*പാഴ്ചെലവ്*

## പട്ടികജാതി വികസന വകുപ്പ്

### 4.4. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കൈമാറ്റം ഉറപ്പാക്കാതെ കെട്ടിടം നിർമ്മിച്ചത് ₹84.32 ലക്ഷത്തിന്റെ പാഴ്ചെലവിന് കാരണമായി

**ഭൂമിയുടെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറ്റം ചെയ്യെന്ന് ഉറപ്പാക്കാതെ സ്വകാര്യ ഭൂമിയിൽ നിർമ്മാണം നടത്തിയത് മൂലം പട്ടികജാതി വികസന വകുപ്പ് ആലപ്പുഴയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ പാട്ടുപ്പറമ്പ് പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ചെലവഴിച്ച ₹84.32 ലക്ഷം നിഷ്ഫലമായി.**

1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും അതിനുകീഴിലുള്ള ചട്ടങ്ങളും കേരള സംസ്ഥാനത്ത് സർക്കാരിന് അനുകൂലമായി ഭൂമി വിട്ടൊഴിഞ്ഞുനല്കുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നു. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ പ്രകാരം, രജിസ്റ്റർ ചെയ്ത ഭൂമി വിട്ടൊഴിയുന്നതിനുള്ള ഓരോ അപേക്ഷയും രേഖാമൂലം നൽകേണ്ടതും, കൂടാതെ ഭൂമിയുടെ വിശദാംശങ്ങളും[158] ഭൂമി വിട്ടൊഴിയുന്നതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. ഭൂമി വിട്ടൊഴിയുന്നതിനുള്ള അപേക്ഷകൾ ഭൂമി സ്ഥിതിചെയ്യുന്ന ഡിവിഷനിലെ റവന്യൂ ഡിവിഷണൽ ഓഫീസർക്ക്

---

153 2021 സെപ്റ്റംബർ, 2022 ഏപ്രിൽ, 2023 ഡിസംബർ, 2024 മേയ് എന്നിവയിലെ കത്തുകൾ

154 2023 ഓഗസ്റ്റ് 14, 2023 സെപ്റ്റംബർ 19, 2023 നവംബർ 09, 2023 ഡിസംബർ 28, 2024 ഏപ്രിൽ 26, 2024 സെപ്റ്റംബർ 06, 2025 ഫെബ്രുവരി 28 എന്നീ തീയതികളിലെ കത്തുകൾ.

155 ₹4.11 കോടി - ₹1.37 കോടി = ₹2.74 കോടി

156 ₹8.22 കോടി - ₹ 1.37 കോടി =₹6.85 കോടി

157 2024 ഡിസംബർ 21-ന് ജിഎംസികെ പ്രിൻസിപ്പൽ ഡിഎംഇക്ക് അയച്ച കത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരം.

158 രജിസ്റ്റേർഡ് ഉടമയുടെ പേര്, വില്ലേജിന്റെ പേര്, സർവ്വേ നമ്പർ, ഭൂമിയുടെ ആകെ വിസ്തൃതി, വിട്ടൊഴിഞ്ഞുനല്കുന്നതിനുള്ള ഭൂമിയും, ആ സ്ഥലത്തിനുള്ള നികുതിയും.

(ആർഡിഒ) സമർപ്പിക്കാവുന്നതാണ്. ആർഡിഒ അപേക്ഷ തഹസിൽദാർക്ക് അയയ്ക്കുകയും, തഹസിൽദാർ വില്ലേജ് ഓഫീസറോട് (വിഒ) ഭൂമി പരിശോധിക്കാൻ നിർദ്ദേശിക്കുകയും വേണം. യഥാവിധിയുള്ള നടപടിക്രമങ്ങൾക്ക് ശേഷം ഭൂമി വിട്ടൊഴിയൽ സാധുവാണെന്ന് കണ്ടെത്തിയാൽ[159], ആർഡിഒ ഒരു സ്വീകാര്യതാ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം അനുസരിച്ച്, രജിസ്റ്റേർഡ് ഉടമയുടെ ഉടമസ്ഥാവകാശത്തിൽ അപാകതയുണ്ടെന്ന് കണ്ടെത്തിയാൽ, നടപടിക്രമങ്ങളുടെ ഏത് ഘട്ടത്തിലും ആർ.ഡി.ഒ.ക്ക് അപേക്ഷ നിരസിക്കാ-വുന്നതാണ്.



*ചിത്രം 4.1: ആലപ്പുഴയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ പാട്ടുപറമ്പ് എസ്‌സി കോളനിയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ ഫോട്ടോ ഓഡിറ്റ് പാർട്ടി 2025 ജൂൺ 05-ന് എടുത്തത്.*

ആലപ്പുഴയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ (ഡിഎസ്‌സിഡിഒ) ഓഫീസിൽ, 2021 ഡിസംബർ മുതൽ 2023 ജൂലൈ വരെയുള്ള കാലയളവിലേക്കായി നടത്തിയ ലോക്കൽ ഓഡിറ്റിൽ (2023 ഓഗസ്റ്റ്), നിയമപരമായ ആവശ്യകതകൾ പാലിക്കുന്നതിലുണ്ടായ പരാജയം, ക്രമരഹിതമായി ഭൂമി സ്വീകരിക്കുന്നതിലേക്കും, തത്ഫലമായി, വസ്തുവിന്മേലുള്ള സർക്കാരിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിയമപരമായ അവ്യക്തതയിലേക്കും നയിച്ചതായി കണ്ടെത്തി. ഇതുകാരണം മേൽപ്പറഞ്ഞ ഭൂമിയിൽ നിർമ്മിച്ച ഒരു കെട്ടിടം നിഷ്ക്രിയമായി കിടക്കുന്നതിനും തത്ഫലമായി ₹84.32 ലക്ഷം പാഴ്ചെലവായതിനുമിടയായി. വിശദാംശങ്ങൾ താഴെ പറയുന്നു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ (എസ്‌സിഡിഡി) സമർപ്പിച്ച (2018 മേയ്) ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴയിലെ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ പാട്ടുപറമ്പ് പട്ടികജാതി (എസ്‌സി) കോളനിയിൽ ₹97 ലക്ഷം ചെലവ് വരുന്ന കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് കേരള സർക്കാർ ഭരണാനുമതി നൽകി (2018 ജൂലൈ). തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിച്ചു. കെട്ടിടത്തിന്റെ നിർമ്മാണം 2022 മേയ് മാസത്തിൽ പൂർത്തിയാക്കുകയും ₹84.32 ലക്ഷം നിർമ്മാണ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്തു. എന്നാൽ കെട്ടിടം അന്നുമുതൽ ഉപയോഗശൂന്യമായിരുന്നുവെന്നും ഒരു ആവശ്യത്തിനും ഉപയോഗിച്ചിട്ടില്ലെന്നും ഓഡിറ്റിൽ കണ്ടെത്തി.

[159] ഭൂമി ബാധ്യതകളിൽ നിന്ന് വിമുക്തമാണോ എന്ന് വി.ഒ റിപ്പോർട്ട് ചെയ്യുകയും രേഖകൾ സമർപ്പിക്കുകയും വേണം. വി.ഒ യിൽ നിന്ന് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ, ഭൂമി വിട്ടൊഴിയുന്നതിൽ ആക്ഷേപം വല്ലതുമുണ്ടെങ്കിൽ അവ ബോധിപ്പിക്കുന്നതിന് ആർഡിഒ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും എതിർപ്പുകൾ കൃത്യമായി അന്വേഷിച്ച ശേഷം അവ തീർപ്പാക്കുകയും ചെയ്യും.

രേഖകൾ പരിശോധിച്ചപ്പോൾ, കെട്ടിട നിർമ്മാണത്തിനായി ഡി.എസ്.സി.ഡി.ഒ തെരഞ്ഞെടുത്ത ഭൂമി ഒരു സ്വകാര്യ കക്ഷിയുടേതാണെന്നും[160] എസ്.സി.ഡി.ഡി ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നും വ്യക്തമായി.

സ്വകാര്യ കക്ഷിയുടെ സമ്മതപത്രത്തിന്റെ (2019 ഫെബ്രുവരി) അടിസ്ഥാനത്തിലാണ്, പ്രസ്തുത ഭൂമി തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് (2019 ഫെബ്രുവരി) ഓഡിറ്റ് നിരീക്ഷിച്ചു. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമങ്ങൾ പ്രകാരം, സ്വകാര്യ കക്ഷി സർക്കാരിന് അനുകൂലമായി ഭൂമി വിട്ടൊഴിയുന്നതിലും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഭൂമിയുടെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറുന്നതിലും ഡിഎസ്‌സിഡിഒ ശരിയായ നടപടിക്രമങ്ങൾ പാലിച്ചില്ലെന്ന് കണ്ടെത്തി. പകരം, 2021 സെപ്റ്റംബറിൽ ഉടമസ്ഥാവകാശം കൈമാറുന്നതിനായി ഡിഎസ്‌സിഡിഒ സമ്മതപത്രവും വസ്തുസംബന്ധമായ രേഖകളും[161] അരൂക്കുറ്റി വിഒ ക്ക് അയച്ചു.

മേൽപ്പറഞ്ഞ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് സ്വകാര്യ കക്ഷിയിൽ നിന്ന് രേഖാമൂലമുള്ള പരാതി ലഭിച്ചതിനാൽ, പരാതി തീർപ്പാക്കിയതിനുശേഷം മാത്രമേ ഡി.എസ്.സി.ഡി.ഒയുടെ അഭ്യർത്ഥനയെത്തുടർന്നുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്ന് വി.ഒ അറിയിച്ചു (2021 നവംബർ). കൂടാതെ, ഭൂമി എസ്.സി.ഡി.ഡിക്ക് കൈമാറുന്നതിന് സമ്മതിക്കുന്നതിനായി, 50 ശതമാനം റവന്യൂ പങ്കിടൽ, 20 വർഷത്തിനുശേഷം ഭൂമിയും കെട്ടിടവും അവർക്ക് തിരികെ നൽകൽ, അവരുടെ ഓഫീസ് പ്രവർത്തിക്കാനുള്ള സ്ഥലം, കമ്മ്യൂണിറ്റി ഹാളിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നിയന്ത്രണം മുതലായ സോപാധിക അവകാശവാദങ്ങൾ സ്വകാര്യ കക്ഷി ഉന്നയിച്ചതായി (2022 മാർച്ച്) കാണപ്പെട്ടു. ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യ കക്ഷിയുടെ കൈവശമാണെന്നും അത് വകുപ്പിന് കൈമാറിയിട്ടില്ലെന്നും ഉള്ള വസ്തുത അവഗണിച്ച്, ടൈലിങ്ങ്, ഇലക്ട്രിക്കൽ ജോലികൾ എന്നിവയുൾപ്പെടെയുള്ള കെട്ടിടത്തിന്റെ ഘടനയുടെ നിർമ്മാണം പൂർത്തിയാക്കി (2021 ഡിസംബർ).

എംപി/എംഎൽഎ/വകുപ്പ് മേധാവി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിരവധി തവണ ചർച്ചകൾ നടന്നെങ്കിലും ഭൂമി കൈമാറ്റ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്വകാര്യ കക്ഷിയുടെ നിബന്ധനകൾ അംഗീകരിച്ചാലും, ഭൂമിയുടെ കൈമാറ്റത്തിന് നിയമപരമായ തടസ്സങ്ങളുണ്ടെന്നും,[162] ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം സംബന്ധിച്ച ആശങ്ക പരിഹരിക്കപ്പെട്ടില്ലെങ്കിൽ ഉദ്ദേശിച്ച ആവശ്യത്തിനായി കെട്ടിടം ഉപയോഗിക്കാനുള്ള സാധ്യത വിദൂരമായി തുടരുമെന്നും ഡിഎസ്‌സിഡിഒ എസ്‌സിഡിഡിക്ക് സമർപ്പിച്ച (2024 ഡിസംബർ) പ്രോജക്റ്റിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

അങ്ങനെ, 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമത്തിലെയും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുവർത്തിതമാക്കുന്നതിൽ പരാജയപ്പെട്ടതും, സ്വകാര്യ ഭൂമിയിൽ ഡി.എസ്.സി.ഡി.ഒ നിർമ്മാണം തിരക്കിട്ട് ആരംഭിച്ചതും ₹84.32 ലക്ഷത്തിന്റെ പാഴ്ചെലവിന് കാരണമായി.

കേസിൽ അന്തിമ വിധി വരുന്നതുവരെ ഒരു വിഭാഗത്തിനും ഉടമസ്ഥാവകാശമോ അവകാശങ്ങളോ നൽകാതെ, കേടുപാടുകളിൽ നിന്നും ഉപയോഗശൂന്യതയിൽ നിന്നും ആസ്തി സംരക്ഷിക്കുന്നതിനും, സൂക്ഷിപ്പിനും

---

160 1978-ൽ പാട്ടുപറമ്പ് പട്ടികജാതി കോളനിയിലെ പട്ടികജാതി കുടുംബങ്ങളിൽ നിന്നുള്ള സംഭാവനകൾ ഉപയോഗിച്ച് അംഗങ്ങളുടെ പ്രയോജനത്തിനായി ആരംഭിച്ച ഹരിജൻ മരണ ഫണ്ടിന്റെ പ്രസിഡന്റ്, ട്രഷറർ, സെക്രട്ടറി.

161 കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രസീത്, സ്ഥലത്തിന്റെ രേഖാചിത്രം

162 1978-ൽ ഹരിജൻ മരണഫണ്ടിന്റെ പേരിൽ ഭൂമി വാങ്ങിയെങ്കിലും, ആ സമയത്ത് ഫണ്ട് നിയമപരമായി ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്തിരുന്നില്ല. ഹരിജൻ മരണഫണ്ടിന്റെ നിലവിലെ ഭാരവാഹികൾ 2023 സെപ്റ്റംബറിൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്തുവെങ്കിലും, ഇപ്പോൾ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് മുമ്പ് രജിസ്റ്റർ ചെയ്യാത്ത സ്ഥാപനം സൃഷ്ടിച്ച ആസ്തികളിന്മേൽ എന്തെങ്കിലും അവകാശമുണ്ടെന്ന് തെളിയിക്കുന്ന നിയമപരമായ രേഖകളൊന്നും ഉണ്ടായിരുന്നില്ല.

പരിപാലനത്തിനും വിധേയമായി സ്വകാര്യമല്ലാത്ത, പൊതു ആനുകൂല്യത്തിനുള്ള ഉപയോഗത്തിനു മാത്രമായി താൽക്കാലികമായി സ്ഥലം വിനിയോഗിക്കാൻ അനുവദിക്കുന്നതിന് കോടതിയുടെ അനുമതി തേടാൻ എസ്.സി.ഡി.ഡി ഡയറക്ടർക്കും ബന്ധപ്പെട്ട ബ്ലോക്ക് എസ്.സി.ഡി.ഒ യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കേരള സർക്കാർ മറുപടി നൽകി (2025 സെപ്റ്റംബർ).

ഭൂമി ഔദ്യോഗികമായി വകുപ്പിന് കൈമാറ്റം ചെയ്യാത്തതിനാലും അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാലും നിർമ്മിച്ച കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഒടുവിൽ വകുപ്പിന് ലഭിക്കുവാനുള്ള സാധ്യത വിദൂരമാണ്.

***അനർഹമായ ആനുകൂല്യം നൽകിയത്***

## ജല വിഭവ വകുപ്പ്

### 4.5. കരാറുകാർക്ക് അനർഹമായ ആനുകൂല്യങ്ങൾ ലഭിച്ചത്

**ജലവിഭവ വകുപ്പ്, രണ്ട് പ്രവൃത്തികളുടെ കാര്യത്തിൽ, നിർവ്വഹിക്കാത്ത ജോലിയുടെ തുക തെറ്റായ രീതിയിൽ കുറവ് ചെയ്തത്, കരാറുകാർക്ക് ₹53.78 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം നൽകുന്നതിനിടയാക്കി.**

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി, പെരുമാട്ടി ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അനുബന്ധമായി 'പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പിള്ളിയിലേയ്ക്കുള്ള സമഗ്ര ജലവിതരണ പദ്ധതി - ഘട്ടം II' എന്ന പദ്ധതി നടപ്പിലാക്കി. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ഈ പദ്ധതിക്ക് ധനസഹായം നൽകുകയും, കേരള ജല അതോറിറ്റി (കെഡബ്ല്യുഎ) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്പിവി)[163] ഇത് നടപ്പിലാക്കുകയും ചെയ്തു.

പദ്ധതിയ്ക്ക് കേരള സർക്കാർ ₹25 കോടിയുടെ ഭരണാനുമതിയും (2018 ജൂൺ), കിഫ്ബി ₹25.99 കോടിയുടെ സാമ്പത്തിക അനുമതിയും (2018 നവംബർ), കെഡബ്ല്യുഎയുടെ ചീഫ് എഞ്ചിനീയർ (ഉത്തര മേഖല) ₹25.97 കോടിയുടെ സാങ്കേതിക അനുമതിയും (2019 ഫെബ്രുവരി) നൽകി.

മേൽപ്പറഞ്ഞ പദ്ധതിയുടെ രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട, പാക്കേജ് I[164], പാക്കേജ് II[165] എന്നീ രണ്ട് പ്രവൃത്തികൾക്കായി, യഥാക്രമം 2019 ഫെബ്രുവരിയിലും 2019 ആഗസ്റ്റിലും ലംപ്സം കരാറുകളായി കെഡബ്ല്യുഎ ടെൻഡറുകൾ ക്ഷണിച്ചു. കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പ്രവൃത്തികൾക്കായി സർക്കാർ പുറപ്പെടുവിച്ച (2018 നവംബർ) മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ട റോഡ് പുനഃസ്ഥാപനം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഇവയിൽ ഉൾപ്പെട്ടിരുന്നു. റോഡ് പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണ ഉത്തരവാദിത്തം ബന്ധപ്പെട്ട എസ്പിവിക്കായിരിക്കും.

കെഡബ്ല്യുഎ പാലക്കാട് പബ്ലിക് ഹെൽത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ (എസ്ഇ) 2019 ജൂലൈയിലും 2020 ഫെബ്രുവരിയിലും യഥാക്രമം ₹1409 ലക്ഷത്തിനും ₹889 ലക്ഷത്തിനും രണ്ട് വ്യത്യസ്ത കരാറുകാരെ പ്രവൃത്തികൾ ഏല്പിച്ചു. മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി കരാറുകാരുമായി പ്രത്യേക ഉടമ്പടികളിൽ ഏർപ്പെട്ടു. ഇതിലെ ബ്രേക്കപ്പ് ഓഫ്

---

[163] 2018 നവംബർ 26-ലെ ജി.ഒ (എം.എസ്) നമ്പർ 444/2018/ധന.

[164] കിഫ്ബി - 2017-18 - പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര ഡബ്ല്യുഎസ്എസ് - ഘട്ടം II - പാക്കേജ് I

[165] കിഫ്ബി - 2017-18 - പാലക്കാട് ജില്ലയിലെ പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പിള്ളി പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഘട്ടം II - പാക്കേജ് II

പേയ്മെന്റ്സുകളുടെ ഭാഗമായി റോഡ് പുനഃസ്ഥാപന നിരക്കുകൾ ഉൾപ്പെടുത്തിയിരുന്നു.

പാലക്കാട് ചിറ്റൂരിലുള്ള പ്രോജക്ട് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഇഇ) കാര്യാലയത്തിൽ 2019-24 കാലയളവിലേക്കുള്ള ഓഡിറ്റ് സമയത്ത് (2024 മേയ്), പാക്കേജ് I, പാക്കേജ് II എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കിയ തീയതികൾ യഥാക്രമം 2021 സെപ്റ്റംബർ 30ഉം 2021 മെയ് 31ഉം ആയിരുന്നുവെന്ന് രേഖകളിൽ നിന്ന് കണ്ടെത്തി. പ്രവൃത്തികളുടെ ബ്രേക്കപ്പ് ഓഫ് പേയ്മെന്റ്സ് അനുസരിച്ച്, പാക്കേജ് I-ന്റെ കാര്യത്തിൽ റോഡ് പുനഃസ്ഥാപനം പ്രവർത്തനങ്ങൾ എഗ്രീഡ് പിഎസിയുടെ 1.97 ശതമാനവും, പാക്കേജ് II-ന് 24 ശതമാനവുമായിരുന്നു. എന്നാൽ, രണ്ട് പ്രവൃത്തികളുമായും ബന്ധപ്പെട്ട അന്തിമ ബില്ലുകളുടെ സൂക്ഷ്മപരിശോധനയിൽ, പാക്കേജ് I-നും പാക്കേജ് II-നും റോഡ് പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട ഇനങ്ങളുടെ പൂർത്തീകരണ ശതമാനം യഥാക്രമം പൂജ്യവും 17.647-ഉം മാത്രമായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി.

പ്രവൃത്തികൾക്കായുള്ള ദർഘാസ് ക്ഷണപത്രികയുടെ (എൻഐടി) പൊതു വ്യവസ്ഥകളിലെ പാക്കേജ് I-ന്റെ വ്യവസ്ഥ നമ്പർ 4.6-ഉം, പാക്കേജ് II-ന്റെ വ്യവസ്ഥ നമ്പർ 3-ഉം, എൻഐടിയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തിയുടെ അളവ് പൂർണ്ണമായും നിർവഹിച്ചിരിക്കണമെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. അപൂർണ്ണമായതോ ഒഴിവാക്കിയതോ ആയ പ്രവൃത്തിയുടെ കാര്യത്തിൽ, ഓരോ ഇനത്തിലും ചെയ്യാത്ത പ്രവൃത്തിയുടെ അളവിന് ആനുപാതികമായ തുക കരാറുകാരന്റെ ബില്ലിൽ നിന്ന്, ബ്രേക്കപ്പ് ഓഫ് പേയ്മെന്റ്സിൽ അംഗീകരിച്ച നിരക്ക് അല്ലെങ്കിൽ എസ്റ്റിമേറ്റ് നിരക്ക്, ഇവയിൽ ഏതാണോ കൂടിയത്, ആ നിരക്കിൽ കുറവ് ചെയ്യേണ്ടതാണ് .

മേൽപ്പറഞ്ഞതിനു വിരുദ്ധമായി, രണ്ട് പ്രവൃത്തികളുടെയും അന്തിമ ബില്ലുകൾ പാസാക്കിയപ്പോൾ (2023 ഫെബ്രുവരി), **അനുബന്ധം 4.1**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, എസ്റ്റിമേറ്റ് നിരക്കുകൾ കൂടുതലായിരുന്നിട്ടും, ബ്രേക്കപ്പ് ഓഫ് പേയ്മെന്റ്സിൽ അംഗീകരിച്ച നിരക്കിലാണ് പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കിഴിവുകൾ ചെയ്തത്. കരാർ വ്യവസ്ഥകളിൽ നിന്നുള്ള മുകളിൽപ്പറഞ്ഞ വ്യതിയാനങ്ങൾ കരാറുകാർക്ക് ₹53.78 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം ലഭിക്കുന്നതിന് വഴിതെളിച്ചു.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നിർവ്വഹിക്കാത്ത പ്രവൃത്തികളുടെ തുക തിരിച്ചുപിടിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ രണ്ട് കരാറുകാർക്കും നോട്ടീസ് നൽകി (2024 സെപ്റ്റംബർ). പ്രവൃത്തി പൂർത്തിയായതിനുശേഷം മൂന്ന് വർഷത്തിലേറെ കാലതാമസം വരുത്തി റിക്കവറി നോട്ടീസ് നൽകിയ വകുപ്പിന്റെ നടപടിക്കെതിരെ കരാറുകാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ നൽകുകയുണ്ടായി (2024 സെപ്റ്റംബർ). 2024 ഒക്ടോബറിലും 2025 ഓഗസ്റ്റിലും റിക്കവറി സ്റ്റേ ചെയ്തുകൊണ്ട് കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

ബന്ധപ്പെട്ട കേസുകളിൽ, എതിർ സത്യവാങ്മൂലം സ്റ്റാൻഡിംഗ് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ടെന്നും സ്റ്റാൻഡിംഗ് കൗൺസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയ്ക്കു മുമ്പാകെ ഇവ സമർപ്പിക്കുമെന്നും കേരള സർക്കാർ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു (2025 ഡിസംബർ).

അങ്ങനെ, കെഡബ്ല്യുഎ, നിർവ്വഹിക്കാത്ത പ്രവൃത്തികൾക്ക് തുക കുറച്ചപ്പോൾ, എൻഐടിയിലെ പൊതു വ്യവസ്ഥകൾ പാലിക്കാതിരുന്നതു വഴി, കരാറുകാർക്ക് ₹53.78 ലക്ഷത്തിന്റെ അനർഹമായ ആനുകൂല്യം നൽകി. ഓഡിറ്റ് ഈ ക്രമക്കേട് ചൂണ്ടിക്കാണിച്ചതിന് ശേഷം മാത്രമാണ് റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചത്, അതും കാലതാമസത്തോടുകൂടി. ഇതുവഴി കരാറുകാർ

ഹർജികൾ ഫയൽ ചെയ്യാനും റിക്കവറി നടപടികൾ സ്റ്റേ ചെയ്യാനും ഇടയായി. കരാറുകാരുടെ അന്തിമ ബില്ലിൽ നിന്ന്, ഉയർന്ന നിരക്കായിരുന്ന എസ്റ്റിമേറ്റ് നിരക്കിൽ, സമയബന്ധിതമായി തുക കുറച്ചിരുന്നെങ്കിൽ കോടതി വ്യവഹാരങ്ങളും അധികത്തുക തിരിച്ചു പിടിക്കുന്നതിൽ തുടർന്നുണ്ടായ കാലതാമസവും ഒഴിവാക്കാമായിരുന്നു.

**(പ്രീതി എബ്രഹാം)**
**അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് I), കേരള**

**തിരുവനന്തപുരം,**
**2026 ജനുവരി 21**

**മേലൊപ്പിട്ടത്**

**(കെ. സഞ്ജയ് മൂർത്തി)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**ന്യൂഡൽഹി,**
**2026 ജനുവരി 27**

# അനുബന്ധങ്ങൾ

**അനുബന്ധം 1.1**

**2024 ഒക്ടോബർ 31 വരെ കുടിശ്ശികയുള്ള പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ**

***(സൂചിക: ഖണ്ഡിക 1.5.1; പുറം 3)***

| ക്രമ നമ്പർ | വകുപ്പ് | തീർപ്പാകാത്തതിന്റെ എണ്ണം | |
|---|---|---|---|
| | | പരിശോധന റിപ്പോർട്ടുകൾ | ഖണ്ഡികകൾ |
| 1. | കാർഷിക വികസനവും കർഷക ക്ഷേമവും | 155 | 863 |
| 2. | മൃഗസംരക്ഷണവും ക്ഷീരവികസനവും | 21 | 79 |
| 3. | ആയുഷ് | 119 | 478 |
| 4. | പിന്നാക്ക സമുദായ വികസനം | 20 | 67 |
| 5. | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ | 12 | 49 |
| 6. | സഹകരണം | 35 | 194 |
| 7. | തെരഞ്ഞെടുപ്പ് | 7 | 22 |
| 8. | മത്സ്യബന്ധനവും തുറമുഖങ്ങളും | 96 | 458 |
| 9. | ഭക്ഷണം, സിവിൽ സപ്ലൈസ്,ഉപഭോക്തൃകാര്യം | 56 | 225 |
| 10. | പൊതുഭരണം | 14 | 69 |
| 11. | പൊതു വിദ്യാഭ്യാസം | 220 | 1253 |
| 12. | ആരോഗ്യവും കുടുംബക്ഷേമവും | 698 | 4199 |
| 13. | ഉന്നത വിദ്യാഭ്യാസം | 289 | 1953 |
| 14. | ആഭ്യന്തരം | 272 | 1379 |
| 15. | ഭവന നിർമ്മാണം | 6 | 30 |
| 16. | ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് | 6 | 29 |
| 17. | തൊഴിലും നൈപുണ്യവും | 89 | 440 |
| 18. | നിയമം | 48 | 146 |
| 19. | തദ്ദേശ സ്വയംഭരണം | 1937 | 8641 |
| 20. | ന്യൂനപക്ഷക്ഷേമ വികസനം | 2 | 10 |
| 21. | പാർലമെന്ററി കാര്യം | 2 | 06 |
| 22. | ഉദ്യോഗസ്ഥ - ഭരണ പരിഷ്കാരം | 6 | 37 |
| 23. | റവന്യൂ | 584 | 3678 |
| 24. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 278 | 1263 |
| 25. | സാമൂഹിക നീതി | 83 | 398 |
| 26. | കായിക-യുവജന ക്ഷേമം | 19 | 120 |
| 27. | വിജിലൻസ് | 12 | 38 |
| 28. | ജലവിഭവം | 159 | 666 |
| 29. | വനിതാ-ശിശുവികസനം | 49 | 161 |
| | ആകെ | **5294** | **26951** |

## അനുബന്ധം 1.2

## 2024 ഒക്ടോബർ വരെ തീർപ്പാക്കാത്ത, എടുത്ത നടപടിയുടെ വിശദീകരണ പത്രികകളുടെ വിശദാംശങ്ങൾ

*(സൂചിക: ഖണ്ഡിക 1.5.3; പുറം 4)*

| ക്രമ നമ്പർ | വകുപ്പ് | കേരളത്തിലെ പ്രളയങ്ങൾ - മുന്നൊരുക്കവും പ്രതിരോധവും എന്നതിനെ കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 2022 | എസ്‌സി, എസ്‌ടി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികളെക്കുറിച്ചുള്ള പിഎ | ആകെ |
|---|---|---|---|---|---|
| 1. | കൃഷി | - | 2 | - | 2 |
| 2. | ഉപഭോക്തൃകാര്യം | - | 1 | - | 1 |
| 3. | ഭക്ഷണം, സിവിൽ സപ്ലൈസ് | | | | |
| 4. | മത്സ്യബന്ധനവും തുറമുഖങ്ങളും | - | 1 | - | 1 |
| 5. | പൊതു വിദ്യാഭ്യാസം | - | - | 1 | 1 |
| 6. | തൊഴിലും നൈപുണ്യവും | - | 1 | - | 1 |
| 7. | ന്യൂനപക്ഷക്ഷേമ വികസനം | - | - | 4 | 4 |
| 8. | റവന്യൂ | 2 | 2 | - | 4 |
| 9. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | - | - | 26 | 26 |
| 10. | ജലവിഭവം | - | 1 | - | 1 |
| | **ആകെ** | **2** | **8** | **31** | **41** |

## അനുബന്ധം 1.3

### 2024 ഒക്ടോബർ വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാത്ത ഖണ്ഡികകളുടെ വിശദാംശങ്ങൾ കാണിക്കുന്ന പട്ടിക

*(സൂചിക: ഖണ്ഡിക 1.5.4; പുറം 4)*

| ക്രമ നമ്പർ | വകുപ്പ് | കേരളത്തിലെ പ്രളയങ്ങൾ - മുന്നൊരുക്കവും പ്രതിരോധവും എന്നതിനെ കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 2021 | കേരള സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | 2022 | എസ്‌സി, എസ്‌ടി, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികളെക്കുറിച്ചുള്ള പിഎ | ആകെ |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. | കൃഷി | - | - | - | 2 | - | 2 |
| 2. | ഉപഭോക്തൃകാര്യം | - | - | - | 1 | - | 1 |
| 3. | ഭക്ഷണം, സിവിൽ സപ്ലൈസ് | | | | | | |
| 4. | മത്സ്യബന്ധനവും തുറമുഖങ്ങളും | - | - | - | 1 | - | 1 |
| 5. | പൊതു വിദ്യാഭ്യാസം | - | - | - | - | 1 | 1 |
| 6. | ആരോഗ്യവും കുടുംബക്ഷേമവും | - | 1 | - | - | - | 1 |
| 7. | ഉന്നത വിദ്യാഭ്യാസം | - | 1 | 41 | - | - | 42 |
| 8. | തൊഴിലും നൈപുണ്യവും | - | - | - | 1 | - | 1 |
| 9. | ന്യൂനപക്ഷക്ഷേമ വികസനം | - | - | - | - | 4 | 4 |
| 10. | റവന്യൂ | 9 | - | - | 2 | - | 11 |
| 11. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | - | - | - | - | 26 | 26 |
| 12. | ജലവിഭവം | 2 | - | - | 1 | - | 3 |
| | **ആകെ** | **11** | **2** | **41** | **8** | **31** | **93** |

**അനുബന്ധം 2.1**
**ഓഡിറ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക**
***(സൂചിക : ഖണ്ഡിക 2.4; പുറം 7)***

സീറ്റുകളുടെ എണ്ണവും ചെലവഴിച്ച തുകയും അടിസ്ഥാനമാക്കി, 31 അദ്ധ്യാപന ഗവേഷണ വിഭാഗങ്ങളിൽ എട്ടെണ്ണവും, നാല് കോസ്റ്റ് ബേസ്ഡ് വിഭാഗങ്ങളിൽ ഒന്നും, സിമ്പിൾ റാൻഡം സാംപ്ലിംഗ് വിത്തൗട്ട് റീപ്ലേയ്സ്മെന്റ് (എസ്ആർഎസ്ഡബ്ല്യുഓആർ) രീതിയിൽ തെരഞ്ഞെടുത്തു.

1. രസതന്ത്ര വിഭാഗം
2. മനഃശാസ്ത്ര വിഭാഗം
3. ഭൗതികശാസ്ത്ര വിഭാഗം
4. വിദ്യാഭ്യാസ വിഭാഗം
5. റഷ്യൻ, ആൻഡ് കംപാരറ്റീവ് സ്റ്റഡീസ്
6. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം
7. ജേർണലിസം, മാസ് കമ്മ്യൂണിക്കേഷൻ വിഭാഗം
8. ഫോക്ക് ലോർ സ്റ്റഡീസ് വിഭാഗം

**കോസ്റ്റ് ബേസ്ഡ് വിഭാഗം:** പരിസ്ഥിതി വിഭാഗം

**12 കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി കേന്ദ്രങ്ങളിൽ നിന്ന്, മൂന്നെണ്ണം** ശരാശരി സീറ്റുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കി, സിമ്പിൾ റാൻഡം സാംപ്ലിംഗ് വിത്തൗട്ട് റീപ്ലേയ്സ്മെന്റ് രീതിയിൽ തെരഞ്ഞെടുത്തു.

1. കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, അരണാട്ടുകര
2. കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, മഞ്ചേരി
3. കമ്പ്യൂട്ടർ സയൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, സിയു ക്യാമ്പസ്

ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ, സിമ്പിൾ റാൻഡം സാംപ്ലിംഗ് രീതി ഉപയോഗിച്ച് **11 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ നിന്നും മൂന്നെണ്ണം** തെരഞ്ഞെടുത്തു.

1. കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെൻറർ
2. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, മഞ്ചേരി
3. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, സുൽത്താൻ ബത്തേരി

ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ സിമ്പിൾ റാൻഡം സാംപ്ലിംഗ് രീതി ഉപയോഗിച്ച് **ആറ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ രണ്ടെണ്ണം** തെരഞ്ഞെടുത്തു.

1. സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പാലക്കാട്
2. സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, വടകര

സിമ്പിൾ റാൻഡം സാംപ്ലിംഗ് രീതി ഉപയോഗിച്ച് **ഒമ്പത് സിംഗിൾ യൂണിറ്റുകളിൽ മൂന്നെണ്ണം** തെരഞ്ഞെടുത്തു.

1. ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗം
2. പരീക്ഷാ ഭവൻ
3. സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി

- സർവകലാശാലയിലെ തെരഞ്ഞെടുത്ത വകുപ്പുകളിലെയും കേന്ദ്രങ്ങളിലെയും **1091** വിദ്യാർത്ഥികളുടെയും[166] (ഗവേഷക വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും ഉൾപ്പെടെ) **118** അദ്ധ്യാപകരുടെയും സർവ്വേ നടത്തി.

- ചെലവിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് കാലയളവിൽ നടത്തിയ പ്രവൃത്തികളിൽ നിന്നും/പർച്ചേസുകളിൽ നിന്നും സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് രീതി ഉപയോഗിച്ച് **529** പ്രവൃത്തികളിൽ നിന്നും **57** എണ്ണവും, **716** പർച്ചേഴ്സുകളിൽ നിന്നും **52** എണ്ണവും തെരഞ്ഞെടുത്തു.

[166] തെരഞ്ഞെടുത്ത എട്ട് വിഭാഗങ്ങളിൽ നിന്നും സെന്ററുകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സർവ്വേ.

## അനുബന്ധം 2.2
## സ്ട്രാറ്റജിക് പ്ലാൻ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള മുൻഗണനകളും ലക്ഷ്യങ്ങളും

***(സൂചിക: ഖണ്ഡിക 2.5.1; പുറം 8)***

| സ്ട്രാറ്റജിക് മുൻഗണന | സ്ട്രാറ്റജിക് ലക്ഷ്യം |
|---|---|
| **1.** ഭരണവും മാനേജ്മെന്റും | **1.1.** അക്കാദമികവും ഭരണപരവുമായ നയങ്ങൾ, റൂളുകൾ, റഗുലേഷനുകൾ എന്നിവ സമഗ്രമായി അവലോകനം ചെയ്ത് പുതുക്കുകയും നടപ്പാക്കുകയും ചെയ്യുക |
| | **1.2.** സർവ്വകലാശാലാ വിഭാഗങ്ങൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും വ്യത്യസ്തമായ ഭരണ സംവിധാനങ്ങൾ രൂപീകരിക്കുക |
| **2.** അദ്ധ്യാപനവും പഠനവും | **2.1.** മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതും, ഉത്പാദകശേഷിയുള്ളതും, ആത്മവിശ്വാസമുള്ളതുമായ ബിരുദധാരികളെ രൂപപ്പെടുത്തുന്ന ഉയർന്ന നിലവാരമുള്ള പഠനസാഹചര്യം ഒരുക്കുക |
| | **2.2.** എല്ലാ വിദ്യാർത്ഥികൾക്കും “എപ്പോഴും പഠിക്കാനും എവിടെ നിന്നും പഠിക്കാനും ഉള്ള അവസരം സൃഷ്ടിക്കുക” |
| **3.** അക്കാദമിക ഗവേഷണവും നവീകരണവും | **3.1.** ഗവേഷണത്തിലെ മികവിനെ പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും, നിലനിർത്തുകയും ചെയ്യുക |
| | **3.2.** നവീകരണവും സംരംഭകശീലവും പ്രോത്സാഹിപ്പിക്കുക |
| **4.** അക്കാദമിക സഹായ സേവനങ്ങൾ | **4.1.** അനുയോജ്യമായ ശാക്തീകരണത്തിലൂടെ കാര്യക്ഷമമായ അക്കാദമിക സപ്പോർട്ട് സർവ്വീസുകളും റിസോഴ്സുകളും ഉറപ്പാക്കുക |
| **5.** വിദ്യാർഥിസഹായ സേവനങ്ങൾ | **5.1.** അനുകൂലമായ അന്തരീക്ഷം ഉറപ്പാക്കിക്കൊണ്ട് ക്യാമ്പസിലെ വിദ്യാർത്ഥികളുടെ അനുഭവം മെച്ചപ്പെടുത്തുക |
| **6.** സാമൂഹ്യ ജനസമ്പർക്ക പ്രവർത്തനങ്ങൾ | **6.1.** സമൂഹത്തിന്റെ സമഗ്ര വളർച്ചയിൽ സൃഷ്ടിപരമായ രീതിയിൽ പങ്കുചേർക്കുക. |
| | **6.2.** നിരന്തര പഠന പ്രക്രിയകളും സാമൂഹ്യ ജനസമ്പർക്ക പരിപാടികളും ശക്തിപ്പെടുത്തുക |
| **7.** സൗകര്യങ്ങൾ, സംവിധാനങ്ങളും അടിസ്ഥാനസൗകര്യങ്ങളും | **7.1.** വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മികച്ച സൗകര്യങ്ങളും, സംവിധാനങ്ങളും, അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നത് ഉറപ്പാക്കുക |
| | **7.2.** തൽപര കക്ഷികൾക്ക് അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും നൽകുക |

**അനുബന്ധം 2.3**
**എൻഐആർഎഫ് റാങ്കിംഗ് മാനദണ്ഡങ്ങളിലുടനീളം സർവ്വകലാശാല നേടിയ സ്കോറുകളുടെ ശതമാനം**
**(സൂചിക: ഖണ്ഡിക *2.5.7;* പുറം *13)***

| മാനദണ്ഡം | ഉപ മാനദണ്ഡം | സർവ്വകലാശാലയ്ക്ക് ലഭിച്ച സ്കോർ | | | സർവ്വകലാശാല നേടിയ സ്കോറിന്റെ ശതമാനം | | |
|---|---|---|---|---|---|---|---|
| | | 2022 | 2023 | 2024 | 2022 | 2023 | 2024 |
| അധ്യാപനവും പഠനവും വിഭവങ്ങളും (ടിഎൽആർ) | ഗവേഷക വിദ്യാർത്ഥികൾ (എസ്എസ്) ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ എണ്ണം | 9.02 | 10.04 | 10 | 45.10 | 50.20 | 50 |
| | സ്ഥിരം ഫാക്കൽറ്റിക്ക് (എഫ്എസ്ആർ) ഊന്നൽ നൽകുന്ന ഫാക്കൽറ്റി-വിദ്യാർത്ഥി അനുപാതം | 25 | 25 | 25 | 100 | 100 | 100 |
| | പിഎച്ച്ഡിയും (അല്ലെങ്കിൽ തത്തുല്യം) അനുഭവ സമ്പത്തും (എഫ്ക്യൂ) ഉള്ള ഫാക്കൽറ്റിക്കുള്ള സംയോജിത മെട്രിക് | 17.03 | 17.67 | 17.82 | 85.15 | 88.35 | 89.10 |
| | സാമ്പത്തിക വിഭവങ്ങളും അവയുടെ ഉപയോഗവും (എഫ്ആർയു) | 12.05 | 12.92 | 12.19 | 60.25 | 64.60 | 60.95 |
| | ഓൺലൈൻ വിദ്യാഭ്യാസം (ഒഇ) | 2 | 3.50 | 5.50 | 13.33 | 23.33 | 36.67 |
| ഗവേഷണവും പ്രൊഫഷണൽ പ്രാക്ടീസും (ആർപി) | പ്രസിദ്ധീകരണങ്ങൾക്കുള്ള സംയോജിത മാനദണ്ഡം (പിയു) | 8.08 | 7.40 | 6.73 | 23.08 | 21.14 | 22.43 |
| | പ്രസിദ്ധീകരണങ്ങളുടെ ഗുണനിലവാരത്തിനായുള്ള സംയോജിത മാനദണ്ഡം (ക്യുപി) | 8.97 | 8.64 | 7.01 | 25.62 | 24.68 | 23.36 |
| | പ്രസിദ്ധീകരിക്കുകയും അനുവദിക്കുകയും ചെയ്ത ഐപിആർ-ഉം പേറ്റന്റുകളും | 0 | 0 | 0 | 0 | 0 | 0 |
| | പദ്ധതികളുടെയും പ്രഫഷണൽ പ്രവർത്തനരീതികളുടെയും പ്രവർത്തനവ്യാപ്തി (എഫ്പിപിപി) | 0.04 | 0.06 | 0.08 | 0.27 | 0.40 | 0.53 |
| | പ്രസിദ്ധീകരണവും അവലംബങ്ങളും (എസ്ഡിജി) | - | - | 2.26 | 0.00 | 0.00 | 22.60 |
| ബിരുദ ഫലങ്ങൾ (ജിഒ) | യൂണിവേഴ്സിറ്റി പരീക്ഷകൾക്കുള്ള മെട്രിക് (ജിയുഇ) | 46.40 | 47.35 | 53.66 | 77.33 | 78.92 | 89.43 |
| | പിഎച്ച്.ഡി ബിരുദം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ മാനദണ്ഡം (ജിപിഎച്ച്ഡി) | 14.80 | 13.97 | 8.78 | 37.00 | 34.93 | 21.95 |
| പ്രവർത്തനവും ഉൾപ്പെടുത്തലും (ഒഐ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും/രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ ശതമാനം (മേഖലാ വൈവിധ്യം ആർഡി) | 0.31 | 0.44 | 0.42 | 1.03 | 1.47 | 1.40 |
| | സ്ത്രീകളുടെ ശതമാനം (സ്ത്രീ വൈവിധ്യം ഡബ്ല്യുഡി) | 30 | 30 | 30 | 100 | 100 | 100 |
| | സാമ്പത്തികമായും സാമൂഹികമായും വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ (ഇഎസ്സിഎസ്) | 8.24 | 6.96 | 6.89 | 41.20 | 34.80 | 34.45 |
| | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ (പിസിഎസ്) | 20 | 20 | 20 | 100 | 100 | 100 |
| പിയർ പെർസെപ്ഷൻ | അക്കാദമിക് സഹയാത്രികരും തൊഴിൽദായകരും | 21.71 | 29.94 | 24.33 | 21.71 | 29.94 | 24.33 |

## അനുബന്ധം 2.4
## സിലബസ്/പാഠ്യപദ്ധതി പരിഷ്കരണം

***(സൂചിക: ഖണ്ഡിക 2.6.2; പുറം 14)***

| ക്രമ നമ്പർ. | പ്രോഗ്രാമിന്റെ പേര് | അവസാനം പരിഷ്കരിച്ച വർഷം |
|---|---|---|
| 1. | ബിഎ എൽഎൽബി പ്രോഗ്രാം | 2011 |
| 2. | ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) ഇന്റഗ്രേറ്റഡ് | 2014 |
| 3. | ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) രണ്ട് വർഷം | 2014 |
| 4. | മൂന്ന് വർഷത്തെ എൽഎൽബി യൂണിറ്ററി പ്രോഗ്രാം | 2015 |
| 5. | മാസ്റ്റർ ഓഫ് ലോ (എൽഎൽഎം) | 2015 |
| 6. | ബി.കോം എൽഎൽബി പ്രോഗ്രാം | 2018 |
| 7. | ജേണലിസം ഫാക്കൽറ്റിയുടെ കീഴിലുള്ള എല്ലാ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളും | പിജി-2020<br>യുജി- 2024 |
| 8. | ബിഎ മൾട്ടിമീഡിയ | 2024 |
| 9. | ജേണലിസം ഫാക്കൽറ്റിയുടെ കീഴിലുള്ള അധ്യാപന വിഭാഗത്തിലെ എല്ലാ ബിരുദാനന്തര പ്രോഗ്രാമുകളും | 2024 |
| 10. | എല്ലാ ബി (വൊക്കേഷണൽ) പ്രോഗ്രാമുകളും | 2021 |
| 11. | ഹ്യുമാനിറ്റീസ് ഫാക്കൽറ്റിയുടെ കീഴിലുള്ള എല്ലാ ബിരുദ പ്രോഗ്രാമുകളും | 2024 |
| 12. | ഹ്യുമാനിറ്റീസ് ഫാക്കൽറ്റിയുടെ കീഴിലുള്ള അധ്യാപന വിഭാഗത്തിന് കീഴിലുള്ള എല്ലാ ബിരുദാനന്തര പ്രോഗ്രാമുകളും | 2024 |
| 13. | ഡെവലപ്മെന്റ് സ്റ്റഡീസിൽ ഇന്റഗ്രേറ്റഡ് എംഎ പ്രോഗ്രാം | 2024 |
| 14. | ഇന്റഗ്രേറ്റഡ് എംഎ പൊളിറ്റിക്കൽ സയൻസ് | 2020 |
| 15. | ഇന്റഗ്രേറ്റഡ് എംഎ സോഷ്യോളജി | 2020 |
| 16. | ഹ്യൂമാനിറ്റീസ് ഫാക്കൽറ്റിയുടെ കീഴിലുള്ള എല്ലാ ബി.വോക്. പ്രോഗ്രാമുകളും | 2021 |
| 17. | ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ (ബി.എഡ്) | 2021 |
| 18. | മാസ്റ്റർ ഓഫ് എഡ്യൂക്കേഷൻ (എം.എഡ്) | 2022 |
| 19. | സയൻസ് ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബിരുദ,ബിരുദാനന്തര പ്രോഗ്രാമുകളും | പിജി -2020<br>യുജി -2024 |
| 20. | സയൻസ് ഫാക്കൽറ്റിയുടെ കീഴിലുള്ള അധ്യാപന വിഭാഗത്തിലെ എല്ലാ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളും | 2022 |
| 21. | ഇന്റഗ്രേറ്റഡ് എം.എസ്സി ബയോളജി (അഫിലിയേറ്റഡ് കോളേജുകൾ) | 2023 |
| 22. | ഇന്റഗ്രേറ്റഡ് എം.എസ്സി ബയോസയൻസ് | 2024 |
| 23. | ഇൻറഗ്രേറ്റഡ് ബോട്ടണി വിത്ത് കമ്പ്യൂട്ടേഷണൽ ബയോളജി (അഫിലിയേറ്റഡ് കോളേജുകൾ) | 2023 |
| 24. | ഇന്റഗ്രേറ്റഡ് എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് | 2021 |
| 25. | ഇന്റഗ്രേറ്റഡ് എം.എസ്സി സൈക്കോളജി | 2021 |
| 26. | ഇന്റഗ്രേറ്റഡ് എം.എസ്സി ജിയോളജി | 2023 |
| 27. | ഇന്റഗ്രേറ്റഡ് എം.എസ്സി ഫിസിക്സ് | 2024 |
| 28. | ഇന്റഗ്രേറ്റഡ് എം.എസ്സി കെമിസ്ട്രി | 2022 |
| 29. | ബി.എസ്സി. ബയോ കെമിസ്ട്രി | 2024 |
| 30. | സയൻസ് ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബി.വോക്., എം.വോക്. പ്രോഗ്രാമുകളും | 2021 |
| 31. | അഫിലിയേറ്റഡ് കോളേജുകളിലെ മാസ്റ്റർ ഓഫ് ലോ (എൽഎൽഎം) | 2013 |
| 32. | ബി.ടെക് | 2024 |
| 33. | ബി.ആർക്ക് | 2022 |
| 34. | എം.സി.എ | 2020 |
| 35. | കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബിരുദ പ്രോഗ്രാമുകളും | 2024 |
| 36. | കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബി.വോക്. പ്രോഗ്രാമുകളും | 2021 |
| 37. | ലിറ്ററേച്ചർ ഫാക്കൽറ്റിക്ക് കീഴിലുള്ള എല്ലാ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളും | യുജി-2024<br>പിജി-2020 |

| ക്രമ നമ്പർ. | പ്രോഗ്രാമിന്റെ പേര് | അവസാനം പരിഷ്കരിച്ച വർഷം |
|---|---|---|
| 38. | ലിറ്ററേച്ചർ ഫാക്കൽറ്റിക്ക് കീഴിലുള്ള അധ്യാപന വകുപ്പിലെ എല്ലാ ബിരുദാനന്തര പ്രോഗ്രാമുകളും | 2024 |
| 39. | ഇന്റഗ്രേറ്റഡ് എംഎ മലയാളം | 2020 |
| 40. | ഇന്റഗ്രേറ്റഡ് എംഎ ഇംഗ്ലീഷ് ആൻഡ് മീഡിയ സ്റ്റഡീസ് | 2020 |
| 41. | ഫൈൻ ആർട്സ് ഫാക്കൽറ്റിയുടെ കീഴിലുള്ള അധ്യാപന വിഭാഗത്തിലെ എല്ലാ ബിരുദാനന്തര പ്രോഗ്രാമുകളും | 2024 |
| 42. | ബാച്ചിലർ ഓഫ് തിയേറ്റർ ആർട്സ് (ബിടിഎ) | 2024 |
| 43. | ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സും, ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് ഇൻ ആർട്ട് ഹിസ്റ്ററി ആന്റ് വിഷ്വൽ സ്റ്റഡീസ് ഒഴികെയുള്ള, ഫൈൻ ആർട്ട്സ് ഫാക്കൽറ്റിയുടെ കീഴിലുള്ള ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളും | യുജി-2024<br>പിജി-2020 |
| 44. | ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സും, ബാച്ചിലർ ഓഫ് ഫൈൻ ആർട്ട്സ് ഇൻ ആർട്ട് ഹിസ്റ്ററി ആന്റ് വിഷ്വൽ സ്റ്റഡീസ് (ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സ്) | 2019 |
| 45. | ബി.ഡിഇഎസ് (ഗ്രാഫിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ) | 2023 |

**അനുബന്ധം 2.5**
**വാർഷിക അക്കൗണ്ടുകളുടെ തയ്യാറാക്കൽ/സമർപ്പണം/ഓഡിറ്റ് എന്നിവയിലെ കാലതാമസം**

***(സൂചിക: ഖണ്ഡിക 2.7.1; പുറം 21)***

| അക്കൗണ്ട് വർഷം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| അക്കൗണ്ടുകൾ തയ്യാറാക്കേണ്ട കാലയളവ് | ജൂലൈ 2020 | ജൂലൈ 2021 | ജൂലൈ 2022 | ജൂലൈ 2023 | ജൂലൈ 2024 |
| അക്കൗണ്ടുകൾ തയ്യാറാക്കി സിൻഡിക്കേറ്റിന് സമർപ്പിച്ച മാസം | ഡിസംബർ 2020 | ഡിസംബർ 2021 | ഡിസംബർ 2022 | നവംബർ 2023 | നവംബർ 2024 |
| സിൻഡിക്കേറ്റ് അക്കൗണ്ടുകൾ അംഗീകരിച്ച മാസം | ഡിസംബർ 2020 | ഡിസംബർ 2021 | ഡിസംബർ 2022 | ഡിസംബർ 2023 | ഡിസംബർ 2024 |
| അക്കൗണ്ടുകൾ തയ്യാറാക്കുന്നതിലെ കാലതാമസം (മാസങ്ങളിൽ) | 5 | 5 | 5 | 4 | 4 |
| കെഎസ്എഡിയ്ക്ക് അക്കൗണ്ടുകൾ സമർപ്പിച്ച മാസം | മാർച്ച് 2021 | മാർച്ച് 2022 | മാർച്ച് 2023 | മാർച്ച് 2024 | ഫെബ്രുവരി 2025 |
| കെഎസ്എഡിയ്ക്ക് അക്കൗണ്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം (മാസങ്ങളിൽ) | 8 | 8 | 8 | 8 | 7 |
| വാർഷിക അക്കൗണ്ടുകൾ സർക്കാരിന് സമർപ്പിച്ച മാസം | ജൂലൈ 2021 | ഏപ്രിൽ 2022 | മാർച്ച് 2023 | മാർച്ച് 2024 | സമർപ്പിച്ചിട്ടില്ല |
| കെഎസ്എഡി അക്കൗണ്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കേണ്ട കാലയളവ് (സർവ്വകലാശാല അക്കൗണ്ടുകൾ സമർപ്പിച്ച തീയതി മുതൽ കണക്കാക്കിയത്) | സെപ്റ്റംബർ 2021 | സെപ്റ്റംബർ 2022 | സെപ്റ്റംബർ 2023 | സെപ്റ്റംബർ 2024 | ഓഗസ്റ്റ് 2025 |
| അക്കൗണ്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കിയ മാസം/കെഎസ്എഡി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചത് | ഏപ്രിൽ 2023 | ജനുവരി 2024 | ജൂലൈ 2024 | ലഭിച്ചില്ല | ലഭിച്ചില്ല |
| കാലതാമസം (മാസങ്ങളിൽ) | 19 | 16 | 10 | 5 മാസങ്ങൾ (2025 ഫെബ്രുവരി വരെ) | - |
| അപാകതകൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലയ്ക്ക് ഓഡിറ്റ് റിപ്പോർട്ട് ലഭിക്കാനെടുത്ത മാസങ്ങളുടെ എണ്ണം (അതാത് സാമ്പത്തിക വർഷത്തിന്റെ അവസാനം മുതൽ കണക്കാക്കിയത്) | 37 | 34 | 28 | - | - |

# അനുബന്ധം 2.6
## ലാഭകരമല്ലാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങളും സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്രവേശനവും
*(സൂചിക: ഖണ്ഡിക 2.7.5; പുറം 25)*

**എ) ലാഭകരമല്ലാത്ത സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | കേന്ദ്രം/സ്ഥാപനം | സാമ്പത്തിക പ്രകടനം (- നഷ്ടം, + ലാഭം) | | | | | 2019-24 കാലയളവിലെ അറ്റ നഷ്ടം/ ലാഭം |
|---|---|---|---|---|---|---|---|
| | | 2019-20 | 2020-21 | 2022-23 | 2023-24 | 2023-24 | |
| **അഞ്ച് വർഷവും തുടർച്ചയായി ഉണ്ടായ നഷ്ടം** | | | | | | | |
| 1 | സിസിഎസ്ഐടി കുറ്റിപ്പുറം | -8,04,917 | -10,09,466 | -8,47,761 | -10,05,855 | -14,44,760 | -51,12,759 |
| 2 | സിസിഎസ്ഐടി മഞ്ചേരി | -1,92,358 | -8,21,198 | -5,27,622 | -9,42,887 | -13,29,589 | -38,13,654 |
| 3 | സിസിഎസ്ഐടി മുട്ടിൽ | -3,75,930 | -17,22,323 | -7,87,284 | -11,05,981 | -15,77,622 | -55,69,140 |
| 4 | സിസിഎസ്ഐടി പേരാമംഗലം | -2,50,033 | -6,24,535 | -9,86,288 | -4,96,130 | -7,38,063 | -30,95,049 |
| 5 | ഐഇടി കോഹിനൂർ | -32,86,699 | -68,59,012 | -1,97,95,622 | -1,42,19,895 | -1,90,55,299 | -6,32,16,527 |
| 6 | സിസിഎസ്ഐടി പുല്ലൂറ്റ് | -5,86,816 | -17,99,571 | -4,42,575 | -4,58,723 | -17,36,603 | -50,24,288 |
| | ആകെ | | | | | | **-8,58,31,417** |
| **കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി ഉണ്ടായ നഷ്ടം** | | | | | | | |
| 1 | സിസിഎസ്ഐടി തളിക്കുളം | +4,56,140 | -9,65,419 | -8,96,202 | -15,76,201 | -10,52,163 | -40,33,845 |
| 2 | നിയമ വിഭാഗം, സി.യു. ക്യാമ്പസ് | +680345 | -17,395 | -3,10,465 | -1,88,182 | -73,806 | +90,497 |
| | ആകെ | | | | | | **-39,43,348** |
| **അഞ്ച് വർഷത്തിനിടയിൽ ഇടയ്ക്കിടെയുള്ള ലാഭം/നഷ്ടം** | | | | | | | |
| 1 | സിസിഎസ്ഐടി പുതുക്കാട് | -2,37,199 | -5,47,723 | -2,48,575 | -78,124 | +7,24,980 | -3,86,641 |
| 2 | സിപിജിഎസ്എസ്ഡബ്ല്യു സുൽത്താൻ ബത്തേരി | +7,41,412 | -2,15,065 | +2,40,159 | -3,01,166 | -8,61,332 | -3,95,992 |
| 3 | സി.യു റീജിയണൽ സെന്റർ, പേരാമ്പ്ര | കോഴ്സ് നടത്തിയിരുന്നില്ല | കോഴ്സ് നടത്തിയിരുന്നില്ല | +18,52,027 | -7,75,885 | -16,32,842 | -5,56,700 |
| 4 | സിയുടിഇസി ചാലക്കുടി | +6,14,044 | -6,97,376 | -15,53,994 | +8,14,793 | -21,25,584 | -29,48,117 |
| 5 | സിയുടിഇസി വടകര | +2,78,790 | -3,50,759 | -6,38,753 | +9,42,883 | +11,56,789 | +13,88,950 |
| 6 | എസ്എംഎസ് വടകര | +88,834 | -9,15,735 | -1,16,529 | +4,86,287 | -5,17,675 | -9,74,818 |
| | ആകെ | | | | | | **-66,51,218** |
| | മൊത്തം | | | | | | **-9,64,25,983** |

**ബി) ലാഭകരമല്ലാത്ത സ്ഥാപനങ്ങളിൽ നടത്തുന്ന കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിന്റെ വിശദാംശങ്ങൾ**

| കേന്ദ്രത്തിന്റെ പേര് | പ്രവേശന ശേഷി | | | | | യഥാർത്ഥ പ്രവേശനം | | | | | ശരാശരി പ്രവേശനം (ശതമാനം) |
|---|---|---|---|---|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | |
| ഐഇടി കോഹിനൂർ - ഇസിഇ | 60 | 60 | 60 | 60 | 60 | 33 | 31 | 16 | 19 | 21 | 24 (40) |
| ഐഇടി കോഹിനൂർ - ഇഇഇ | 60 | 60 | 60 | 60 | 60 | 28 | 21 | 17 | 10 | 12 | 18 (30) |
| ഐഇടി കോഹിനൂർ - ഐടി | 60 | 60 | 60 | 60 | 60 | 30 | 41 | 31 | 39 | 48 | 38 (63) |
| ഐഇടി കോഹിനൂർ - എംഇ | 60 | 60 | 60 | 60 | 60 | 44 | 26 | 23 | 10 | 8 | 22 (37) |
| ഐഇടി കോഹിനൂർ - പിടി | 30 | 30 | 30 | 30 | 30 | 19 | 16 | 19 | 4 | 12 | 14 (47) |
| സിസിഎസ്ഐടി മുട്ടിൽ - എംസിഎ | 30 | 30 | 30 | 30 | ഇല്ല | 10 | 3 | 13 | 5 | 0 | 6 (20) |
| സിസിഎസ്ഐടി മുട്ടിൽ - ബിഎസ്സിഐടി | -- | -- | 30 | -- | -- | -- | -- | 3 | -- | -- | 3 |
| സിസിഎസ്ഐ ടി കുറ്റിപ്പുറം | 30 | 30 | 30 | 30 | 30 | 0 | 11 | 10 | 10 | 0 | 6 (20) |
| സിസിഎസ്ഐടി മഞ്ചേരി - എംഎസ് സി | 24 | 24 | 24 | 24 | 24 | 13 | 11 | 6 | 7 | 9 | 9 (38) |

| കേന്ദ്രത്തിന്റെ പേര് | പ്രവേശന ശേഷി | | | | | യഥാർത്ഥ പ്രവേശനം | | | | | ശരാശരി പ്രവേശനം (ശതമാനം) |
|---|---|---|---|---|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | |
| സിസിഎസ്ഐടി മഞ്ചേരി – എംസിഎ | 30 | 30 | 30 | 30 | 30 | 2 | 17 | 17 | 16 | 9 | 12 (40) |
| സിസിഎസ്ഐടി മഞ്ചേരി – ബിസിഎ | -- | -- | -- | 30 | 30 | -- | -- | -- | 17 | 8 | 13 (43) |
| സിസിഎസ്ഐടി തളിക്കുളം- ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് | 30 | 30 | 30 | 30 | 30 | 8 | 15 | 22 | 17 | 16 | 16 (53) |
| സിസിഎസ്ഐടി തളിക്കുളം – എംസിഎ | 30 | 30 | 30 | 30 | 30 | 18 | 9 | 8 | 7 | 11 | 11 (37) |
| സിസിഎസ്ഐടി പേരാമംഗലം- എംസിഎ, എം.വോക്. | 30 | 30 | 30 | 30 | 30 | 0 | 12 | 13 | 22 | 22 | 14 (47) |
| നിയമ വകുപ്പ് | 45 | 20 | 20 | 20 | 20 | 45 | 11 | 10 | 14 | 10 | 18 (72) |
| സിസിഎസ്ഐടി പുല്ലൂറ്റ്- എം സിഎ | 30 | 30 | 30 | 30 | 30 | 0 | 4 | 23 | 14 | 8 | 10 (33) |

## അനുബന്ധം 2.7
## സിയുടിഇസികളിൽ നിർദ്ദിഷ്ട യോഗ്യതകളില്ലാതെ അധ്യാപകരെ നിയമിച്ചത്

*(സൂചിക: ഖണ്ഡിക 2.8.2; പുറം 30)*

| സെന്ററിന്റെ പേര് | അധ്യയന വർഷം | ആകെ അധ്യാപക രുടെ എണ്ണം | കരാർ അധ്യാപക രുടെ ആകെ എണ്ണം | നെറ്റ് യോഗ്യത മാത്രമുള്ള അധ്യാപക രുടെ എണ്ണം | പിഎച്ച്.ഡി യോഗ്യത മാത്രമുള്ള അധ്യാപക രുടെ എണ്ണം | പിഎച്ച്.ഡി യും നെറ്റ് യോഗ്യത യും ഉള്ള അധ്യാപക രുടെ എണ്ണം | പിഎച്ച്.ഡി അല്ലെങ്കിൽ നെറ്റ് ഇല്ലാത്ത അധ്യാപകരു ടെ എണ്ണം (നിർബന്ധിത യോഗ്യത) |
|---|---|---|---|---|---|---|---|
| സിയുടിഇസി, സുൽത്താൻ ബത്തേരി | 2019-20 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2020-21 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2021-22 | 8 | 8 | 6 | ഇല്ല | 1 | 1 |
| | 2022-23 | 8 | 8 | 6 | ഇല്ല | 1 | 1 |
| | 2023-24 | 8 | 8 | 6 | ഇല്ല | 1 | 1 |
| സിയുടിഇസി, ചക്കിട്ടപ്പാറ | 2019-20 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2020-21 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2021-22 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2022-23 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2023-24 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| സിയുടിഇസി, അരണാട്ടുകര | 2019-20 | 8 | 8 | 7 | ഇല്ല | 1 | ഇല്ല |
| | 2020-21 | 8 | 8 | 7 | ഇല്ല | 1 | ഇല്ല |
| | 2021-22 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2022-23 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2023-24 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| സിയുടിഇസി, വലപ്പാട്, തൃശൂർ | 2019-20 | 8 | 8 | 5 | ഇല്ല | 1 | 2 |
| | 2020-21 | 8 | 8 | 5 | ഇല്ല | 1 | 2 |
| | 2021-22 | 8 | 8 | 5 | ഇല്ല | 1 | 2 |
| | 2022-23 | 8 | 8 | 6 | 1 | 1 | ഇല്ല |
| | 2023-24 | 8 | 8 | 6 | 1 | 1 | ഇല്ല |
| സിയുടിഇസി, മലപ്പുറം | 2019-20 | 8 | 8 | 6 | ഇല്ല | ഇല്ല | 2 |
| | 2020-21 | 8 | 8 | 6 | ഇല്ല | ഇല്ല | 2 |
| | 2021-22 | 8 | 8 | 6 | ഇല്ല | ഇല്ല | 2 |
| | 2022-23 | 8 | 8 | 6 | ഇല്ല | ഇല്ല | 2 |
| | 2023-24 | 8 | 8 | 6 | ഇല്ല | ഇല്ല | 2 |
| സിയുടിഇസി, കണിയാമ്പറ്റ | 2019-20 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2020-21 | 8 | 8 | 7 | ഇല്ല | ഇല്ല | 1 |
| | 2021-22 | 8 | 8 | 5 | ഇല്ല | 2 | 1 |
| | 2022-23 | 8 | 8 | 5 | ഇല്ല | 2 | 1 |
| | 2023-24 | 8 | 8 | 6 | ഇല്ല | 1 | 1 |
| സിയുടിഇസി, മഞ്ചേരി | 2019-20 | 8 | 8 | 8 | ഇല്ല | ഇല്ല | ഇല്ല |
| | 2020-21 | 8 | 8 | 8 | ഇല്ല | ഇല്ല | ഇല്ല |
| | 2021-22 | 8 | 8 | 7 | ഇല്ല | 1 | ഇല്ല |
| | 2022-23 | 8 | 8 | 7 | ഇല്ല | 1 | ഇല്ല |
| | 2023-24 | 8 | 8 | 7 | ഇല്ല | 1 | ഇല്ല |
| സിയുടിഇസി, പാലക്കാട് | 2019-20 | 8 | 8 | 4 | 1 | 1 | 2 |
| | 2020-21 | 8 | 8 | 4 | 1 | ഇല്ല | 3 |
| | 2021-22 | 8 | 8 | 4 | 1 | ഇല്ല | 3 |
| | 2022-23 | 8 | 8 | 4 | 1 | ഇല്ല | 3 |
| | 2023-24 | 8 | 8 | 4 | 1 | ഇല്ല | 3 |
| സിയുടിഇസി, കല്ലായി | 2019-20 | 8 | 8 | 5 | ഇല്ല | 1 | 2 |
| | 2020-21 | 8 | 8 | 5 | 2 | 1 | ഇല്ല |
| | 2021-22 | 8 | 8 | 4 | 2 | 1 | 1 |
| | 2022-23 | 8 | 8 | 3 | 3 | 1 | 1 |
| | 2023-24 | 8 | 8 | 3 | 3 | 1 | 1 |
| സിയുടിഇസി, വടകര | 2019-20 | 8 | 8 | 4 | 1 | 1 | 2 |
| | 2020-21 | 8 | 8 | 4 | 1 | 1 | 2 |
| | 2021-22 | 8 | 8 | 5 | ഇല്ല | 1 | 2 |

| സെന്ററിന്റെ പേര് | അധ്യയന വർഷം | ആകെ അധ്യാപകരുടെ എണ്ണം | കരാർ അധ്യാപകരുടെ ആകെ എണ്ണം | നെറ്റ് യോഗ്യത മാത്രമുള്ള അധ്യാപകരുടെ എണ്ണം | പിഎച്ച്.ഡി യോഗ്യത മാത്രമുള്ള അധ്യാപകരുടെ എണ്ണം | പിഎച്ച്.ഡി യും നെറ്റ് യോഗ്യതയും ഉള്ള അധ്യാപകരുടെ എണ്ണം | പിഎച്ച്.ഡി അല്ലെങ്കിൽ നെറ്റ് ഇല്ലാത്ത അധ്യാപകരുടെ എണ്ണം (നിർബന്ധിത യോഗ്യത) |
|---|---|---|---|---|---|---|---|
| | 2022-23 | 8 | 8 | 4 | ഇല്ല | 2 | 2 |
| | 2023-24 | 8 | 8 | 4 | ഇല്ല | 2 | 2 |
| സിയുടിഇസി, ചാലക്കുടി | 2019-20 | 8 | 8 | 6 | ഇല്ല | 2 | ഇല്ല |
| | 2020-21 | 8 | 8 | 6 | ഇല്ല | 2 | ഇല്ല |
| | 2021-22 | 8 | 8 | 6 | ഇല്ല | 2 | ഇല്ല |
| | 2022-23 | 8 | 8 | 6 | ഇല്ല | 2 | ഇല്ല |
| | 2023-24 | 8 | 8 | 6 | ഇല്ല | 2 | ഇല്ല |
| ആകെ | | | 440 | | | | 63 |

**അനുബന്ധം 2.8**
**എൻസിഎ ഒഴിവുകളുടെ വിഭാഗം തിരിച്ചുള്ള വിശദാംശങ്ങൾ**

***(സൂചിക: ഖണ്ഡിക 2.8.3; പുറം 30)***

| ക്രമ നമ്പർ | വിഭാഗം | ഒഴിവ് | ഇനം |
|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | | | |
| 1. | സ്കൂൾ ഓഫ് ഡ്രാമ | 2 | എസ്സി -1, പിഎച്ച് -1 |
| 2. | സ്റ്റാറ്റിസ്റ്റിക്സ് | 1 | എൽസി / എഐ |
| 3. | എക്കണോമിക്സ് | 1 | ഒ.ബി.സി. |
| 4. | അറബിക് | 1 | എസ്സി |
| 5. | കമ്പ്യൂട്ടർ സയൻസ് | 1 | എസ്ഐയുസി നാടാർ |
| 6. | ലൈഫ് സയൻസ് | 1 | എസ്സിസിസി |
| 7. | ബോട്ടണി | 1 | ധീവര |
| 8. | റഷ്യൻ, കമ്പാരറ്റീവ് സ്റ്റഡീസ് | 1 | ഹിന്ദു നാടാർ |
| 9. | പത്രപ്രവർത്തനവും മാസ് കമ്മ്യൂണിക്കേഷനും | 1 | പിഎച്ച് |
| ആകെ | | **10** | |
| അസോസിയേറ്റ് പ്രൊഫസർ | | | |
| 1. | ലൈബ്രറി സയൻസ് | 1 | ഈഴവ/തിയ്യ/ബില്ലവൈ (ഇടിബി) |
| 2. | മലയാളം | 1 | എസ്സി |
| 3. | വിദ്യാഭ്യാസം | 1 | എൽസി / എഐ |
| 4. | ഭൗതികശാസ്ത്രം | 3 | ഒബിസി-1, എസ്സി -1, മുസ്ലീം -1 |
| 5. | നാനോ ശാസ്ത്ര സാങ്കേതിക വിദ്യ | 1 | എസ്സി |
| 6. | പത്രപ്രവർത്തനം, മാസ് കമ്മ്യൂണിക്കേഷൻ | 1 | വിശ്വകർമ്മ |
| 7. | ചരിത്രം | 1 | എൽസി / എഐ |
| 8. | സ്റ്റാറ്റിസ്റ്റിക്സ് | 1 | പിഎച്ച് |
| 9. | സാമ്പത്തിക ശാസ്ത്രം | 1 | പിഎച്ച് |
| ആകെ | | **11** | |
| പ്രൊഫസർ | | | |
| 1. | സുവോളജി | 1 | എസ്സി |
| 2. | ഭൗതികശാസ്ത്രം | 1 | ഇടിബി |
| 3. | സാമ്പത്തികശാസ്ത്രം | 1 | വിശ്വകർമ്മ |
| 4. | പൊളിറ്റിക്കൽ സയൻസ് | 1 | എൽസി / എഐ |
| ആകെ | | **4** | |

## അനുബന്ധം 2.9
## സിഎഎസ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച വിരമിച്ച അധ്യാപകരുടെ വിശദാംശങ്ങൾ

***(സൂചിക: ഖണ്ഡിക 2.8.5; പുറം 32)***

| ക്രമ നമ്പർ | വിരമിക്കൽ തീയതി | സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത തീയതി | സിൻഡിക്കേറ്റ് സ്ഥാനക്കയറ്റത്തിന് അംഗീകാരം നൽകിയ തീയതി | അക്കാദമിക് തലം 14 - ലേക്കുള്ള സ്ഥാനക്കയറ്റം പ്രാബല്യത്തിൽ വന്ന തീയതി | താഴ്ന്ന തസ്തികയിലെ ശമ്പളം (₹131400- ₹217100) | ഉയർന്ന തസ്തികയിൽ നിശ്ചയിച്ച ശമ്പളം (₹144200- ₹218200) | അധികമായി വിതരണം ചെയ്ത ശമ്പളവും അലവൻസുകളും (₹) |
|---|---|---|---|---|---|---|---|
| 1 | 31.05.2021 | 16.03.2022 | 11.10.2022 | 18.07.2018 | 143600 | 148500 | 156279 |
| 2 | 30.04.2020 | 18.03.2022 | 11.10.2022 | 18.07.2018 | 187300 | 193800 | 100230 |
| 3 | 31.05.2021 | 16.03.2022 | 13.04.2023 | 18.07.2018 | 176500 | 182700 | 194343 |
| 4 | 31.05.2020 | 16.03.2022 | 11.10.2022 | 18.07.2018 | 181800 | 188200 | 105159 |
| 5 | 30.04.2020 | 13.11.2023 | 17.10.2024 | 18.07.2018 | 147900 | 153000 | 0 |
| 6 | 31.03.2019 | 16.02.2024 | 17.10.2024 | 18.07.2018 | 176500 | 182700 | 0 |
| 7 | 31.03.2021 | 20.05.2022 | 11.10.2022 | 18.07.2018 | 161600 | 167200 | 163428 |
| 8 | 31.03.2020 | 05.09.2022 | 14.02.2023 | 18.07.2018 | 192900 | 199600 | 95169 |
| 9 | 31.03.2022 | 24.08.2022 | 14.02.2023 | 18.07.2018 | 24.05.2018 മുതൽ പ്രിൻസിപ്പൽ ആയതിനാൽ ശമ്പള നിർണ്ണയം നടത്തേണ്ടതില്ല. | | 0 |
| 10 | 31.05.2021 | 13.12.2021 | 14.02.2023 | 18.07.2018 | 171400 | 177400 | 189576 |
| 11 | 31.05.2020 | 31.08.2022 | 21.07.2023 | 18.07.2018 | 171400 | 177400 | 99954 |
| 12 | 31.05.2020 | 06.08.2022 | 14.02.2023 | 18.07.2018 | 181800 | 188200 | 0 |
| 13 | 31.03.2020 | 07.06.2023 | 02.12.2023 | 18.07.2018 | 176500 | 182700 | 88224 |
| ആകെ | | | | | | | **1192362** |

## അനുബന്ധം 2.10
## പരമാവധി അനുവദനീയമായ പരിധിക്ക് മുകളിൽ ഇന്റേണൽ മാർക്കുകൾ നൽകിയ സന്ദർഭങ്ങൾ

*(സൂചിക: ഖണ്ഡിക 2.9.6; പുറം 44)*

| ക്രമ നമ്പർ | പ്രോഗ്രാമിന്റെ പേര് | പരീക്ഷാ വർഷം | സെമസ്റ്റർ | പേപ്പറിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ | പരീക്ഷാ കോഡ് | പരീക്ഷാ തരം | പേപ്പർ കോഡ് | ലഭിച്ച ഇന്റേണൽ മാർക്ക് | പരമാവധി ഇന്റേണൽ മാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| 1 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി001 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 2 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി002 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 3 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി003 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 4 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി004 | എടി 2042020 | ആർ | എസ്ജി ജിസി203 | 19 | 15 |
| 5 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി005 | എടി 2042020 | ആർ | എസ്ജി ജിസി203 | 19 | 15 |
| 6 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി006 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 7 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി008 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 8 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി009 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 9 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി010 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 10 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി011 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 11 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി012 | എടി 2042020 | ആർ | എസ്ജി ജിസി203 | 17 | 15 |
| 12 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി015 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 13 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി017 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 14 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി018 | എടി 2042020 | ആർ | എസ്ജി ജിസി203 | 17 | 15 |
| 15 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി007 | എടി 2042020 | ആർ | എസ്ജി ജിസി203 | 18 | 15 |
| 16 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി013 | എടി 2042020 | ആർ | എസ്ജി ജിസി203 | 17 | 15 |
| 17 | ബി.എസ്.സി ജിയോഗ്രഫി | 2020 | 2 | സോയിൽ ജിയോഗ്രാഫി | XXXX എസ്ജിജി016 | എടി 2042020 | ആർ | എസ്ജി ജിസി203 | 17 | 15 |
| 18 | ബി.എസ്.സി ജിയോഗ്രഫി | 2021 | 3 | ജിയോഗ്രഫി ഓഫ് വാട്ടർ റിസോർസ് | XXXX എസ്ജിജി0003 | എയു 3112021 | ആർ | എസ്ജി ജിസി304 | 19 | 15 |
| 19 | ബി.എസ്സി സൈക്കോളജി | 2022 | 3 | സൈക്കോളജിക്കൽ സ്റ്റാറ്റിസ്റ്റിക്സ് | XXXX എസ്പിവൈ041 | എവി 3112022 | എസ് | എസ്പി വൈസി 313 | 17 | 15 |
| 20 | ബി.എസ്സി കമ്പ്യൂട്ടർ സയൻസ് | 2023 | 4 | മാത്തമാറ്റിക്സ് | XXXX എസ്സിഎസ് 041 | എവി 4042023 | എസ് | എസ്എം ടിസി417 | 18 | 15 |
| 21 | ബിഎസ്സി ബയോടെക്നോളജി | 2022 | 2 | ഫിസിക്കൽ കെമിസ്ട്രി | XXXX എസ്ബിടി046 | എവി 2042022 | എസ് | എസ്സിഎച്ച്സി201 | 18 | 16 |
| 22 | ബി.എസ്സി കമ്പ്യൂട്ടർ സയൻസ് | 2019 | 1 | ഇലക്ട്രോണിക് ഉപകരണങ്ങൾ | XXXX എസ്സിഎസ് 016 | എടി 1112019 | ആർ | എസ്ഇഎൽസി 102 | 16 | 15 |

## അനുബന്ധം 2.11
## മതിയായ ഹാജർ ഇല്ലാതെ അതത് കോഴ്സുകളിൽ പരമാവധി ഇന്റേണൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം

*(സൂചിക: ഖണ്ഡിക 2.9.7; പുറം 45)*

| കോളേജിന്റെ പേര് | ഹാജരിൽ ഇളവ് ലഭിക്കുകയും, പരമാവധി ഇന്റേണൽ മാർക്ക് നേടുകയും ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | കോളേജ്, ഹാജർ വിവരങ്ങൾ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം | പൂർണ്ണമായ ഇന്റേണൽ മാർക്കിന് അർഹതയില്ലാത്തവരായി കണ്ടെത്തിയ വിദ്യാർത്ഥികളുടെ എണ്ണം (ഹാജർ വിവരങ്ങൾ പ്രകാരം) |
|---|---|---|---|
| ദാറുൽ ഉലൂം അറബിക് കോളേജ് | 1 | 1 | 0 |
| യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 3 | 3 | 3 |
| തരണനെല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് | 1 | 1 | 0 |
| ഇ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് | 92 | 89 | 35 |
| മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് | 50 | 50 | 44 |
| ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്, പത്തിരിപ്പാല | 1 | 1 | 1 |
| സി.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് | 27 | 27 | 26 |
| എം.ഇ.എസ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ചാത്തമംഗലം | 93 | 0 | 0 |
| എം.എ.ഒ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, എളയൂർ | 21 | 21 | 14 |
| സമോറിൻസ് ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് | 49 | 49 | 8 |
| ഡബ്ല്യു.എം.ഒ. ആർട്സ് ആൻഡ് സയൻസ് കോളേജ്, മുട്ടിൽ | 74 | 71 | 22 |
| കടത്തനാട് ആർട്സ് ആൻഡ് സയൻസ് കോളേജ്, വടകര | 43 | 41 | 34 |
| നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, കൊരട്ടി | 1 | 1 | 1 |
| നാഷണൽ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, പുളിയാവ് | 55 | 55 | 1 |
| റീജിയണൽ കോളേജ് ഓഫ് സയൻസ് ആൻഡ് ഹ്യുമാനിറ്റീസ്, കിഴിശ്ശേരി | 124 | 124 | 124 |
| കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, മുതുവല്ലൂർ | 2 | 2 | 2 |
| ഐഡിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, ചെർപ്പുളശ്ശേരി | 72 | 72 | 42 |
| മൗലാന കോളേജ് ഓഫ് ആർട്സ്, സയൻസ് ആൻഡ് കൊമേഴ്സ്, ചേന്നര | 105 | 105 | 97 |
| **ആകെ** | **814** | **713** | **454** |

## അനുബന്ധം 2.12
## പുനർമൂല്യനിർണ്ണയത്തെത്തുടർന്ന് പരീക്ഷാ ഫലങ്ങളിൽ വന്ന മാറ്റം

*(സൂചിക: ഖണ്ഡിക 2.9.8; പുറം 46)*

| ബിരുദ പ്രോഗ്രാമുകൾ | | |
|---|---|---|
| പരീക്ഷാ വർഷം | പുനർമൂല്യനിർണ്ണയത്തിന് വിദ്യാർത്ഥികൾ അപേക്ഷിച്ച പേപ്പറുകളുടെ എണ്ണം | പുനർമൂല്യനിർണ്ണയത്തിനു ശേഷം മാർക്കിൽ വ്യത്യാസമുള്ള കേസുകളുടെ എണ്ണം |
| 2019 | 16950 | 14202 |
| 2020 | 20391 | 16580 |
| 2021 | 12985 | 10611 |
| 2022 | 15235 | 12828 |
| 2023 | 17078 | 14051 |
| 2024 | 12320 | 9393 |
| **ആകെ** | **94959** | **77665** |
| **ബിരുദാനന്തര പ്രോഗ്രാമുകൾ** | | |
| പരീക്ഷാ വർഷം | പുനർമൂല്യനിർണ്ണയത്തിന് വിദ്യാർത്ഥികൾ അപേക്ഷിച്ച പേപ്പറുകളുടെ എണ്ണം | പുനർമൂല്യനിർണ്ണയത്തിനു ശേഷം മാർക്കിൽ വ്യത്യാസമുള്ള കേസുകളുടെ എണ്ണം |
| 2019 | 16093 | 3955 |
| 2020 | 20226 | 4780 |
| 2021 | 24335 | 5793 |
| 2022 | 25141 | 6240 |
| 2023 | 28832 | 7082 |
| 2024 | 18024 | 4116 |
| **ആകെ** | **132651** | **31966** |

## അനുബന്ധം 2.13
## ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിലൂടെ മാർക്കിൽവന്ന മാറ്റം

***(സൂചിക: ഖണ്ഡിക 2.9.8; പുറം 46)***

| ബിരുദ കോഴ്സ് | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | പേപ്പർ കോഡ് | പരീക്ഷാ കോഡ് | മൂല്യനിർണ്ണയ മാർക്ക് | ആദ്യ പുനർമൂല്യനിർണ്ണയ മാർക്ക് | രണ്ടാമത്തെ പുനർമൂല്യനിർണ്ണയ മാർക്ക് | വിദ്യാർത്ഥിക്ക് ലഭിച്ച മാർക്ക് (80 മാർക്കിൽ) |
| 1. | XXXXഎസ്എംടി 005 | സിഇജിഎ272 | എഎക്സ് 2042024 | 3 | 51 | 17 | 34 |
| 2. | XXXX എഇസിആർ 04 | സിഇജിഎ439 | എഡബ്ല്യു 4042024 | 7 | 65 | 12 | 39 |
| 3. | XXXX എഇസിആർ 46 | സിഇജിഎ421 | എഡബ്ല്യു 4042024 | 13 | 0 | - | 0 |
| 4. | XXXX എഎച്ച്ഡിആർ 19 | സിഇജിഎ421 | എഡബ്ല്യു 4042024 | 14 | 0 | - | 0 |
| 5. | XXXX എസ്സിഎസ് 007 | സിഇജിഎ273 | എഎക്സ് 2042024 | 2 | 25 | - | 25 |
| 6. | XXXX എസ്സിഎഫ് 024 | സിഇജിഎ273 | എഎക്സ് 2042024 | 10 | 43 | 33 | 38 |
| 7. | XXXX എസ് പി എച്ച് 020 | സി എച്ച് ഐഎ418 | എഡബ്ല്യു 4042024 | 27 | 70 | 69 | 70 |
| 8. | XXXXസിഎ 038 | സിഇജിഎ272 | എഎക്സ് 2042024 | 14 | 53 | 47 | 50 |
| 9. | XXXX എസ്എഫ് ടി 046 | എസ്എഫ് ടി ബി407 | എഡബ്ല്യു 4042024 | 12 | 42 | 33 | 38 |

| ബിരുദാനന്തര കോഴ്സ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | പേപ്പർ കോഡ് | മൂല്യനിർണ്ണയ മാർക്ക് | ആദ്യ പുനർമൂല്യനിർണ്ണയ മാർക്ക് | രണ്ടാമത്തെ പുനർമൂല്യനിർണ്ണയ മാർക്ക് | വിദ്യാർത്ഥിക്ക് ലഭിച്ച മാർക്ക് (144 മാർക്കിൽ) |
| 1. | XXXX എംബിഎ 068 | എംബിഎ 407 | 55 | 93 | - | 93 |
| 2. | XXXX എംബിഎ 166 | എംബിഎ 407 | 51 | 89 | - | 89 |
| 3. | XXXX എംബിഎ 041 | എംബിഎ 409 | 22 | 64 | - | 64 |
| 4. | XXXX എംബിഎ 098 | എംബിഎ 401 | 34 | 69 | - | 69 |
| 5. | XXXX എംബിഎ 007 | എംബിഎ 401 | 50 | 82 | - | 82 |
| 6. | XXXX എംബിഎ 021 | എംബിഎ 401 | 44 | 74 | - | 74 |
| 7. | XXXX എംബിഎ 130 | എംബിഎ 403 | 32 | 66 | - | 66 |

## അനുബന്ധം 2.14
## പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുള്ള കാലതാമസത്തിന്റെ വിശദാംശങ്ങൾ

***(സൂചിക: ഖണ്ഡിക 2.9.9; പുറം 47)***

| ക്രമ നമ്പർ. | വർഷം | പരീക്ഷയുടെ പേര് | പരീക്ഷ ആരംഭിക്കുന്നതിനു ഷെഡ്യൂൾ ചെയ്ത തീയതി | പരീക്ഷ ആരംഭിച്ച യഥാർത്ഥ തീയതി | ആരംഭിച്ചതിലെ കാലതാമസം (ദിവസത്തിൽ) | ഫലം പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച തീയതി | ഫലം പ്രസിദ്ധീകരിച്ച യഥാർത്ഥ തീയതി | ഫലം പ്രസിദ്ധീകരിച്ചതിലെ കാലതാമസം (ദിവസത്തിൽ) | പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| **ബി.എസ്.സി/ ബി.സി.എ.** | | | | | | | | | |
| 1. | 2019-20 | ഒന്നാം സെമസ്റ്റർ **2019 നവംബർ** | 27.11.2019 | 05.02.2020 | 70 | 03.03.2020 | 30.09.2021 | 576 | 31443 |
| 2. | 2019-20 | രണ്ടാം സെമസ്റ്റർ **2020 ഏപ്രിൽ** | 08.05.2020 | 08.02.2021 | 276 | 14.08.2020 | 14.02.2022 | 549 | 27908 |
| 3. | 2020-21 | മൂന്നാം സെമസ്റ്റർ **2020 നവംബർ** | 16.11.2020 | 02.11.2021 | 351 | 05.02.2021 | 10.03.2022 | 398 | 23512 |
| 4. | 2019-20 | നാലാം സെമസ്റ്റർ **2020 ഏപ്രിൽ** | 01.04.2020 | 11.11.2020 | 224 | 18.07.2020 | 27.07.2021 | 374 | 23572 |
| 5. | 2020-21 | ഒന്നാം സെമസ്റ്റർ **2020 നവംബർ** | 31.03.2021 | 16.12.2021 | 260 | 16.06.2021 | 22.06.2022 | 371 | 27174 |
| 6. | 2019-20 | മൂന്നാം സെമസ്റ്റർ **2019 നവംബർ** | 07.11.2019 | 27.11.2019 | 20 | 06.02.2020 | 01.01.2021 | 330 | 23721 |
| 7. | 2021-22 | രണ്ടാം സെമസ്റ്റർ **2022 ഏപ്രിൽ** | 19.07.2022 | 26.07.2022 | 7 | 30.09.2022 | 25.07.2023 | 298 | 27910 |
| 8. | 2020-21 | നാലാം സെമസ്റ്റർ **2021 ഏപ്രിൽ** | 07.04.2021 | 05.10.2021 | 181 | 16.07.2021 | 05.04.2022 | 263 | 22653 |
| 9. | 2021-22 | ഒന്നാം സെമസ്റ്റർ **2021 നവംബർ** | 16.03.2022 | 13.10.2022 | 211 | 10.06.2022 | 15.02.2023 | 250 | 27823 |
| 10. | 2020-21 | രണ്ടാം സെമസ്റ്റർ **2021 ഏപ്രിൽ** | 20.10.2021 | 04.03.2022 | 135 | 29.01.2022 | 01.10.2022 | 245 | 28039 |
| 11. | 2022-23 | ഒന്നാം സെമസ്റ്റർ **2022 നവംബർ** | 21.01.2023 | 16.03.2023 | 54 | 24.04.2023 | 15.11.2023 | 205 | 30466 |
| 12. | 2022-23 | മൂന്നാം സെമസ്റ്റർ **2022 നവംബർ** | 18.11.2022 | 16.01.2023 | 59 | 28.02.2023 | 13.09.2023 | 197 | 26615 |
